www.malankaralibrary.com

KCBC
# ജാഗ്രത
NEWS

ISSUE 292
APRIL 2024



## ഇന്ത്യയിലെ മതപരിവർത്തന നിരോധന നിയമങ്ങളും ക്രൈസ്തവ പീഡനങ്ങളും

**മണിപ്പൂർ:**
**ഇന്ത്യൻ ജനാധിപത്യത്തിന് ഒരു തീരാക്കളങ്കം**

**ക്രൈസ്തവരുടെ രാഷ്ട്രീയവും രാഷ്ട്രീയക്കാരുടെ ആശങ്കകളും**

**രാഷ്ട്രീയ പാർട്ടികളുടെ ക്രൈസ്തവ സ്നേഹം കാപട്യമോ?**

**അന്ത്യമില്ലാതെ വന്യമൃഗ ആക്രമണങ്ങളും ആശങ്കകളും**

FOR PRIVATE CIRCULATION

www.malankaralibrary.com




www.malankaralibrary.com




COVER STORY




5 ഇന്ത്യയിലെ മതപരിവർത്തന നിരോധന നിയമങ്ങളും ക്രൈസ്തവ പീഡനങ്ങളും



12 മതപരിവർത്തന നിരോധന നിയമങ്ങൾ മധ്യപ്രദേശിൽ



13 മതപരിവർത്തന നിരോധന നിയമത്തിന്റെ രക്തസാക്ഷി



14 മതപരിവർത്തന നിരോധന നിയമത്തിന്റെ ദുരുപയോഗം: സാഗർ രൂപതയിലെ ഹോസ്റ്റലുകളെല്ലാം അടച്ചുപൂട്ടി



15 മതസ്വാതന്ത്ര്യവും മതേതരത്വവും: ഭരണഘടന വിഭാവനം ചെയ്യുന്നതും ആനുകാലിക യാഥാർഥ്യങ്ങളും



19 മണിപ്പൂർ: ഇന്ത്യൻ ജനാധിപത്യത്തിന് ഒരു തീരാക്കളങ്കം

24 രാഷ്ട്രീയ പാർട്ടികളുടെ ക്രൈസ്തവ സ്നേഹം കാപട്യമോ?

27 ക്രൈസ്തവരുടെ രാഷ്ട്രീയവും രാഷ്ട്രീയക്കാരുടെ ആശങ്കകളും

30 അന്ത്യമില്ലാതെ വന്യമൃഗ ആക്രമണങ്ങളും ആശങ്കകളും

34 കലാലയങ്ങളിലെ കലാപ രാഷ്ട്രീയം

37 വിവാഹ ബന്ധത്തിന് മറ്റൊരർത്ഥമില്ല

40 മയക്കുമരുന്ന് - ആയുധ കടത്ത്: കേരളം വലിയ അപകടത്തിലേയ്ക്കോ?

43 പൂഞ്ഞാറും തിരിച്ചറിവുകളും

44 മദർ തെരേസയെ ഭയക്കുന്നതാര്?

47 Statements
54 Press Release
60 Circular
75 News



APRIL 2024 | Issue 292

PATRONS - Mar. Remigiose Inchananiyil | Bp. Yoohanon Mar Theodosius
CHIEF EDITOR - Rev. Dr. Michael Pulickal CMI •
EDITOR - Vinod Nellackal • DESIGN & LAYOUT - Green Leaves • OFFICE & DTP - Vimala Shaji

A KCBC Jagratha Commission Publication • Published by, Fr. Michael Pulickal, Secretary, KCBC Commission for Social Harmony and Vigilance, Pastoral Orientation Centre, Palarivattom, Kochi - 25

For more details and subscription: kcbcshvc@gmail.com; +917594900555
Website: www.kcbcjagratha.com

www.malankaralibrary.com


# മുഖമൊഴി

പൊതുജനസേവകർ പൗരന്മാരെ  വീണ്ടും മുഖാമുഖം കാണുന്ന അവസരമാണല്ലോ തിരഞ്ഞെടുപ്പ് കാലം. പൊള്ളയായ വാഗ്ദാനങ്ങളും അവകാശ വാദങ്ങളുമൊക്കെയായി എക്കാലവും പൊതുജനത്തെ കബളിപ്പിക്കാമെന്നും മസ്തിഷ്കക്ഷാളനം ചെയ്യാമെന്നും രാഷ്ട്രീയ പാർട്ടികൾ കരുതരുത്. കേരളത്തിന്റെ പശ്ചാത്തലത്തിൽ, പൊതു ജനക്ഷേമം എന്ന അടിസ്ഥാനപരമായ സങ്കൽപ്പത്തോട് പോലും വിശ്വസ്തത പാലിക്കാത്ത സമീപനത്തിന്റെ ഉദാഹരണങ്ങൾ ആണ് മലയോരവാസികളും തീരദേശവാസികളും അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുരിതങ്ങൾ.  വന്യമൃഗ ആക്രമണം മൂലം ആളുകൾ കൊല്ലപ്പെടുന്നു. അധ്വാനത്തിന് ന്യായമായ പ്രതിഫലം ലഭിക്കാതെ കാർഷിക മേഖല തളർന്നു കിടക്കുന്നു. ക്ഷേമ പെൻഷനുകൾ പോലും പതിവായി മുടങ്ങുന്നു. അശാസ്ത്രീയമായ സമീപനങ്ങൾകൊണ്ടും അവശ്യ ഇടപെടലുകളുടെ അഭാവംകൊണ്ടും തീരപ്രദേശങ്ങളിൽ കടലാക്രമണം തുടർക്കഥയാവുകയും ജീവനാശവും മറ്റു നാശനഷ്ടങ്ങളും അധികരിക്കുകയും ചെയ്തിരിക്കുന്നു. സാധാരണക്കാരുടെ രോദനങ്ങളും കണ്ണീരും നിയമ നിർമ്മാതാക്കൾ പതിവായി അവഗണിക്കുന്നു. സംസ്ഥാന കേന്ദ്ര ഭരണകർത്താക്കൾ പരസ്പരം പഴി ചാരി ഉത്തരവാദിത്തങ്ങളിൽ നിന്ന് ഓടിയൊളിക്കുന്നു. കുറ്റകൃത്യങ്ങളെയും അന്യായങ്ങളെയും കണ്ണുംപൂട്ടി ന്യായീകരിക്കുന്ന അവസ്ഥയിലേയ്ക്ക് പൊതു പ്രവർത്തകരും ഭരണാധികാരികളും അധഃപതിച്ചിരിക്കുന്നു. ആൾക്കൂട്ട ആരവങ്ങളും വോട്ട് ബാങ്ക് രാഷ്ട്രീയവും എല്ലാത്തിനും മറയൊരുക്കുന്നു!

ന്യൂനപക്ഷ വിഭാഗങ്ങൾ, വിശിഷ്യാ, ഭാരതത്തിലെ 2.3% വരുന്ന ക്രൈസ്തവ സമൂഹം  നേരിടുന്ന ക്രൂരമായ പാർശ്വവത്കരണം ഗൗരവമേറിയതാണ്. ന്യൂനപക്ഷ ക്ഷേമത്തിനുള്ള കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ പല സമിതികളിലും നാമമാത്രമായ ക്രൈസ്തവ പ്രാതിനിധ്യം പോലും ഇല്ല. വർഗീയ തിരിവുകൾ വിവിധ തലങ്ങളിൽ കൂടുതൽ പ്രകടമായിരിക്കുന്നു. ക്രൈസ്തവ പുരോഹിതർ ആക്രമിക്കപ്പെടുന്ന കുറ്റകൃത്യങ്ങളിൽപോലും, ചില തീവ്രമതസംഘടനകളുടെ അട്ടഹാസത്തിന് മുൻപിൽ, കേരളത്തിലെ സാംസ്കാരിക - രാഷ്ട്രീയ നായകർ പുലർത്തുന്ന ന്യായീകരണ വാദങ്ങളും, നിസാരവത്കരണവും ഈ നാളുകളിൽ പൂഞ്ഞാർ സംഭവത്തിൽ കാണുകയുണ്ടായി.

അതേസമയം, മതപരിവർത്തന നിരോധന നിയമങ്ങൾ പല സംസ്ഥാനങ്ങളിലും നടപ്പിലാക്കിക്കഴിഞ്ഞിരിക്കുന്നതും, കൂടുതൽ സംസ്ഥാനങ്ങൾ നടപ്പാക്കാനൊരുങ്ങുന്നതും അതീവ ശ്രദ്ധയോടെ  കാണേണ്ടിയിരിക്കുന്നു. ഈ അവബോധത്തിൽ നിന്നാണ് ഏപ്രിൽ ലക്കം ജാഗ്രത ന്യൂസ് ഈ വിഷയം പ്രത്യേകമായി അവതരിപ്പിക്കുന്നത്. വർഗീയ ലക്ഷ്യങ്ങളോടെ ഒട്ടേറെ കള്ളക്കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുകയും, അത്തരം കേസുകളിൽ ജാമ്യം പോലും അനുവദിക്കാതിരിക്കുകയും ചെയ്യുന്ന വിധത്തിൽ മതപരിവർത്തന നിരോധന നിയമങ്ങളുടെ ദുരുപയോഗം വ്യാപകമായി നടന്നു വരുന്നു. സ്വകാര്യ മുറിയിലോ, പ്രാർത്ഥനാ മുറിയിലോ സൂക്ഷിക്കുന്ന വിശുദ്ധ ബൈബിളോ പ്രാർത്ഥന ഗ്രന്ഥങ്ങളോ കണ്ടെടുത്തിട്ട് അതിന്റെ പേരിൽ പോലും മതപരിവർത്തന ശ്രമങ്ങൾ ആരോപിക്കുന്നതും വിവിധ സംസ്ഥാനങ്ങളിൽ പതിവായിട്ടുണ്ട്. അത്യന്തം ഗൗരവതരമായ ഈ സാഹചര്യങ്ങളെ നാം കൂടുതൽ വ്യക്തതയോടെ തിരിച്ചറിയുകയും ജാഗ്രതയോടെ പ്രതികരിക്കുകയും ചെയ്യേണ്ടതുണ്ട്.

രാജ്യത്തിലെ പൗരന്മാരുടെ ജീവനും സ്വത്തിനും അവകാശങ്ങൾക്കും മുഖ്യ പരിഗണന നൽകുന്നതോടൊപ്പം, വിഭാഗീയ ചിന്തകൾക്ക് ഉപരിയായി ജനക്ഷേമം ഉറപ്പാക്കുന്ന ഉറച്ച നിലപാടുകൾ മടികൂടാതെ പ്രഖ്യാപിക്കാനും, ഭരണഘടനയോടുള്ള വിശ്വസ്തത ഉയർത്തിപ്പിടിക്കാനും പ്രതിജ്ഞാബദ്ധത പുലർത്തുന്ന ജനകീയ മുന്നേറ്റങ്ങളാകുവാൻ രാഷ്ട്രീയ പാർട്ടികളും, നേതാക്കളും ആർജവം പ്രകടിപ്പിക്കട്ടെ. അത്തരം നിലപാടുകളിലേയ്ക്ക് രാഷ്ട്രീയക്കാരെ നയിക്കുന്ന വിധത്തിൽ വിവേകപൂർവ്വം സമ്മതിദാനാവകാശം വിനിയോഗിക്കാൻ ജനങ്ങൾക്ക് സാധിക്കട്ടെ.



**ഫാ. ഡോ. മൈക്കിൾ പുളിക്കൽ CMI**

www.malankaralibrary.com



# ഇന്ത്യയിലെ മതപരിവർത്തന നിരോധന നിയമങ്ങളും ക്രൈസ്തവ പീഡനങ്ങളും

കെസിബിസി ജാഗ്രത കമ്മീഷൻ നിയമിച്ച വിശകലന സമിതി തയ്യാറാക്കിയ പഠന റിപ്പോർട്ട്.

സമിതി അംഗങ്ങൾ
**Rev. Sr. Adv. Helen,**
**Rev. Fr. Jossy Thamrasseri CMI**
**Rev. Sr. Adv. Jeena,**
**Adv. Manu J Varappally,**
**Rev. Sr. Adv. Sheeba Jose**

ഇന്ത്യയൊട്ടാകെ ക്രൈസ്തവർക്കെതിരെ നടക്കുന്ന ആക്രമണങ്ങളെക്കുറിച്ച് പഠനങ്ങൾ നടത്തിവരുന്ന സംഘടനയാണ് യുണൈറ്റഡ് ക്രിസ്ത്യൻ ഫെഡറേഷൻ (UCF). വർഷം കഴിയും തോറും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ ക്രൈസ്തവ പീഡനങ്ങളുടെ എണ്ണവും രൂക്ഷതയും വർധിച്ചുവരുന്നത് UCF റിപ്പോർട്ടുകളിൽനിന്ന് വ്യക്തമാണ്. ഹെൽപ് ലൈൻ നമ്പർ വഴിയായി വിവരം ലഭിക്കുന്ന സംഭവങ്ങളാണ് മുഖ്യമായും അവർ അന്വേഷണ വിധേയമാക്കുകയും രേഖപ്പെടുത്തുകയും ചെയ്തുവരുന്നത്. ഏറ്റവും ഒടുവിൽ, കഴിഞ്ഞ വർഷം ആ സംഘടനയുടെ പഠനങ്ങളുടെ വെളിച്ചത്തിൽ ലഭ്യമായ കണക്കുകൾ പ്രകാരം, 2023 ജനുവരി ഒന്ന് മുതൽ ഡിസംബർ 14 വരെയുള്ള 334 ദിവസങ്ങളിൽ 687 അക്രമസംഭവങ്ങൾ വിവിധ  സംസ്ഥാനങ്ങളിൽ ക്രൈസ്തവക്കെതിരെ നടന്നിട്ടുണ്ട്. എന്നാൽ, റിപ്പോർട്ട് ചെയ്യപ്പെടാതെ പോകുന്ന സംഭവങ്ങൾ വളരെയേറെയായിരിക്കാമെന്നാണ് അനുമാനം. 2023 ലെ റിപ്പോർട്ടിൽ മണിപ്പൂരിലെ ക്രൈസ്തവ വേട്ടയുടെ കണക്കുകൾ ഉൾപ്പെടുത്തപ്പെട്ടിട്ടില്ല എന്നുള്ളത് ശ്രദ്ധേയമാണ്.

യുസിഎഫിന്റെ റിപ്പോർട്ട് പ്രകാരം, 334 ദിവസങ്ങൾക്കിടയിൽ നടന്ന 687 അക്രമ സംഭവങ്ങളിൽ 484 എണ്ണവും (70%) ഉത്തരപ്രദേശ് (287), ഛത്തീസ്ഘട്ട് (148), ജാർഖണ്ഡ് (49) എന്നീ മൂന്ന് സംസ്ഥാനങ്ങളിലാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. ഈ സംസ്ഥാനങ്ങളെല്ലാം മതപരിവർത്തന നിരോധന നിയമങ്ങൾ നടപ്പാക്കപ്പെട്ടിട്ടിട്ടുള്ള സംസ്ഥാനങ്ങളാണ്. മതപരിവർത്തനം സംബന്ധിച്ച വ്യാജ ആരോപണങ്ങളെ തുടർന്നുള്ള അക്രമസംഭവങ്ങളാണ് ഇവയിൽ ഏറെയും. ക്രൈസ്തവർക്കെതിരെയുള്ള ആക്രമണങ്ങൾക്ക് വ്യാപകമായി മതപരിവർത്തന നിരോധന നിയമങ്ങൾ മറയാക്കപ്പെടുന്നു എന്നുള്ളതിൽനിന്ന്, ഈ നിയമങ്ങളുടെ പ്രത്യാഘാതങ്ങളും ഭീകരതയും നമുക്ക് മനസ്സിലാക്കാവുന്നതേയുള്ളൂ.

www.malankaralibrary.com



**സുപ്രീം കോടതി മുൻ ജഡ്ജിയും, ത്രിപുര, ഛത്തീസ്ഘട്ട് ഹൈക്കോടതികളുടെ മുൻ ചീഫ് ജസ്റ്റിസുമായിരുന്ന ജസ്റ്റിസ് ദീപക് ഗുപ്തയുടെ അഭിപ്രായം ശ്രദ്ധേയമാണ്: "ഒരു വ്യക്തി മതം മാറുന്നുണ്ടോ എന്നത് സംസ്ഥാന സർക്കാർ അറിയേണ്ടതില്ല." വ്യക്തി സ്വാതന്ത്ര്യവും മൗലികാവകാശവും പ്രകാരം ഒരു വ്യക്തിയുടെ വിശ്വാസം, ആഹാരം, വസ്ത്രം തുടങ്ങിയ വ്യക്തിപരമായ തിരഞ്ഞെടുപ്പുകൾ സർക്കാർ ചിന്തിക്കേണ്ട വിഷയങ്ങളല്ല.**

സുപ്രീം കോടതി മുൻ ജഡ്ജിയും, ത്രിപുര, ഛത്തീസ്ഘട്ട് ഹൈക്കോടതികളുടെ മുൻ ചീഫ് ജസ്റ്റിസുമായിരുന്ന ജസ്റ്റിസ് ദീപക് ഗുപ്തയുടെ അഭിപ്രായം ശ്രദ്ധേയമാണ്: "ഒരു വ്യക്തി മതം മാറുന്നുണ്ടോ എന്നത് സംസ്ഥാന സർക്കാർ അറിയേണ്ടതില്ല." വ്യക്തി സ്വാതന്ത്ര്യവും മൗലികാവകാശവും പ്രകാരം ഒരു വ്യക്തിയുടെ വിശ്വാസം, ആഹാരം, വസ്ത്രം തുടങ്ങിയ വ്യക്തിപരമായ തിരഞ്ഞെടുപ്പുകൾ സർക്കാർ ചിന്തിക്കേണ്ട വിഷയങ്ങളല്ല. എന്നാൽ, അതിന് വിരുദ്ധമായ ഒരു സാഹചര്യം ഉടലെടുക്കുന്നതും, ഒരുവൻ വിശ്വസിക്കുന്ന മതത്തിന്റെപേരിൽ വിവേചനവും അനീതിയും നേരിടുന്നതും പല സംസ്ഥാനങ്ങളിലും ഇന്ന് വാർത്തയല്ലാതായിരിക്കുകയാണ്. ഏതാനും ആഴ്ചകൾക്ക് മുമ്പാണ്, ധരിച്ചിരുന്ന സന്യാസ വസ്ത്രത്തെയും ക്രൈസ്തവ വിശ്വാസത്തെയും പ്രതി ആസാമിൽ വച്ച് ഒരു കത്തോലിക്ക സന്യാസിനി അവഹേളിക്കപ്പെടുകയുണ്ടായത്. ബസിൽ യാത്രചെയ്യുകയായിരുന്ന അവരെ ബസ് ഡ്രൈവറും കണ്ടക്ടറും സഹയാത്രികരും ചേർന്ന് അപമാനിക്കുകയും വിജനമായ സ്ഥലത്ത് നിർബ്ബന്ധിച്ച് ഇറക്കിവിടുകയുമുണ്ടായത് അന്താരാഷ്ട്ര മാധ്യമങ്ങൾ പോലും റിപ്പോർട്ട് ചെയ്യുകയുണ്ടായി. 2021 മാർച്ചിൽ, ദീർഘദൂര ട്രെയിൻ യാത്രികരായിരുന്ന കത്തോലിക്കാ സന്യാസിനിമാർ ഉത്തർപ്രദേശിൽ വച്ച് ആക്രമിക്കപ്പെടുകയും ട്രെയിനിൽനിന്ന് ബലമായി പിടിച്ചിറക്കി മതപരിവർത്തന നിരോധന നിയമം ചുമത്തി ജയിലിലടയ്ക്കാൻ ശ്രമം നടത്തുകയും ചെയ്ത സംഭവവും വിവാദമായിരുന്നു.

പലയിടങ്ങളിലും അതിന്യൂനപക്ഷമായ ക്രൈസ്തവ വിഭാഗങ്ങൾ ഇത്തരത്തിൽ ആക്രമിക്കപ്പെടുന്നത് പതിവാകുമ്പോഴും, പ്രസ്തുത സംസ്ഥാനങ്ങളിലെ സർക്കാരുകൾ ആക്രമികൾക്ക് എതിരെ നടപടി സ്വീകരിക്കാൻ മടിക്കുന്നത് എന്തുകൊണ്ട് എന്നുള്ളത് ഉത്തരമില്ലാത്ത ഒരു ചോദ്യമായി തുടരുകയാണ്. ക്രൈസ്തവർക്കെതിരെ വ്യാപകമായ ദുഷ്പ്രചാരണങ്ങളും ആൾക്കൂട്ട ആക്രമണങ്ങളും അതിന് ആനുപാതികമായി മതപരിവർത്തനം എന്ന വ്യാജ ആരോപണം ഉന്നയിച്ചുകൊണ്ടുള്ള കള്ളക്കേസുകളും കുത്തനെ ഉയരുമ്പോഴും മതപരിവർത്തന നിരോധന നിയമങ്ങൾ നടപ്പാക്കിയിരിക്കുന്ന സംസ്ഥാന ഭരണകൂടങ്ങൾ അപകടകരമായ നിശബ്ദതയിൽ തുടരുകയാണ്.

## മതപരിവർത്തന നിരോധന നിയമങ്ങളുടെ ചരിത്രം

ഒരു മതത്തിൽ നിന്നും മറ്റൊരു മതത്തിലേക്ക് പരിവർത്തനം ചെയ്യുന്നത് തടയുന്നതിനോ നിയന്ത്രിക്കുന്നതിനോ വേണ്ടി നടപ്പിൽവരുത്തിയിട്ടുള്ള നിയമങ്ങളെയാണ് മതപരിവർത്തന നിരോധന നിയമങ്ങൾ എന്ന് വിളിക്കുന്നത്. നിർബന്ധിത മതപരിവർത്തന നിരോധന നിയമങ്ങൾ എന്ന് പൊതുവെ അറിയപ്പെടുന്നെങ്കിലും "മത സ്വാതന്ത്ര്യ നിയമം (Right to freedom of religion)" എന്നാണ് മിക്കവാറും സംസ്ഥാനങ്ങളിലും ഈ നിയമത്തിന് പേര് നൽകപ്പെട്ടിരിക്കുന്നത്.

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിന് വർഷങ്ങൾക്ക് മുമ്പ്, ബ്രിട്ടീഷ് ഭരണകാലത്ത് തന്നെ ഇവിടെയുള്ള ചില നാട്ടുരാജ്യങ്ങളിൽ മതപരിവർത്തനങ്ങൾ നിയന്ത്രിക്കാൻ ഉദ്ദേശിച്ചുള്ള നിയമങ്ങൾ നിലവിലുണ്ടായിരുന്നു. അത്തരം പ്രദേശങ്ങളിൽ മിഷൻ പ്രവർത്തനങ്ങൾ നടത്താൻ മിഷനറിമാർക്ക് ലൈസൻസ് നിർബ്ബന്ധിതമാക്കിയിരുന്നു. റായ്ഗഡ് സ്റ്റേറ്റ് കൺവെർഷൻ ആക്ട് 1936, സർഗുജ സ്റ്റേറ്റ് അപ്പോസ്റ്റസി ആക്ട് 1942, ഉദയ്പൂർ സ്റ്റേറ്റ് ആന്റി കൺവെർഷൻ ആക്ട് 1946 എന്നിവ ഉദാഹരണങ്ങളാണ്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ പ്രൈവറ്റ് ബില്ലുകൾ

www.malankaralibrary.com

വഴി മതപരിവർത്തനത്തിന് നിരോധനവും നിയന്ത്രണവും ഏർപ്പെടുത്താനുള്ള നിയമം കൊണ്ടുവരാനുള്ള നീക്കങ്ങൾ പലപ്പോഴായി നടന്നിട്ടുണ്ടെങ്കിലും വിജയിച്ചിട്ടില്ല. 1960 ൽ പിന്നാക്ക സമുദായ മത സംരക്ഷണ ബിൽ എന്ന പേരിൽ ഹൈന്ദവ വിഭാഗങ്ങളിൽ പെട്ടവർ ഇന്ത്യയ്ക്ക് വെളിയിൽനിന്നുള്ള മതങ്ങളിലേക്ക് പരിവർത്തനം ചെയ്യപ്പെടുന്നത് തടയാൻ ലക്ഷ്യം വച്ചുള്ള ബിൽ അവതരിപ്പിക്കപ്പെടുകയുണ്ടായിരുന്നു. 1979 ലും അപ്രകാരമൊരു ബിൽ അവതരിപ്പിക്കപ്പെടുകയുണ്ടായി.

അത്തരം നീക്കങ്ങൾ ഇപ്പോഴും തുടരുന്നുണ്ട്. ബിജെപി നേതാവും അഭിഭാഷകനുമായ അശ്വിനി ഉപാധ്യായ് 2015 ൽ രാജ്യവ്യാപകമായ മതപരിവർത്തന നിരോധന നിയമം പ്രാബല്യത്തിൽ കൊണ്ടുവരിക എന്ന ഉദ്ദേശ്യത്തോടെ സുപ്രീംകോടതിയെ സമീപിക്കുകയുണ്ടായെങ്കിലും ഹർജ്ജി കോടതി തള്ളി. വീണ്ടും ഇതേ ആവശ്യവുമായി അതേ വ്യക്തി തന്നെ 2022 ൽ സുപ്രീം കോടതിയെ സമീപിച്ചെങ്കിലും ഒരു ഘട്ടത്തിൽ ഹർജ്ജിക്കാരൻ ഹർജ്ജി പിൻവലിക്കുകയാണുണ്ടായത്. ഇത്തരമൊരു കേന്ദ്ര നിയമം നിർമ്മിക്കുക സാധ്യമല്ലെന്നും, ഭരണഘടന പ്രകാരം (State List, Entry 1, Schedule7th) ആവശ്യമെങ്കിൽ സംസ്ഥാനങ്ങൾക്ക് നിയമനിർമ്മാണം നടത്താമെന്നുമായിരുന്നു കേന്ദ്ര നിയമമന്ത്രാലയം സുപ്രീം കോടതിയിൽ നിലപാട് അറിയിച്ചത്. കേന്ദ്രത്തിന് അത്തരമൊരു നിയമ നിർമ്മാണത്തെക്കുറിച്ച് ചർച്ച ചെയ്യാനാവില്ലെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷായും ഈ വിഷയത്തിൽ പ്രതികരിച്ചിരുന്നു.

## മതപരിവർത്തന നിരോധന നിയമങ്ങൾ

നിലവിൽ ഒഡീഷ, ഛത്തീസ്ഘട്ട്, മധ്യപ്രദേശ്, ഗുജറാത്ത്, ഹിമാചൽപ്രദേശ്, ജാർഖണ്ട്, ഉത്തർപ്രദേശ്, ഉത്തരാഖണ്ട്, ഹരിയാന തുടങ്ങി ഒൻപത് സംസ്ഥാനങ്ങളിലാണ് മതപരിവർത്തന വിരുദ്ധ നിയമങ്ങൾ നിലവിൽ വന്നിട്ടുള്ളത്. കർണ്ണാടകയിലെ ബിജെപി സർക്കാർ മതപരിവർത്തന വിരുദ്ധ നിയമം പ്രാബല്യത്തിൽ കൊണ്ടുവന്നിരുന്നുവെങ്കിലും കഴിഞ്ഞ വർഷം അധികാരത്തിൽ വന്ന കോൺഗ്രസ്സ് സർക്കാർ ഈ നിയമം റദ്ദാക്കുകയുണ്ടായി. അരുണാചൽപ്രദേശ്, രാജസ്ഥാൻ, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിൽ ഈ നിയമം കൊണ്ടുവരാനുള്ള ശ്രമങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും ഇതുവരെയും വിജയിച്ചിട്ടില്ല. ത്രിപുര, ആസാം പോലുള്ള സംസ്ഥാനങ്ങളിൽ നിയമ നിർമ്മാണത്തിനുള്ള ശ്രമങ്ങൾ തുടരുന്നു. സമീപഭാവിയിൽ കൂടുതൽ സംസ്ഥാനങ്ങളിൽ മതപരിവർത്തന നിരോധന നിയമങ്ങൾ പ്രാബല്യത്തിൽ വരുമെന്നതിൽ തർക്കമില്ല.

## ഒഡീഷ, മധ്യപ്രദേശ്, അരുണാചൽ പ്രദേശ്

സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായി മതപരിവർത്തന നിരോധന നിയമം നടപ്പാക്കിയ സംസ്ഥാനം ഒഡീഷയാണ്. ഒഡീഷയിലെ മതപരിവർത്തന നിരോധന നിയമം പ്രാബല്യത്തിൽ വരുന്നത് 1967 ലാണ്. ബലപ്രയോഗത്തിലൂടെയോ, പ്രലോഭിപ്പിച്ചോ, കബളിപ്പിച്ചോ ഒരുവൻ ആയിരിക്കുന്ന മതവിശ്വാസത്തിൽ നിന്ന് മറ്റൊരു മതത്തിലേക്ക് പരിവർത്തനം ചെയ്യുകയോ അതിന് പ്രേരിപ്പിക്കുകയോ പാടില്ല എന്നാണ് ഒഡീഷ ഫ്രീഡം ഓഫ് റിലീജിയൻ നിയമം വ്യവസ്ഥ ചെയ്യുന്നത്.

ബലപ്രയോഗം എന്നാൽ, പ്രത്യക്ഷമായ ബലപ്രയോഗമോ പരിക്കേൽക്കുമെന്ന ഭീഷണിയോ മാത്രമല്ല, ദൈവകോപം സംബന്ധിച്ച ഭീഷണി, സ്വസമുദായത്തിൽനിന്നോ കുടുംബത്തിൽനിന്നോ ഉള്ള തിരസ്കരണ ഭീതി എന്നിവയും ഉൾപ്പെടുമെന്ന് നിയമം വ്യക്തമാക്കുന്നു. പണമോ മറ്റു പ്രതിഫലമോ നേട്ടങ്ങളോ വാഗ്ദാനം ചെയ്യുക എന്നതാണ് പ്രലോഭനമായി വ്യാഖ്യാനിക്കപ്പെടുന്നത്. ഇതിൽ ഒരാൾക്ക് നല്കുന്ന ചികിത്സ, ഭവനനിർമ്മാണം, പഠന സഹായങ്ങൾ തുടങ്ങിയവയെല്ലാം ഉൾപ്പെടാം. മതപരിവർത്തന നിരോധന നിയമപ്രകാരം പരാതി ലഭിക്കുന്ന പക്ഷം, വാറന്റ് കൂടാതെ പ്രതികളെ അറസ്റ്റ് ചെയ്യാൻ അന്വേഷണ ഉദ്യോഗസ്ഥന് അനുമതിയുണ്ട്.

തുടർന്ന് 1968 ൽ മധ്യപ്രദേശിലും ഒഡീഷയിലെ ഫ്രീഡം ഓഫ് റിലീജിയൻ നിയമത്തിന് ഏറെക്കുറെ സമാനമായ രീതിയിൽ മതപരിവർത്തന നിരോധന നിയമം നിലവിൽവന്നു. എന്നാൽ, അടുത്തകാലത്ത് ആ നിയമം പിൻവലിച്ച് പരിഷ്കരിച്ച "മധ്യപ്രദേശ് ഫ്രീഡം ഓഫ് റിലീജിയൻ ആക്ട് 2021" പ്രാബല്യത്തിലായി . പ്രേരണ (Inducement), വശീകരണം (allurement) എന്നിങ്ങനെയുള്ള വാക്കുകൾ പുതിയ നിയമത്തിൽ വ്യക്തമായി വിശദീകരിച്ചിട്ടുണ്ട്. ധനപരമോ ആത്മീയമോ ആയ നിഷ്കളങ്കമായ ഒരു സഹായ വാഗ്ദാനം പോലും മധ്യപ്രദേശിലെ മതപരിവർത്തന നിരോധന നിയമ പ്രകാരം കുറ്റകരമായി വ്യാഖ്യാനിക്കപ്പെടാം.

1970 കളിൽ അരുണാചൽ പ്രദേശിലും മതപരിവർത്തന നിരോധന നിയമം പ്രാബല്യത്തിൽ വരുത്താനുള്ള നീക്കങ്ങൾ ആരംഭിച്ചു. 1978 ൽ ബിൽ പാസായെങ്കിലും ചട്ടങ്ങൾ രൂപപ്പെടുത്താത്തതിനാൽ നിയമം ഇനിയും നടപ്പിലായിട്ടില്ല.

## ഛത്തീസ്ഘട്ട്

2000 -ത്തിൽ, മധ്യപ്രദേശ് വിഭജിച്ച് ഛത്തീസ്ഘട്ട് രൂപീകരിക്കപ്പെട്ടപ്പോൾ മുതൽ, മധ്യപ്രദേശിൽ നിലവിലുണ്ടായിരുന്ന മതപരിവർത്തന നിരോധന നിയമം ഇവിടെയും തുടർന്നു. ഈ നിയമം മൂലമുള്ള പ്രതിസന്ധികൾ ക്രൈസ്തവർക്ക് കാര്യമായുണ്ടായിരുന്നില്ല എങ്കിലും, ഈ നിയമം പരിഷ്കരിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ബിൽ സമീപനാളുകളിൽ തയ്യാറാക്കപ്പെട്ടിരിക്കുന്നത് ആശങ്കാജനകമാണ്. പുതിയ ബില്ലിലെ ചില വകുപ്പുകൾ പ്രകാരം കുറ്റക്കാരെന്ന് സ്ഥാപിക്കുന്ന പക്ഷം പത്തുവർഷം വരെയുള്ള കഠിന തടവും അഞ്ചുലക്ഷം രൂപവരെ പിഴ ശിക്ഷയും ലഭിക്കാം. മതപരിവർത്തനം ചെയ്യുന്ന വ്യക്തി മതം മാറ്റ ചടങ്ങിന് അറുപത് ദിവസങ്ങൾക്ക് മുമ്പും മതപരിവർത്തനത്തിന് ശേഷവും ജില്ലാ കളക്ടർക്ക് മുന്നിൽ റിപ്പോർട്ട് ചെയ്യണം, മതമാറ്റ ചടങ്ങുകൾ നിർവ്വഹിക്കുന്ന പുരോഹിതനും അപ്രകാരം ചെയ്യണം എന്നിങ്ങനെയുള്ള നിബന്ധനകൾ കൂട്ടിച്ചേർക്കപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ ഏതെങ്കിലും നിർദ്ദേശങ്ങൾ പാലിക്കപ്പെടാത്ത പക്ഷം പരമാവധി ശിക്ഷ കുറ്റാരോപിതന് ലഭിച്ചേക്കാം. ഈ പുതിയ ബിൽ ഏറെ വൈകാതെ പാസാകുന്നതോടെ ക്രൈസ്തവ വേട്ടയ്ക്കുള്ള ഒരു പുതിയ വാതിൽ അവിടെയും തുറക്കപ്പെട്ടേക്കാം.

www.malankaralibrary.com

## ഉത്തരാഖണ്ഡ്

ഉത്തരാഖണ്ഡിൽ ആദ്യമായി മതപരിവർത്തന നിയമം പ്രാബല്യത്തിൽ വരുന്നത് 2018 -ലാണ്. 2022 നവംബർ 29 ന് പരിഷ്ക്കരിക്കപ്പെട്ട് പ്രാബല്യത്തിൽ വന്ന പുതിയ നിയമം വളരെ കർശന സ്വഭാവമുള്ളതാണ്. വാറന്റ് കൂടാതെ കുറ്റാരോപിതരെ അറസ്റ്റ് ചെയ്യാനും ജാമ്യം നിഷേധിക്കാനും ഈ നിയമം അന്വേഷണ ഉദ്യോഗസ്ഥർക്ക് അധികാരം നൽകുന്നു. കൂട്ടത്തോടെയുള്ള മതംമാറ്റം (മാസ് കൺവെർഷൻ) സാധാരണയായി അർത്ഥമാക്കുന്നത് ഒരു കൂട്ടം ആളുകൾ മതം മാറുക എന്നാണെങ്കിൽ, ഒന്നിലധികം വ്യക്തികൾ മതം മാറുന്നതിനെ മാസ് കൺവെർഷൻ ആയാണ് ഉത്തരാഖണ്ഡിലെ നിയമം കണക്കാക്കുന്നത്. മാസ് കൺവെർഷൻ എന്ന കുറ്റം ചുമത്തപ്പെട്ടാൽ കൂടുതൽ കഠിനമായ ശിക്ഷ ലഭിക്കും. മതപരിവർത്തനം ചെയ്യുന്ന വ്യക്തി അതിന് അറുപത് ദിവസങ്ങൾക്ക് മുമ്പും മതമാറ്റ ചടങ്ങുകൾ നിർവ്വഹിക്കുന്ന പുരോഹിതൻ ഒരു മാസംമുമ്പും ജില്ലാ കളക്ടർക്ക് മുന്നിൽ റിപ്പോർട്ട് ചെയ്യണം. സംസ്ഥാനത്തിന്റെ നിയമം അനുശാസിക്കുന്ന വിധത്തിലല്ലാത്ത എല്ലാ മതംമാറ്റങ്ങളും നിയമവിരുദ്ധമായിരിക്കും എന്നും ഈ നിയമം വ്യക്തമാക്കുന്നു.

ഏതെങ്കിലും ഒരു വ്യക്തി, താൻ മതം മാറ്റപ്പെട്ടു എന്ന് കോടതിയിൽ അവകാശപ്പെട്ടാൽ അയാൾക്ക് അഞ്ച് ലക്ഷം രൂപ വരെ നഷ്ടപരിഹാരം കൊടുക്കാൻ നിയമം വ്യവസ്ഥ ചെയ്യുന്നു. കുറ്റാരോപിതനാണ് ഇവിടെ നഷ്ടപരിഹാരം നൽകേണ്ടത്. നഷ്ടപരിഹാരവും ശിക്ഷാവിധിയും ഏകപക്ഷീയമായി വ്യവസ്ഥ ചെയ്യുന്നു എന്ന കാരണത്താൽ ഉത്തരാഖണ്ഡിലെ മതപരിവർത്തന നിരോധന നിയമം ദുരുപയോഗിക്കപ്പെടുകയും POCSO Act പോലെയുള്ള നിയമങ്ങൾ ഉൾപ്പെടുത്തി കള്ളക്കേസുകൾ ചുമത്തപ്പെടുകയും ചെയ്യുന്ന സംഭവങ്ങൾ ഇവിടെ നിന്നും റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്.

**കൂട്ടത്തോടെയുള്ള മതംമാറ്റം (മാസ് കൺവെർഷൻ) സാധാരണയായി അർത്ഥമാക്കുന്നത് ഒരു കൂട്ടം ആളുകൾ മതം മാറുക എന്നാണെങ്കിൽ, ഒന്നിലധികം വ്യക്തികൾ മതം മാറുന്നതിനെ മാസ് കൺവെർഷൻ ആയാണ് ഉത്തരാഖണ്ഡിലെ നിയമം കണക്കാക്കുന്നത്. മാസ് കൺവെർഷൻ എന്ന കുറ്റം ചുമത്തപ്പെട്ടാൽ കൂടുതൽ കഠിനമായ ശിക്ഷ ലഭിക്കും. മതപരിവർത്തനം ചെയ്യുന്ന വ്യക്തി അതിന് അറുപത് ദിവസങ്ങൾക്ക് മുമ്പും മതമാറ്റ ചടങ്ങുകൾ നിർവ്വഹിക്കുന്ന പുരോഹിതൻ ഒരു മാസംമുമ്പും ജില്ലാ കളക്ടർക്ക് മുന്നിൽ റിപ്പോർട്ട് ചെയ്യണം. സംസ്ഥാനത്തിന്റെ നിയമം അനുശാസിക്കുന്ന വിധത്തിലല്ലാത്ത എല്ലാ മതംമാറ്റങ്ങളും നിയമവിരുദ്ധമായിരിക്കും എന്നും ഈ നിയമം വ്യക്തമാക്കുന്നു.**

## ജാർഖണ്ഡ്

ജാർഖണ്ഡിൽ ബിജെപി സർക്കാർ അധികാരത്തിലിരുന്ന കാലയളവിൽ 2017 ലാണ് മതപരിവർത്തന നിരോധന നിയമം പ്രാബല്യത്തിൽ വരുന്നത്. ഇപ്പോഴത്തെ ഇന്ത്യൻ പ്രസിഡന്റ് ദ്രൗപതി മുർമു ആയിരുന്നു അക്കാലത്ത് ജാർഖണ്ഡ് ഗവർണർ. 2019 ൽ പുതിയ സർക്കാർ അധികാരത്തിലെത്തുന്നതുവരെയുള്ള കാലയളവിൽ നിരവധി കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുകയും അനേകം നിരപരാധികൾ കേസുകളിൽ അകപ്പെടുകയും ചെയ്തു. അക്കാലത്ത് മതപരിവർത്തന നിരോധന നിയമപ്രകാരം മലയാളി കത്തോലിക്കാ വൈദികനായ ഫാ. ബിനോയ് ജോൺ അറസ്റ്റിലാവുകയും ജയിലിൽ കഴിയുകയും ചെയ്തിരുന്നു. ഒരു ഹൃദ്രോഗി കൂടിയായിരുന്ന ഫാ. ബിനോയ് ജോണിനെ രൂപതയുടെ ഒരു സ്ഥലമിടപാടുമായി ബന്ധപ്പെട്ട ആരോപണത്തെ തുടർന്നാണ് പോലീസ് ചോദ്യം ചെയ്തതെങ്കിലും പിന്നീട് മതപരിവർത്തനം എന്ന കള്ളക്കേസ് ചുമത്തി അറസ്റ്റ് ചെയ്യുകയായിരുന്നു. ജയിലിലായിരിക്കെ അത്യന്തം ഗുരുതരമായ ആരോഗ്യാവസ്ഥയിൽപോലും അധികാരികൾ അദ്ദേഹത്തിന് ചികിത്സ നിഷേധിക്കുകയാണുണ്ടായത്.

ജാർഖണ്ഡിൽ കോൺഗ്രസ് സർക്കാർ അധികാരമേറ്റെടുത്തശേഷം പിന്നീടിങ്ങോട്ട് കേസുകൾ വിരളമാണെങ്കിലും നിയമം പ്രാബല്യത്തിലുണ്ട്. ബിജെപി സർക്കാർ അധികാരത്തിലുള്ളപ്പോൾ ആ തണലിൽ ശക്തിയാർജ്ജിച്ച ഹിന്ദുത്വ സംഘടനകൾ തങ്ങളുടെ സ്വാധീനം ഉപയോഗിച്ച് നിരപരാധികളെ കെണിയിൽ പെടുത്താനുള്ള ശ്രമങ്ങൾ നടത്തുന്നതിന്റെ ഭാഗമായി വ്യാപകമായി വ്യാജപ്രചാരണങ്ങൾ നടത്തുകയും കള്ളക്കേസുകൾ കൊടുക്കുകയും ചെയ്യുന്ന സാഹചര്യം ഇപ്പോഴും നിലവിലുണ്ട്. ബിജെപി ഭരിക്കുന്ന വിവിധ സംസ്ഥാനങ്ങളിൽ ഇതേ സാഹചര്യമാണ് നിലനിൽക്കുന്നത്. ഇപ്പോഴും ജാർഖണ്ഡ് സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിൽ സ്വാധീനമുള്ള ഹിന്ദുത്വ സംഘടനാ പ്രവർത്തകർ ഗ്രാമീണരെ തെറ്റിദ്ധരിപ്പിച്ച് കേസുകൾ രജിസ്റ്റർ ചെയ്യിക്കുന്നതായി റിപ്പോർട്ടുകളുണ്ട്.

## ഉത്തർപ്രദേശ്

2020 ൽ ഓർഡിനൻസ് വഴിയാണ് ഉത്തർപ്രദേശിലെ മതപരിവർത്തന നിരോധന നിയമം പ്രാബല്യത്തിൽ വരുന്നത്. ഏറെക്കുറെ ഉത്തരാഖണ്ഡിലെ മതപരിവർത്തന നിരോധന നിയമത്തിലെ വ്യവസ്ഥ

www.malankaralibrary.com

കൾക്ക് സമാനമാണ് ഉത്തർപ്രദേശിൽ നടപ്പാക്കപ്പെട്ടിട്ടുള്ള നിയമത്തിന്റെ ഉള്ളടക്കവും. എന്നാൽ ഒരു പ്രധാനപ്പെട്ട വ്യവസ്ഥ അവിടെ അധികമായുണ്ട്. ഒരു മതത്തിൽ അംഗമായിരുന്നവർ മറ്റൊരു മതവിശ്വാസം സ്വീകരിക്കുന്നതാണ് മതപരിവർത്തനം എന്ന് വ്യക്തമാക്കുമ്പോഴും, ഒരിക്കൽ ക്രൈസ്തവർ ആയവർ പിന്നീട് ഹൈന്ദവ മതത്തിലേക്ക് മാറ്റപ്പെടുന്നതിനെ മതപരിവർത്തനമായി ഈ നിയമം പരിഗണിക്കുന്നില്ല. "ഘർ വാപ്പസി" മതപരിവർത്തനമല്ല എന്ന് നിയമത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. മറ്റ് ചില സംസ്ഥാനങ്ങളിലേതിൽനിന്ന് വ്യത്യസ്തമായി, ഉത്തരപ്രദേശിൽ മതപരിവർത്തനത്തിനുള്ള മുൻകൂർ അനുമതിക്ക് ഏഴ് ദിവസം മുമ്പ് അപേക്ഷിച്ചാൽ മതി.

## ഗുജറാത്ത്

ഗുജറാത്തിലെ 2003 ലെ മതപരിവർത്തന നിരോധന നിയമം പരിഷ്കരിച്ച് പുതിയ നിയമം 2021 ൽ പാസാക്കിയെങ്കിലും ചില കാര്യങ്ങളിലെ അവ്യക്തത നിമിത്തം ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. അതിനെ ചോദ്യം ചെയ്തുകൊണ്ട് ഗുജറാത്ത് സർക്കാർ സമർപ്പിച്ച ഹർജ്ജി ഇപ്പോൾ സുപ്രീം കോടതിയുടെ പരിഗണനയിലുണ്ട്. ഈ നിയമവും ഏറെക്കുറെ മറ്റു സംസ്ഥാനങ്ങളിലെ മതപരിവർത്തന നിരോധന നിയമങ്ങൾക്ക് സമാനമാണ്.

## മതപരിവർത്തന നിരോധന നിയമങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ

ഒരു വ്യക്തി താൻ വിശ്വസിക്കുന്ന മതം ഒരു അധികാരിക്ക് മുന്നിൽ അവതരിപ്പിക്കുകയും ഭരണകൂടം അത് അംഗീകരിച്ചു തരാൻ ഒട്ടേറെ കടമ്പകൾ കടക്കുകയും വേണ്ടതായി വരുന്ന സാഹചര്യം വ്യക്തി സ്വാതന്ത്ര്യത്തെയും മൗലികാവകാശത്തെയും ചോദ്യം ചെയ്യുന്ന ഒന്നാണ്. ആ വ്യക്തിയുടെ അപേക്ഷ പ്രകാരം കളക്ടർ തീരുമാനമെടുത്താലേ പ്രസ്തുത വ്യക്തിക്ക് തന്റെ വിശ്വാസത്തിൽ തുടരാൻ കഴിയൂ എന്ന് വിവിധ മതപരിവർത്തന നിരോധന നിയമങ്ങൾ വ്യവസ്ഥ ചെയ്യുന്നു. മതംമാറ്റത്തിന് ശേഷവും തന്റെ ആവശ്യം സ്ഥാപിച്ചുകിട്ടാൻ നിശ്ചിത ദിവസങ്ങൾക്കുള്ളിൽ കളക്ടർക്ക് മുന്നിൽ വ്യക്തി സത്യവാങ്മൂലം സമർപ്പിക്കുന്നതോടൊപ്പം അത് പൊതുവായി പരസ്യപ്പെടുത്തുകയും വേണം. ഭരണഘടനയുടെ ആർട്ടിക്കിൾ 25-ൽ ഇപ്രകാരം പറയുന്നു: All persons are equally entitled to freedom of conscience and the right freely to profess, practise and propagate religion. ഇതിൽ ഓരോ വ്യക്തിക്കും സ്വന്തം മനഃസാക്ഷിക്ക് അനുസൃതമായി മതവിശ്വാസിയായിരിക്കുന്നതിനും വിശ്വാസവും ആചാരങ്ങളും പരസ്യമായി അനുവർത്തിക്കുന്നതിനും, പ്രഖ്യാപിക്കുന്നതിനും, പ്രചരിപ്പിക്കുന്നതിനുമുള്ള സ്വാതന്ത്ര്യമാണ് ഇന്ത്യൻ ഭരണഘടന നൽകിയിട്ടുള്ളത് എന്നിരിക്കെ, നിലവിലുള്ള മതപരിവർത്തന നിരോധന നിയമങ്ങളിലെ ചില വ്യവസ്ഥകളും, അടിച്ചേൽപ്പിക്കലുകളും ഭരണഘടനയ്ക്ക് വിരുദ്ധമാണ് എന്ന് നിസംശയം പറയാം. മാത്രവുമല്ല, മതപരിവർത്തന വിരുദ്ധ നിയമങ്ങൾ പലപ്പോഴും അന്താരാഷ്ട്ര മനുഷ്യാവകാശ നിയമങ്ങളാൽ സംരക്ഷിക്കപ്പെടുന്ന മതസ്വാതന്ത്ര്യത്തിനുള്ള അവകാശത്തെ ലംഘിക്കുന്നു എന്നതും വ്യക്തമാണ്. ഈ നിയമങ്ങൾ സ്വന്തം മതം തിരഞ്ഞെടുക്കാനുള്ള ഒരു വ്യക്തിയുടെ സ്വാതന്ത്ര്യത്തെ ഹനിക്കുകയും ന്യൂനപക്ഷ മതങ്ങളെ അടിച്ചമർത്താൻ ഉപയോഗിക്കുകയും ചെയ്യാം. കൂടാതെ, വ്യക്തി സ്വാതന്ത്ര്യം, ആവിഷ്കാര സ്വാതന്ത്ര്യം, സംഘടനാ സ്വാതന്ത്ര്യം തുടങ്ങിയ മൗലിക അവകാശങ്ങളുടെ നിഷേധത്തിനും ഈ നിയമങ്ങൾ കാരണമാകാം.

അടുത്തകാലത്തായി വിവാഹത്തിന് മുന്നോടിയായുള്ള മതം മാറ്റത്തെയും വിവിധ മതപരിവർത്തന നിരോധന നിയമങ്ങൾ വഴിയായി നിരോധിച്ചിട്ടുണ്ട്. എളുപ്പത്തിൽ വിവാഹം നടത്തുന്നതിനായി മതപരിവർത്തനം ഒരു മാർഗ്ഗമാക്കുന്നു എന്നതിനാലാണ് നിയമത്തിൽ ഈ വ്യവസ്ഥ ഉൾപ്പെടുത്തിയിരിക്കുന്നത് എന്ന് വിശദീകരിക്കുന്നുണ്ടെങ്കിലും, പൂർണ്ണ മനസോടെയും ആഗ്രഹത്തോടെയുമുള്ള മതപരിവർത്തനങ്ങൾക്കും ഇത് തടസമായി മാറുകയും, കേസുകൾക്ക് കാരണമാവുകയും ചെയ്യുന്നു. അത്തരം സാഹചര്യങ്ങളിൽ വിവാഹവും അസാധുവായി പ്രഖ്യാപിക്കപ്പെടുകയും റദ്ദാക്കപ്പെടുകയും ചെയ്യും. അവിടെയും വ്യക്തിയുടെ സ്വാതന്ത്ര്യം നിഷേധിക്കപ്പെടുകയും ഭരണഘടന ഉറപ്പുനൽകുന്ന മൗലികാവകാശങ്ങൾ നിഷേധിക്കപ്പെടുകയും ചെയ്യുന്നു. ഇത്തരമൊരു വസ്തുതയെ ഗുജറാത്ത് ഹൈക്കോടതി ചോദ്യം ചെയ്തിട്ടുണ്ട്.

മതപരിവർത്തന നിരോധന നിയമങ്ങൾ പ്രകാരം ഒരു കുറ്റകൃത്യം അഥവാ ആരോപണം നിയമപരമായി ഉന്നയിക്കാൻ കഴിയുന്നത് ഇരയായ വ്യക്തിക്കോ അയാളുടെ മാതാപിതാക്കൾക്കോ അടുത്ത ബന്ധുക്കൾക്കോ ആണെങ്കിൽ, സമീപകാലങ്ങളിൽ രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളിൽ ബഹുഭൂരിപക്ഷത്തിനും പിന്നിൽ പ്രാദേശിക ഹിന്ദുത്വ സംഘടനാ പ്രവർത്തകരാണ്. വ്യാജമായ ആരോപണങ്ങളാണ് കേസുകളിലേയ്ക്ക് എത്തുന്നതും, നിരപരാധികളാണ് ജയിലിൽ അടയ്ക്കപ്പെടുന്നതും. വളരെ വർഷങ്ങളായി മാതൃകാപരമായി നടന്നുവരുന്ന ഒട്ടേറെ സ്ഥാപനങ്ങൾ ആശങ്കകളുടെ നിഴലിൽ അകപ്പെട്ടിരിക്കുന്നു. ബൈബിളോ പ്രാർത്ഥന പുസ്തകങ്ങളോ എവിടെനിന്നെങ്കിലും കണ്ടെത്തുന്നത് പോലും മതപരിവർത്തന നിരോധന നിയമപ്രകാരം കുറ്റം ചുമത്തുന്നതിനും വൈദികരെയും സന്യസ്തരെയും അറസ്റ്റ് ചെയ്യുന്നതിനും കാരണമായി മാറിയ സംഭവങ്ങൾ ഒട്ടേറെയുണ്ട്. അനീതി നിറഞ്ഞതും നിയമവിരുദ്ധവുമായ ഇത്തരം ഇടപെടലുകൾ ഭരണകൂടങ്ങൾ കണ്ടില്ലെന്ന് നടിക്കുകയാണ്.

നിർബന്ധിത മതപരിവർത്തനം തടയുക എന്നതാണ് ഇത്തരം നിയമങ്ങളുടെ ലക്ഷ്യമായി പറയുന്നതെങ്കിലും, ന്യൂനപക്ഷങ്ങളെ വിശിഷ്യാ, ക്രിസ്ത്യൻ മിഷണറിമാരെയാണ് ഇത്തരം നിയമം ലക്ഷ്യമിടുന്നത് എന്നാണ് റിപ്പോർട്ട് ചെയ്യപ്പെടുന്ന സംഭവങ്ങളിലൂടെ വ്യക്തമാകുന്നത്. ഒരാൾ ഹിന്ദു മതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെടുന്നതിനോ നിർബ്ബന്ധിതമായി "ഘർവാപ്പസി" എന്ന പേരിൽ മതപരിവർത്തനം നടത്തുന്നതിനോ ഈ നിയമങ്ങൾ ഒന്നും തന്നെ ബാധകമല്ല എന്നത് വിചിത്രമാണ്. പലയിടങ്ങളിലും തലമുറകളായി ക്രൈസ്തവ വിശ്വാസം സ്വീകരിച്ച പലരും ഒറ്റയ്ക്കും കൂട്ടത്തോടെയും തീവ്രഹിന്ദുത്വ സംഘടനകളുടെ നേതൃത്വത്തിൽ നിർബന്ധമായി മതപരിവർത്തനം ചെയ്യപ്പെടുന്നത് ഈ നിയമങ്ങളുടെ പരിധിയിൽ വരുന്നില്ല അഥവാ കേസുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നില്ല എന്ന വാസ്തവത്തിൽ നിന്നാണ് ഇത്തരം നിയമങ്ങൾക്ക് പിന്നിലെ കുടിലതയും കപടതയും നാം തിരിച്ചറിയേണ്ടത്.

www.malankaralibrary.com

ചില മതവിഭാഗങ്ങളോട്, പ്രത്യേകിച്ച് ന്യൂനപക്ഷ മതങ്ങളോട്, വിവേചനം കാണിക്കാൻ മതപരിവർത്തന വിരുദ്ധ നിയമങ്ങൾ ഉപയോഗിക്കാം. ഒട്ടേറെ സന്ദർഭങ്ങളിൽ, ഒരു പ്രത്യേക സമൂഹത്തിലെ പ്രബല മതത്തെ സംരക്ഷിക്കുന്നതിനോ ന്യൂനപക്ഷ മതങ്ങളെ അടിച്ചമർത്തുന്നതിനോ വേണ്ടി മതപരിവർത്തന വിരുദ്ധ നിയമങ്ങൾ ദുരുപയോഗിക്കപ്പെടുന്നു. ഇത്തരം നിയമങ്ങൾ ഭൂരിപക്ഷ മതവിഭാഗത്തെ സംരക്ഷിക്കാൻ പക്ഷപാതപരമായി ഉപയോഗിക്കുന്നുവെങ്കിൽ, അവ സാമൂഹികവും സാംസ്കാരികവുമായ വിഭജനത്തിന് കാരണമാകും. രാജ്യത്തിൻ്റെ സാംസ്കാരികവും സാമൂഹികവുമായ ഐക്യം സംരക്ഷിക്കാനും മതംമാറ്റത്തിലെ ബലപ്രയോഗവും കൃത്രിമങ്ങളും തടയാനും നിയമങ്ങൾ ആവശ്യമാണെന്ന വാദമാണ് പലപ്പോഴും മതപരിവർത്തന നിരോധന നിയമങ്ങളെ അനുകൂലിച്ചുകൊണ്ട് ചിലർ വാദിക്കുന്നത്. എന്നിരുന്നാലും, ഈ നിയമങ്ങൾ പ്രായോഗിക തലത്തിൽ ന്യൂനപക്ഷ മതങ്ങളെ അടിച്ചമർത്താനും, പൗരന്മാരുടെ മതസ്വാതന്ത്ര്യത്തിനുള്ള അവകാശം പരിമിതപ്പെടുത്താനുമുള്ള ഒരു ആയുധമായി ഉപയോഗിക്കപ്പെടുന്നു എന്നതാണ് വാസ്തവം.

**All persons are equally entitled to freedom of conscience and the right freely to profess, practise and propagate religion. ഇതിൽ ഓരോ വ്യക്തിക്കും സ്വന്തം മനഃസാക്ഷിക്ക് അനുസൃതമായി മതവിശ്വാസിയായിരിക്കുന്നതിനും വിശ്വാസവും ആചാരങ്ങളും പരസ്യമായി അനുവർത്തിക്കുന്നതിനും, പ്രഖ്യാപിക്കുന്നതിനും, പ്രചരിപ്പിക്കുന്നതിനുമുള്ള സ്വാതന്ത്ര്യമാണ് ഇന്ത്യൻ ഭരണഘടന നൽകിയിട്ടുള്ളത് എന്നിരിക്കെ, നിലവിലുള്ള മതപരിവർത്തന നിരോധന നിയമങ്ങളിലെ ചില വ്യവസ്ഥകളും, അടിച്ചേൽപ്പിക്കലുകളും ഭരണഘടനയ്ക്ക് വിരുദ്ധമാണ് എന്ന് നിസംശയം പറയാം. മാത്രവുമല്ല, മതപരിവർത്തന വിരുദ്ധ നിയമങ്ങൾ പലപ്പോഴും അന്താരാഷ്ട്ര മനുഷ്യാവകാശ നിയമങ്ങളാൽ സംരക്ഷിക്കപ്പെടുന്ന മതസ്വാതന്ത്ര്യത്തിനുള്ള അവകാശത്തെ ലംഘിക്കുന്നു എന്നതും വ്യക്തമാണ്.**

## മതപരിവർത്തന നിരോധന നിയമങ്ങൾ കോടതിയിൽ ചോദ്യം ചെയ്യപ്പെടുമ്പോൾ

**ആദ്യ കേസ്:** ഒഡീഷയിലും മധ്യപ്രദേശിലും മതപരിവർത്തന നിരോധന നിയമങ്ങൾ പ്രാബല്യത്തിൽ വന്ന പശ്ചാത്തലത്തിൽ ആ നിയമങ്ങളിലെ ഭരണഘടനാ വിരുദ്ധത ചൂണ്ടിക്കാണിച്ചുകൊണ്ടും നിയമത്തിൻ്റെ നിലനിൽപ്പ് ചോദ്യംചെയ്തുകൊണ്ടും സുപ്രീം കോടതിയുടെ ഭരണഘടനാ ബഞ്ചിന് മുന്നിൽ ഒരു ഹർജ്ജി (Stanislaus vs Madhya Pradesh, 1977 SCR (2) 611) സമർപ്പിക്കപ്പെടുകയുണ്ടായി. ഭരണഘടനയിലെ മൗലികാവകാശങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തപ്പെട്ടിരിക്കുന്ന മതപ്രചാരണത്തിനും മത സ്വാതന്ത്ര്യത്തിനുമുള്ള അവകാശം ഈ നിയമങ്ങൾ തടയുന്നു എന്ന വസ്തുതയാണ് ഹർജിക്കാരനായ സ്റ്റനിസ്ലാവോസ് ചൂണ്ടിക്കാണിച്ചത്.

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 25 ഉറപ്പുനൽകുന്ന മൗലികാവകാശങ്ങളിൽ ഒന്നായ മത പ്രചരണത്തിനുള്ള (സുവിശേഷ പ്രഘോഷണം) സ്വാതന്ത്ര്യം തടയപ്പെടുന്നത് ചോദ്യം ചെയ്തുകൊണ്ടുള്ള ആ കേസിലെ വിധി പ്രസ്താവം വളരെ നിർണ്ണായകമാണ്. ചീഫ് ജസ്റ്റിസ് എ എൻ റോയ് അദ്ധ്യക്ഷനായ ഭരണഘടനാ ബഞ്ച്, നിലവിലുണ്ടായിരുന്ന മതപരിവർത്തന നിരോധന നിയമങ്ങൾ തടയുകയുണ്ടായില്ലെങ്കിലും മത പ്രചാരണത്തിനുള്ള അവകാശം (Right to propagate) എന്നതിലെ "Propagate" എന്ന വാക്കിന് വ്യക്തത നൽകുകയുണ്ടായി. മതപ്രചാരണം എന്നത് മൗലികാവകാശമാണ് എന്നത് കോടതി വ്യക്തമാക്കിയതിനൊപ്പം, മതംമാറ്റുക എന്ന പ്രവൃത്തി മൗലിക അവകാശങ്ങളുടെ പരിധിയിൽ വരികയില്ല എന്ന് കൂട്ടിച്ചേർത്തു.

**നിലവിലെ കേസുകൾ:** മതപരിവർത്തന നിരോധന നിയമങ്ങളുടെ ഭരണഘടനാ ലംഘനങ്ങൾ, നീതിനിഷേധം, മൗലികാവകാശ നിഷേധം തുടങ്ങിയവ ചോദ്യം ചെയ്തുകൊണ്ട് സുപ്രീം കോടതിക്കും വിവിധ ഹൈക്കോടതികൾക്കും മുന്നിൽ നിരവധി ഹർജ്ജികൾ പരിഗണനയിലുണ്ട്. മുംബൈ കേന്ദ്രമായി പ്രവർത്തിക്കുന്ന സിറ്റിസൺസ് ഫോർ ജസ്റ്റിസ് ആൻഡ് പീസ് (CJP)എന്ന സംഘടന ഉത്തർപ്രദേശിലെ മതപരിവർത്തന നിരോധന നിയമത്തിനെതിരെ 2020 ഡിസംബറിൽ സുപ്രീംകോടതിയിൽ ഹർജ്ജി സമർപ്പിച്ചിട്ടുണ്ട്. തെളിവില്ലാത്ത ചില വാദഗതികളാണ് നിർമനിർമ്മാണത്തിന് പിന്നിലെന്നാണ് അവരുടെ മുഖ്യ വാദം. ഓൾ ഇന്ത്യ ക്രിസ്ത്യൻ കൗൺസിൽ, ഇന്ത്യൻ സോഷ്യൽ ആക്ഷൻ ഫോറം, ലീഗൽ റൈറ്റ്സ് ഒബ്സർവേറ്ററി എന്നിങ്ങനെയുള്ള സംഘടനകളും കേസുകളുമായി മുന്നോട്ടുപോകുന്നുണ്ട്.

ഇത്തരത്തിൽ കേസുകൾ നിലനിൽക്കുമ്പോഴും വിധിക്ക് കാത്തുനിൽക്കാതെ വിവിധ സംസ്ഥാനങ്ങൾ പുതിയ മതപരിവർത്തന നിരോധന നിയമങ്ങളും നിലവിലുള്ളവയുടെ പരിഷ്കാരങ്ങളുമായി മുന്നോട്ടുപോവുകയാണ്. കൂട്ടിച്ചേർക്കപ്പെടുന്ന വ്യവസ്ഥകൾ ന്യൂനപക്ഷ വിഭാഗങ്ങൾ, പ്രത്യേകിച്ച് ക്രൈസ്തവർക്ക് വലിയ വെല്ലുവിളി ഉയർത്തുന്നവയാണ്.

www.malankaralibrary.com

## മതപരിവർത്തന നിരോധന നിയമം വർഗീയവാദികളുടെ ആയുധമാകുമ്പോൾ

ഏറ്റവും കർശനമായ വ്യവസ്ഥകളോടെ മതപരിവർത്തന നിയമങ്ങൾ പ്രാബല്യത്തിലുള്ള സംസ്ഥാനങ്ങളാണ് ഉത്തർപ്രദേശും മധ്യപ്രദേശും. ബിജെപി ഭരിക്കുന്ന മറ്റു സംസ്ഥാനങ്ങളും ഏറെ പിന്നിലല്ല. വിവിധ സംസ്ഥാനങ്ങളിൽ നിസ്വാർത്ഥ സേവനം ചെയ്ത് ജീവിക്കുന്ന എണ്ണമറ്റ കത്തോലിക്കാ സന്യസ്തരും വൈദികരും എപ്പോൾ വേണമെങ്കിലും മതപരിവർത്തനനിരോധന നിയമ പ്രകാരം അറസ്റ്റ് ചെയ്യപ്പെടുമെന്നോ, മതപരിവർത്തനം ആരോപിക്കപ്പെട്ട് ആക്രമിക്കപ്പെടുമെന്നോ ഉള്ള ഭീതിയിലാണ് ജീവിക്കുന്നത്. സർക്കാർ സംവിധാനങ്ങളൊന്നും എത്തിപ്പെടാത്ത നിരവധി ആദിവാസി മേഖലകളിലും നിരാലംബരായ പാവപ്പെട്ടവർക്കിടയിലും ജീവിച്ച് അവർക്ക് വിദ്യാഭ്യാസവും, ചികിൽസയും നൽകി അവരെപോലെ തന്നെ ജീവിച്ചു മരിക്കുന്ന അനേകർക്കെതിരെ ഉയരുന്ന ദുരാരോപണങ്ങൾ തികച്ചും വാസ്തവവിരുദ്ധവും ആസൂത്രിതമായി കെട്ടിച്ചമയ്ക്കപ്പെട്ടതുമാണ്. ഒരിക്കൽ കുറ്റം ചുമത്തപ്പെട്ടാൽ, അത് ചെയ്തിട്ടില്ല എന്ന് സ്ഥാപിക്കേണ്ട ഉത്തരവാദിത്തം കുറ്റാരോപിതന്റേത് മാത്രമാണ്. കോടതിയിൽ നിരപരാധിത്വം തെളിയിക്കാൻ ആവശ്യമായ തെളിവുകൾ ഹാജരാക്കാനുണ്ടാവില്ല എന്നുള്ളതാണ് മതപരിവർത്തന നിരോധന നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളുടെ പ്രധാന വെല്ലുവിളി.

ഇത്തരം പ്രദേശങ്ങളിൽ ക്രൈസ്തവ വിശ്വാസത്തിലേക്ക് അപൂർവ്വം ചിലരെങ്കിലും കടന്നുവന്നിട്ടുണ്ടെങ്കിൽപോലും ആരോപിക്കപ്പെട്ടിട്ടുള്ളതുപോലെ നിർബന്ധിതമായോ കബളിപ്പിച്ചോ മതപരിവർത്തനം നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കാവുന്നതാണ്. അത്തരം അന്വേഷണങ്ങളോ പഠനങ്ങളോ നടത്താതെ ചില സംഘടനകളുടെ ബുദ്ധികേന്ദ്രങ്ങൾ പ്രചരിപ്പിക്കുന്ന നിർബന്ധിത മതപരിവർത്തനമെന്ന പ്രചാരണം വർഗീയയും വിഭാഗീയതയും ലക്ഷ്യമാക്കിയുള്ളതാണ് എന്നത് വ്യക്തമാണ്. മധ്യപ്രദേശ്, ഉത്തർപ്രദേശ്, ഛത്തീസ്ഘട്ട് തുടങ്ങിയ വിവിധ സംസ്ഥാനങ്ങളിൽ ഇതിനകം ഒട്ടേറെ അക്രമസംഭവങ്ങളാണ് മതപരിവർത്തന ആരോപണങ്ങളെ തുടർന്ന് ഉണ്ടായിട്ടുള്ളത്. തീവ്ര ഹിന്ദുത്വ സംഘടനകൾക്ക് സാന്നിധ്യമുള്ള പലയിടങ്ങളിലും സർക്കാർ സംവിധാനങ്ങൾ പോലും പ്രകടമായ ക്രൈസ്തവ വിരുദ്ധതയ്ക്ക് ദുരുപയോഗിക്കപ്പെടുന്നതായി കാണുന്നു.

വ്യാജമായ കേസുകളാണ് മിഷണറിമാർക്ക് എതിരെയുള്ളത് എന്നത് അധികാരികളിൽ പലർക്കും ബോധ്യമുണ്ടെങ്കിലും വർഗീയ തീവ്രവാദികളായ നേതാക്കന്മാരാൽ തെറ്റിദ്ധരിക്കപ്പെട്ട ആൾക്കൂട്ടത്തിന്റെ ആരവങ്ങളെയും തീവ്രഹിന്ദുത്വ വാദികളുടെ സമ്മർദ്ദത്തെയും അതിജീവിക്കാൻ കഴിയാതെ വരുന്നു എന്നാണ് അടുത്തകാലത്ത് ഉണ്ടായ പല സംഭവങ്ങളും തെളിയിക്കുന്നത്. നിരപരാധികളുടെ മേൽ മതപരിവർത്തന നിരോധന നിയമപ്രകാരമുള്ള ജാമ്യമില്ലാ വകുപ്പുകളിലാണ് മിക്കവാറും കേസ് രജിസ്റ്റർ ചെയ്യുന്നത്. തത്ഫലമായി ദിവസങ്ങളോളം പലർക്കും ജയിലിൽ കഴിയേണ്ടതായി വരുന്നു.

സ്വന്തം തീരുമാനപ്രകാരവും പൂർണബോധ്യത്തോടെയും ക്രൈസ്തവവിശ്വാസം സ്വീകരിച്ചവർ പീഡിപ്പിക്കപ്പെടുകയും അതിക്രമങ്ങൾക്ക് ഇരയാവുകയും നിർബന്ധിതമായി ഹിന്ദു മതത്തിലേക്ക് പരിവർത്തനത്തിന് വിധേയരാക്കപ്പെടുകയും ചെയ്തിട്ടുള്ള സംഭവങ്ങൾ പലപ്പോഴായി വിവിധ സംസ്ഥാനങ്ങളിൽ ഉണ്ടായിട്ടുണ്ട് എന്നതും ശ്രദ്ധേയമാണ് . അങ്ങനെ മിഷണറിമാരെയും ക്രൈസ്തവ മതം സ്വബോധ്യത്തിൽ സ്വീകരിച്ച വ്യക്തികളെയും ലക്ഷ്യമാക്കിയുള്ള ആസൂത്രിതമായ നീക്കമാണ് ഇപ്പോൾ നടന്നു വരുന്നത്.

## മതസ്വാതന്ത്ര്യം അവകാശമാണ്

നിർബന്ധിത മതപരിവർത്തനത്തെ എതിർക്കുമ്പോഴും, മതസ്വാതന്ത്യം നിഷേധിക്കാൻ ഇവിടെ ആർക്കും അവകാശമില്ല എന്നതാണ് വാസ്തവം. ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്നതും, വ്യക്തിസ്വാതന്ത്ര്യത്തിന്റെ ഭാഗമായും, പൂർണ സ്വാതന്ത്ര്യത്തോടെ ദൈവാന്വേഷണം നടത്താനും ബോധ്യങ്ങൾ ഉൾക്കൊള്ളാനും സ്വതന്ത്രമായ താൽപര്യത്തോടെ ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനുമുള്ള അവകാശം എല്ലാവർക്കും ഉണ്ടായിരിക്കേണ്ടതാണ്. സ്വന്തം വിശ്വാസത്തെയും ബോധ്യങ്ങളെയും പ്രഘോഷിക്കാനും ഓരോരുത്തർക്കും പൂർണ സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. വ്യാജ പ്രചരണങ്ങളും തൽപ്പരകക്ഷികളുടെ ആഖ്യാനങ്ങളും ഭരണകൂടങ്ങളെയും നീതിപീഠത്തെയും സ്വാധീനിക്കാനോ അത്തരക്കാർ നിയമപാലകർക്കും സമൂഹത്തിനും മുകളിൽ സമ്മർദ്ദം ചെലുത്തുന്ന ശക്തികളായിത്തീരാണോ ഒരിക്കലും പാടില്ല. ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങളുടെയും സ്വാതന്ത്ര്യത്തിന്റെയും പക്ഷത്ത് നിന്ന് വിധികൾ കൽപ്പിക്കാനും നിലപാടുകൾ സ്വീകരിക്കാനും നീതിപീഠങ്ങൾ ആർജവം പ്രകടിപ്പിക്കുകയും, വർഗീയതയ്ക്ക് വളംവെക്കുന്ന നിലപാടുകളിൽ നിന്ന് ഭരണകൂടങ്ങൾ അകന്നു നിൽക്കുകയും ചെയ്താൽ മാത്രമേ, സമീപകാലങ്ങളായി വർദ്ധിച്ചു കൊണ്ടിരിക്കുന്ന അസഹിഷ്ണുതയും മതമൗലികവാദവും ഒരു പരിധിവരെയെങ്കിലും നിയന്ത്രിക്കപ്പെടുകയുള്ളൂ.


## കത്തോലിക്കാ സഭയുടെ വിശ്വാസ പ്രചരണ നിലപാടുകൾ

ഏതെങ്കിലും വിധത്തിലുള്ള സമ്മർദ്ദങ്ങൾ ചെലുത്തിയോ പ്രലോഭിപ്പിച്ചോ മതംമാറ്റുക എന്ന ലക്ഷ്യത്തോടെയല്ല കത്തോലിക്കാ മിഷണറിമാർ ഇന്ന് മിഷൻ പ്രദേശങ്ങളിൽ സേവനനിരതരാകുന്നത്. തങ്ങളുടെ ജീവിതത്തിലൂടെയും പ്രവർത്തനമാതൃകകളിലൂടെയും ക്രൈസ്തവ ദർശനങ്ങൾ പ്രഘോഷിക്കുകയും ക്രിസ്തുവിനെ പകർന്ന് നൽകുകയും സ്നേഹാധിഷ്ഠിതമായി സേവനനിരതരാകുകയും ചെയ്യുന്നവരാണ് കത്തോലിക്കാ മിഷണറിമാർ. രക്തസാക്ഷിത്വം വഹിച്ച മിഷണറിയായ സി. റാണി മരിയ, വി. മദർ തെരേസ പോലെയുള്ള അനേകായിരം മിഷണറിമാരുടെ പ്രവർത്തന മാതൃകകൾ ഉദാഹരണങ്ങളാണ്. ഈ ജീവിത മാതൃകകൾ നിരീക്ഷിച്ചും, ക്രിസ്തു ദർശനങ്ങളിൽ ആകൃഷ്ടരായും ആരെങ്കിലും ക്രിസ്ത്യാനി ആകുവാൻ തീരുമാനിച്ചാൽപോലും, സമയമെടുത്തുള്ള നിരീക്ഷണങ്ങൾക്കും പഠനങ്ങൾക്കുംശേഷം മാത്രമാണ് ഒരാളെ കത്തോലിക്കാസഭയിലേക്ക് സ്വീകരിക്കുന്നത്. എന്നിട്ടും മതപരിവർത്തന നിരോധന നിയമപ്രകാരം വ്യാജ കേസുകളിൽ അകപ്പെടുന്ന കത്തോലിക്കാ മിഷണറിമാരും വിശ്വാസികളും ഈയടുത്ത നാളുകളിൽ കൂടുതലായി നിയമ നടപടികൾക്ക് ഇരയാക്കപ്പെടുന്നു എന്നത് ദൗർഭാഗ്യകരമാണ്.

www.malankaralibrary.com



ബിഷപ്പ് ജെയിംസ് അത്തിക്കളം
(സാഗർ രൂപത, മധ്യപ്രദേശ്)



# മതപരിവർത്തന നിരോധന നിയമങ്ങൾ മധ്യപ്രദേശിൽ



നമ്മിൽ പലരും മനസിലാക്കിയിട്ടുള്ളതുപോലെ, ഇന്നത്തെ ഇന്ത്യൻ പരിതസ്ഥിതിയിൽ ക്രൈസ്തവർ വിവിധ സംസ്ഥാനങ്ങളിൽ നേരിടുന്ന പീഡനങ്ങൾ ചില തീവ്ര വർഗ്ഗീയ സംഘടനകളുടെ അജണ്ടകളുടെ ഭാഗമാണ്. അത്തരമൊരു ക്രൈസ്തവ വേട്ട വലിയ വെല്ലുവിളികളിലേയ്ക്ക് ക്രൈസ്തവസമൂഹത്തെയാകമാനം നയിച്ചിട്ടുണ്ട്. ക്രൈസ്തവരുടെ വിവിധ മേഖലകളിലെ പ്രവർത്തനങ്ങളും ഇടപെടലുകളും അവസാനിപ്പിക്കുക, ചില സംസ്ഥാനങ്ങളിൽനിന്ന് തന്നെ ക്രൈസ്തവരെ തുരത്തുക എന്നിങ്ങനെയുള്ള ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന ചില ഗ്രൂപ്പുകൾ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലുണ്ട്. ഇത്തരം പ്രവർത്തനങ്ങൾക്ക് മുന്നിൽ സംസ്ഥാന കേന്ദ്ര ഭരണകൂടങ്ങൾ പൂർണ്ണമായും നിഷ്ക്രിയത പുലർത്തുകയാണ്. സത്യത്തിനും നീതിക്കും നിയമത്തിനും അനുസൃതമായിട്ടല്ല ഇത്തരം സംസ്ഥാനങ്ങളിലെ കാര്യങ്ങൾ മുന്നോട്ടു നീങ്ങുന്നത്.

സാഗർ രൂപതയിൽ ഞങ്ങൾക്ക് ഒട്ടേറെ വെല്ലുവിളികൾ നേരിടേണ്ടതായി വരുന്നുണ്ട്. എന്തെങ്കിലും വലിയ പരിപാടികൾ സംഘടിപ്പിക്കേണ്ടതായി വരുമ്പോൾ കടുത്ത ആശങ്കകൾ ഞങ്ങൾക്കുള്ളിൽ രൂപപ്പെടാറുണ്ട്. സാഗർ രൂപതയുടെ പരിധിയിലുള്ള ഫോർമേഷൻ സെന്ററുകളുടെയും, മൈനർ സെമിനാരിയുടെയും നടത്തിപ്പ് വെല്ലുവിളികൾ നിറഞ്ഞതാണ്. ഇത്തരം സ്ഥാപനങ്ങളിലെല്ലാം വിവിധ സർക്കാർ വകുപ്പുകളിൽനിന്നുള്ള ഉദ്യോഗസ്ഥർ വന്നു പലപ്പോഴായി പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഫോർമേഷൻ കാലഘട്ടത്തിലായിരിക്കുന്നവർക്ക് ഒരു ഗ്രൂപ്പായി യാത്രചെയ്യാൻ പോലും കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. റെയിൽവേ സ്റ്റേഷനുകളിലും ബസ് സ്റ്റാന്റുകളിലും മറ്റ് പൊതു ഇടങ്ങളിലും മേൽപ്പറഞ്ഞ സംഘടനാ പ്രവർത്തകർ അവരെ തടഞ്ഞുവയ്ക്കാനും തെറ്റായ ആരോപണങ്ങൾ ഉന്നയിച്ച് പ്രശ്നങ്ങൾ സൃഷ്ടിക്കാനുമുള്ള സാധ്യതകളുണ്ട്. പ്രത്യേകിച്ച് മധ്യപ്രദേശിൽ, ഗ്രാമപ്രദേശങ്ങളിൽ ഉൾപ്പെടെയുള്ള നമ്മുടെ പ്രവർത്തനങ്ങൾ എല്ലാം അത്തരക്കാരുടെ നിരീക്ഷണ വലയത്തിലാണ്.

വിദ്യാഭ്യാസ ആരോഗ്യ മേഖലകളിൽ പാവപ്പെട്ടവരുടെ ഉന്നമനവും ക്ഷേമവും ലക്ഷ്യം വച്ചുകൊണ്ട് ചെയ്തുവരുന്ന സേവനപ്രവൃത്തികളെയെല്ലാം മതപരിവർത്തനമായി ചിത്രീകരിച്ചുകൊണ്ട് നമ്മെ വേട്ടയാടുന്ന സാഹചര്യമാണുള്ളത്. ഇത്തരം നിരന്തര ഭീഷണികളും ഉദ്യോഗസ്ഥരുടെ റെയ്ഡുകളും ഉപദ്രവങ്ങളും മൂലം ഹോസ്റ്റലുകൾ, ഓർഫനേജുകൾ തുടങ്ങിയവ മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്ത അവസ്ഥയാണ് ഇപ്പോൾ നിലനിൽക്കുന്നത്. ഒരു ഹോസ്റ്റൽ നടത്തിയതിന്റെ പേരിൽ നേരിട്ട വ്യാജ ആരോപണങ്ങളെ തുടർന്നാണ് കഴിഞ്ഞ ജനുവരി മാസം മലയാളിയായ സിഎംഐ വൈദികൻ ഫാ. അനിൽ മാത്യു അറസ്റ്റിലായതും ജയിലിൽ അടയ്ക്കപ്പെട്ടതും. സാഗർ രൂപതയുടെ ഒരു ഓർഫനേജിൽ പരിശോധനയ്ക്കെത്തിയ ചില ഉദ്യോഗസ്ഥർ അപമര്യാദയായി പെരുമാറിയത് ചോദ്യം ചെയ്തതിനെ തുടർന്ന് വൈദികർക്കെതിരെ കേസെടുത്ത സംഭവം മുമ്പ് ഉണ്ടായിട്ടുണ്ട്.

ലക്നൗ അതിരൂപതയുടെ പാസ്റ്ററൽ സെന്ററിന്റെ ഹാൾ ഒരു പ്രൊട്ടസ്റ്റന്റ് ഗ്രൂപ്പിന്റെ ആവശ്യത്തിന് ഒരു ദിവസം വിട്ടുകൊടുത്തു എന്ന ഒറ്റ കാരണത്താലാണ് രൂപതയുടെ സോഷ്യൽ സർവീസ് വിഭാഗം ഡയറക്ടറായ ഫാ. ഡൊമിനിക് ദീർഘകാലം ജയിലിൽ കഴിഞ്ഞത്. ജബൽപൂർ രൂപതയുടെ ബിഷപ്പിന് കഴിഞ്ഞ വിശുദ്ധവാര തിരുക്കർമ്മങ്ങളിലൊന്നും പങ്കുചേരാൻ കഴിഞ്ഞില്ല. പിതാവിനെതിരെ ഉന്നയിക്കപ്പെട്ട വ്യാജ ആരോപണത്തെ തുടർന്ന് കേസ് രജിസ്റ്റർ ചെയ്യപ്പെടുകയും, എന്നാൽ മുൻകൂർ ജാമ്യം ലഭിക്കാതിരിക്കുകയും ചെയ്തതാണ് കാരണം. ഇത്തരത്തിൽ നിരവധി സംഭവങ്ങൾ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ആവർത്തിച്ചുകൊണ്ടിരിക്കുന്നു. പോലീസ് ഡിപ്പാർട്ട്മെന്റിലെ ഉയർന്ന ഉദ്യോഗസ്ഥർക്ക് കാര്യങ്ങളുടെ നിജസ്ഥിതി ബോധ്യമുണ്ടെങ്കിലും നമ്മെ സഹായിക്കാൻ കഴിയാത്ത സാഹചര്യമാണ് ഇപ്പോഴുള്ളത്. തീവ്ര വർഗ്ഗീയ സംഘടനകൾ പോലീസ് സ്റ്റേഷനുകളിൽ ചെലുത്തുന്ന സമ്മർദ്ദവും രാഷ്ട്രീയ നേതാക്കളിൽനിന്ന് അവർക്ക് ലഭിക്കുന്ന പിന്തുണയുമാണ് കാരണം.

തെർത്തുല്യന്റെ വാക്കുകൾ പ്രകാരം, രക്തസാക്ഷികളുടെ ചുടുനിണമാണ് സഭയുടെ വളർച്ചയ്ക്ക് അടിസ്ഥാനം. ഇത്തരം പ്രതിബന്ധങ്ങളിലൊന്നും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ മിഷനറിമാരും ക്രൈസ്തവ സമൂഹവും തളരുകയില്ല എന്ന് തീർച്ച. പീഡനങ്ങളും പ്രയാസങ്ങളും തകർച്ചകളുമെല്ലാം ധീരതയോടെ നേരിട്ട് ക്രിസ്തുവിന്റെ സ്നേഹവും കാരുണ്യവും ഈ ജനത്തിന് പകർന്നു നൽകുവാൻ തുടർന്നും പരിശ്രമിക്കുകതന്നെ ചെയ്യും.

www.malankaralibrary.com

ഫാ. അഡ്വ. ബാബു
ഫ്രാൻസിസ്
(അലഹബാദ് രൂപത, ഉത്തർപ്രദേശ്)



# മതപരിവർത്തന നിരോധന നിയമത്തിന്റെ രക്തസാക്ഷി

(2023 ഒക്ടോബർ ഒന്നിന് മത പരിവർത്തന കുറ്റം ചുമത്തി അറസ്റ്റിലായ ഫാ. ബാബു ഫ്രാൻസിസിന് ഡിസംബർ 22 നാണ് ജാമ്യം ലഭിക്കുന്നത്).



ഞാൻ അഞ്ചുവർഷമായി അലഹബാദ് രൂപതയുടെ സാമൂഹിക സേവന വിഭാഗം ഡയറക്ടറാണ്. ചേരികളിലെയും ഗ്രാമങ്ങളിലെയും പാവപ്പെട്ടവർക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ, ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ എന്നിങ്ങനെ ഒട്ടേറെ മേഖലകളിലുള്ള പ്രവർത്തനങ്ങളിലാണ് കഴിഞ്ഞ അഞ്ചു വർഷങ്ങൾക്കിടെ ഞങ്ങൾ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ളത്.

കഴിഞ്ഞ ഒക്ടോബർ ഒന്നാംതീയതി എന്റെ ഓഫീസിൽ ജോലിചെയ്യുന്ന പീറ്റർ പോൾ എന്ന വ്യക്തിയുടെ ഭാര്യ എന്നെ വിളിച്ച്, പീറ്റർ പോൾ പോലീസ് സ്റ്റേഷനിൽ ആണെന്നും സഹായിക്കണമെന്നും ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് സ്റ്റേഷനിലെത്തിയ ഞാൻ എന്റെ വിദ്യാഭ്യാസവും പരിചയവും അറിവും എല്ലാം ഉപയോഗിച്ച് അദ്ദേഹത്തെ സഹായിക്കാൻ ശ്രമിച്ചു. അദ്ദേഹത്തിനുവേണ്ടി പോലീസിനോട് സംസാരിച്ചുകൊണ്ടിരിക്കെ ഒരു ഹിന്ദുത്വ സംഘടനയുടെ പ്രവർത്തകർ സ്റ്റേഷനിൽ വന്ന വലിയ ബഹളമുണ്ടാക്കി. തുടർന്ന് പതിനഞ്ച് മിനിറ്റുകൾക്കുള്ളിൽ യാതൊരു കുറ്റവും ചെയ്യാത്ത ഞാൻ പോലീസ് കസ്റ്റഡിയിലായി. സിവിൽ നിയമവും കാനൻ നിയമവും പഠിക്കുകയും നിയമനടപടികളെക്കുറിച്ച് വ്യക്തമായി മനസിലാക്കുകയും ചെയ്തിട്ടുള്ള എനിക്ക് ആ അനുഭവം തികച്ചും അപ്രതീക്ഷിതമായിരുന്നു. എന്റെ അറിവോ കഴിവോ ഒന്നും എന്നെ സഹായിച്ചില്ല.

ഒക്ടോബർ രണ്ടാംതിയ്യതി പോലീസ് ഉദ്യോഗസ്ഥർ എന്നെ നൈനി സെൻട്രൽ ജയിലിൽ എത്തിച്ചു. രണ്ടായിരം തടവുകാർക്കുള്ള സൗകര്യങ്ങൾ മാത്രമെങ്കിലും, 4500 തടവുകാരെ പാർപ്പിച്ചിരുന്ന ഒരു ജയിൽ ആയിരുന്നു അത്. ഭക്ഷണവും താമസവും അന്തരീക്ഷവുമെല്ലാം വളരെ പരിതാപകരം. ഒരാഴ്ചയ്ക്കുള്ളിൽ പുറത്തെത്താൻ കഴിയുമെന്നാണ് അന്ന് ഞാൻ കരുതിയത്. അലഹബാദ് രൂപതയുടെ സ്കൂളുകളിൽ നിന്നും കോളേജുകളിൽനിന്നും പഠിച്ചുപോയ ഒട്ടേറെ ഉയർന്ന ഉദ്യോഗസ്ഥരും ജഡ്ജിമാരും സംസ്ഥാനത്ത് പലയിടങ്ങളിലായി ഉള്ളതിനാൽ ആരെങ്കിലുമൊക്കെ ഇടപെടുമെന്നായിരുന്നു കരുതിയത്. പക്ഷെ അതൊന്നുമുണ്ടായില്ല. ഒരു മാസം വരെ പ്രതീക്ഷയോടെ ഞാൻ കാത്തിരുന്നു. എങ്ങനെയെങ്കിലും മോചിപ്പിക്കപ്പെടണമെന്നുള്ള പ്രാർത്ഥന മാത്രമായിരുന്നു ഉള്ളിലുണ്ടായിരുന്നത്. എന്നാൽ, ഒരു മാസം കഴിഞ്ഞതോടെ ദൈവം ആഗ്രഹിക്കുന്ന സമയത്ത് പുറത്തുവരട്ടെ എന്നായി ചിന്ത. പിന്നീടുള്ള പ്രാർത്ഥനകളും അപ്രകാരമായിരുന്നു.

ജയിലിൽ ഒപ്പമുണ്ടായിരുന്നവർ കാര്യങ്ങൾ മനസിലാക്കിയിരുന്നു. തദ്ദേശീയരായ ഹൈന്ദവരായിരുന്നു ജയിലിൽ ഏറെയും ഉണ്ടായിരുന്നത്. അവർ പലപ്പോഴും എന്നെ ആശ്വസിപ്പിച്ചു. "നിങ്ങൾ അപ്രകാരം മതം മാറ്റങ്ങളൊന്നും നടത്തുന്നില്ല എന്ന് ഞങ്ങൾക്കറിയാം" എന്നാണ് അവരിൽ പലരും എന്നോട് പറഞ്ഞത്. "സർക്കാരിന്റെ കളികളാണ് ഇതെല്ലാം" എന്നായിരുന്നു അവരുടെ പോലും ബോധ്യം. "ശിക്ഷ കഴിഞ്ഞ് പുറത്തിറങ്ങിക്കഴിയുമ്പോൾ അച്ചനെ കാണാൻ വരും, എന്റെ കുട്ടികളെ അച്ചന്റെ സ്കൂളിൽ ചേർത്ത് പഠിപ്പിക്കണം" എന്ന് അവരിൽ ചിലർ എന്നോട് പറഞ്ഞു. "പന്ത്രണ്ടാം ക്ലാസ് വരെ ഞങ്ങളുടെ സ്കൂളിൽ പഠിച്ച് പുറത്തിറങ്ങിക്കഴിയുമ്പോഴേയ്ക്ക് അവർ ക്രിസ്ത്യാനികളായി മാറിയാലോ" എന്ന് ഞാൻ അവരോട് ചോദിച്ചു. അതൊക്കെ വെറും പ്രചാരണങ്ങൾ മാത്രമാണെന്ന് ഞങ്ങൾക്കറിയാം എന്നായിരുന്നു അവരുടെ മറുപടി.

എന്റെ അനുഭവം ഒരു ഉദാഹരണം മാത്രമാണ്. വിവിധ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ വൈദികരും സന്യസ്തരും വിശ്വാസികളും സമാനമായ അവസ്ഥകളിലൂടെ കടന്നുപോകുന്നു. മതപരിവർത്തന നിയമം ദുരുപയോഗിച്ചുകൊണ്ട് ഇല്ലാത്ത കുറ്റം ചുമത്തി ജാമ്യം പോലും നൽകാതെ ജയിലിൽ അടയ്ക്കുകയാണ് പലപ്പോഴും ചെയ്തുവരുന്നത്. ദൈവത്തിൽ ആശ്രയിച്ചും പ്രാർത്ഥനയിൽ അഭയം തേടിയുമാണ് ഞങ്ങളേവരും ഈ പ്രതിസന്ധികളെ ആത്മധൈര്യത്തോടെ അതിജീവിക്കുന്നത്. അതുമാത്രമാണ് ഏക മാർഗ്ഗമെന്ന് എനിക്കുണ്ടായ അനുഭവങ്ങൾ എന്നെ പഠിപ്പിച്ചു.

www.malankaralibrary.com






# മതപരിവർത്തന നിരോധന നിയമത്തിന്റെ ദുരുപയോഗം: സാഗർ രൂപതയിലെ ഹോസ്റ്റലുകളെല്ലാം അടച്ചുപൂട്ടി

**സി. മെറീന എസ്ജെ**
(സാഗർ രൂപത)

രണ്ടര വർഷം മുമ്പ് മധ്യപ്രദേശിലെ ഇന്റ്ഖേരി എന്ന സ്ഥലത്തുള്ള ആദിവാസി പെൺകുട്ടികൾക്കായുള്ള ഒരു ഹോസ്റ്റലിലായിരുന്നു ഞാൻ സേവനം ചെയ്തിരുന്നത്. ഹോസ്റ്റലിന് പുറമെ, സോഷ്യൽ സർവീസ് അപ്പൊസ്തലേറ്റിന്റെ പ്രവർത്തനങ്ങളും ഞങ്ങൾക്ക് അവിടെയുണ്ടായിരുന്നു. ആറാംക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കുട്ടികളായിരുന്നു അവിടെയുണ്ടായിരുന്നത്.

2021 നവംബർ എട്ടിന് ഞാനും ഒരു ജൂനിയർ സിസ്റ്ററും മാത്രം കോൺവെന്റിൽ ഉണ്ടായിരുന്നപ്പോൾ ഉച്ചകഴിഞ്ഞ് മൂന്നരയോടെ ഒരു സംഘം പുരുഷന്മാർ അപ്രതീക്ഷിതമായി അവിടേയ്ക്ക് എത്തി. സന്ദർശകർ എത്തിയിരിക്കുന്ന വിവരം ജൂനിയർ സിസ്റ്റർ വന്ന് അറിയിച്ചതനുസരിച്ച് ഞാൻ ചെന്നപ്പോൾ ഹോസ്റ്റൽ കാണണമെന്ന് ആവശ്യപ്പെട്ട് അകത്തേയ്ക്ക് തള്ളിക്കയറാൻ ശ്രമിക്കുകയായിരുന്നു അവർ. സ്ത്രീകളും പെൺകുട്ടികളും മാത്രമുള്ള ഒരു സ്ഥാപനത്തിലേക്ക് ധാർഷ്ട്യത്തോടെ അതിക്രമിച്ചു കയറാൻ ശ്രമിക്കുന്ന അവരെ അതിന് അനുവദിക്കേണ്ടതില്ലായിരുന്നെങ്കിലും അപ്പോൾ അങ്ങനെ ചിന്തിച്ചില്ല. ആരാണ് നിങ്ങൾ എന്ന എന്റെ ചോദ്യത്തിന് മറുപടിയായി അവരിൽ ഒരാൾ ഐഡി കാർഡ് എടുത്തുനീട്ടി. ദേശീയ ബാലാവകാശ കമ്മീഷൻ ചെയർമാൻ പ്രിയങ്ക് കനൂങ്കോയാണ് ആ വ്യക്തി എന്ന് കാർഡിൽ നിന്ന് വ്യക്തമായി. ഒപ്പം വന്നവരിൽ ചില സി ഡബ്ല്യു സി മെമ്പർമാരും റെയ്സൺ ജില്ലയിലെ വുമൺ ആൻഡ് ചൈൽഡ് വെൽഫെയർ ഓഫീസറും ഉണ്ടായിരുന്നതായി മനസിലാക്കാനായി.

കുട്ടികളുടെ കിടപ്പുമുറിയിലേയ്ക്ക് കൊണ്ടുപോകാനാണ് അവർ ആദ്യം ആവശ്യപ്പെട്ടത്. കിടപ്പുമുറിയിലും അതിന് ശേഷം കുട്ടികൾ ഇടപഴകുന്ന എല്ലാ ഇടങ്ങളിലും അവർ പരിശോധന നടത്തി. ഒരിടത്ത് ഒരു കുട്ടിയുടെ പഠനോപകരണങ്ങൾ വച്ചിരുന്നതിന്റെ സമീപത്തുനിന്ന് ഒരു ബൈബിൾ അവർക്ക് കിട്ടി. ഒരു നിധി കിട്ടിയ സന്തോഷത്തോടെയാണ് അവർ ആ ബൈബിൾ കരസ്ഥമാക്കിയത്. തുടർന്ന് പല ഭാഗങ്ങളിൽനിന്നായി ചില പ്രാർത്ഥന പുസ്തകങ്ങളും ബൈബിളുകളും കൂടി ലഭിച്ചതോടെ തങ്ങൾ അന്വേഷിച്ചതെന്തോ അത് കണ്ടുകിട്ടിയ സന്തോഷത്തിൽ അവർ തെരച്ചിൽ അവസാനിപ്പിച്ചു.

സംഘം മടങ്ങുംമുമ്പ് രജിസ്റ്ററുകൾ ഉൾപ്പെടെയുള്ള രേഖകളും, കണ്ടെടുത്ത ബൈബിൾ ഉൾപ്പെടെയുള്ള പുസ്തകങ്ങളും കസ്റ്റഡിയിൽ എടുത്ത് വിശദമായ അന്വേഷണം നടത്തണമെന്നും റെക്കോർഡ്സ് ശരിയല്ലെങ്കിൽ ഹോസ്റ്റൽ അടച്ചുപൂട്ടി കുട്ടികളെ വീടുകളിലേക്ക് തിരിച്ചെത്തിക്കണമെന്നും ദേശീയ ബാലാവകാശ കമ്മീഷൻ ചെയർമാൻ വുമൺ

www.malankaralibrary.com

ആൻഡ് ചൈൽഡ് വെൽഫെയർ ഓഫീസർക്ക് നിർദ്ദേശം നൽകുന്നത് ഞങ്ങൾ കേട്ടിരുന്നു. കൂടുതൽ ബുദ്ധിമുട്ടുകളുണ്ടാക്കാതെ അവർ അന്ന് മടങ്ങിയെങ്കിലും പിറ്റേദിവസം പത്രങ്ങളിൽ വന്ന വാർത്ത വിചിത്രമായിരുന്നു. ട്രൈബൽ ഹോസ്റ്റൽ എന്ന പേരിൽ മത പാഠ ശാല നടത്തുന്നുവെന്നും, ആദിവാസി കുട്ടികളെ നിർബ്ബന്ധിച്ച് ക്രിസ്ത്യൻ പ്രാർത്ഥനകൾ ചൊല്ലിക്കുന്നുവെന്നും മറ്റുമായിരുന്നു വാർത്തയുടെ ഉള്ളടക്കം.

മതപരിവർത്തനം എന്ന ആരോപണത്തിലേക്കാണ് വാർത്തയും അന്വേഷണവും നീളുന്നത് എന്ന് മനസിലാക്കാനായതിനാൽ പത്രവാർത്ത വന്ന അന്നുതന്നെ ഞങ്ങൾ കുട്ടികളുടെ മാതാപിതാക്കളെ ബന്ധപ്പെടുകയും, ഇതുപോലൊരു പ്രതിസന്ധി ഉണ്ടായ പശ്ചാത്തലത്തിൽ ഹോസ്റ്റലിന്റെ പ്രവർത്തനത്തെക്കുറിച്ച് അവരുടെ അഭിപ്രായം രേഖാമൂലം ഉടൻ തന്നെ എഴുതിത്തരണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ദൂരെയുള്ള രക്ഷിതാക്കൾ പോലും എത്തി അഭിപ്രായം എഴുതി നൽകുകയുണ്ടായി. ഇപ്പോൾ ആരോപിക്കപ്പെടുന്നതുപോലെയുള്ള നീക്കങ്ങൾ യാതൊന്നും ഇത്രയും വർഷങ്ങൾക്കിടയിൽ ഹോസ്റ്റലിൽ നടന്നിട്ടില്ലെന്നും അവിടെയുള്ള താമസം കുട്ടികൾക്ക് ഏറെ ഗുണകരമാണെന്നും, ആ ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്നതിനാൽ എല്ലാ കുട്ടികളും സ്കൂളിൽ മുന്നിലാണെന്നും മാതാപിതാക്കൾ എഴുതി. ഒപ്പം, ഹോസ്റ്റലിലെ കുട്ടികളും തങ്ങളുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു. ഈ കത്തുകളും രേഖകളും കളക്ടർ, എസ് പി തുടങ്ങിയവർക്കും വുമൺ ആൻഡ് ചൈൽഡ് വെൽഫെയർ ഓഫീസിലും സമർപ്പിച്ചു.

ഇത്രയൊക്കെ ചെയ്തിട്ടും ഉന്നത ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവർ ഈ വിഷയത്തിൽ ഇടപെട്ടില്ല. കാര്യങ്ങളൊക്കെ തങ്ങൾക്ക് വ്യക്തമായി അറിയാമെങ്കിലും മുകളിൽനിന്ന് വലിയ സമ്മർദ്ദം ഉള്ളതിനാൽ ഒന്നും ചെയ്യാൻ കഴിയില്ലെന്നായിരുന്നു അവർ അറിയിച്ചത്. തുടർന്നുള്ള നാളുകളിൽ വിവിധ സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥർ മാറിമാറി ഹോസ്റ്റലിൽ എത്തുകയും കുട്ടികളെയും രക്ഷിതാക്കളെയും സിസ്റ്റേഴ്സിനെയുമെല്ലാം ചോദ്യം ചെയ്യുകയും

**മതപരിവർത്തനം എന്ന ആരോപണത്തിലേക്കാണ് വാർത്തയും അന്വേഷണവും നീളുന്നത് എന്ന് മനസിലാക്കാനായതിനാൽ പത്രവാർത്ത വന്ന അന്നുതന്നെ ഞങ്ങൾ കുട്ടികളുടെ മാതാപിതാക്കളെ ബന്ധപ്പെടുകയും, ഇതുപോലൊരു പ്രതിസന്ധി ഉണ്ടായ പശ്ചാത്തലത്തിൽ ഹോസ്റ്റലിന്റെ പ്രവർത്തനത്തെക്കുറിച്ച് അവരുടെ അഭിപ്രായം രേഖാമൂലം ഉടൻ തന്നെ എഴുതിത്തരണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ദൂരെയുള്ള രക്ഷിതാക്കൾ പോലും എത്തി അഭിപ്രായം എഴുതി നൽകുകയുണ്ടായി. ഇപ്പോൾ ആരോപിക്കപ്പെടുന്നതുപോലെയുള്ള നീക്കങ്ങൾ യാതൊന്നും ഇത്രയും വർഷങ്ങൾക്കിടയിൽ ഹോസ്റ്റലിൽ നടന്നിട്ടില്ലെന്നും അവിടെയുള്ള താമസം കുട്ടികൾക്ക് ഏറെ ഗുണകരമാണെന്നും, ആ ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്നതിനാൽ എല്ലാ കുട്ടികളും സ്കൂളിൽ മുന്നിലാണെന്നും മാതാപിതാക്കൾ എഴുതി. ഒപ്പം, ഹോസ്റ്റലിലെ കുട്ടികളും തങ്ങളുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു.**

ചെയ്തുകൊണ്ടിരുന്നു. അക്കാലത്ത് സാമൂഹ്യ സേവന വിഭാഗത്തിന്റെ ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾക്കുള്ള ഒരു പ്രോജക്ടിനായി വിദേശ ഫണ്ട് സ്വീകരിച്ചിരുന്നു. വിദേശത്തുനിന്ന് ഫണ്ട് സ്വീകരിച്ച് അത് മതപരിവർത്തനത്തിന് ഉപയോഗിക്കുന്നു എന്നായിരുന്നു പിന്നീടുയർന്ന മറ്റൊരു ആരോപണം. കേന്ദ്ര ആഭ്യന്തര വകുപ്പിൽനിന്നുൾപ്പെടെ അന്വേഷണങ്ങളുണ്ടായി. കടുത്ത ഉപദ്രവങ്ങളാണ് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് പിന്നീടുണ്ടായത്.

എല്ലാ ഡോക്യുമെന്റുകളും കൃത്യമായി സമർപ്പിച്ചെങ്കിൽ പോലും കേസെടുത്ത് എഫ്ഐആർ രജിസ്റ്റർ ചെയ്യാനുള്ള നിർദ്ദേശമായിരുന്നു പൊലീസിന് ലഭിച്ചിരുന്നത്. എന്നാൽ, യാതൊരു തെളിവും സൃഷ്ടിക്കാൻ കഴിയാതെപോയതുകൊണ്ടു മാത്രം അത് നടന്നില്ല. പിന്നീട് കോടതി ഇടപെടൽ വഴിയായി അത്തരം നീക്കങ്ങൾ അവസാനിച്ചു. ഹോസ്റ്റലിൽ താമസിച്ചിരുന്ന കുട്ടികളുടെ നിശ്ചയദാർഢ്യവും മനോബലവും എടുത്തുപറയേണ്ട കാര്യമാണ്. അവർ ഹോസ്റ്റലിൽ തന്നെ കഴിയണമെന്ന നിലപാടിൽ ഉറച്ചു നിൽക്കുകയും വീടുകളിലേക്ക് പോകാൻ വിസമ്മതിക്കുകയും ചെയ്തു. ഹോസ്റ്റൽ പൂട്ടേണ്ടതായി വന്നില്ലെങ്കിലും മാസങ്ങൾ നീണ്ട മാനസിക സംഘർഷവും പ്രതിസന്ധികളുമാണ് അക്കാലത്ത് ഞങ്ങൾക്ക് ഉണ്ടായത്. ഹോസ്റ്റലിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് രൂപപ്പെട്ട അനാവശ്യ പ്രശ്നങ്ങൾ സൊസൈറ്റിയുടെ മറ്റു പ്രവർത്തനങ്ങളെയും ബാധിച്ചേക്കാം എന്നുള്ളതും മറ്റൊരു ആശങ്കയായിരുന്നു.

ഇത്തരം പ്രതിസന്ധികൾ ഉടലെടുത്ത പശ്ചാത്തലത്തിൽ ഹോസ്റ്റൽ തുടർന്ന് പ്രവർത്തിക്കേണ്ടതില്ല എന്ന് കഴിഞ്ഞ വർഷം തീരുമാനിക്കുകയുണ്ടായി. നിലവിൽ ഇന്റ്ഖേരി ഹോസ്റ്റലിൽ കുട്ടികളെ താമസിപ്പിക്കുന്നില്ല. ഇവിടെ മാത്രമല്ല, സാഗർ രൂപതയുടെ പരിധിയിലുള്ള ഹോസ്റ്റലുകളെല്ലാം സമാനമായ പ്രതിസന്ധികൾക്കൊണ്ട് പ്രവർത്തനം അവസാനിപ്പിച്ചിരിക്കുകയാണ്. അക്കാരണത്താൽ നിർദ്ധനരായ നൂറുകണക്കിന് കുടുംബങ്ങളും കുട്ടികളും പ്രതിസന്ധിയിലാണ് എന്നുള്ളതാണ് വാസ്തവം. ഇതിനെല്ലാം കാരണം സർക്കാരിന്റെ ശത്രുതാപരമായ സമീപനവും മതപരിവർത്തന നിരോധന നിയമത്തിന്റെ ദുരുപയോഗവുമാണ്.

www.malankaralibrary.com



# മതസ്വാതന്ത്ര്യവും മതേതരത്വവും:

# ഭരണഘടന വിഭാവനം ചെയ്യുന്നതും ആനുകാലിക യാഥാർത്ഥ്യങ്ങളും

ഉള്ളടക്കത്തെയും ലക്ഷ്യങ്ങളെയും ഒറ്റ വാക്യത്തിൽ വെളിപ്പെടുത്തുന്ന മുഖവുര ഇന്ത്യൻ ഭരണഘടനയെ മഹത്തരവും ആകർഷകവുമാക്കുന്നു. അത് ഇപ്രകാരമാണ്: "നാം ഇന്ത്യയിലെ ജനങ്ങൾ, ഇന്ത്യയെ ഒരു പരമാധികാര സോഷ്യലിസ്റ്റ് മതനിരപേക്ഷ ജനാധിപത്യ റിപ്പബ്ലിക്ക് ആയി സംവിധാനം ചെയ്യാനും, അതിലെ പൗരന്മാർക്കെല്ലാം സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതിയും, ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും ആചാരങ്ങൾക്കും ആരാധനയ്ക്കുമുള്ള സ്വാതന്ത്ര്യവും, പദവിയിലും അവസരത്തിലും സമത്വവും പ്രാപ്തമാക്കാനും അവർക്കെല്ലാമിടയിൽ വ്യക്തിയുടെ അന്തസ്സും, രാഷ്ട്രത്തിന്റെ അഖണ്ഡതയും ഉറപ്പുവരുത്തിക്കൊണ്ടുള്ള സാഹോദര്യം പുലർത്തുവാനും സഗൗരവം തീരുമാനിച്ചിരിക്കയാൽ നമ്മുടെ ഭരണഘടനാ നിർമ്മാണ സഭയിൽ 1949 നവംബർ 26 ആം തിയ്യതി ഇതിനാൽ ഭരണഘടന സ്വീ

www.malankaralibrary.com

കരിക്കുകയും നിയമമാക്കുകയും, നമുക്കുതന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു."

ഇന്ത്യയുടെ ചരിത്രവും പൈതൃകവും വൈവിധ്യങ്ങളും ബഹുസ്വരതയും പ്രതിഫലിക്കുന്ന ഈ മുഖവാചകം അത്യാകർഷകമെന്ന അഭിപ്രായമാണ്, ഡോ. ബി. ആർ. അംബേദ്കർ നേതൃത്വം നൽകിയ ഭരണഘടനാ നിർമ്മാണ സഭയിലെ അംഗങ്ങൾക്ക് ഉണ്ടായിരുന്നത്. രണ്ടു വർഷവും പതിനൊന്നു മാസവും പതിനേഴു ദിവസവും നീണ്ട കൂടിയാലോചനകളിലൂടെയാണ് ഇന്ത്യൻ ഭരണഘടന നിയത രൂപം കൈക്കൊണ്ടത്. ഭരണഘടനാ ശില്പികളുടെ ജോലി കേവലം സാങ്കേതികമായ ഒന്നായിരുന്നില്ല. അത്, ഇന്ത്യയുടെ ആത്മാവിനെ കണ്ടെത്തുക തന്നെയായിരുന്നു. സ്വതന്ത്ര റിപ്പബ്ലിക്കായി മാറാൻ പോകുന്ന ഇന്ത്യയെ എപ്രകാരം വിഭാവനം ചെയ്യണമെന്നുള്ള ഇന്ത്യയുടെ വിവിധ മേഖലകളിൽനിന്നുള്ള 272 പേരുടെ കാഴ്ചപ്പാടുകളുടെ ക്രോഡീകരണം കൂടിയായിരുന്നു അത്. "നാനാത്വത്തിൽ ഏകത്വം" എന്ന വിശേഷണത്തെ അഭിമാനപൂർവ്വം ഉൾക്കൊണ്ടിരുന്ന ഇന്ത്യൻ സമൂഹത്തിന്റെ സ്വതന്ത്ര രാഷ്ട്രം എന്ന നിലയിലുള്ള ഭാവി വിശാലമനസ്ഥിതിയുടെയും, അതിർവരമ്പുകളില്ലാത്ത സാഹോദര്യത്തിന്റെയും, വിവേചനരഹിതമായ സാമൂഹിക സുസ്ഥിതിയുടെയും ആയിരിക്കണമെന്ന് ഭരണഘടനാ സ്രഷ്ടാക്കൾ വിഭാവനം ചെയ്തിരുന്നു.

ഭരണഘടനയുടെ മൂന്നാം ഭാഗം ഉൾക്കൊള്ളുന്ന മൗലികാവകാശങ്ങളെ അതിന്റെ നട്ടെല്ല് എന്ന് വിശേഷിപ്പിക്കുന്നതിൽ തെറ്റില്ല. മുഖവാചകത്തിൽ മിഴിവാർജ്ജിച്ചു നിൽക്കുന്ന നീതി, സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ആദർശങ്ങളുടെ പ്രായോഗികതയും, ഭരണകൂടത്തിന്റെ ഉത്തരവാദിത്തങ്ങളും അവിടെ വ്യക്തമാക്കുന്നു. ഭരണഘടനയിൽ എഴുതിച്ചേർക്കപ്പെട്ടിട്ടുള്ള മൗലിക അവകാശങ്ങൾ എടുത്തുകളയുകയോ വെട്ടിച്ചുരുക്കുകയോ പാടുള്ളതല്ല എന്നും, ഈ നിർദ്ദേശം ലംഘിച്ചുകൊണ്ട് നിർമ്മിക്കുന്ന ഏതു നിയമവും അസാധുവായിരിക്കുമെന്നും വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു (13.2). മതവിശ്വാസങ്ങൾക്കും ജാതിക്കും മറ്റു വിഭാഗീയതകൾക്കും അതീതമായി നിയമത്തിന് മുന്നിൽ അവസരങ്ങൾക്കും സ്വാതന്ത്ര്യത്തിനും സമത്വത്തിനുമുള്ള അവകാശമാണ് മൗലിക അവകാശങ്ങളുടെ പട്ടികയിൽ പ്രധാനമായ ഒന്ന് (14 - 19). ചൂഷണങ്ങൾക്കെതിരായ സംരക്ഷണത്തിനുള്ള അവകാശം (23), മത സ്വാതന്ത്ര്യം (25 - 28), സാംസ്കാരികവും വിദ്യാഭ്യാസപരവും, ന്യൂനപക്ഷപരവുമായ അവകാശങ്ങൾ (29, 30) എന്നിവയും പ്രധാന മൗലിക അവകാശങ്ങളിൽ ഉൾപ്പെടുന്നു.

## ആനുകാലിക യാഥാർഥ്യങ്ങൾ

ഭരണഘടനാ ശിൽപ്പികൾ വിഭാവനം ചെയ്ത ഒരു രാഷ്ട്രസങ്കൽപ്പത്തിലല്ല ഇന്നത്തെ ഇന്ത്യയുടെ പ്രയാണമെന്ന് അസഹിഷ്ണുതയുടെ രാഷ്ട്രീയം വ്യാപകമാകുന്ന സാഹചര്യങ്ങളിൽ നിന്നും വ്യക്തമാണ്. മൗലിക അവകാശങ്ങളുടെ നിഷേധം എല്ലാ തലങ്ങളിലും ഒട്ടുമിക്ക സംസ്ഥാനങ്ങളിലും പ്രകടമാണ്. വിവേചനവും, ചൂഷണങ്ങളും, അടിച്ചമർത്തലും നേരിട്ടുകൊണ്ടിരിക്കുന്ന ന്യൂനപക്ഷങ്ങൾ പലതാണ്. മത മൗലികവാദത്തിന്റെ അതിപ്രസരവും അനുബന്ധ അതിക്രമങ്ങളും വാർത്തയല്ലാതായി മാറിക്കഴിഞ്ഞിരിക്കുന്നു.

ഭരണഘടന വിഭാവനം ചെയ്യുന്ന മത സ്വാതന്ത്ര്യമെന്നത്, ആർട്ടിക്കിൾ 25 പ്രകാരം, ഒരുവന് സ്വീകാര്യമായ വിശ്വാസത്തിൽ ജീവിക്കാനും അതിന്റെ പ്രഘോഷണവും പ്രചാരണവും ഉറപ്പ് നല്കുന്നതാണ്. മറ്റ് മതങ്ങളോടുള്ള ആദരവ് ബഹുസ്വരതയുടെ ഈ നാട്ടിലെ പക്വമായ സംസ്കൃതിയുടെ ഭാഗമാണ്താനും. എന്നിട്ടും ഇതരമത വിദ്വേഷവും വർഗീയ പ്രചാരണങ്ങളും അധികാരത്തിലേക്കുള്ള മാർഗമായി മുഖ്യ ധാര രാഷ്ട്രീയപാർട്ടികൾ പോലും കാണുന്നിടത്ത് ഇന്ത്യയുടെ ആത്മാവ് ദുർബലമാക്കപ്പെടുന്നു. ഇന്ത്യയുടെ ഭരണഘടന മൗലിക അവകാശങ്ങളുടെ പട്ടികയിൽ മുഖ്യമായി എടുത്തുപറയുന്ന മത സ്വാതന്ത്ര്യം വിവിധ ഇടങ്ങളിൽ നിഷേധിക്കപ്പെടുകയും കലാപങ്ങളും ആൾക്കൂട്ട വിചാരണകളും ആക്രമണങ്ങളും മതത്തിന്റെ പേരിൽ വർധിച്ചു വരികയും ചെയ്യുന്നു. അമേരിക്കൻ സർക്കാരിന്റെ അന്തർദേശീയ മത സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ഓഫീസ് 2022 ൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ ഇന്ത്യയിലെ മതസ്വാതന്ത്ര്യവും മതപരമായ വിവേചനങ്ങളും അതിക്രമങ്ങളും കുത്തനെ ഉയരുന്നതായി റിപ്പോർട്ട് ചെയ്യുന്നു. ഭരണഘടനാ ലംഘനമാണ് ഇന്ത്യയിൽ സംഭവിക്കുന്നതെന്ന് റിപ്പോർട്ട് അടിവരയിട്ടു പറയുന്നുണ്ട്.

തീവ്ര സംഘടനകളുടെ മതപരമായ അസഹിഷ്ണുതയ്ക്ക് മുന്നിൽ സർക്കാരുകൾ കണ്ണടയ്ക്കുകയും, അതിക്രമങ്ങൾക്ക് ഉദ്യോഗസ്ഥർ കൂട്ടുനിൽക്കുകയും ചെയ്യുന്ന സാഹചര്യങ്ങളാണ് ഒട്ടേറെ ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിലനിൽക്കുന്നത്. മതപരിവർത്തനം എന്ന ആരോപണം ഉയർത്തി വ്യാപകമായ അക്രമങ്ങൾ നടന്നുവരുന്നത് പലപ്പോഴും സർക്കാർ സംവിധാനങ്ങളുടെ പിന്തുണയോടെയാണ്. ഇതിനകം പതിമൂന്ന് ഇന്ത്യൻ സംസ്ഥാനങ്ങളിൽ നടപ്പാക്കപ്പെട്ടു കഴിഞ്ഞിരിക്കുന്ന മതപരിവർത്തന നിരോധന നിയമങ്ങൾ ഒരേസമയം വ്യാജ ആരോപണങ്ങൾക്കും അനുബന്ധ ആൾക്കൂട്ട ആക്രമണങ്ങൾക്കും ഒപ്പംതന്നെ കള്ളക്കേസുകൾ ചുമത്തി നിരപരാധികളെ ജയിലിൽ തള്ളുന്നതിനും വഴിയൊരുക്കിയ സംഭവങ്ങൾ ഒട്ടേറെയുണ്ട്.

അടിസ്ഥാന സൗകര്യങ്ങൾ പോലും ഇല്ലാത്ത ഉൾഗ്രാമങ്ങളിൽ വിവിധ സാമൂഹിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ക്രൈസ്തവ മിഷനറിമാരെയും പതിറ്റാണ്ടുകൾ പഴക്കമുള്ള സ്ഥാപനങ്ങളെയും കള്ളക്കേസുകളിൽ പെടുത്തിയിട്ടുള്ള സംഭവങ്ങളിൽ മതപരിവർത്തനം എന്ന ആരോപണവും ഉന്നയിക്കപ്പെട്ടിട്ടുണ്ട്. തലമുറകളായി ക്രൈസ്തവരായ ഉത്തരേന്ത്യൻ കുടുംബങ്ങളിൽനിന്നുള്ള യുവ സന്യാസിനിമാരെയും സന്യാസാർത്ഥിനിമാരെയും മതപരിവർത്തനം ചെയ്തവർ എന്ന ആരോപണം ഉന്നയിച്ച് കേസിൽ പെടുത്തിയ സംഭവങ്ങൾ പലപ്പോഴായി ഉണ്ടായിട്ടുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 25 ന്റെ നഗ്നമായ ലംഘനമാണ് ഒരു വ്യക്തിയുടെ മതവിശ്വാസം ഇത്തരത്തിൽ ചോദ്യം ചെയ്യപ്പെടുന്നത്.

മതപരിവർത്തന നിരോധന നിയമങ്ങൾ നടപ്പിലാകാത്ത സംസ്ഥാനങ്ങളിലും നിർബ്ബന്ധിത മതപരിവർത്തനം കുറ്റകരമാണ് (IPC 295 A, 298). എന്നാൽ, മതപരിവർത്തന നിരോധന

www.malankaralibrary.com




നിയമങ്ങളിൽ, കുറ്റാരോപിതർക്ക് ജാമ്യം ലഭിക്കാത്ത വിധത്തിലുള്ള ഒട്ടേറെ വകുപ്പുകൾ കൂട്ടിച്ചേർക്കപ്പെട്ടിട്ടുണ്ട്. കേവലം ആരോപണം ഉയർന്നതുകൊണ്ടുമാത്രം ഒരാളെ ജയിലിലടയ്ക്കാൻ ഈ നിയമങ്ങൾ കാരണമായിമാറുന്നു. വളരെ ഗുരുതരമായ ഭരണഘടനാ ലംഘനം മതപരിവർത്തന നിരോധന നിയമങ്ങൾ നടപ്പാക്കുകയും ദുരുപയോഗിക്കപ്പെടുകയും ചെയ്യുന്നതുവഴി വിവിധ സംസ്ഥാനങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നു. മതം പ്രചരിപ്പിക്കുക മൗലിക അവകാശമായിരിക്കെ, അത്തരമൊരു ദുരാരോപണം പോലും ജയിലിൽ അടയ്ക്കപ്പെടുന്നതിന് കാരണമായി മാറുന്നു എന്നുള്ളത് ആനുകാലിക ഇന്ത്യയിലെ വലിയൊരു വിരോധാഭാസമാണ്.

## ഇന്ത്യയുടെ പോക്ക് എങ്ങോട്ട്?

വർഷങ്ങൾ കഴിയുംതോറും ന്യൂനപക്ഷ മത - വർഗ്ഗ വിഭാഗങ്ങൾ നേരിടുന്ന വിവേചനങ്ങളും അതിക്രമങ്ങളും വർധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യമാണ് ഇന്നത്തെ ഇന്ത്യയിലുള്ളത്. തീവ്ര ഹിന്ദുത്വ സംഘടനകളുടെ സ്വാധീനം ഇക്കാര്യത്തിൽ വളരെ പ്രകടമാണ്. സമീപവർഷങ്ങളിലായി കേരളത്തിലും ഇത്തരത്തിലുള്ള സാമൂഹിക മാറ്റങ്ങൾ ദൃശ്യമായിട്ടുണ്ട്. അന്യമത വിദ്വേഷം പ്രചരിപ്പിക്കുക ലക്ഷ്യമായെടുത്തിരിക്കുന്ന വ്യക്തികളും സംഘടനകളും ഒരുവിഭാഗം പേരിൽ ചെലുത്തുന്ന സ്വാധീനം കേരളത്തിൽ സാമൂഹിക അസന്തുലിതാവസ്ഥയ്ക്ക് വഴിയൊരുക്കിയിരിക്കുന്നു. ഒരു പതിറ്റാണ്ട് മുമ്പുവരെ വർഗ്ഗീയ പ്രതിസന്ധികൾ കാര്യമായില്ലാതിരുന്ന മണിപ്പൂരിലെ മണ്ണിൽ വർഗ്ഗീയതയുടെ വിഷവിത്തുകൾ വിതയ്ക്കപ്പെട്ടപ്പോൾ സംഭവിച്ച മാറ്റങ്ങൾക്ക് ലോകം സാക്ഷ്യംവഹിച്ചുകൊണ്ടിരിക്കുന്നു.

വർഗ്ഗീയ കാരണങ്ങളാൽ ഇന്ത്യയിൽ പലയിടങ്ങളിലും സംഭവിച്ചുകൊണ്ടിരിക്കുന്ന സംഘർഷങ്ങൾ, ആക്രമണങ്ങൾ, കൊലപാതകങ്ങൾ, അതിന് വഴിയൊരുക്കുന്ന വർഗ്ഗീയ വിദ്വേഷ പ്രചരണങ്ങൾ, മുഖ്യധാരാ മാധ്യമങ്ങളിൽപോലും സംഭവിക്കുന്ന സ്വാധീനങ്ങൾ തുടങ്ങിയവയെ നിയന്ത്രണവിധേയമാക്കാൻ സംസ്ഥാന സർക്കാരുകളും കേന്ദ്ര സർക്കാരും കാര്യമായൊന്നും ചെയ്യുന്നില്ല എന്നുള്ളതാണ് നഗ്ന സത്യം. ആയിരം അപരാധികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധി പോലും ശിക്ഷിക്കപ്പെടരുത് എന്നതാണ് ഇന്ത്യൻ ജുഡീഷ്യറിയുടെ ആപ്തവാക്യം. എന്നാൽ, വ്യാജ ആരോപണങ്ങളിൽ ഒട്ടേറെ നിരപരാധികൾ ജാമ്യം പോലും നിഷേധിക്കപ്പെട്ട് ജയിലുകളിൽ അകപ്പെട്ടിട്ടും, ഇന്ത്യയുടെ മതേതരത്വത്തിന് വലിയ ഭീഷണിയായി മതപരിവർത്തന നിരോധന നിയമങ്ങൾ പോലുള്ള പുതിയ നിയമങ്ങളും നിലപാടുകളും മാറിയിട്ടും, ഭരണഘടനാ ലംഘനങ്ങൾ തുടർക്കഥകളായിട്ടും ആ കാഴ്ചകൾക്ക് മുന്നിൽ ഭരണകൂടങ്ങളും നീതിപീഠങ്ങളും കണ്ണടയ്ക്കുന്നത് വിചിത്രമാണ്.

ബഹുസ്വരതയും മതസ്വാതന്ത്ര്യവും അങ്ങേയറ്റം അപകടത്തിലാക്കപ്പെടുന്ന സാഹചര്യങ്ങൾ അനിതര സാധാരണമായ രീതിയിൽ വ്യാപകമാകുന്ന ഒരു രാഷ്ട്രത്തിലാണ് ഇന്ന് നാം ജീവിക്കുന്നത്. ഇന്ത്യൻ ഭരണഘടന സ്വപ്നം കണ്ട മതേതരത്വം, മതസ്വാതന്ത്ര്യം തുടങ്ങിയ പുണ്യങ്ങളെ കുഴിച്ചുമൂടി അതിനുമുകളിൽ ഒരു മതരാഷ്ട്രം പണിതുയർത്താനുള്ള കഠിനാധ്വാനത്തിലാണ് ഒരുകൂട്ടർ. സാമ്പത്തിക സുസ്ഥിതി മാത്രമല്ല ഒരു രാജ്യത്തിന്റെ വളർച്ചയെന്ന് ഇന്ത്യൻ ജനത തിരിച്ചറിയേണ്ടതുണ്ട്. മഹത്തായ സംസ്കാരത്തെയും പാരമ്പര്യങ്ങളെയും മതേതരത്വത്തെയും കൈവിട്ടുകൊണ്ടുള്ള ആധുനിക ഇന്ത്യയുടെ ഈ പോക്ക് അപകടകരമാണ്.

**അടിസ്ഥാന സൗകര്യങ്ങൾ പോലും ഇല്ലാത്ത ഉൾഗ്രാമങ്ങളിൽ വിവിധ സാമൂഹിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ക്രൈസ്തവ മിഷനറിമാരെയും പതിറ്റാണ്ടുകൾ പഴക്കമുള്ള സ്ഥാപനങ്ങളെയും കള്ളക്കേസുകളിൽ പെടുത്തിയിട്ടുള്ള സംഭവങ്ങളിൽ മതപരിവർത്തനം എന്ന ആരോപണവും ഉന്നയിക്കപ്പെട്ടിട്ടുണ്ട്. തലമുറകളായി ക്രൈസ്തവരായ ഉത്തരേന്ത്യൻ കുടുംബങ്ങളിൽനിന്നുള്ള യുവ നന്യാസിനിമാരെയും സന്യാസാർത്ഥിനിമാരെയും മതപരിവർത്തനം ചെയ്തവർ എന്ന ആരോപണം ഉന്നയിച്ച് കേസിൽ പെടുത്തിയ സംഭവങ്ങൾ പലപ്പോഴായി ഉണ്ടായിട്ടുണ്ട്.**

www.malankaralibrary.com



# മണിപ്പൂർ:
## ഇന്ത്യൻ ജനാധിപത്യത്തിന് ഒരു തീരാക്കളങ്കം

കന്ധമാൽ വനമേഖലയിൽ നടന്ന ആസൂത്രിതമായ ക്രൈസ്തവ വിരുദ്ധ കലാപത്തെക്കുറിച്ചുള്ള അസുഖകരമായ കുറെ ചോദ്യങ്ങളുമായി "കന്ധമാൽ: ഇന്ത്യയുടെ മതേതരത്വത്തിന് ഒരു കളങ്കം" എന്ന പേരിൽ എന്റെ ആദ്യത്തെ പുസ്തകം പ്രസിദ്ധീകരിച്ചത് 2009 മാർച്ച് മാസത്തിലായിരുന്നു. അതിന് പതിനഞ്ച് വർഷങ്ങൾക്ക് ശേഷം, 37 ലക്ഷം മാത്രം ജനസംഖ്യ വരുന്ന ഒരു നോർത്ത് ഈസ്റ്റ് ഇന്ത്യൻ സംസ്ഥാനത്ത് മാസങ്ങളായി തുടരുന്ന രക്തച്ചൊരിച്ചിലിനെയും, അടിച്ചമർത്തലിനെയും, അവിടെ അരങ്ങേറുന്ന അരാജകത്വത്തെയും കുറിച്ച് "മണിപ്പൂർ: ഇന്ത്യൻ ജനാധിപത്യത്തിന് ഒരു കളങ്കം" എന്ന പേരിൽ ഈ ലേഖനം എഴുതാൻ ഞാൻ നിർബ്ബന്ധിതനായിരിക്കുകയാണ്.

1980 മുതലുള്ള പതിറ്റാണ്ടുകൾക്കിടയിൽ മാത്രം ഇത്തരത്തിലുള്ള ചില കലാപങ്ങൾക്ക് ഇന്ത്യ സാക്ഷ്യം വഹിച്ചിട്ടുണ്ട്. 1983 ൽ ആസാമിലെ നെല്ലിയിൽ മുസ്‌ലീം പ്രവാസികളുടെ കൂട്ടക്കൊല; 1984 ലെ സിഖ് വിരുദ്ധ കലാപം; ബാബരി മസ്ജിദ് തകർക്കപ്പെട്ടതിനെ തുടർന്ന് 1993 ൽ അരങ്ങേറിയ ബോംബെയിലെ കലാപം; 2002 ലെ ഗുജറാത്ത് മുസ്‌ലീം വംശഹത്യ, 2013 ലെ മുസാഫർ നഗറിലെ കലാപം. എന്നാൽ, മേൽപ്പറഞ്ഞ കലാപങ്ങൾക്കൊന്നും നിയമവാഴ്ചയെ ഏറെക്കാലം സ്തംഭിപ്പിക്കാനായില്ല. ദിവസങ്ങൾക്കുള്ളിൽ പട്ടാളത്തെ വിന്യസിച്ച് ക്രമസമാധാനം പുനഃസ്ഥാപിക്കാൻ ഭരണകൂടങ്ങൾക്ക് കഴിഞ്ഞു.



ആന്റോ അക്കര

### മണിപ്പൂരിലെ അരാജകത്വവും ഭരണകൂട നിസ്സംഗതയും

എന്നാൽ, കലാപം ആരംഭിച്ച് ഒരു വർഷത്തോടടുക്കുമ്പോഴും, മഹത്തായ ഇന്ത്യൻ ജനാധിപത്യം മണിപ്പൂരിൽ അരാജകത്വത്തിന്റെ തടവറയിൽ ദയനീയമായി തളർന്നുകിടക്കുകയാണ്. വേണ്ട നിർദ്ദേശങ്ങൾ നൽകാൻ കേന്ദ്ര സർക്കാർ തയ്യാറാകാത്തതിനാൽ മണിപ്പൂരിൽ നിലയുറപ്പിച്ചിരിക്കുന്ന അമ്പതിനായിരത്തോളം വരുന്ന വലിയ സൈന്യം കലാപകാരികളെ നിയന്ത്രിക്കാൻ കഴിയാതെ വെറും കാഴ്ചക്കാരായി തുടരുന്നു. 2023 മെയ് മൂന്ന് വൈകിട്ട് ആരംഭിച്ച നിഷ്ഠൂരമായ കൊലപാതകപരമ്പരകളും കൊള്ളിവയ്പ്പും ഇന്നും മണിപ്പൂരിൽ നിർബാധം തുടരുന്നു. "മണിപ്പൂർ ഇന്ത്യയുടെ ഭാഗം തന്നെയാണോ?" എന്ന ചോദ്യം ഉയർന്നിട്ട് പതിനൊന്നു മാസങ്ങൾ പിന്നിട്ടിട്ടും നിയമവും

www.malankaralibrary.com

**മണിപ്പൂരിലെ ജനസംഖ്യയുടെ 52 ശതമാനം വരുന്ന മെയ്തെയികൾക്ക് പട്ടികവർഗ്ഗ (ST) സംവരണം നൽകുന്നതിനെ അനുകൂലിച്ചുള്ള ഹൈക്കോടതി വിധിയെ എതിർത്തുകൊണ്ട് കുക്കി വംശജരുടെ പ്രധാന വാസമേഖലയായ ചുരാചന്ദ്പൂരിൽ നടന്ന ട്രൈബൽ സോളിഡാരിറ്റി മാർച്ചിനെ തുടർന്നാണ് മണിപ്പൂരിൽ സംഘർഷം പൊട്ടിപ്പുറപ്പെട്ടത്. മണിപ്പൂരിലെ 90 ശതമാനം ജനങ്ങളും അധിവസിക്കുന്ന ഇംഫാൽ താഴ്‌വരയിലെ ന്യൂനപക്ഷമായ കുക്കി വംശജർക്കെതിരെയുള്ള അതിക്രമങ്ങൾ ഏതാനും മണിക്കൂറുകൾക്കുള്ളിൽ ഒരു കാട്ടുതീപോലെയാണ് പടർന്നത്.**

നീതിയും നടപ്പാക്കാനും ക്രമസമാധാനം പാലിക്കാനും ബാധ്യതയുള്ള പ്രധാനമന്ത്രിയുൾപ്പെടെയുള്ളവർ അവരുടെ നിസ്സംഗതയും നിശബ്ദതയും തുടരുകയാണ്.

1998 ൽ ഗുജറാത്തിലെ ഡാങ്സ് ആദിവാസി മേഖലയിൽ ക്രൈസ്തവർ ആക്രമണത്തിന് ഇരയായപ്പോൾ അന്ന് പ്രധാനമന്ത്രിയായിരുന്ന അടൽ ബിഹാരി വാജ്പേയ് ഉണർന്നു പ്രവർത്തിക്കാൻ തയ്യാറാവുകയും, ഡാങ്സ് സന്ദർശിക്കുകയും, സ്ഥിതിഗതികൾ നിയന്ത്രണവിധേയമാവുകയും ചെയ്തു. 2002 ൽ ഗുജറാത്ത് കലാപം ഉണ്ടായപ്പോഴും വാജ്പേയ് മുന്നറിയിപ്പ് നൽകിയതിനെത്തുടർന്ന്, അന്ന് ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്ന നരേന്ദ്ര മോദി ക്രമസമാധാനം പുനഃസ്ഥാപിക്കാൻ നിർബ്ബന്ധിതനായി. അക്കാലത്ത് പ്രധാനമന്ത്രി വാജ്പേയി നടത്തിയ ശക്തമായ ഇടപെടലുകളുടെ സ്ഥാനത്ത്, മണിപ്പൂർ സംസ്ഥാനത്തിന്റെ ഭരണസംവിധാനം താറുമാറായി കിടക്കുമ്പോൾ പ്രധാനമന്ത്രി മോദി നിഷ്ക്രിയനായി തുടരുന്നത് ഇന്ത്യൻ ജനാധിപത്യത്തിന് തീരാകളങ്കമാണ്.

മഹത്തായ ഇന്ത്യൻ ജനാധിപത്യത്തെക്കുറിച്ച് വിദേശരാജ്യങ്ങളിൽ പോയി അഭിമാനപൂർവ്വം ഉദ്ഘോഷിക്കുന്ന പ്രധാനമന്ത്രി, പോലീസ് ഉദ്യോഗസ്ഥരുടെ കണ്മുന്നിൽനിന്നുപോലും അനേകരെ തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തുന്നതും ചുട്ടെരിക്കുന്നതും, പട്ടാളക്കാർ പോലും ലജ്ജാകരമായ ആക്രമണത്തിന് ഇരയാകുന്നതും തുടരുന്നത് കണ്ടില്ലെന്ന് നടിക്കുകയാണ്.

പാർലമെന്റ് തെരഞ്ഞെടുപ്പ് മുന്നിൽകണ്ട് കഴിഞ്ഞ രണ്ടുമാസത്തിനുള്ളിൽ മാത്രം ആറുതവണയെങ്കിലും കേരളം സന്ദർശിച്ച പ്രധാനമന്ത്രി മോദി കഴിഞ്ഞ ഒരു വർഷത്തിനിടെ ഒരിക്കൽ പോലും മണിപ്പൂരിൽ കാലുകുത്താൻ തയ്യാറായില്ല. മണിപ്പൂർ ബോർഡറിൽനിന്ന് കേവലം 230 കിലോമീറ്റർ മാത്രം അകലെയുള്ള കസിരംഗ വന്യജീവി സങ്കേതത്തിൽ ഇക്കഴിഞ്ഞ മാർച്ച് എട്ടിന് ആനസവാരിക്ക് എത്തിയപ്പോഴും, കത്തിയെരിയുന്ന മണിപ്പൂരിനെ അവഗണിക്കുന്നതിനെയോർത്ത് അദ്ദേഹത്തിന് യാതൊരു സങ്കോചവുമുണ്ടായില്ല!

മണിപ്പൂരിലെ ജനസംഖ്യയുടെ 52 ശതമാനം വരുന്ന മെയ്തെയികൾക്ക്



www.malankaralibrary.com



പട്ടികവർഗ്ഗ (ST) സംവരണം നൽകുന്നതിനെ അനുകൂലിച്ചുള്ള ഹൈക്കോടതി വിധിയെ എതിർത്തുകൊണ്ട് കുക്കി വംശജരുടെ പ്രധാന വാസമേഖലയായ ചുരാചന്ദ്പൂരിൽ നടന്ന ട്രൈബൽ സോളിഡാരിറ്റി മാർച്ചിനെ തുടർന്നാണ് മണിപ്പൂരിൽ സംഘർഷം പൊട്ടിപ്പുറപ്പെട്ടത്. മണിപ്പൂരിലെ 90 ശതമാനം ജനങ്ങളും അധിവസിക്കുന്ന ഇംഫാൽ താഴ്‌വരയിലെ ന്യൂനപക്ഷമായ കുക്കി വംശജർക്കെതിരെയുള്ള അതിക്രമങ്ങൾ ഏതാനും മണിക്കൂറുകൾക്കുള്ളിൽ ഒരു കാട്ടുതീപോലെയാണ് പടർന്നത്. ഇംഫാൽ താഴ്‌വരയിൽ കുക്കികൾ കൂട്ടത്തോടെ അക്രമിക്കപ്പെട്ടപ്പോൾ താഴ്‌വരയ്ക്ക് വെളിയിൽ താമസമാക്കിയ മെയ്ത്തെയി വംശജരും ആക്രമിക്കപ്പെട്ടു.

ഔദ്യോഗിക കണക്കുകൾ പ്രകാരമുള്ള മരണസംഖ്യ 230 ആണെങ്കിലും യഥാർത്ഥ മരണസംഖ്യ വളരെയധികമാണെന്നതിന് വ്യക്തമായ സൂചനകളുണ്ട്. അറുപത്തിനായിരത്തിലേറെപ്പേർ ഭവനരഹിതരായതിൽ ഭൂരിഭാഗവും ക്രൈസ്തവരായ കുക്കി വംശജരാണ്. ചുരാചന്ദ്പൂർ, മൊറേ, കാങ്പോപി തുടങ്ങിയ മേഖലകളിൽനിന്ന് പതിനായിരത്തിലേറെ വരുന്ന മെയ്തേയ് വംശജരും പുറത്താക്കപ്പെട്ടു. മണിപ്പൂർ കലാപത്തിന്റെ ആരംഭത്തിൽ അന്വേഷണാത്മക പത്രപ്രവർത്തകൻ എന്ന നിലയിൽ ഇംഫാൽ താഴ്‌വരയിലും, തെക്ക് ചുരാചന്ദ്പൂരിലേയ്ക്കും വടക്ക് കാങ്പോപ്പി ജില്ലയിലേക്കും ഞാൻ യാത്ര ചെയ്തപ്പോൾ വഴിയോരങ്ങളിൽ നൂറുകണക്കിന് കത്തിനശിച്ച വാഹനങ്ങളും, ഒട്ടേറെ ബഹുനില വ്യാപാര മന്ദിരങ്ങളും, തകർക്കപ്പെട്ട ഒട്ടേറെ വീടുകളും പള്ളികളും മറ്റുമാണ് എനിക്ക് കാണാൻ കഴിഞ്ഞത്.

## പരസ്പരവിരുദ്ധമായ വാദഗതികൾ

മണിപ്പൂരിൽ വന്നിറങ്ങുന്നതിന് മുമ്പ് മെയ് 26 ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ ഗുവാഹത്തിയിൽ വച്ച് വ്യക്തമായ ഒരു പ്രസ്താവന നടത്തുകയുണ്ടായിരുന്നു. "കോടതി വിധിയെ തുടർന്നാണ് മണിപ്പൂരിൽ സംഘർഷം ഉണ്ടായത്" എന്നായിരുന്നു അദ്ദേഹത്തിന്റെ വാക്കുകൾ.

എന്നാൽ, അതിന് ഏതാനും ദിവസങ്ങൾക്ക് മുമ്പ്, മെയ് 17 ന് ബിജെപി സർക്കാർ സുപ്രീംകോടതിക്ക് മുന്നിൽ ഉന്നയിച്ച വാദഗതികൾ അമിത്ഷായുടെ വാക്കുകൾക്ക് വിരുദ്ധമാണ്. മ്യാന്മറിൽനിന്നുള്ള അനധികൃത കുടിയേറ്റത്തിന്റെയും മലമ്പ്രദേശങ്ങളിലെ നിയമവിരുദ്ധ പോപ്പി കൃഷിയുടെയും മയക്കുമരുന്ന് വ്യാപാരത്തിന്റെയും തുടർച്ചയായ വംശീയ സംഘർഷമാണ് അതെന്നായിരുന്നു കേന്ദ്രസർക്കാർ സുപ്രീം കോടതിയിൽ പറഞ്ഞത്. അതേസമയം, പട്ടികവർഗ്ഗ സംവരണത്തിന് അനുകൂലമായ കോടതിവിധിയോടുള്ള എതിർപ്പ് എന്ന വാദം ഒരു കുതന്ത്രം ആയിരുന്നെന്നും, പ്രതിഷേധം കുക്കികൾ നേരിട്ടുകൊണ്ടിരുന്ന അടിച്ചമർത്തലിനെതിരെ ആയിരുന്നെന്നുമാണ് മണിപ്പൂർ ഹൈക്കോടതി ബാർ അസോസിയേഷൻ സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ഡിവൈ ചന്ദ്രചൂഡിന് മുമ്പാകെ ബോധിപ്പിച്ചത്.

ബിജെപിയുടെ ന്യായീകരണങ്ങളും വാദഗതികളും സംഘപരിവാർ അനുകൂല മാധ്യമങ്ങളെല്ലാം ഒരുപോലെ ഏറ്റെടുക്കുകയും പത്രമാധ്യമങ്ങളിലൂടെയും ന്യൂസ് പോർട്ടലുകളിലൂടെയും അത്തരം ആശയങ്ങൾ വ്യാപകമായി പ്രചരിപ്പിക്കുകയും ചെയ്തു. അപ്രകാരം മണിപ്പൂർ സംഘർഷത്തിന്റെ ബിജെപി - സംഘപരിവാർ ആഖ്യാനം രാജ്യമെങ്ങും പ്രചരിച്ചപ്പോൾ, യാഥാർഥ്യങ്ങൾ പുറത്തുവരാത്ത വിധത്തിൽ സംസ്ഥാന വ്യാപകമായി ഇന്റർനെറ്റ് നിരോധിക്കപ്പെട്ടു.

## കൈകഴുകിയ നീതിപീഠം

www.malankaralibrary.com

37 ലക്ഷത്തോളം വരുന്ന മണിപ്പൂരിലെ ജന സംഖ്യയിലെ 52 ശതമാനം വരുന്ന മെയ്തേയ് വിഭാഗത്തിന് പട്ടിക വർഗ്ഗ സംവരണം നൽകുന്ന തിനെ അനുകൂലിച്ചുകൊണ്ടുള്ള 2023 മാർച്ച് 27 ലെ ഹൈക്കോടതി വിധിക്ക് ശേഷം മെയ് മൂന്നിന് നടന്ന ആദിവാസി ഐക്യദാർഢ്യ റാലിയെ തുടർന്നാണ് മണിപ്പൂർ സംഘർഷം ആരംഭിക്കുന്നത്. വിവാദപ രമായ ആ ഉത്തരവ് പത്തുമാസങ്ങൾക്ക് ശേഷം, കഴിഞ്ഞ ഫെബ്രുവരി 22 ന് മണിപ്പൂർ ഹൈക്കോടതി റദ്ദാക്കിയത്, ഭരണഘടനാവിരുദ്ധമായ പ്രസ്തുത വിധി മണിപ്പൂരിൽ കലാപം സൃഷ്ടിക്കാനുള്ള ബോധപൂർവ്വ മായ പദ്ധതിയുടെ ഭാഗമായിരുന്നു എന്ന സംശയത്തെ ബലപ്പെടുത്തുകയാണ്. ഒടുവിൽ പീലാത്തോസിനെ പോലെ നീതിപീഠം കൈകഴുകുകയും ചെയ്തു!

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ മണിപ്പൂരിൽ എത്തുന്നതിന്റെ തലേദിവസം, മെയ് 28 ന് മണിപ്പൂർ മുഖ്യമന്ത്രി ബിരേൻ സിംഗ് സുപ്രീംകോടതിയെ ധരി പ്പിച്ചത് "ഒടുവിൽ നടന്ന പോരാട്ടങ്ങൾ മണിപ്പൂരിലെ രണ്ടു വിഭാഗങ്ങൾ തമ്മിലല്ല, കുക്കി തീവ്രവാദ ഗ്രൂപ്പുക ളും സുരക്ഷാ സേനയും തമ്മിലാണ്" എന്നായിരുന്നു. സംഘർഷത്തിന്റെ കാരണങ്ങളായി മണിപ്പൂരിലെ ബിജെപി സർക്കാർ മുന്നോട്ടുവച്ചിരുന്ന ഈ വാദഗതി കൾ അംഗീകരിക്കാൻ അമിത്ഷാ തയ്യാറാകാതിരു ന്നിട്ടും ധാർഷ്ട്യത്തോടെ തന്റെ വാദത്തിൽ ഉറച്ചുനിൽ ക്കുകയാണ് ബിരേൻ സിംഗ് ചെയ്തത്.

മെയ് 30 ന് മാധ്യമങ്ങളോട് പ്രതികരിച്ച സംയുക്ത സേന മേധാവി ജനറൽ അനിൽ ചൗഹാനും മണിപ്പൂർ മുഖ്യമന്ത്രിയുടെ വാദത്തോട് വിയോജിക്കുകയാണ് ചെയ്തത്. "രണ്ടു വിഭാഗങ്ങൾ തമ്മിലുള്ള പോരാട്ടമാണ് മണിപ്പൂരിൽ നടക്കുന്ന ത്" എന്നായിരുന്നു അദ്ദേഹത്തിന്റെ വാക്കുകൾ. ദ ടെലിഗ്രാഫ് പത്രം റിപ്പോർട്ട് ചെയ്തതനുസരിച്ച്, മുൻ ഐബി ജോയിന്റ് ഡയറക്ടർ സുശാന്ത് സിംഗിന്റെ വാക്കുകൾ, "മുഖ്യമന്ത്രി ബിരേൻ സിംഗ് കുക്കി വി ഭാഗക്കാരെ ഒന്നടങ്കം തീവ്രവാദികളായി മുദ്രകുത്തി" എന്നായിരുന്നു. അതും, ബിരേൻ സിംഗിന്റെ വാദഗതി കൾക്ക് വിരുദ്ധമായിരുന്നു.

മെയ് 21 ന്, ഇതുവരെയുണ്ടാകാത്ത വിധത്തിലുള്ള അക്രമസംഭവങ്ങൾ മണിപ്പൂരിൽ ഉണ്ടാകാൻ കാരണം സംസ്ഥാനത്തിന്റെ സുരക്ഷാ - ഇന്റലിജൻസ് വീഴ്ചയാ ണെന്നും അതിന്റെ എല്ലാ ഉത്തരവാദിത്തവും ഏറ്റെടു ക്കാൻ സർക്കാർ തയ്യാറാണെന്നും മുഖ്യമന്ത്രി ബിരേൻ സിംഗ് തുറന്നുസമ്മതിച്ചിരുന്നു. എന്നാൽ, ആ പ്രഖ്യാപനത്തിന് ശേഷവും മണിപ്പൂരിൽ സമാധാനം പുനഃസ്ഥാപിക്കാനുള്ള രാഷ്ട്രത്തിന്റെ മുറവിളിയോട് സർക്കാർ നിരുത്തരവാദിത്തപരമായാണ് പ്രതികരി ച്ചത് എന്ന് വ്യക്തം. ജൂൺ നാലിന്, പരിക്കേറ്റ ഒരു ആൺകുട്ടിയുമായി പോയ ആംബുലൻസ് കലാപകാ രികൾ ചുട്ടെരിക്കുകയും ബാലനും അമ്മയും ഉൾപ്പെ ടെയുള്ളവർ വെന്തു മരിക്കുകയും ചെയ്ത രാജ്യത്തെ നടുക്കിയ സംഭവം ഉദാഹരണമാണ്.

ജൂൺ 16 ന്, 20 സുരക്ഷാഭടന്മാർ കാവൽ ഉണ്ടായിട്ടും കേന്ദ്ര വിദേശകാര്യ സഹമന്ത്രി രഞ്ജൻ സിംഗിന്റെ വസതി ചുട്ടെരിക്കപ്പെട്ട സംഭവത്തിനും രാജ്യം സാക്ഷിയായി. പോലീസിന്റെ ആയുധങ്ങൾ കൊള്ളയടിക്കുകയും ഇംഫാൽ താഴ്‌വരയെ ഒന്നട ങ്കം ഭീകരാവസ്ഥയിൽ നിലനിർത്തുകയും ചെയ്യുന്ന "അരംബായ് തെങ്കോൾ" പോലുള്ള തീവ്ര വർഗ്ഗീയ സംഘടനകളുടെ തേർവാഴ്ചയ്ക്ക് മുന്നിൽ സംസ്ഥാന ഭരണകൂടം സമ്പൂർണ്ണ പരാജയമായി മാറുന്നത് വീണ്ടും ലോകം തിരിച്ചറിഞ്ഞു.

## അക്രമികൾ ക്രൈസ്തവ ആരാധനാലയങ്ങൾ ലക്ഷ്യമാക്കി

വാസ്തവത്തിൽ 640 ൽപ്പരം ക്രൈസ്തവ ആരാധ നാലയങ്ങളാണ് അക്രമപരമ്പരകൾക്കിടെ ഇംഫാൽ താഴ്‌വരയിൽ മാത്രം പൂർണ്ണമായോ ഭാഗികമായോ തകർക്കപ്പെട്ടത്. അതിൽ 247 എണ്ണം മെയ്തെയി ക്രൈസ്തവരുടേതായിരുന്നു എന്നുള്ള വസ്തുത, മണിപ്പൂർ കലാപം കേവലമൊരു വംശീയ സംഘർഷമായിരുന്നു എന്ന ആഖ്യാനത്തിലെ പ്രഹസനം തുറന്നുകാണി ക്കുന്നു. മെയ്തേയ് പള്ളികൾ നശിപ്പിക്കപ്പെട്ടത് കലാപം ആരംഭിച്ച് മുപ്പത്താറ് മണിക്കൂറുകൾക്കുള്ളിൽ - മെയ് മൂന്ന്, നാല് തിയ്യതികളിൽ - അക്ര മിസംഘങ്ങൾ വിപുലമായ സന്നാ ഹങ്ങളോടെ എത്തിയാണ് എന്ന വസ്തുത നടുക്കമുളവാക്കുന്നതാണ്. മെയ്തേയ് വംശജരുടെ പള്ളിക്ക് പകരം, നാഗാ വംശജരുടെ പള്ളി തകർക്കാൻ തുടങ്ങിയ അക്രമിസം ഘത്തെ തലവൻ ഫോൺ വിളിച്ച് തടഞ്ഞതായി ഒരു പോലീസ് ഉദ്യോഗസ്ഥൻ എന്നോട് വെളിപ്പെ ടുത്തുകയുണ്ടായി. നാഗ വംശജരെ കൂടി ശത്രുക്കളാക്കാതിരിക്കാൻ മെയ്തേയ് സംഘടനകൾ പ്രത്യേ കമായി ശ്രദ്ധിച്ചിരുന്നു.



അതേസമയം, മെയ്തേയ് ക്രൈസ്തവരുടെ പള്ളികൾ തകർ ക്കാനുള്ള ആസൂത്രിതമായ നീക്കം ഉണ്ടായിരുന്നു എന്നുള്ളത് വ്യക്തവു മാണ്. മെയ്തേയ് ക്രൈസ്തവരുടെ പള്ളികൾ വ്യാപകമായി തകർ ക്കപ്പെട്ടെങ്കിലും ഒരു മെയ്തേയ്

www.malankaralibrary.com



രിക്കുന്നത്. നികത്താനാവാത്ത വിധത്തിലുള്ള വലിയ വിടവ് രണ്ടു വിഭാഗങ്ങൾ തമ്മിൽ രൂപപ്പെട്ടുകഴിഞ്ഞിരിക്കുന്നു. പൂർവ്വാവസ്ഥയിലേയ്ക്ക് ഇനിയൊരുമടക്കം എളുപ്പമല്ല. ഇത്രയൊക്കെയായിട്ടും, ഭരണകൂടം മൗനം നിഗൂഢമായി തുടരുകയാണ്. 2014 ൽ പ്രധാനമന്ത്രിയായി സ്ഥാനം ഏറ്റ ശേഷം അറുപത് തവണയെങ്കിലും നോർത്ത് ഈസ്റ്റ് സംസ്ഥാനങ്ങൾ സന്ദർശിച്ച മോദി, മണിപ്പൂരിലെ രക്തച്ചൊരിച്ചിലിനെപ്പറ്റി ഒരു ട്വീറ്റ് പോലും ഇനിയും ചെയ്തിട്ടില്ല എന്നത് ശ്രദ്ധേയമാണ്.

ഇത്തരത്തിലുള്ള അനിർവചനീയമായ മൗനത്തിനു പിന്നിൽ മണിപ്പൂരിൽ അരങ്ങേറിയ അക്രമസംഭവങ്ങൾക്ക് പിന്നിൽ മറഞ്ഞിരിക്കുന്ന തീവ്ര ഹിന്ദുത്വ ദേശീയ പ്രത്യയശാസ്ത്രത്തിന് പങ്കുണ്ട്. ക്രമസമാധാനം പാലിക്കാനായി സൈന്യത്തിന് കർശന നിർദ്ദേശവും അധികാരവും നൽകിയിരുന്നെങ്കിൽ അരംബായി തെങ്കോൾ പോലുള്ള തീവ്ര വർഗീയ സംഘടനകൾക്ക് തങ്ങളുടെ ലക്ഷ്യം നേടാൻ കഴിയുമായിരുന്നില്ല. ഒരു മുഖ്യമന്ത്രി എന്ന നിലയിലുള്ള ചുമതലകളിൽ വൻ വീഴ്ച വരുത്തിയ ബിരേൻ സിംഗിനെതിരെ നടപടി സ്വീകരിക്കുന്നതിലും ദേശീയ ബിജെപി നേതൃത്വം വീഴ്ച വരുത്തുകയാണുണ്ടായത്. മണിപ്പൂരിലെ ഭൂരിപക്ഷമായ മെയ്തെയികളുടെ പിന്തുണ നഷ്ടപ്പെടുമെന്ന ആശങ്കയും, മെയ്തേയ് തീവ്രവാദ സംഘടനകളോടുള്ള ഭയവുമാണ് ബിജെപി നേതൃത്വത്തിനുള്ളത് എന്ന് വ്യക്തം.

ക്രൈസ്തവൻ പോലും കൊല്ലപ്പെട്ടിട്ടില്ല എന്ന വസ്തുത ശ്രദ്ധേയമാണ്. അക്കാരണത്താൽ മാധ്യമശ്രദ്ധ ഒഴിവാക്കാനായി.

ആരംഭഘട്ടത്തിൽ, മണിപ്പൂർ കലാപത്തിന്റെ പേരിൽ ക്രൈസ്തവ സഭകളെ കുറ്റപ്പെടുത്തി രംഗത്തെത്തിയ ഹിന്ദു ദേശീയവാദികളുടെ നീക്കം അവരുടെ തന്നെ രഹസ്യ അജണ്ടയ്ക്ക് തിരിച്ചടിയായി. ആർഎസ്എസ് മുഖപത്രമായ ഓർഗനൈസറിന്റെ മെയ് 16 ലക്കത്തിലെ മുഖപ്രസംഗത്തിൽ ക്രൈസ്തവ സഭകളുടെ പിന്തുണയോടെയാണ് മണിപ്പൂർ കലാപമെന്ന് ആരോപിക്കുകയുണ്ടായിരുന്നു. യാഥാർഥ്യങ്ങളിൽനിന്ന് ശ്രദ്ധ തിരിക്കാനും മെയ്തേയ് ക്രൈസ്തവ സഭകളെ പോലും തെറ്റിദ്ധരിപ്പിക്കാനുമുള്ള സംഘപരിവാറിന്റെ സ്ഥിരം ശൈലിയിലുള്ള കുതന്ത്രമായേ ആ നീക്കത്തെ കാണാനാവൂ. ഇത്തരമൊരു പ്രചാരണം ആരംഭഘട്ടത്തിൽ ഉണ്ടായത് മണിപ്പൂർ അക്രമസംഭവങ്ങൾ സംബന്ധിച്ച് പൊതുസമൂഹത്തിനിടയിൽ ആശയക്കുഴപ്പങ്ങൾ രൂപപ്പെടാൻ കാരണമായിരുന്നു.

ഒഡീഷയിലെ കന്ധമാലിൽ അരങ്ങേറിയ ക്രിസ്ത്യൻ വംശഹത്യയുമായി ഒട്ടേറെ സാമ്യങ്ങൾ മണിപ്പൂർ സംഘർഷത്തിനുണ്ട്. 2008 ൽ കന്ധമാലിൽ തീവ്ര ഹിന്ദു ദേശീയവാദികൾ നടപ്പാക്കിയ പദ്ധതികളുടെ ആവർത്തനം ഇവിടെയും കാണാം. കന്ധമാലിൽ നടന്നതിന് സമാനമായി ഇനി അങ്ങോട്ട് മടങ്ങിവരില്ല എന്ന സമ്മതപത്രം മണിപ്പൂരിൽ തകർക്കപ്പെട്ട പള്ളികളിലെ പാസ്റ്റർമാരിൽനിന്ന് എഴുതിവാങ്ങി. പള്ളികൾ ആക്രമിക്കപ്പെട്ടതുമായി ബന്ധപ്പെട്ട് പോലീസിൽ പരാതി നൽകാനെത്തിയവർക്ക് പോലീസിന്റെ ഭാഗത്തുനിന്നുള്ള ഭീഷണികൾ നേരിടേണ്ടതായി വന്നതിനൊപ്പം, ഭാഗികമായി തകർക്കപ്പെട്ട അവരുടെ പള്ളികൾ അക്രമിസംഘങ്ങൾ വീണ്ടുമെത്തി പൂർണ്ണമായി തകർക്കുകയും ചെയ്തു.

## മണിപ്പൂരിൽ സംഭവിച്ച ധ്രുവീകരണം


മണിപ്പൂരിൽ സംഭവിച്ച പൂർണ്ണമായ ധ്രുവീകരണം കുക്കി പീപ്പിൾസ് അലയൻസ് എന്ന സംഘടനയുടെ ജനറൽ സെക്രട്ടറി, വിത്സൺ ലാലം ഹാങ്ഷിങ്ങിന്റെ വാക്കുകളിൽനിന്ന് വ്യക്തമാണ്. "കുക്കികൾ താഴ്‌വര ഉപേക്ഷിച്ചു, മെയ്തെയികൾ മലയോരമേഖലകളും ഉപേക്ഷിച്ചു... അകൽച്ച പൂർത്തിയായി". മണിപ്പൂരിലെ വിവിധ വിഭാഗങ്ങൾക്കിടയിൽ മുൻകാലങ്ങളിൽ നടന്നിട്ടുള്ള പോരാട്ടങ്ങളുമായി താരതമ്യം ചെയ്യാൻ കഴിയുന്ന സംഘർഷമല്ല ഇപ്പോൾ ഉടലെടുത്തി

## ജനാധിപത്യം അവഹേളിക്കപ്പെടുന്നു

കഴിഞ്ഞ ജനവരി 24 ന് ഇംഫാലിലെ ചരിത്രപ്രസിദ്ധമായ കാംഗ്ള കോട്ടയിൽ ഇന്ത്യൻ ജനാധിപത്യം അക്ഷരാർത്ഥത്തിൽ ചവിട്ടിയരയ്ക്കപ്പെടുന്നതിനും മണിപ്പൂർ സാക്ഷ്യം വഹിച്ചു. മണിപ്പൂരിലെ 37 മെയ്തെയ് എംഎൽഎമാരും രണ്ട് എംപിമാരുമടങ്ങുന്ന ജനപ്രതിനിധികളെ അരംബായി തെങ്കോൾ എന്ന സംഘടന അന്ന് കാംഗ്ള കോട്ടയിലേക്ക് വിളിച്ചുവരുത്തിയത് "മണിപ്പൂരിനെ രക്ഷിക്കാനുള്ള" പ്രതിജ്ഞയിൽ ഒപ്പുവയ്ക്കാനായിരുന്നു. എംപിമാരിൽ ഒരാൾ, കേന്ദ്ര വിദേശകാര്യ സഹമന്ത്രി കൂടിയായ ലോക്സഭാ എംപി ആർ. കെ. രഞ്ജൻ സിംഗം, രണ്ടാമത്തെയാൾ അരംബായി തെങ്കോൾ സംഘടനയുടെ രക്ഷാധികാരി കൂടിയായ രാജ്യസഭാ എംപി ലെയ്ഷെംബ സനാജയോബയും ആയിരുന്നു. മണിപ്പൂർ കോൺഗ്രസ് പ്രസിഡന്റ് കൂടിയായ എംഎൽഎ കെ. മേഘചന്ദ്ര പ്രതിജ്ഞയിൽ ഒപ്പുവയ്ക്കാൻ വിസമ്മതിച്ചപ്പോൾ മെയ്തേയ് ഭീകരർ അദ്ദേഹത്തെ ആക്രമിച്ചു. അത് തടയാൻ മുന്നോട്ടുവന്ന രണ്ട് ബിജെപി എംഎൽഎമാരെയും യൂണിഫോംധാരികളായ തീവ്രവാദികൾ വെറുതെ വിട്ടില്ല. അപ്പോൾ, കേന്ദ്ര സുരക്ഷാസേനയും, മണിപ്പൂർ പോലീസും വെറും കാഴ്ചക്കാരായി നിൽക്കുകയായിരുന്നു.

ഇതിനെ ജനാധിപത്യം എന്ന് വിശേഷിപ്പിക്കാൻ കഴിയുമോ? മണിപ്പൂരിനെ ഇതുപോലൊരു അരാജകത്വത്തിലേയ്ക്ക് തള്ളിവിട്ടതിനും, ഇന്ത്യൻ ജനാധിപത്യത്തിന്റെ മുഖത്ത് മായ്ക്കാനാവാത്ത കരിനിഴൽ വീഴ്ത്തിയതിനും ആരാണ് ഉത്തരവാദികൾ?

www.malankaralibrary.com



# രാഷ്ട്രീയ പാർട്ടികളുടെ ക്രൈസ്തവ സ്നേഹം കാപട്യമോ?

രാജ്യാന്തര സംഘടനയായ ഓപ്പൺ ഡോർസ്, ദേശീയ സംഘടനയായ യുണൈറ്റഡ് ക്രിസ്ത്യൻ ഫ്രണ്ട് തുടങ്ങിയവയുടെ വാർഷിക റിപ്പോർട്ടുകൾ പ്രകാരം, ഇന്ത്യയിൽ ശരാശരി രണ്ട് അതിക്രമങ്ങൾ പ്രതിദിനം ക്രൈസ്തവർക്കെതിരെ നടക്കുന്നുണ്ട്. ന്യൂനപക്ഷങ്ങൾക്ക്, വിശിഷ്യാ, ക്രൈസ്തവർക്ക് എതിരായുള്ള ആക്രമണങ്ങൾ വർഷം തോറും വർധിച്ചുവരുന്നു. പത്തുവർഷം മുമ്പ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള കേസുകളുടെ അഞ്ചിരട്ടി, അതായത് 687 അക്രമസംഭവങ്ങൾ 2023 ജനുവരി മുതൽ നവംബർ വരെ ഉണ്ടായതായി യുണൈറ്റഡ് ക്രിസ്ത്യൻ ഫ്രണ്ട് റിപ്പോർട്ട് ചെയ്യുന്നു. ആൾക്കൂട്ട അക്രമങ്ങൾ, കള്ളക്കേസുകളിൽപ്പെടുത്തൽ, ദൈവാലയങ്ങൾ നശിപ്പിക്കൽ, ആരാധനയും വേദോപദേശ ക്ലാസുകളും തടസ്സപ്പെടുത്തൽ എന്നിങ്ങനെയുള്ള അതിക്രമങ്ങൾ വ്യാപകമായി നടക്കുന്നത് ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളിലാണ് എന്നുള്ളത് ഒരു വാസ്തവമാണ്. മറ്റു സംസ്ഥാനങ്ങളിലാണെങ്കിൽത്തന്നെയും അത്തരം അക്രമങ്ങൾക്ക് നേതൃത്വം നൽകുന്നത് തീവ്ര ഹിന്ദുത്വ സംഘടനകളുടെ പ്രവർത്തകരാണ്. ഇത്തരമൊരു അപകടകരമായ അവസ്ഥ രാജ്യത്തുടനീളം വ്യാപകമാകുന്ന സാഹചര്യത്തിലാണ്



**ഫാ. ജേക്കബ് ജി പാലയ്ക്കാപ്പിള്ളി**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, കെസിബിസി

ക്രൈസ്തവ സമൂഹങ്ങളുമായി ഐക്യം രൂപപ്പെടുത്താൻ ബിജെപി രാഷ്ട്രീയ നേതൃത്വം ശ്രമം നടത്തുന്നതും.

ന്യൂനപക്ഷങ്ങളുമായി, വിശിഷ്യാ ക്രൈസ്തവ സമൂഹവുമായുള്ള ബന്ധം വളർത്തുന്നതിനായി തിരുനാളുകളോടനുബന്ധിച്ച് വിരുന്നുകൾ സംഘടിപ്പിക്കുകയും, സൗഹാർദ്ദ സന്ദർശനങ്ങൾ നടത്തുകയും ചെയ്യുന്ന ശൈലി പ്രധാനമന്ത്രി ഉൾപ്പെടെയുള്ള മുതിർന്ന ബിജെപി നേതാക്കൾ അവലംബിച്ചുതുടങ്ങിയിട്ട് ചില വർഷങ്ങളായി. ബിജെപിക്ക് ഇനിയും കാര്യമായ രാഷ്ട്രീയനേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടില്ലാത്ത കേരളത്തിൽപോലും ക്രൈസ്തവ നേതൃത്വങ്ങളുമായി സമവായത്തിലെത്താൻ പാർട്ടി തലത്തിൽ സമീപകാലത്തായി ഊർജ്ജിത ശ്രമങ്ങളുണ്ട്. ഇത്തരം നീക്കങ്ങൾക്ക് കത്തോലിക്കാ സഭയുടെയോ, മറ്റ് ക്രൈസ്തവ സഭകളുടെയോ ഔദ്യോഗിക നേതൃത്വങ്ങളിൽനിന്ന് പ്രോത്സാഹനങ്ങളൊന്നും ഇനിയും ഉണ്ടായിട്ടില്ലെങ്കിൽ പോലും, ദേശീയതലത്തിൽതന്നെ ബിജെപി എന്ന രാഷ്ട്രീയ പാർട്ടിക്ക് ക്രൈസ്തവരോട് അനുകൂല നിലപാടുകളാണ് എക്കാലത്തും ഉള്ളതെന്നും സൗഹാർദ്ദ സമീപനം ആരോഗ്യകരമാണെന്നും സ്ഥാപിക്കാനുള്ള ശ്രമങ്ങൾ ഒരുവശ

www.malankaralibrary.com

ത്ത് നിരന്തരം കണ്ടുവരുന്നുണ്ട്. ചില സംഘടനാസംവിധാനങ്ങളുടെ സഹായത്തോടെ ക്രൈസ്തവ സമൂഹങ്ങൾക്കിടയിൽ ഇത്തരം ആശയങ്ങൾ പ്രചരിപ്പിക്കാനുള്ള നിരന്തരപരിശ്രമങ്ങളുമുണ്ട്.

ഇത്തരം രാഷ്ട്രീയ പ്രചാരണങ്ങളും സമവായ നീക്കങ്ങളും പുരോഗമിക്കുമ്പോൾ തന്നെ, ക്രൈസ്തവരെയും ക്രൈസ്തവ സ്ഥാപനങ്ങളെയും ഭീഷണിപ്പെടുത്തുകയും തുടർച്ചയായി നിയമങ്ങൾ ദുരുപയോഗിച്ച് കെണികളിൽ അകപ്പെടുത്തുകയും ചെയ്യുന്നത് ബിജെപി എന്ന രാഷ്ട്രീയ പാർട്ടിയുടെ മേൽപ്പറഞ്ഞ നീക്കങ്ങളുടെ ഉദ്ദേശ്യശുദ്ധിയെ ചോദ്യം ചെയ്യുന്നുണ്ട്. രാഷ്ട്ര നിർമ്മിതിക്കായി പതിറ്റാണ്ടുകളായി സംഭാവനകൾ നല്കി പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങൾക്കും വിവിധ സാമൂഹിക പ്രവർത്തനമേഖലകളിൽ ഏർപ്പെട്ടിരിക്കുന്ന ഒട്ടേറെ വൈദികർക്കും സന്യസ്തർക്കും മതപരിവർത്തന നിയമങ്ങളുടെ ദുരുപയോഗം ഭീഷണിയായി മാറിയിരിക്കുന്നു. ക്രൈസ്തവ സ്ഥാപനങ്ങൾക്ക് എതിരായുള്ള നീക്കങ്ങൾക്ക് നേതൃത്വം നല്കുന്ന ഒന്നായി ദേശീയ ബാലാവകാശ കമ്മീഷൻ മാറുന്നത് ദൌർഭാഗ്യകരമാണ്.

## ദേശീയ ബാലാവകാശ കമ്മീഷൻ ക്രൈസ്തവ സ്ഥാപനങ്ങളെ വേട്ടയാടുമ്പോൾ

ദേശീയ ബാലാവകാശ കമ്മീഷന്റെ (NCPCR) നേതൃത്വത്തിൽ, അടിസ്ഥാന രഹിതമായ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് ക്രൈസ്തവ സ്ഥാപനങ്ങളെയും സന്യസ്തരെയും പ്രതിക്കൂട്ടിൽ നിർത്തുകയും കേസിൽ അകപ്പെടുത്തുകയും ചെയ്യുന്നത് തുടർക്കഥയായിരിക്കുകയാണ്. ബാലാവകാശ കമ്മീഷൻ പലപ്പോഴും വാർത്തകളിൽ ഇടം നേടുന്നത് ക്രൈസ്തവ സ്ഥാപനങ്ങൾക്കെതിരെയുള്ള നീക്കങ്ങൾ വഴിയായാണ്. ചില മുൻകാല ഉദാഹരണങ്ങൾ:

– 2023 ജൂലൈ 21 ന് മധ്യപ്രദേശിലെ ജാബുവയിൽ കത്തോലിക്കാ സന്യസ്തർ നടത്തിവരുന്ന അനാഥാലയത്തിൽ പരിശോധനയ്ക്കെത്തിയ ബാലാവകാശ കമ്മീഷനിലെ ഉദ്യോഗസ്ഥർ സന്യാസാർത്ഥിനികളായ മൂന്ന് പെൺകുട്ടികളെ കസ്റ്റഡിയിലെടുക്കുകയുണ്ടായി. മതപരിവർത്തനം എന്ന ആരോപണമാണ് ഉദ്യോഗസ്ഥർ ഉയർത്തിയത്. തലമുറകളായി കത്തോലിക്കാ വിശ്വാസികളായി ജീവിക്കുന്ന കുടുംബങ്ങളിൽനിന്നുള്ള കുട്ടികളായിട്ടുപോലും അവരെ വിട്ടയയ്ക്കാൻ ഉദ്യോഗസ്ഥർ തയ്യാറായിരുന്നില്ല.

– 2023 മെയ് മാസത്തിൽ കമ്മീഷൻ മധ്യപ്രദേശിലെ സാഗറിന് സമീപം നൂറ്റമ്പത് വർഷത്തെ പഴക്കമുള്ള സെന്റ് ഫ്രാൻസിസ് സേവാധാം ഓർഫനേജിൽ റെയ്ഡ് നടത്തുകയുണ്ടായി. ഓഫീസ് മുറികളും ദേവാലയവും അലങ്കോലപ്പെടുത്തുകയും ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്ത ഉദ്യോഗസ്ഥരെ ചോദ്യം ചെയ്ത വൈദികർക്ക് മർദ്ദനമേൽക്കുകയുമുണ്ടായി. സിസിടിവിയും കമ്പ്യൂട്ടറുകളും തകരാറിലാക്കിയ അവർ ഫോണുകളും രേഖകളും മറ്റും പിടിച്ചെടുത്തു. കസ്റ്റഡിയിൽ എടുത്ത വൈദികരെ മണിക്കൂറുകൾക്ക് ശേഷമാണ് വിട്ടയയ്ക്കാൻ തയ്യാറായത്.

– 2021 ഡിസംബർ 13ന് ഗുജറാത്തിലെ വഡോദരയിൽ മകർപ്പുരയിൽ മാതൃകാപരമായി പ്രവർത്തിച്ചുവരുന്ന മിഷനറീസ് ഓഫ് ചാരിറ്റി സന്യാസിനീ സമൂഹത്തിന്റെ അഗതിമന്ദിരത്തിനും, അതിന് ഒരു മാസം മുമ്പ് മധ്യപ്രദേശിലെ ഇന്റ്ഖേരിയിൽ സിസ്റ്റേഴ്സ് ഓഫ് ജീസസ് സന്യാസിനീ സമൂഹം നടത്തിവന്നിരുന്ന പെൺകുട്ടികൾക്കായുള്ള ഹോസ്റ്റലിനും എതിരെ യുക്തിരഹിതമായ കുറ്റാരോപണങ്ങൾ നടത്തി കേസ് ചാർജ്ജ് ചെയ്യാൻ കാരണമായതും ദേശീയ ബാലാവകാശ കമ്മീഷന്റെ ദുരൂഹമായ ഇടപെടൽ മൂലമാണ്.

## ആഞ്ചൽ ഗേൾസ് ഹോസ്റ്റലിനെതിരെ

മധ്യപ്രദേശിലെ ഭോപ്പാൽ ജില്ലയിൽ പർവാലിയ പോലീസ് സ്റ്റേഷൻ പരിധിയിൽ പ്രവർത്തിച്ചുവരുന്ന ആഞ്ചൽ ഗേൾസ് ഹോസ്റ്റലിനെതിരെ നടന്ന നീക്കങ്ങളാണ് ഏറ്റവും ഒടുവിലെ സംഭവം. ദേശീയ ബാലാവകാശ കമ്മീഷൻ കഴിഞ്ഞ ജനവരി നാലിന് ഹോസ്റ്റലിൽ നടത്തിയ റെയ്ഡിനെ തുടർന്ന് ഗുരുതരമായ ചില ആരോപണങ്ങൾ ഉന്നയിക്കുകയും, കുട്ടികളെ നിർബ്ബന്ധിതമായി മറ്റു ഷെൽട്ടർ ഹോമുകളിലേയ്ക്ക് മാറ്റുകയും ചെയ്തു. സ്ഥാപനത്തിന്റെ ഡയറക്ടർ ഫാ. അനിൽ മാത്യുവിനെ പിന്നീട് കസ്റ്റഡിയിൽ എടുക്കുകയുമുണ്ടായി. ഹോസ്റ്റലിലെ 26 കുട്ടികൾ മിസ്സിംഗ് ആണ് എന്ന ആരോപണമാണ് മുഖ്യമായും ഉദ്യോഗസ്ഥർ ഉന്നയിച്ചത്. ഹോസ്റ്റലിന്റെ ആരംഭകാലം മുതലുള്ള രജിസ്റ്ററിലുണ്ടായിരുന്നതും പലപ്പോഴായി തിരികെ സ്വഭവനങ്ങളിലേയ്ക്ക് മടങ്ങിയവരുമാണ് ആ കുട്ടികൾ എന്ന് ഹോസ്റ്റൽ അധികൃതർ വ്യക്തമാക്കിയെങ്കിലും അധികാരികൾ തങ്ങളുടെ ആരോപണത്തിൽ ഉറച്ചുനിൽക്കുകയായിരുന്നു. എന്നാൽ, പോലീസ് അന്വേഷണത്തിൽ ആ കുട്ടികൾ എല്ലാവരും സ്വന്തം വീടുകളിൽ ഉണ്ടെന്ന് വ്യക്തമായി.

സ്ഥാപനത്തിന് രജിസ്ട്രേഷൻ ഇല്ല എന്ന ആരോപണവും തെറ്റാണ്. വിദ്യാർഥിനികൾക്ക് പഠനാർത്ഥം ഒരുക്കിയിരിക്കുന്ന ഹോസ്റ്റൽ മാത്രമാണ് ആഞ്ചൽ. ഇവിടെ താമസിച്ചുപഠിക്കുന്ന മുഴുവൻ കുട്ടികളും മാതാപിതാക്കളോ രക്ഷിതാക്കളോ ഉള്ളവരും, അവരുടെ അപേക്ഷ പ്രകാരം മാത്രം ഹോസ്റ്റലിൽ താമസിക്കുന്നവരുമാണ്. മാത്രവുമല്ല, ആഞ്ചൽ ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്ന വിദ്യാർത്ഥിനികളെക്കുറിച്ചുള്ള വിശദാംശങ്ങൾ മധ്യപ്രദേശ് വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും, കുട്ടികളെക്കുറിച്ചുള്ള വിവരങ്ങൾ ചൈൽഡ് വെൽഫെയർ കമ്മിറ്റിക്കും, പോലീസ് അധികാരികൾക്കും യഥാസമയം അപ്ഡേറ്റ് ചെയ്തു കൊണ്ടിരിക്കുന്നതുമാണ്. തദ്ദേശ സ്വയംഭരണസ്ഥാപനത്തിൽ നിയമാനുസൃതമായി കെട്ടിടം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളതാണ്.

## മതപരിവർത്തന നിരോധന നിയമം

മതപരിവർത്തന നിരോധന നിയമം നിലവിലുള്ള മധ്യപ്രദേശിൽ, ആഞ്ചൽ ഗേൾസ് ഹോസ്റ്റലിനെതിരെ ദേശീയ ബാലാവകാശ കമ്മീഷൻ ഉന്നയിച്ച പ്രധാന ആരോപണങ്ങളിൽ ഒന്ന് മതപരിവർത്തനം തന്നെയാണ്. കാണാതായ കുട്ടികളെ മതപരിവർത്തന കേന്ദ്രത്തിലേയ്ക്ക് മാറ്റിയിരിക്കുകയാണ് എന്നും ആരോപിക്കുകയുണ്ടായി. ഇത്തരത്തിൽ കെട്ടിച്ചമച്ചതും അടിസ്ഥാന രഹിതവുമായ ആരോപണങ്ങളെ തുടർന്നാണ് സ്ഥാപന ഡയറക്ടർ ഫാ. അനിൽ ജാമ്യമില്ലാ വകുപ്പുകൾ ചുമത്തപ്പെട്ട് റിമാൻഡിൽ

www.malankaralibrary.com

കഴിയുന്നത്. പ്രാദേശിക ജില്ലാ ഭരണകൂടവും പോലീസ് ഉദ്യോഗസ്ഥരും വാസ്തവങ്ങൾ അന്വേഷിച്ച് മനസിലാക്കിയതാണ്. എന്നിട്ടും ബാലാവകാശ കമ്മീഷന്റെയും സംസ്ഥാനം ഭരിക്കുന്ന ബിജെപി സർക്കാരിന്റെയും നിരന്തരമായ സമ്മർദ്ദമാണ് വൈദികന്റെ അറസ്റ്റിന് കാരണമായത്. സത്യസന്ധമായ നിലപാടുകൾ സ്വീകരിച്ച മൂന്ന് ഉദ്യോഗസ്ഥരെ കൃത്യനിർവഹണത്തിലെ വീഴ്ചകൾ ആരോപിച്ച് സസ്പെൻഡ് ചെയ്യുകയുമുണ്ടായി. നഗ്നമായ അധികാര ദുർവിനിയോഗത്തിന് ഉദാഹരണമാണ് ഇത്.

ദേശീയ ബാലാവകാശ കമ്മീഷനുമായി ബന്ധപ്പെട്ടവ മാത്രമല്ല ബിജെപി ഭരിക്കുന്ന വിവിധ സംസ്ഥാനങ്ങളിൽ ക്രൈസ്തവരും മറ്റു ന്യൂനപക്ഷ വിഭാഗങ്ങളും നേരിടുന്ന ഭീഷണികൾ. സുരക്ഷിതമായി ജീവിക്കാനുള്ള സാഹചര്യം സാധാരണ ജനങ്ങൾക്ക് ഇല്ലാതാവുന്നതും, സ്ഥാപനങ്ങൾക്കും സമുദായ നേതൃത്വങ്ങൾക്കും പ്രവർത്തനസ്വാതന്ത്ര്യം നഷ്ടപ്പെടുന്നതും, വർഗീയ വിദ്വേഷ പ്രചാരണങ്ങളുടെ ഫലമായി ആൾക്കൂട്ട അക്രമങ്ങൾ ഉണ്ടാകുന്നതും ഒട്ടേറെ സംസ്ഥാനങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നു. പ്രത്യേകിച്ച്, വിവിധ ബിജെപി സർക്കാരുകൾ നടപ്പാക്കിയിട്ടുള്ള കരി നിയമമായ മതപരിവർത്തന നിരോധന നിയമം വ്യാപകമായി ദുരുപയോഗിക്കപ്പെടുന്നതുമൂലം ഒട്ടേറെ നിരപരാധികൾ കേസുകളിൽ അകപ്പെടുന്ന സ്ഥിതി വിശേഷമാണ് ഉള്ളത്.

### തല്ലും തലോടലും ഒരുമിച്ച് പോകില്ല

വർധിച്ചുവരുന്ന വർഗീയ ധ്രുവീകരണവും തൽഫലമായ പ്രതിസന്ധികളുമാണ് മറ്റൊന്ന്. സമാധാനാന്തരീക്ഷം പൂർണ്ണമായി നഷ്ടപ്പെട്ടുകഴിഞ്ഞ മണിപ്പൂർ എന്ന സംസ്ഥാനം ഏറ്റവും വലിയ ഉദാഹരണമായി നിലകൊള്ളുന്നു. ഗോത്ര കലാപത്തിന്റെ മറ പിടിച്ച് ക്രൈസ്തവരെ ഉന്മൂലനം ചെയ്യാനുള്ള ശ്രമങ്ങളാണ് അസൂത്രിതമായി അവിടെ നടപ്പിലാക്കിയത്. കുപ്രസിദ്ധമായ ഗുജറാത്ത് കലാപം വീണ്ടും ചർച്ചകളിൽ നിറയാൻ വഴിയൊരുക്കിയ ബിൽക്കിസ് ബാനു കേസ് സംഘപരിവാർ സംഘടനകളുടെ മറ്റൊരു മുഖം വെളിപ്പെടുത്തുന്നുണ്ട്. സംഘപരിവാർ പ്രസിദ്ധീകരണങ്ങൾ പതിവായി ക്രൈസ്തവ, അന്യമത വിദ്വേഷം പ്രചരിപ്പിക്കുന്നത് ഇത്തരം വർഗീയ സംഘർഷങ്ങൾക്ക് ഒരു പ്രധാന കാരണമായി മാറുന്നുണ്ട്. ഒരു വശത്ത് അന്യമതസ്ഥരുമായി സൗഹൃദത്തിലെത്താൻ ശ്രമം നടത്തുന്നതായി കാണുമ്പോഴും, മറുവശത്ത് ശത്രുതാപരമായ നീക്കങ്ങൾ അഭംഗുരം തുടരുന്നത് പച്ചയായ യാഥാർഥ്യമാണ്. ആർഎസ്എസ് പ്രസിദ്ധീകരണമായ ഓർഗനൈസറിൽ സമീപ നാളുകളിൽ പോലും കടുത്ത ക്രൈസ്തവ വിദ്വേഷം ഉൾക്കൊള്ളുന്ന ലേഖനങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. പ്രധാന മന്ത്രി ക്രിസ്തുമസ് വിരുന്ന് ഒരുക്കുമ്പോൾ ഓർഗനൈസറിൽ ക്രിസ്തുമസ് അവഹേളിക്കപ്പെടുകയായിരുന്നു. കേരളത്തിൽനിന്നുള്ള ആർഎസ്എസ് പ്രസിദ്ധീകരണമായ കേസരി ആഴ്ചപ്പതിപ്പിന്റെ ഉള്ളടക്കവും വ്യത്യസ്തമല്ല. ഈ വൈരുദ്ധ്യങ്ങളൊന്നും തിരിച്ചറിയാൻ കഴിയാത്തവരാണ് ഈ നാട്ടിലെ ജനങ്ങൾ എന്ന് ആരും കരുതേണ്ടതില്ല.

> **വർഗീയ വിഭജനങ്ങളും അതിക്രമങ്ങളും നാൾക്കുനാൾ വർധിച്ചുവരുന്നത് ഈ ജനാധിപത്യ രാജ്യത്തിന് ഭൂഷണമല്ല. അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള അതിക്രമങ്ങളും, വർഗീയ ധ്രുവീകരണത്തിന്റെ ഭാഗമായുള്ള കലാപങ്ങളും പതിവാകുന്നത് അനേകരെ കടുത്ത അരക്ഷിതത്വത്തിൽ എത്തിച്ചിരിക്കുന്നു. ഇവിടെ വ്യക്തമായ ഒരു വിശദീകരണം ഭരണകൂടങ്ങൾ സമൂഹത്തിന് നൽകേണ്ടതുണ്ട്.**

വർഗീയ വിഭജനങ്ങളും അതിക്രമങ്ങളും നാൾക്കുനാൾ വർധിച്ചുവരുന്നത് ഈ ജനാധിപത്യ രാജ്യത്തിന് ഭൂഷണമല്ല. അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള അതിക്രമങ്ങളും, വർഗീയ ധ്രുവീകരണത്തിന്റെ ഭാഗമായുള്ള കലാപങ്ങളും പതിവാകുന്നത് അനേകരെ കടുത്ത അരക്ഷിതത്വത്തിൽ എത്തിച്ചിരിക്കുന്നു. ഇവിടെ വ്യക്തമായ ഒരു വിശദീകരണം ഭരണകൂടങ്ങൾ സമൂഹത്തിന് നൽകേണ്ടതുണ്ട്. എല്ലാവരെയും ഉൾക്കൊള്ളാനും അംഗീകരിക്കാനും ഭരണകൂടം യഥാർത്ഥത്തിൽ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ആദ്യം ചെയ്യേണ്ടത് ഇതര മത വിരോധവുമായി വ്യാപരിക്കുന്ന പ്രസ്ഥാനങ്ങളെയും ഉദ്യോഗസ്ഥരെയും നിയന്ത്രിക്കുകയും ബഹുസ്വരതയെ അംഗീകരിക്കാനുള്ള തുറവി പ്രകടിപ്പിക്കുകയുമാണ്. അല്ലാത്തപക്ഷം വിരുന്നുകളും സന്ദർശനങ്ങളും വെറും പ്രഹസനമായി തന്നെ തുടരും. ഉപരിപ്ലവമായ സൗഹാർദ്ദ നീക്കങ്ങളല്ല, യഥാർത്ഥ പ്രതിസന്ധികൾ പരിഹരിച്ച് എല്ലാ പൗരന്മാർക്കും സമാധാനത്തോടെ ഈ രാജ്യത്ത് ജീവിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുകയാണ് വേണ്ടത്.

www.malankaralibrary.com






# ക്രൈസ്തവരുടെ രാഷ്ട്രീയവും രാഷ്ട്രീയക്കാരുടെ ആശങ്കകളും

2011 ലെ സെൻസസ് പ്രകാരം കേരളത്തിൽ 18 ശതമാനമുണ്ടെങ്കിലും ജനസംഖ്യ അനുപാതം ഗണ്യമായി കുറഞ്ഞുകൊണ്ടിരിക്കുന്നതും ഇന്ത്യൻ സമൂഹത്തിൽ 2.3 ശതമാനം മാത്രമുള്ളതുമായ ക്രൈസ്തവവിഭാഗത്തിന്റെ രാഷ്ട്രീയ ആഭിമുഖ്യങ്ങൾ അടുത്ത കാലത്തായി ചൂടേറിയ ചർച്ചകൾക്ക് വഴിയൊരുക്കുന്നുണ്ട്. ക്രൈസ്തവർ - പ്രത്യേകിച്ച് കത്തോലിക്കാ സമൂഹം - തങ്ങളുടെ പക്ഷത്താണെന്ന് സ്ഥാപിക്കാൻ വ്യത്യസ്ഥ രാഷ്ട്രീയ ചേരികളിലുള്ളവർ നടത്തിവരുന്ന ശ്രമങ്ങളും അതിന്റെ ഭാഗമായ പ്രവർത്തനങ്ങളും ഇത്തരം ചർച്ചകൾക്ക് ഒരു കാരണമാണ്. മറ്റൊരു കാരണം, മറുചേരിയിൽ പെട്ടവരുടെ കെണിയിൽ/ തന്ത്രത്തിൽ " ബുദ്ധിശൂന്യരായ" ഇക്കൂട്ടർ പെട്ടുപോയി എന്ന് സ്ഥാപിക്കാനുള്ള ചില ശ്രമങ്ങളാണ്. എല്ലാത്തരം പ്രചരണങ്ങൾക്കും പിന്നിൽ സ്ഥാപിതതൽപ്പരരുടെ നിഗൂഢ നീക്കങ്ങളുണ്ട് എന്ന് തിരിച്ചറിയാതെ ഒഴുക്കിനൊപ്പം നീന്തുകയും ആരോപണ - പ്രത്യാരോപണങ്ങൾ ഏറ്റെടുത്ത് പൊരുതുകയും ചെയ്യുന്ന ചില "പ്രബുദ്ധരുടെ" ചിന്താഗതികൾ പരിതാപകരമാണെന്ന് പറയാതെ വയ്യ. കേരളരാഷ്ട്രീയത്തിൽ മാത്രമല്ല, ദേശീയ രാഷ്ട്രീയത്തിലും ഈ പ്രവണത പ്രകടമാണ്.

"മുന്തിരി വാറ്റും കേക്കും" തുടങ്ങിയ ആരോപണങ്ങൾ ഉന്നയിച്ച് ക്രൈസ്തവ സഭാനേതൃത്വങ്ങളെ പ്രതിരോധത്തിലാക്കാൻ ശ്രമിക്കുന്ന രാഷ്ട്രീയക്കാരെ അവഗണിക്കാമെങ്കിലും, ഇത്തരം ആരോപണങ്ങൾക്ക് പിന്നാലെ പോയി ബുദ്ധിജീവി ചമയുന്ന മറ്റൊരു വിഭാഗത്തെക്കുറിച്ച് ഗൗരവമായി ചിന്തിക്കാതെ തരമില്ല. ഇലക്ഷനെക്കുറിച്ചുള്ള ചർച്ചകൾ സജീവമായിരിക്കുന്ന പശ്ചാത്തലത്തിൽ ക്രൈസ്തവരുടെ രാഷ്ട്രീയ നിലപാടുകൾ സംബന്ധിച്ച് അനാവശ്യ വിവാദങ്ങളും പുകമറകളും സൃഷ്ടിക്കാൻ ശ്രമിക്കുന്നവരുടെ ലക്ഷ്യം നന്മയായിരിക്കാനിടയില്ല. "കുളം കലക്കി മീൻ പിടിക്കുക" എന്ന് മാത്രമേ ഇത്തരം നീക്കങ്ങളെ വിലയിരുത്താൻ കഴിയൂ. മെത്രാൻമാരുടെ വാക്കുകൾക്കും ഇടപെടലുകൾക്കും രാഷ്ട്രീയമായ ദുർവ്യാഖ്യാനങ്ങൾ നൽകി തെറ്റിദ്ധാരണകൾ പ്രചരിപ്പിക്കുന്ന പ്രവർത്തനം ഇന്നോ ഇന്നലെയോ ആരംഭിച്ചതല്ലെങ്കിലും, സമീപകാലങ്ങളിലായി ഈ പ്രവണത വളരെയേറെ വർധിച്ചിട്ടുണ്ട്.

www.malankaralibrary.com

## കത്തോലിക്കാ സഭയുടെ രാഷ്ട്രീയ നിലപാടുകൾ

മൗലികവാദ പ്രത്യയശാസ്ത്രങ്ങളോട് അകലം പാലിക്കുകയും, രാഷ്ട്രീയ പാർട്ടികളോട് നയപരമായ സമീപനം സ്വീകരിക്കുകയുമാണ് എക്കാലത്തും കത്തോലിക്കാ സഭാനേതൃത്വത്തിന്റെ പൊതുവായ നയം. കാലങ്ങളുടെയും ദേശങ്ങളുടെയും പ്രത്യേകതകൾക്ക് അനുസരിച്ച് താൽക്കാലികവും അപേക്ഷികവുമായ ചില അഭിമുഖ്യങ്ങൾ രൂപപ്പെട്ടേക്കാമെങ്കിലും അടിസ്ഥാനപരമായി രാഷ്ട്രീയ പാർട്ടികളെയും നേതൃത്വങ്ങളെയും സന്തുലിതമായി വീക്ഷിക്കാനാണ് ഔദ്യോഗിക സഭാനേതൃത്വം എന്നും താൽപ്പര്യപ്പെട്ടിട്ടുള്ളത്. അതേസമയം, ക്രൈസ്തവ വിരുദ്ധ/തീവ്ര വർഗ്ഗീയ പ്രത്യയ ശാസ്ത്രങ്ങളുടെ സ്വാധീനം പലപ്പോഴും ചില രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽനിന്ന് സഭയെ അകറ്റി നിർത്തിയിട്ടുമുണ്ട്.

മുൻകാലങ്ങളിൽനിന്ന് ഏറെ വ്യത്യസ്തവും വളരെ സങ്കീർണ്ണവുമാണ് ഈ കാലഘട്ടത്തിലെ ഇന്ത്യൻ രാഷ്ട്രീയം. ക്രൈസ്തവ സമൂഹങ്ങളെ സംബന്ധിച്ച് സംസ്ഥാന ദേശീയ തലങ്ങളിൽ വെല്ലുവിളികൾ ഏറെയാണ്. കേരളത്തിന്റെ പശ്ചാത്തലത്തിലും ദേശീയ തലത്തിലും ക്രൈസ്തവ സമൂഹങ്ങൾ നേരിടുന്ന പ്രതിസന്ധികൾ വ്യത്യസ്തമാണ് എന്നുള്ളതാണ് ഈ വിഷയം കൂടുതൽ സങ്കീർണ്ണമാക്കി മാറ്റുന്നത്. രണ്ട് വ്യത്യസ്ത ധ്രുവങ്ങളിൽ നിന്നുകൊണ്ടുള്ള ബൗദ്ധികസമീപനം ഇവിടെ ആവശ്യമാണ്. കേരളത്തിലെ ക്രൈസ്തവ സമൂഹത്തിന്റെ ക്രിയാത്മക ഇടപെടലുകളും സാന്നിദ്ധ്യവും ഇന്ത്യമുഴുവൻ വ്യാപിക്കുന്നതാണ് എന്നതിനാൽ രണ്ടു വിധത്തിലുള്ള വിശകലനങ്ങളും സഭാനേതൃത്വങ്ങൾ എക്കാലവും നടത്തുകയും, എല്ലായ്പ്പോഴും സന്തുലിതമായ നിലപാടുകൾ സ്വീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്തുവരുന്നുണ്ട്.

**മുൻകാലങ്ങളിൽനിന്ന് ഏറെ വ്യത്യസ്തവും വളരെ സങ്കീർണ്ണവുമാണ് ഈ കാലഘട്ടത്തിലെ ഇന്ത്യൻ രാഷ്ട്രീയം. ക്രൈസ്തവ സമൂഹങ്ങളെ സംബന്ധിച്ച് സംസ്ഥാന ദേശീയ തലങ്ങളിൽ വെല്ലുവിളികൾ ഏറെയാണ്. കേരളത്തിന്റെ പശ്ചാത്തലത്തിലും ദേശീയ തലത്തിലും ക്രൈസ്തവ സമൂഹങ്ങൾ നേരിടുന്ന പ്രതിസന്ധികൾ വ്യത്യസ്തമാണ് എന്നുള്ളതാണ് ഈ വിഷയം കൂടുതൽ സങ്കീർണ്ണമാക്കി മാറ്റുന്നത്.**

## ആശയപരമായ വൈരുദ്ധ്യങ്ങൾ

കേരളക്രൈസ്തവ സമൂഹത്തെയും കത്തോലിക്കാ സഭാനേതൃത്വത്തെയും അനാവശ്യ വിവാദങ്ങളിൽപ്പെടുത്തി മുതലെടുപ്പുകൾ നടത്തുന്നവരും വിവാദങ്ങളുടെ കെണികളിൽ അകപ്പെടുത്തുന്നവരും പ്രചരിപ്പിക്കുന്ന ആശയങ്ങൾ യാഥാർത്ഥ്യങ്ങളെ തമസ്കരിക്കുന്നതും പലപ്പോഴും തെറ്റിദ്ധാരണകൾക്ക് മൂലകാരണമാകുന്നതുമാണ്. അതിൽ പ്രധാനമാണ് ബിജെപി എന്ന രാഷ്ട്രീയ പാർട്ടിയോട് ക്രൈസ്തവ നേതൃത്വത്തിനും കത്തോലിക്കാ മെത്രാൻമാർക്കും ആഭിമുഖ്യം വർദ്ധിക്കുന്നു എന്ന വിധത്തിലുള്ള പ്രചരണങ്ങൾ. ചില പ്രത്യേക അവസരങ്ങളിലെ പരാമർശങ്ങൾ സന്ദർഭത്തിൽനിന്ന് അടർത്തി മാറ്റി പ്രചരിപ്പിച്ചും, ഔപചാരിക സന്ദർശനങ്ങളെയും ക്ഷണങ്ങളെയും മറ്റും തെറ്റിദ്ധാരണാജനകമായ രീതിയിൽ അവതരിപ്പിച്ചുമാണ് അത്തരമൊരു ആരോപണം ചിലർ ആവർത്തിച്ചുകൊണ്ടേയിരിക്കുന്നത്.

ഭരണനേതൃത്വങ്ങളെയും പാർട്ടി നേതൃത്വങ്ങളെയും രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളെയും വേറിട്ടുകാണുക എന്ന വിവേകപൂർണമായ നയമാണ് പൗരൻമാർക്കും നേതൃതലങ്ങളിൽ ഉള്ളവർക്കും രാഷ്ട്രീയ നിരീക്ഷകർക്കും ആരോഗ്യകരം. പ്രത്യയശാസ്ത്രങ്ങൾക്കും പാർട്ടി നേതൃത്വങ്ങൾക്കും അതീതമായി ഭരണനേതൃത്വങ്ങളെ പരിഗണിക്കാൻ കഴിയാത്ത പക്ഷം അത് അനാവശ്യ വിടവുകൾ സൃഷ്ടിച്ചേക്കാം. പ്രധാനമന്ത്രി, മുഖ്യമന്ത്രി തുടങ്ങി ജനാധിപത്യ വ്യവസ്ഥിതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട പ്രമുഖ അധികാര സ്ഥാനങ്ങളിൽ ഉള്ളവരെ അവരായിരിക്കുന്ന പദവിയെ മുൻനിർത്തി അർഹിക്കുന്ന പരിഗണനയും ആദരവും നൽകുന്നത് അനാവശ്യമായി വിമർശിക്കപ്പെടുന്നെങ്കിൽ അത്തരം വിമർശനങ്ങൾ ഉയർത്തുന്നവരുടെ രാഷ്ട്രീയ വീക്ഷണത്തിൽ കാര്യമായ പിഴവുകൾ ഉണ്ട്.

ഒരു ഭരണാധികാരിയുടെ രാഷ്ട്രീയ ആഭിമുഖ്യമല്ല, മറിച്ച് ഭരണവ്യവസ്ഥിതിയിൽ അദ്ദേഹത്തിന്റെ സ്ഥാനമാണ് മുഖ്യമായി പരിഗണിക്കപ്പെടേണ്ടത്. അത്തരമൊരു വീക്ഷണം സാധാരണ പൗരൻമാർക്കും, രാഷ്ട്രീയേതര നേതൃത്വങ്ങൾക്കും മാത്രമല്ല, രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളുടെ വക്താക്കളും രാഷ്ട്രീയ നേതാക്കളും ഉൾക്കൊള്ളേണ്ടതുണ്ട്. ഭരണപദവികളിൽ ആയിരിക്കുന്നവർ തീർച്ചയായും വിലമതിക്കേണ്ട ഒരു നയംകൂടിയാണ് ഇത്. അതേസമയം, ഉത്തരവാദിത്തപ്പെട്ട സ്ഥാനങ്ങളിലുള്ളവർ ഇതിന് വിപരീതമായ ആശയപ്രചരണങ്ങൾക്ക് നേതൃത്വം നൽകുന്ന കാഴ്ചകൾ ദൗർഭാഗ്യകരമാണ്. ഭരണനേതൃത്വങ്ങൾക്ക് പിന്നിലുള്ള രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങൾ നടത്തുന്ന വ്യാജ പ്രചരണങ്ങളും അതിന്റെ ഫലമായ അനിഷ്ടസംഭവങ്ങളും കലാപങ്ങളും ഇന്നത്തെ ആനുകാലിക യാഥാർത്ഥ്യങ്ങളാണ്. എന്നാൽ ഒരു ജനാധിപത്യരാജ്യം എന്ന നിലയിൽ ജനാധിപത്യമൂല്യങ്ങളെ ഉയർത്തിപ്പിടിക്കാനുള്ള ആത്യന്തിക ഉത്തരവാദിത്തത്തിൽ നിന്ന് പിന്നോട്ടുപോകുന്നതും ഭരണനേതൃത്വവുമായി അകലംപാലിക്കുന്നതുമായ നിലപാടുകൾ ആരോഗ്യകരമല്ല.

കേരളത്തിന്റെ സവിശേഷ പശ്ചാത്തലത്തിൽ ക്രൈസ്തവ സമൂഹം അഭിമുഖീകരിക്കുന്ന പ്രതിസന്ധികളും, ദേശീയതലത്തിൽ ഭാരത ക്രൈസ്തവ സമൂഹവും മറ്റ് മത ന്യൂനപക്ഷങ്ങളും അഭിമുഖീകരിക്കുന്ന പ്രതിസന്ധികളും ഒരുപോലെ പ്രധാനപ്പെട്ടതാണ്. തീവ്ര രാഷ്ട്രീയ - വർഗ്ഗീയ പ്രത്യയശാസ്ത്രങ്ങളിൽ

www.malankaralibrary.com

ഏതെങ്കിലുമൊന്ന് കൂടുതൽ നല്ലതോ സ്വീകാര്യമോ ആണെന്നുള്ള നിരീക്ഷണവും, നിലവിലുള്ള പ്രതിസന്ധികളെ അഭിമുഖീകരിക്കാനോ അതിജീവിക്കാനോ അത്തരം ഏതെങ്കിലുമൊരു പക്ഷം ചേരണമെന്നുള്ള ചിന്തയും ദോഷകരവും പ്രശ്നപരിഹാരങ്ങൾക്ക് തടസവുമാണ്. എന്നാൽ സന്തുലിതമായ വീക്ഷണങ്ങളുടെ അഭാവത്തിൽ പലപ്പോഴും കാണപ്പെടുന്ന വിശകലനങ്ങളും വിമർശനങ്ങളും ചില പക്ഷങ്ങളെ മാത്രം പരിഗണിച്ചുകൊണ്ടുള്ളതും, വാസ്തവങ്ങളെ മനഃപൂർവ്വമോ അല്ലാതെയോ തമസ്കരിച്ചുകൊണ്ടുള്ളതുമാണ്.

## വിമർശനങ്ങളിലെ അനൗചിത്യങ്ങൾ

കേരളത്തിന്റെ പശ്ചാത്തലത്തിൽ ക്രൈസ്തവ സമൂഹങ്ങളിലെ രാഷ്ട്രീയ അഭിമുഖ്യങ്ങൾ മാറുന്നു എന്നവിധമുള്ള ചില നിരീക്ഷണങ്ങളെ തുടർന്നുള്ള വിമർശനങ്ങളാണ് മുഖ്യമായും സമീപകാലങ്ങളിൽ ചർച്ച ചെയ്യപ്പെടുന്നത്. ലോകം മുഴുവൻ വീക്ഷിച്ചുകൊണ്ടിരിക്കുന്ന മണിപ്പൂരിലെ സംഭവവികാസങ്ങൾ കേരളത്തിലെ ക്രൈസ്തവ നേതൃത്വങ്ങൾ അവഗണിക്കുകയാണ് എന്നൊരു ആരോപണം പലപ്പോഴായി ഉയരുന്നുണ്ട്. മെത്രാന്മാർ പ്രധാനമന്ത്രിയെ സന്ദർശിച്ചതും, പ്രധാനമന്ത്രിയുടെ ക്ഷണം അവർ സ്വീകരിക്കാനിടയായതും, പലപ്പോഴായി കേന്ദ്രമന്ത്രിമാർ ബിഷപ്പ് ഹൗസുകളും മറ്റും സന്ദർശിക്കാനിടയായതുമായ അവസരങ്ങളിലെല്ലാം മണിപ്പൂരിനെ പ്രതി അതിൽനിന്ന് വിട്ടുനിൽക്കേണ്ടിയിരുന്നെങ്കിലും അത് ചെയ്തില്ല എന്നതാണ് മുഖ്യ വിമർശനങ്ങളിലൊന്ന്. ലഭിച്ച അവസരങ്ങളിലൊന്നും മണിപ്പൂർ വിഷയം പ്രധാനമന്ത്രിക്ക് മുന്നിൽ അവർ അവതരിപ്പിച്ചില്ല എന്ന വിമർശനവും മന്ത്രി സജി ചെറിയാനെ പോലുള്ളവർ ഉയർത്തുകയുണ്ടായി.

അതേസമയം, മണിപ്പൂർ വിഷയത്തിൽ പലപ്പോഴായി കേരളകത്തോലിക്കാ സഭാ നേതൃത്വങ്ങളും, കെസിബിസിയും, സഭാസംവിധാനങ്ങളും, സംഘടനകളും, മറ്റു ക്രൈസ്തവ നേതൃത്വങ്ങളും നടത്തിയ ശക്തമായ പ്രതികരണങ്ങളെ ഇത്തരക്കാർ കണ്ടില്ലെന്നു നടിക്കുകയും, വ്യാജആരോപണങ്ങൾക്കും അനുബന്ധ വിവാദങ്ങൾക്കും കൂടുതൽ പ്രാമുഖ്യം നൽകുകയുമാണ് ചെയ്തു വരുന്നത്. മെത്രാന്മാർ പ്രധാനമന്ത്രിയെ സന്ദർശിച്ചു എന്നുള്ളതോ, കേന്ദ്രമന്ത്രിമാർ മെത്രാന്മാരെ സന്ദർശിച്ചു എന്നുള്ളതോ സാധാരണഗതിയിൽ വലിയ വിവാദങ്ങൾക്ക് കാരണമാകേണ്ടതില്ല എന്നിരിക്കെ, അനാവശ്യമാംവിധം ഇത്തരംകാര്യങ്ങൾക്ക് തെറ്റായ വ്യാഖ്യാനങ്ങൾ നൽകി വിവാദങ്ങളാക്കി മാറ്റുന്നത് ഗൂഢമായ രാഷ്ട്രീയ കരുനീക്കങ്ങളുടെ ഭാഗമായിരിക്കാനിടയുണ്ട്.

പ്രത്യയശാസ്ത്രപരമായ എതിർപ്പുകൾ നിലനിൽക്കുമ്പോഴും, ഇടതുപക്ഷ ഭരണകാലങ്ങളിൽ മുഖ്യമന്ത്രിയോടോ മറ്റു മന്ത്രിമാരോടോ അയിത്തം കൽപ്പിച്ച ചരിത്രം കേരളത്തിലെ ക്രൈസ്തവ സമൂഹത്തിനില്ല. രാഷ്ട്രീയ പ്രസ്ഥാനങ്ങളെയും അതിന് പിന്നിലെ പ്രത്യയശാസ്ത്രങ്ങളെയും ഭരണസംവിധാനങ്ങളെയും വേറിട്ട് കാണുന്നതിനാലാണ് അത്. പാർട്ടികളുടെ പ്രത്യയശാസ്ത്രങ്ങൾ ഭരണക്കസേരകളിൽനിന്ന് മാറ്റിനിർത്തപ്പെടുക എന്ന ജനാധിപത്യമര്യാദ കാത്തുസൂക്ഷിക്കപ്പെടുന്ന പക്ഷം, ഏതെങ്കിലും ഭരണകർത്താവുമായി ബന്ധപ്പെടുത്തി മേൽപ്പറഞ്ഞതുപോലെ ഒരു ആരോപണം ഉന്നയിക്കപ്പെടേണ്ടതില്ല. സാംസ്കാരിക വകുപ്പിന്റെ കൂടി ചുമതലവഹിക്കുന്ന മന്ത്രി സജി ചെറിയാൻ തികച്ചും അനുചിതമായ ഒരു ആരോപണം, ക്രൈസ്തവ മേലധ്യക്ഷന്മാരെയും ഇന്ത്യൻ പ്രധാനമന്ത്രിയെയും ബന്ധപ്പെടുത്തി ഉന്നയിച്ചപ്പോൾ അവിടെ നഷ്ടമായത് ഈ ജനാധിപത്യമര്യാദയാണ്.

## തമസ്കരിക്കാനാവാത്ത വാസ്തവങ്ങൾ

ഇന്ത്യയിൽ ക്രൈസ്തവ സമൂഹം പ്രതിസന്ധികൾ നേരിടുന്നത് ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ മാത്രമല്ല എന്നുള്ളതാണ് പ്രധാനപ്പെട്ട വസ്തുത. മണിപ്പൂരിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത് മാത്രമല്ല, ഒട്ടേറെ സംസ്ഥാനങ്ങളിൽ വിവിധ രീതികളിൽ ക്രൈസ്തവർ പീഡനങ്ങൾക്ക് ഇരയാകുന്നതും, ദുരാരോപണങ്ങളെ തുടർന്ന് ക്രൈസ്തവ സ്ഥാപനങ്ങൾക്കും, വൈദികർക്കും സന്യസ്തർക്കും എതിരെയുള്ള നീക്കങ്ങൾ വർധിക്കുന്നതും മാധ്യമങ്ങൾ വഴി അസത്യപ്രചാരണങ്ങൾ നടത്തുന്നതും തുടങ്ങി അവഗണിക്കാനാവാത്ത പ്രതിസന്ധികൾ ക്രൈസ്തവ സമൂഹം നേരിട്ടുകൊണ്ടിരിക്കുന്നുണ്ട്. കേരളത്തിലെ സ്ഥിതിയും ഒട്ടും വ്യത്യസ്തമല്ല. കായികമായ ആക്രമണങ്ങളെക്കാൾ ഇവിടെ ക്രൈസ്തവസമൂഹം ഇവിടെ നേരിട്ടുകൊണ്ടിരിക്കുന്ന വിവേചനങ്ങളും, വർധിച്ചുകൊണ്ടിരിക്കുന്ന ക്രൈസ്തവ വിരുദ്ധതയും, ക്രൈസ്തവ സ്ഥാപനങ്ങൾക്ക് എതിരായ നീക്കങ്ങളും, ന്യൂനപക്ഷ അവകാശങ്ങളുടെ നിഷേധവും യാഥാർഥ്യങ്ങൾ തന്നെയാണ്. ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ മാസങ്ങളായി ചുവപ്പു നടയ്ക്കുള്ളിൽ കുടുങ്ങിക്കിടക്കുന്നത് ക്രൈസ്തവ സമൂഹം നേരിട്ടുകൊണ്ടിരിക്കുന്ന അവഗണനയ്ക്ക് ഉദാഹരണം മാത്രം.

യാഥാർഥ്യങ്ങളെ അതിന്റെ സമഗ്രതയിൽ ഉൾക്കൊണ്ടുകൊണ്ടുള്ള സമീപനം പലർക്കും കൈമോശം വന്നുകൊണ്ടിരിക്കുന്നു. ക്രൈസ്തവ സമൂഹം മാത്രമല്ല, മതേതര മൂല്യങ്ങൾക്ക് വിലകല്പിക്കുന്ന സകലരും വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, സ്ഥാപിത താല്പരരായ ചിലരുടെ ആഖ്യാനങ്ങൾ മാത്രം മുഖവിലക്കെടുത്തുകൊണ്ടുള്ള വിലയിരുത്തലുകളാണ് ഒരു വിഭാഗം പേരുടെ വലിയ പോരായ്മ. കേരളം സുരക്ഷിതവും സന്തുലിതവും എല്ലാം തികഞ്ഞതുമാണ് എന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്ന ചിലർ പലതും മൂടിവയ്ക്കാനും ചോദ്യങ്ങൾ ചോദിക്കാൻ ആർജ്ജവം പ്രകടിപ്പിക്കുന്നവരെ നിശ്ശബ്ദരാക്കാനും പ്രയത്നം നടത്തുന്നു എന്നുള്ള വസ്തുത തിരിച്ചറിയാൻ അക്കൂട്ടർക്ക് ഇനിയും കഴിയേണ്ടതുണ്ട്.

ഏതെങ്കിലും ഒരുകൂട്ടരുമായി അകലം പാലിച്ചാൽ മാത്രം പരിഹരിക്കപ്പെടുന്നതല്ല ഈ കാലഘട്ടത്തിലെ പ്രതിസന്ധികൾ. എല്ലാ പ്രത്യയ ശാസ്ത്രങ്ങളുടെയും ലക്ഷ്യങ്ങളും, എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും കരുനീക്കങ്ങളും തിരിച്ചറിഞ്ഞുകൊണ്ടുള്ള വിവേകപൂർണ്ണമായ നീക്കങ്ങളാണ് ഈ കാലഘട്ടത്തിന് ആവശ്യം. വഴിമാറി നടക്കുകയോ, മാറ്റിനിർത്തുകയോ അല്ല, ഒരേസമൂഹത്തിലെ അംഗങ്ങളെന്ന് പരസ്പരം അംഗീകരിച്ചുകൊണ്ടുള്ള സമവായ നീക്കങ്ങളാണ് ഉണ്ടാകേണ്ടത്.

www.malankaralibrary.com

# അന്ത്യമില്ലാതെ വന്യമൃഗ ആക്രമണങ്ങളും ആശങ്കകളും

(താമരശ്ശേരി, മാനന്തവാടി, ഇടുക്കി, വിജയപുരം, കണ്ണൂർ, തിരുവല്ല രൂപതാ ജാഗ്രത സമിതികളിലെ അംഗങ്ങൾ തയ്യാറാക്കിയ ലേഖനം).

മാസങ്ങളായി സംസ്ഥാനത്ത് വിവിധ ജില്ലകളിലായി ഇടവേളകളില്ലാതെ വന്യമൃഗ ആക്രമണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ടെങ്കിലും, ദിവസങ്ങളുടെ മാത്രം ഇടവേളയിൽ വയനാട്ടിലെ രണ്ടു കുടുംബനാഥന്മാർ കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട സാഹചര്യമാണ് കേരളത്തിലെ വന്യമൃഗ ആക്രമണങ്ങളുടെ തീവ്രതയെകുറിച്ചുള്ള ചർച്ചയ്ക്ക് വഴിയൊരുങ്ങിയത്. വന്യമൃഗശല്യം രൂക്ഷതയിൽ അനുഭവപ്പെടുന്ന വയനാട്ടിൽ കടുവ അക്രമണങ്ങളാലുള്ള മൂന്ന് മരണങ്ങൾ ഉൾപ്പെടെ കഴിഞ്ഞ നാല് വർഷങ്ങൾക്കിടെ വന്യ ജീവി ആക്രമണങ്ങളിൽ കൊല്ലപ്പെട്ടവരുടെ എണ്ണം നിരവധിയാണ്. മറ്റുള്ള വിവിധ ജില്ലകളിലും വന്യജീവി ആക്രമണങ്ങളും മരണങ്ങളും വർധിച്ചുകൊണ്ടിരിക്കുകയാണ്. ആന, കാട്ടുപന്നി തുടങ്ങിയവയുടെ ആക്രമണങ്ങളാണ് വയനാട് ഒഴികെയുള്ള മറ്റു ജില്ലകളിൽ മനുഷ്യജീവൻ എടുത്തിട്ടുള്ളതിൽ ഏറെയും. കടുവ ആക്രമണങ്ങൾ വഴിയായുള്ള മരണങ്ങൾ കഴിഞ്ഞ ആറു വർഷങ്ങൾക്കുള്ളിൽ കേരളത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത് വയനാട് കഴിഞ്ഞാൽ പത്തനംതിട്ടയിൽ മാത്രമാണ്. മനുഷ്യർക്ക് പരിക്കേൽക്കുന്നതും, വളർത്തുമൃഗങ്ങൾ കൊല്ലപ്പെടുന്നതും, കൃഷി നശിപ്പിക്കപ്പെടുന്നതുമായ സംഭവങ്ങൾ പരക്കെ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്.

അത്യന്തം ആശങ്കാജനകമായ രീതിയിൽ വർധിച്ചുകൊണ്ടിരിക്കുന്ന വന്യമൃഗ ശല്യമാണ് ഇപ്പോൾ സജീവമായിരിക്കുന്ന ചർച്ചകൾക്കും പ്രക്ഷോഭങ്ങൾക്കും അടിസ്ഥാനം. ഒരു പതിറ്റാണ്ടു മുമ്പുവരെ കേട്ടുകേൾവിപോലുമില്ലാതിരുന്ന വിധത്തിൽ, വന്യമൃഗങ്ങളെ ഭയപ്പെടേണ്ടതില്ലാതിരുന്ന ഇടങ്ങളിൽ ആക്രമണങ്ങൾ പതിവായിരിക്കുന്നതും, വലിയൊരു ജനവിഭാഗം തികഞ്ഞ അരക്ഷിതാവസ്ഥയിൽ അകപ്പെട്ടിരിക്കുന്നതും ഇപ്പോഴത്തെ പ്രത്യേകതയാണ്. മുമ്പൊരിക്കലുമില്ലാത്ത ഭീതി വിവിധ ജില്ലകളിലെ ജനങ്ങളെയാകെ ഗ്രസിച്ചിരിക്കുന്നു. വന്യമൃഗ ആക്രമണങ്ങൾ സംബന്ധിച്ച ഒന്നിലേറെ വർത്തകളില്ലാതെ കടന്നുപോകുന്ന ദിനങ്ങൾ കേരളത്തിനില്ല എന്നുതന്നെ പറയാം. വർഷങ്ങൾക്ക് മുമ്പുതന്നെ വളരെ ഗൗരവമായി പരിഗണിക്കപ്പെടുകയും പരിഹാരം കണ്ടെത്തുകയും ചെയ്യേണ്ടിയിരുന്ന ഇത്തരമൊരു പ്രതിസന്ധിയെ ഇന്നും നിസാരവൽക്കരിക്കുകയും അവഗണിക്കുകയും ചെയ്യുന്ന ഭരണകൂട - ഉദ്യോഗസ്ഥ നിലപാടുകളും പരസ്പരം പഴിചാരിയും മത്സരിച്ചും ദുരിതവേളകളിൽ മുതലെടുപ്പുകൾ നടത്താൻ ശ്രമിക്കുന്ന രാഷ്ട്രീയ നേതൃത്വങ്ങളുമാണ് ഇവിടെ യഥാർത്ഥ വെല്ലുവിളികൾക്ക് കളമൊരുക്കുന്നത്.



www.malankaralibrary.com

ഇന്ന് വന്യമൃഗ ആക്രമണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന പ്രദേശങ്ങളിൽ തലമുറകളായി നിയമാനുസൃതം ജീവിച്ചുപോരുന്ന പതിനായിരക്കണക്കിന് കുടുംബങ്ങളുടെ ഭാവി വളരെ പെട്ടെന്ന് ഇരുളടഞ്ഞതായി മാറിയ സാഹചര്യം എന്തുകൊണ്ട് ഉടലെടുത്തു എന്നുള്ളതിന് വ്യക്തമായ വിശദീകരണം നൽകേണ്ടത് ഉത്തരവാദിത്തപ്പെട്ടവർ തന്നെയാണ്. ഇന്ന് ഈ ജനത അഭിമുഖീകരിക്കുന്ന പ്രതിസന്ധികളെ അതിജീവിക്കാൻ ശക്തമായ പിന്തുണ നൽകേണ്ടതും അവരുടെ ചുമതലയാണ്. കേന്ദ്ര സംസ്ഥാന ഭരണകൂടങ്ങൾക്കും പ്രത്യേകിച്ച്, വനം വന്യജീവി വകുപ്പുകൾക്കും ഈ ഉത്തരവാദിത്തത്തിൽനിന്ന് ഒഴിഞ്ഞുമാറാൻ കഴിയില്ല. ആത്യന്തികമായി പൗരന്മാരുടെ സുരക്ഷിതത്വം ഭരണകൂടത്തിന്റെ ചുമതലയാണെന്നിരിക്കെ, അത് മറന്നോ അവഗണിച്ചോ വന്യജീവികളെ സംരക്ഷിക്കാനുള്ള അമിതാവേശം യുക്തിരഹിതമാണ്. വന്യമൃഗങ്ങളുടെയും വനത്തിന്റെയും സുരക്ഷ പ്രധാനമാണ് എന്നിരിക്കിലും, മനുഷ്യന്റെ സുരക്ഷിതത്വം കൂടുതൽ പ്രധാന്യമർഹിക്കുന്നു.

## വന്യമൃഗ ആക്രമണങ്ങൾ കെട്ടുകഥയല്ല

ഏതാനും ആഴ്ചകൾക്ക് മുമ്പ് ഒരു കടുവ കൂട്ടിൽ അകപ്പെട്ടതോടെ വയനാട്ടിലെ മുള്ളൻകൊല്ലി പ്രദേശത്തെ കടുവ ഭീതിക്ക് അന്ത്യമായി എന്ന് ആശ്വസിച്ച ഒരു രാത്രി ഇരുട്ടി വെളുത്തപ്പോൾ കേട്ട വാർത്ത അതേ പ്രദേശത്ത് മറ്റൊരു കടുവ പ്രത്യക്ഷപ്പെട്ടിരിക്കുന്നു എന്നുള്ളതായിരുന്നു. ഏറ്റവും അടുത്ത വനമേഖലയിൽനിന്ന് അഞ്ചു കിലോമീറ്ററിൽ കുറയാത്ത ദൂരമുള്ള ജനവാസമേഖലയിൽനിന്നാണ് കടുവ കൂട്ടിൽ അകപ്പെട്ടതും തൊട്ടടുത്തദിവസം മറ്റൊരു കടുവയെ കാണാനിടയായതും. വയനാട്ടിലെയും പരിസരപ്രദേശങ്ങളിലെയും പലയിടങ്ങളിൽ ഒരേ സമയം കടുവകളുടെ സാന്നിധ്യം റിപ്പോർട്ട് ചെയ്യപ്പെടുന്നതിനാൽ പല കടുവകൾ ജനവാസ മേഖലകളിൽ പതിവായെത്തുന്നുണ്ട് എന്നതിൽ തർക്കമില്ല. അഞ്ചു കിലോമീറ്ററെങ്കിലും സമീപത്ത് വനമുള്ള ജനവാസ മേഖലകളുടെ കണക്കെടുത്താൽ അത് വയനാട്ടിലെ ഗ്രാമീണ മേഖലകളിൽ വലിയൊരു പങ്കുവരും. ഒരു പതിറ്റാണ്ടു മുമ്പുവരെ വനത്തിലൂടെ കിലോമീറ്ററുകളോളം സഞ്ചരിച്ചാൽപോലും കണ്ടെത്തുക എളുപ്പമല്ലാതിരുന്ന കടുവകൾ പരസ്യമായി ജനങ്ങൾക്കിടയിലേക്ക് ഇറങ്ങിത്തുടങ്ങിയിരിക്കുന്ന പ്രതിഭാസം ശരിയായ പഠനങ്ങൾക്ക് വിധേയമാക്കേണ്ടതുണ്ട്.

കടുവകൾ മാത്രമല്ല, ആനകളും, കാട്ടുപോത്തുകളും, കരടികളും മുതൽ കാട്ടുപന്നി കൂട്ടങ്ങളും കുരങ്ങിൻ കൂട്ടങ്ങളും വരെ ജനവാസമേഖലകളിൽ പതിവുകാഴ്ചയായി മാറിക്കഴിഞ്ഞിരിക്കുന്നു. ഇതൊന്നും വനത്തിന്റെ സമീപ പ്രദേശങ്ങളിലല്ല, മറിച്ച് വനമേഖലയിൽനിന്ന് ദൂരെയുള്ള ജനവാസമേഖലകളിലേയ്ക്ക് എത്തിക്കൊണ്ടിരിക്കുന്നു എന്നുള്ളതാണ് ഇപ്പോൾ സംഭവിച്ചിരിക്കുന്ന ഗൗരവതരമായ മാറ്റം. വനത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ എന്താണ് എന്ന് വിലയിരുത്തപ്പെടുകയും പരിഹാരം കണ്ടെത്തുകയും വേണം. വനത്തിന്റെ സന്തുലിതാവസ്ഥ നഷ്ടപ്പെടുന്ന വിധത്തിൽ ചിലയിനം വന്യമൃഗങ്ങളുടെ എണ്ണത്തിലുണ്ടാകുന്ന വർധനകളോ, ഉൾക്കാടുകളിൽ രൂപപ്പെടുന്ന ഭക്ഷ്യ ജല ദൗർലഭ്യമോ തുടങ്ങി വന്യമൃഗങ്ങൾ നാട്ടിലേക്കിറങ്ങാൻ കാരണമാകുന്നത് എന്ത് തന്നെയായായാലും അതിന് ശാശ്വതമായ പരിഹാരം ആവശ്യമാണ്.

വന്യമൃഗ ആക്രമണങ്ങൾ വിവിധ ജില്ലകളിൽ പ്രതിദിനം വർധിച്ചുകൊണ്ടിരിക്കുന്ന പ്രത്യേക സാഹചര്യത്തെ അത്യന്തം ഗൗരവത്തോടെ ഭരണകൂടവും ജനപ്രതിനിധികളും പരിഗണിക്കേണ്ടതുണ്ട്. ജനങ്ങളുടെ ആശങ്കയും, പ്രത്യക്ഷമായും പരോക്ഷമായും അനേകായിരങ്ങളുടെ ജീവിതം വഴിമുട്ടിയ അവസ്ഥയും നിസാരവൽക്കരിക്കാനാവുന്നതല്ല. കേന്ദ്ര സംസ്ഥാന ഭരണകൂടങ്ങളുടെ സംയോജിത ഇടപെടലുകളിലൂടെ മാത്രം പരിഹരിക്കാനാവുന്ന പ്രതിസന്ധികളാണ് ഇവ എന്നുള്ളതാണ് വാസ്തവം. ഇത്തരമൊരു പശ്ചാത്തലത്തിലും, പരസ്പരം പഴിചാരിയും ഉത്തരവാദിത്തങ്ങളും ചുമതലകളും തങ്ങളുടേതല്ലെന്ന് വാദിച്ചും പ്രതിസന്ധികളിൽനിന്ന് ഒളിച്ചോടാനാണ് ഭരണാധികാരികൾ ശ്രമിക്കുന്നതെന്ന സന്ദേഹമാണ് ഇന്ന് ജനങ്ങൾക്കുള്ളത്. യുക്തമായ സർക്കാർ ഇടപെടലുകളും കോടതി ഇടപെടലുകളും ഉണ്ടാകാതെ പോകുന്നത് ജനങ്ങളെ കൂടുതൽ അരക്ഷിതാവസ്ഥയിലേയ്ക്കും നിരാശയിലേയ്ക്കും നയിക്കുന്നു.

## ദുഷ്പ്രചരണങ്ങൾ സൃഷ്ടിക്കുന്ന ആശയക്കുഴപ്പങ്ങൾ

കേരളത്തിലെ വിവിധ ജില്ലകളിലെ പതിനായിരക്കണക്കിന് കുടുംബങ്ങൾ ഇതുവരെയില്ലാത്ത പ്രതിസന്ധികളെ നേരിടുന്നു എന്ന നഗ്ന യാഥാർഥ്യത്തിന് പുകമറ സൃഷ്ടിക്കുന്ന വിധത്തിൽ വ്യാജ ആരോപണങ്ങളും ദുഷ്പ്രചാരണങ്ങളും നടത്തിക്കൊണ്ടിരിക്കുന്ന സ്ഥാപിത തല്പരരുടെ ഇടപെടലുകളും പ്രചാരണങ്ങളും മുഖ്യധാരാ മാധ്യമങ്ങളിലും സമൂഹമാധ്യമങ്ങളിലും സജീവമാണ്. വന്യ മൃഗ ആക്രമണങ്ങളാൽ പൊറുതിമുട്ടിയ ജനങ്ങളെ ശത്രുപക്ഷത്ത് നിർത്തുകയും, അവരുടെ ആശങ്കകളെ തൃണവദ്ഗണിക്കുകയും ചെയ്യുന്ന വാദഗതികളാണ് ഇത്തരക്കാർ ഉയർത്തികാട്ടുന്നത്. വന്യമൃഗ ആക്രമണങ്ങൾക്ക് ഇരകളാകുന്നവർ തന്നെയാണ് അതിന് ഉത്തരവാദികളും എന്ന അടിസ്ഥാന രഹിത ആരോപണം നിഷ്കരുണം ആവർത്തിക്കുന്നവരുണ്ട്.

ഒരു പ്രശസ്ത പ്രസിദ്ധീകരണത്തിന്റെ സമീപകാലത്തെ കവർ ചിത്രത്തിലെ പ്രധാന തലക്കെട്ട് "കാട്ടിലേക്ക് മനുഷ്യർ, നാട്ടിലേക്ക് മൃഗങ്ങൾ" എന്നായിരുന്നു. കുടിയേറ്റക്കാരും മലയോര നിവാസികളും വനം കയ്യേറുന്നു എന്ന പൊള്ളയായ ആരോപണമാണ് ചിലർ നിരന്തരം ആവർത്തിക്കുകയും അതുവഴി ഒരു വലിയ വിഭാഗത്തെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നത്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ ഭക്ഷ്യ ക്ഷാമം പരിഹരിക്കുന്നതിനായി ജവഹർലാൽ നെഹ്റു സർക്കാർ അവതരിപ്പിച്ച പ്രത്യേക പദ്ധതിയായ "grow more food campaign" ആണ് ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തിൽ കേരളത്തിലും കർഷക കുടിയേറ്റത്തിന് ആക്കം കൂട്ടിയത്. സർക്കാർ കൃഷി സാധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തി പത്രപരസ്യങ്ങളിലൂടെയും മറ്റും കർഷകരിലേയ്ക്ക് വിവരമെത്തിക്കുകയും കുടിയേറ്റത്തിന് എല്ലാവിധ പ്രോത്സാഹനങ്ങളും നൽകുകയും ചെയ്തിരുന്നു. അങ്ങനെ കൃഷിക്ക് ഉയർന്ന സാധ്യതയുള്ള മേഖലകളിലേക്ക് തിരുവിതാംകൂർ ഭാഗത്തുനിന്നുള്ള കർഷകർ കൂട്ടത്തോടെ ചേക്കേറി. സ്വാതന്ത്ര്യം ലഭിക്കുന്നതിന് മുമ്പുതന്നെ അത്തരം മേഖലകളിലെ കൃഷി സാദ്ധ്യതകൾ മനസിലാക്കി കുടിയേറിയിരുന്ന ചിലരുടെ മാതൃകകളും അനേകർക്ക് പ്രോത്സാഹനം പകർന്നു.

www.malankaralibrary.com

ഇത്തരത്തിലുള്ള കുടിയേറ്റങ്ങളെല്ലാം ആ മേഖലകളിലെ ജന്മിമാരുടെയും ദേവസ്വങ്ങളുടെയും മറ്റും ഭൂമി പണം നൽകി നിയമാനുസൃതം വാങ്ങിക്കൊണ്ടുള്ളതായിരുന്നു. താരതമ്യേന ചെറിയ വിലയ്ക്ക് സ്ഥലം ലഭ്യമായിരുന്നു എന്നുള്ളതായിരുന്നു വ്യാപകമായ കുടിയേറ്റത്തിന് മറ്റൊരു പ്രചോദനം. വനം കയ്യേറി കൃഷിയിടങ്ങളാക്കി മാറ്റി എന്ന ചില തൽപരകക്ഷികളുടെ ആരോപണം വാസ്തവ വിരുദ്ധമാണ്. അക്കാലത്തും നിലവിലുണ്ടായിരുന്ന കർശനമായ വനനിയമങ്ങൾ പ്രകാരം വനത്തിലേക്ക് അതിക്രമിച്ചുകയറാൻ കർഷകർക്ക് കഴിയുമായിരുന്നില്ല. കൃഷിചെയ്യാതെ കിടന്നിരുന്ന ഭൂമിയിൽ ആദ്യകാലങ്ങളിൽ വന്യമൃഗങ്ങളുടെ സാന്നിധ്യം അപൂർവ്വമായിരുന്നില്ല എന്നുള്ളത് ഒരു വാസ്തവം തന്നെയാണ്. എന്നാൽ, കൃഷി ആരംഭിച്ചതോടെ വന്യമൃഗങ്ങൾ വനഭൂമിയിലേയ്ക്ക് പിൻവാങ്ങി. ക്രമേണ കുടിയേറ്റ മേഖലകളിൽ വനാതിർത്തികളോട് ചേർന്നുകിടക്കുന്ന ചിലയിടങ്ങളിലൊഴികെ മറ്റൊരിടത്തും വന്യമൃഗശല്യം ഇല്ലാതായി. തുടർന്നുള്ള അഞ്ചോ ആറോ പതിറ്റാണ്ടുകൾക്കിടയിൽ വന്യമൃഗ ശല്യം യാതൊരു വിധത്തിലും ഉണ്ടാകാത്തതോ വളരെ അപൂർവ്വമോ ആയിരുന്ന പ്രദേശങ്ങളാണ് ഇന്ന് ആനയുടെയും കടുവയുടെയും കാട്ടുപോത്തിന്റെയും കാട്ടുപന്നിക്കൂട്ടങ്ങളുടെയും വിഹാരകേന്ദ്രങ്ങളായി മാറിയിരിക്കുന്നത്.

മുൻകാലങ്ങളിൽ അനധികൃത മൃഗവേട്ടയും മരംമുറിയും നടന്നിരുന്നെങ്കിൽ ചില പതിറ്റാണ്ടുകളായി കേരളത്തിലെ വനമേഖലകളിൽ അപ്രകാരമുള്ള കടന്നുകയറ്റങ്ങൾ ഒന്നുംതന്നെയില്ല. റിസർവ്ഡ്, സംരക്ഷിത വനമേഖലകളിലേയ്ക്ക് യാതൊരുവിധ മാനുഷിക ഇടപെടലുകളും ഇല്ലാത്ത ഈ കാലഘട്ടത്തിലാണ് വന്യമൃഗങ്ങൾ വ്യാപകമായി ജനവാസമേഖലകളിലേയ്ക്ക് ഇറങ്ങുന്നത് എന്നുള്ളതാണ് വാസ്തവം. കടുവകളുടെയും ആനകളുടെയും മറ്റ് വന്യജീവികളുടെയും എണ്ണം കഴിഞ്ഞ ചില വർഷങ്ങൾക്കിടയിൽ ക്രമാതീതമായി വർധിച്ചതാണ് പ്രധാന കാരണമെന്ന ആരോപണങ്ങൾ ശക്തമാണ്. അത്തരം വാദഗതികളെ സാധൂകരിക്കുന്ന വിധത്തിലുള്ള വിവിധ പഠനറിപ്പോർട്ടുകൾ ലഭ്യമാണെങ്കിലും, കഴിഞ്ഞ വർഷം കേരള വനം വന്യജീവി വകുപ്പ് പുറത്തിറക്കിയ റിപ്പോർട്ടിൽ അതിന് വിപരീതമായ ചില കണക്കുകളാണ് അവതരിപ്പിച്ചിരിക്കുന്നത്. 2020 ൽ കേന്ദ്രസർക്കാർ പുറത്തുവിട്ട കണക്കുകൾ പ്രകാരം വയനാട് വന്യജീവി സങ്കേതത്തിൽ 154 കടുവകളാണ് (ചില അനൗദ്യോഗിക കണക്കുകൾ പ്രകാരം അത് 200 ന് മേലെയാണ്) ഉള്ളതെങ്കിൽ, കഴിഞ്ഞ വർഷം സംസ്ഥാന സർക്കാർ പുറത്തുവിട്ട കണക്കിൽ എൺപത് കടുവകൾ മാത്രമാണുള്ളത്. അതായത് 74 കടുവകളുടെ എണ്ണക്കുറവ്. സമീപകാലങ്ങളായി വർധിച്ചുവരുന്ന ആരോപണങ്ങളെ പ്രതിരോധിക്കാനായി കൃത്രിമമായി സൃഷ്ടിച്ച കണക്കുകളാണ് പുതിയ റിപ്പോർട്ടിലേത് എന്നാണ് പ്രധാന വിമർശനം.

കേരള വനം വകുപ്പിന്റെ വാദഗതിയെ ഏറ്റെടുത്തുകൊണ്ട് ഒരു വിഭാഗം പരിസ്ഥിതി മൗലിക വാദികൾ കർഷകർക്കും കർഷക സംഘടനകൾക്കും എതിരായ ആരോപണങ്ങളും കോടതി വ്യവഹാരങ്ങളുമായി പൂർവ്വാധികം ശക്തിയോടെ രംഗപ്രവേശം ചെയ്തിരിക്കുന്നു. കണക്കുകൾ നിരത്തിയുള്ള ഏറ്റുമുട്ടലുകൾ ചില കോണുകളിൽ പുരോഗമിക്കുന്നതോടൊപ്പം വന്യമൃഗങ്ങളുടെ ജനവാസമേഖലകളിലേക്കുള്ള കടന്നുകയറ്റവും വർധിച്ചുകൊണ്ടിരിക്കുന്നതാണ് വിരോധാഭാസം. കണക്കുകളിൽ തിരിമറികൾ നടത്തി എത്രമാത്രം പുകമറ സൃഷ്ടിക്കാൻ ശ്രമിച്ചാലും, വന്യജീവി ആക്രമണങ്ങളുടെ രൂക്ഷത വയനാട്ടിലും ഇടുക്കിയിലും മാത്രമല്ല കേരളത്തിലെമ്പാടും കുത്തനെ ഉയരുകയാണ് എന്നുള്ളത് ഒരു തികഞ്ഞ യാഥാർഥ്യമാണ്. കണക്കുകളിലെ പിഴവുകളല്ല, ജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധികളാണ് ആത്യന്തികമായി പരിഹരിക്കപ്പെടേണ്ടത്.

## എന്താണ് പരിഹാരം?

വനവും വന്യജീവികളും പരിരക്ഷിക്കപ്പെടേണ്ടതുണ്ട്. പ്രത്യക്ഷമോ പരോക്ഷമോ ആയ മനുഷ്യന്റെ ഇടപെടലുകൾ നിമിത്തം പരിസ്ഥിതിക്ക് കോട്ടംതട്ടാൻ പാടില്ല. ഇക്കാര്യങ്ങൾ ഗൗരവബുദ്ധിയോടെ പരിഗണിക്കുന്നതിനൊപ്പം തന്നെ മനുഷ്യജീവനും അവരുടെ ജീവിതോപാധികൾക്കും സംരക്ഷണം ഉറപ്പുവരുത്താനും സർക്കാരിന് കഴിയണം. വനം വനമായും ജനവാസമേഖലകൾ ജനവാസമേഖലകളായും ആരോഗ്യകരമായി സംരക്ഷിക്കപ്പെടണം. ജനാധിപത്യ സർക്കാർ എന്ന നിലയിൽ ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷിതത്വത്തിനും ഉയർന്ന പരിഗണന നൽകുവാൻ ഭരണ നേതൃത്വങ്ങൾക്ക് ബാധ്യതയുണ്ട്. അന്താരാഷ്ട്ര കരാറുകളും, സർക്കാരുകൾ ഏറ്റെടുക്കുന്നതോ വന്നുചേരുന്നതോ ആയ മറ്റു ബാധ്യതകളും ജനങ്ങൾക്ക് വെല്ലുവിളികളായി മാറാൻ പാടില്ല. അക്കാര്യത്തിൽ സുതാര്യത പുലർത്തുകയാണ് സർക്കാർ സംവിധാനങ്ങൾ അടിയന്തിരമായി ചെയ്യേണ്ടത്.

മനുഷ്യജീവന് ഭീഷണിയായി മാറുന്ന വന്യമൃഗങ്ങളെ ഫലപ്രദമായി നിയന്ത്രിക്കാൻ ലോകരാജ്യങ്ങൾ സ്വീകരിച്ചുവരുന്ന നിരവധി മാർഗ്ഗങ്ങളുണ്ട്. വന്യമൃഗങ്ങളുടെ ക്രമാതീതമായ വർദ്ധനവ് എല്ലാ കാലത്തും എല്ലാ രാജ്യങ്ങളിലും ആരോഗ്യകരമായി ക്രമീകരിക്കപ്പെട്ടുപോരുന്നു. മനുഷ്യ ജീവനും മനുഷ്യരുടെ സ്വൈര്യ ജീവിതത്തിനും വെല്ലുവിളിയായി മാറിയ സിംഹം, ചീങ്കണ്ണി, ഹിപ്പോപൊട്ടാമസ് തുടങ്ങിയ വന്യമൃഗങ്ങളെ പലപ്പോഴായി ഉന്മൂലനം സംഭവങ്ങൾ കെനിയ, ഓസ്ട്രേലിയ, നേപ്പാൾ തുടങ്ങിയ രാജ്യങ്ങളിൽ സമീപകാലത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. മനുഷ്യരെ ആക്രമിച്ച് കൊലപ്പെടുത്തിയ കടുവകളെയും പുലികളിയും വെടിവച്ചുകൊല്ലാൻ ഉത്തരവിട്ട സംഭവങ്ങൾ കേരളത്തിലും മറ്റു ചില സംസ്ഥാനങ്ങളിലും ഉണ്ടായിട്ടുണ്ട്. വന്യമൃഗങ്ങൾ മനുഷ്യജീവന് ഭീഷണിയായി തുടരുന്ന സാഹചര്യത്തിൽ അവയെ ഉന്മൂലനം ചെയ്യാൻ ലോകത്ത് ഒരു രാജ്യങ്ങളും മടികാണിക്കാറില്ല. മനുഷ്യജീവന് കൂടുതൽ വിലയുള്ളതായി പരിഗണിക്കുന്നതാണ് അതിന് കാരണം.

മുൻകാലങ്ങളിൽ മനുഷ്യന് ഭീഷണിയാകുന്ന വന്യമൃഗങ്ങളെ വ്യാപകമായി കൊന്നൊടുക്കിയ ചരിത്രം ഇക്കാലത്ത് ആവർത്തിക്കാതിരിക്കുന്നതിന് കാരണമുണ്ട്. മനുഷ്യ - വന്യ മൃഗ സംഘർഷ (man animal conflict) സാദ്ധ്യതകൾ ഫലപ്രദമായി കുറച്ചുകൊണ്ടുവരാൻ ഏതാണ്ട് എല്ലാ രാജ്യങ്ങൾക്കും കഴിഞ്ഞിരിക്കുന്നു. ശാസ്ത്രീയമായ രീതിയിൽ ഇന്ന് കാണുന്ന വന്യമൃഗ ആക്രമണ സാധ്യതകളെ നിയന്ത്രിക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയാണ് ഇവിടെയും ആവശ്യം. അത്തരം ഗൗരവതരമായ നീക്കങ്ങളും ഇടപെടലുകളും ഇതുവരെ

www.malankaralibrary.com



യും കേരളത്തിൽ ഉണ്ടായിട്ടില്ല എന്നതാണ് വാസ്തവം. അക്കാരണത്താൽ ചില സ്ഥാപിത താൽപ്പര്യങ്ങൾ ഉദ്യോഗസ്ഥ വൃന്ദങ്ങളെയും ബന്ധപ്പെട്ട സർക്കാർ വകുപ്പുകളെയും ഗ്രസിച്ചിരിക്കുന്നു എന്ന സന്ദേഹത്തിന് കാലം കഴിയുംതോറും തീവ്രത വർധിക്കുകയാണ്.

പരിസ്ഥിതി സംരക്ഷണത്തിനുള്ള സ്വാഭാവികമായ താൽപ്പര്യങ്ങൾക്കപ്പുറം, അത് മൗലിക വാദമായി രൂപാന്തരപ്പെടുകയും മനുഷ്യരുടെ ജീവൽ പ്രശ്നങ്ങളെ വിലകുറച്ചുകാണുകയും ചെയ്യുന്ന പ്രവണത നിയന്ത്രിക്കപ്പെടേണ്ടതുണ്ട്. വന്യമൃഗങ്ങൾ എന്ന ലേബലുണ്ടെങ്കിൽ അത് ഏത് ജീവിയാണെങ്കിലും മനുഷ്യജീവനെക്കാളും അവന്റെ ജീവിതോപാധികളെക്കാളും മൂല്യവത്താണ് എന്ന അബദ്ധ ധാരണ ഒരു വിഭാഗത്തിനുണ്ട്. വനം കണ്ടിട്ടില്ലാത്ത കാട്ടുപന്നികൾക്കും, കാട്ടു മുയലുകൾക്കും പോലും ലഭിക്കുന്നത് പലപ്പോഴും അത്തരമൊരു പരിഗണനയാണ്. വനസംരക്ഷണത്തിന് ഉയർന്ന പ്രാധാന്യം കൊടുക്കുന്ന അമേരിക്ക, കാനഡ, ഇംഗ്ലണ്ട്, ഓസ്ട്രേലിയ, ന്യൂസിലാൻഡ്, സ്വീഡൻ തുടങ്ങിയ ഒട്ടേറെ വികസിത രാജ്യങ്ങൾ ചില സീസണുകളിൽ വന്യമൃഗങ്ങളെ വേട്ടയാടാനുള്ള ലൈസൻസ് പൗരന്മാർക്ക് അനുവദിച്ചുവരുന്നുണ്ട്. മൃഗ വേട്ടയ്ക്ക് വ്യാപകമായി ലൈസൻസ് നൽകണമെന്ന ആവശ്യം ഇന്ത്യയിൽ ആരും ഉയർത്തുന്നില്ലെങ്കിലും, വ്യാപകമായ കൃഷിനാശത്തിനും ജീവാപായത്തിനും കാരണമാകുന്ന കാട്ടുപന്നികൾ പോലുള്ള മൃഗങ്ങളെപ്പോലും കൊല്ലുന്നതിന് നിലവിലുള്ള നിയന്ത്രണങ്ങൾ അവശ്യ ഘട്ടങ്ങളിൽ പിൻവലിക്കപ്പെടേണ്ടതുണ്ട്. ഒപ്പം, മറ്റു ജീവികൾ മനുഷ്യജീവനും സ്വത്തിനും ഭീഷണിയായി തുടരുന്ന ഘട്ടങ്ങളിൽ അവയെയും ക്രമീകൃതമായി ഉന്മൂലനം ചെയ്യാൻ അധികൃതർ മടികാണിക്കരുത്.

സാഹചര്യങ്ങളെ അതിന്റെ പൂർണ്ണ ഗൗരവത്തിൽ ഉൾക്കൊണ്ടുകൊണ്ടും, യാഥാർഥ്യ ബോധത്തോടെയുമുള്ള നിയമനിർമ്മാണങ്ങളും നയരൂപീകരണങ്ങളുമാണ് ഈ ഘട്ടത്തിൽ അത്യാവശ്യം. വന്യജീവികളുടെ എണ്ണം ക്രമീകരിക്കാനും വന്യജീവികൾ ജനവാസമേഖലകളിലേയ്ക്ക് പ്രവേശിക്കുന്നത് തടയാനും ആവശ്യമായ നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ സ്വീകരിക്കണം. ആയിരക്കണക്കിന് ഹെക്ടർ വനം വെട്ടിമാറ്റി തേക്ക് ഉൾപ്പെടെയുള്ള മറ്റുചില വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചിരിക്കുന്നത് വയനാട് വന്യജീവി സങ്കേതത്തിലെ മൃഗങ്ങളുടെ സ്വാഭാവിക ആവാസവ്യവസ്ഥിതിയെ താറുമാറാക്കിയിട്ടുണ്ട്. വേനൽകാലത്ത് വനത്തിൽ ഭക്ഷണ ദൗർലഭ്യം ഉണ്ടാകാനുള്ള ഒരു പ്രധാന കാരണമാണ് ഇതെന്ന് റിപ്പോർട്ടുകൾ ഉണ്ട്. വനത്തിന്റെ സ്വാഭാവികത തിരികെ കൊണ്ടുവരുന്നതിനുള്ള നടപടികൾ വനംവകുപ്പ് ഉടനടി സ്വീകരിക്കണം. ഇന്റർനാഷണൽ ബിഗ് ക്യാറ്റ് അലയൻസ് അംഗ രാജ്യങ്ങളിലേക്ക് ഇവിടെ എണ്ണത്തിൽ കൂടുതലുള്ള കടുവകളെ കയറ്റി അയക്കണം. വന്യമൃഗങ്ങളുടെ എണ്ണം ക്രമീകരിക്കുന്നതിനും മനുഷ്യജീവന് ഭീഷണിയായ വന്യമൃഗങ്ങളെ കൊല്ലുന്നതിനും തടസം സൃഷ്ടിക്കുന്ന ഇടക്കാല ഉത്തരവുകളും സർക്കുലറുകളും റദ്ദാക്കണം. സർവ്വോപരി, ഇനി ഒരു മനുഷ്യ ജീവനും വന്യമൃഗങ്ങൾ അപഹരിക്കാത്ത ഭാവിക്കായി കേന്ദ്ര സംസ്ഥാന സർക്കാരുകളും സംഘടനകളും ഒത്തൊരുമിച്ചു പ്രവർത്തിക്കണം.

www.malankaralibrary.com



# കലാലയങ്ങളിലെ കലാപ രാഷ്ട്രീയം

വയനാട് പൂക്കോട് വെറ്ററിനറി കോളേജിൽ നടന്ന ആൾക്കൂട്ട വിചാരണയും സിദ്ധാർത്ഥൻ എന്ന വിദ്യാർത്ഥിയുടെ മരണവും മനഃസാക്ഷിയുള്ള സകലരിലും നടുക്കമുളവാക്കി. ലോകയുദ്ധകാലങ്ങളിൽ കോൺസൻട്രേഷൻ ക്യാമ്പുകളിൽ നടന്നിട്ടുള്ളതായി ചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുള്ള രീതിയിൽ, സുഹൃത്തുക്കളും സഹപാഠികളും നോക്കിനിൽക്കെ മണിക്കൂറുകളോളം ബന്ധനസ്ഥനാക്കപ്പെട്ട് ദാഹജലം പോലും നിഷേധിക്കപ്പെട്ട് മരണത്തിലേയ്ക്ക് നീങ്ങുകയായിരുന്നു ആ യുവാവ്. സിദ്ധാർത്ഥന്റെ മരണത്തിന് ദിവസങ്ങൾക്ക് ശേഷം ചുരുളഴിഞ്ഞ കൊടുംക്രൂരതയുടെ കഥകൾ ലോകത്തിന് മുന്നിൽ കേരള സമൂഹത്തിന് മുഴുവൻ അപമാനകരമാണ്. മുമ്പും ഇത്തരത്തിലുള്ള ആൾക്കൂട്ട വിചാരണകൾ ആ കാമ്പസിൽ നടന്നിട്ടുണ്ട് എന്നാണ് അന്വേഷണ ഉദ്യോഗസ്ഥർ വെളിപ്പെടുത്തിയത്.

ഇത്രമാത്രം ക്രൂരവും പൈശാചികവുമായ പ്രവൃത്തികൾ ഒരു കലാലയത്തിലെ വിദ്യാർത്ഥികളുടെ ഭാഗത്തു നിന്നുണ്ടാകുന്നത് അംഗീകരിക്കാനാവുന്നതല്ല. കലാലയ രാഷ്ട്രീയ സംഘടനകൾ നൽകുന്ന പിൻബലമാണ് എന്തിനും മടിക്കാത്ത മാനസികാവസ്ഥയിലേക്ക് പലപ്പോഴും വിദ്യാർത്ഥിക്കൂട്ടങ്ങളെ എത്തിച്ചുകൊണ്ടിരിക്കുന്നത്. കലാലയ രാഷ്ട്രീയത്തിന്റെ പേരിൽ എന്തുമാകാമെന്നും, ഏതറ്റംവരെയും പുറത്തുള്ള രാഷ്ട്രീയ പാർട്ടികളും അതിന്റെ നേതാക്കളും കൂടെ നിൽക്കുമെന്നുമുള്ള ചിന്തകൾ മാരകായുധങ്ങൾ ഉപയോഗിച്ചുള്ള ആക്രമണങ്ങൾക്കും കൊലപാതകങ്ങൾക്കും പോലും മടിക്കാത്തവരാക്കി ഒരു വിഭാഗത്തെ എക്കാലവും മാറ്റിക്കൊണ്ടിരിക്കുന്നു.

കലാപകലുഷിതമായികൊണ്ടിരിക്കുന്ന കേരളത്തിലെ കലാലയ രാഷ്ട്രീയം സംബന്ധിച്ച് കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളായി വിവിധ ഹൈക്കോടതി ഇടപെടലുകൾ ഉണ്ടായിട്ടുണ്ട്. സമീപ കാലത്ത് മഹാരാജാസ് കോളേജിലെ കലാപാന്തരീക്ഷത്തിന്റെ പശ്ചാത്തലത്തിൽ എൻ. പ്രകാശൻ എന്ന വ്യക്തി നൽകിയ പൊതുതാൽപര്യ ഹർജി ഫയലിൽ സ്വീകരിച്ച ഹൈക്കോടതി, കേസുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ, വിദ്യാഭ്യാസ വകുപ്പ്, പൊലീസ്, വിദ്യാർഥി സംഘടനകൾ തുടങ്ങിയവർക്ക് നോട്ടീസ് അയയ്ക്കാൻ നിർദേശിച്ചിരുന്നു. ക്യാംപസുകളിൽ രാഷ്ട്രീയ പ്രവർത്തനങ്ങൾ നടത്തുന്നതും വിദ്യാർത്ഥി യൂണിയനുകൾ പ്രവർ



www.malankaralibrary.com

ത്തിക്കുന്നതും തടയണമെന്നും, അങ്ങനെ പൂർണമായും രാഷ്ട്രീയം ക്യാംപസുകളിൽ നിരോധിക്കണമെന്നുമാണ് ഹർജ്ജിക്കാരൻ ആവശ്യപ്പെട്ടിട്ടുള്ളത്. സമാനമായ ആവശ്യം പൂക്കോട് വെറ്ററിനറി കോളേജിലെ വിദ്യാർത്ഥിയുടെ മരണത്തെ തുടർന്നും കോടതിക്ക് മുന്നിൽ ഉയരുകയുണ്ടായി.

കേരളത്തിലെ കലാലയങ്ങളിലെ ദൗർഭാഗ്യകരമായ സംഭവങ്ങൾ നിസ്സഹായരായി കണ്ടുകൊണ്ടിരിക്കുന്ന ഏതൊരു സാധാരണ മലയാളിയുടെയും പ്രതിനിധിയായേ ഇത്തരം കേസുകളുമായി ബന്ധപ്പെട്ട് കോടതിയെ സമീപിക്കുന്നവരെയും നിലപാടുകൾ സ്വീകരിക്കുന്നവരെയും കാണാൻ കഴിയൂ. നമ്മുടെ സമൂഹത്തിൽ വളർന്നുകൊണ്ടിരിക്കുന്ന ആശങ്കകളുടെ ഫലമാണ് ഇത്തരം കേസുകൾ. രാഷ്ട്രീയ അടിമത്തത്തിൻ്റെയും, അക്രമ രാഷ്ട്രീയത്തിന്റെയും ചാലകമായി കലാലയ രാഷ്ട്രീയം അധഃപതിച്ചപ്പോൾ, വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം പോലും വിസ്മരിക്കപ്പെട്ടതിന്റെ ഫലമായുള്ള നിരവധി ദോഷഫലങ്ങൾക്ക് ഒട്ടേറെ കുടുംബങ്ങളും വിദ്യാർത്ഥിസമൂഹവും കേരളസമൂഹവും സാക്ഷിയായിട്ടുണ്ട്.

## പ്രസക്തി നഷ്ടപ്പെട്ട കലാലയ രാഷ്ട്രീയം

കലാലയ രാഷ്ട്രീയം എന്ന സങ്കൽപ്പം ലക്ഷ്യമാക്കിയിരുന്നത് വിദ്യാർത്ഥികളുടെ രാഷ്ട്രീയ അവബോധം, നേതൃത്വ ഗുണം, ജനാധിപത്യത്തിൻ്റെ ക്രിയാത്മകമായ സംവേദനം തുടങ്ങിയ നന്മകൾ ആയിരുന്നു. ആരോഗ്യമുള്ള യുവ മനസുകളിൽ രാഷ്ട്രബോധവും പൗരബോധവും വളർത്താനുതകുന്ന ഒരു പ്രായോഗിക സംവിധാനമായി വളർന്നു വരേണ്ടതായിരുന്നു ഇത്. കലാലയ കാലഘട്ടം പുസ്തകങ്ങൾ പഠിച്ച് പരീക്ഷകൾ ജയിക്കുവാൻ മാത്രമുള്ളതല്ല, ജീവിതത്തെയും ചുറ്റുപാടുകളെയും നിരീക്ഷിച്ചും ക്രിയാത്മകമായ രീതിയിൽ അവയിൽ ഇടപെട്ടും മാനവികമായ കാഴ്ചപ്പാടുകൾ വളർത്തിയെടുക്കാനും കൂടിയുള്ള കാലഘട്ടമാണ്. ആരോഗ്യകരമായ രാഷ്ട്രീയ ചിന്തകളും സാമൂഹികാവബോധവും വളർന്നുവരേണ്ട പ്രായവും അതുതന്നെയാണ്. മാത്രവുമല്ല, നേതൃപാടവമുള്ളവർ തിരിച്ചറിയപ്പെടുന്നതും പരിശീലിക്കപ്പെടുന്നതും ആ കാലഘട്ടത്തിൽത്തന്നെയാണ്. ആ പശ്ചാത്തലത്തിലാണ് കലാലയ രാഷ്ട്രീയത്തിന്റെ പ്രസക്തി വിലയിരുത്തപ്പെടേണ്ടത്. ദേശസുരക്ഷയെക്കുറിച്ചുള്ള അവബോധം വളർത്താനും പ്രതിരോധ സേനകളോട് ആഭിമുഖ്യം ജനിപ്പിക്കാനും സ്കൗട്ട്, എൻസിസി പോലുള്ള സംവിധാനങ്ങൾ വിദ്യാർത്ഥികളെ സഹായിക്കുന്നതുപോലെ പൗരബോധവും മികച്ച ആഭിമുഖ്യങ്ങളും അവരിൽ വളർത്താൻ മുൻകാലങ്ങളിൽ കലാലയ രാഷ്ട്രീയം സഹായകമായിരുന്നു.

എന്നാൽ, കാലക്രമേണ അർത്ഥം നഷ്ടപ്പെട്ട് പൊതു രാഷ്ട്രീയത്തിന്റെ മലീമസമായ സ്വാധീനം കലാലയ രാഷ്ട്രീയത്തെ - കേരളത്തിൽ പ്രത്യേകിച്ചും - മുച്ചൂടും അട്ടിമറിച്ചു. ഏതൊക്കെ വിധത്തിലുള്ള മലിനീകരണങ്ങൾ രാഷ്ട്രീയത്തിൽ കടന്നുകൂടിയോ അവയെല്ലാം വിദ്യാർത്ഥി രാഷ്ട്രീയത്തെ പ്രത്യക്ഷമായോ പരോക്ഷമായോ സ്വാധീനിച്ചു. വിവിധ രാഷ്ട്രീയ മുതലെടുപ്പുകൾക്ക് പാർട്ടികൾ കലാലയ രാഷ്ട്രീയ സംഘടനകളെ ഉപയോഗിച്ചുതുടങ്ങിയതും, അത്തരം ദുരുപയോഗങ്ങൾ വർധിച്ചുവന്നതും കലാലയങ്ങളിലെ രാഷ്ട്രീയത്തിൻ്റെ അപചയത്തിന് കാരണമാണ്.

അനാരോഗ്യകരമായ ആശയങ്ങൾ വിദ്യാർത്ഥികളിലേയ്ക്ക് കുത്തിവയ്ക്കാൻ വിദ്യാർത്ഥി സംഘടനാ സംവിധാനങ്ങളെ രാഷ്ട്രീയ പാർട്ടികളും വർഗീയ സംഘടനകളും ഉപയോഗിച്ചുവരുന്നുമുണ്ട്. ഇത്തരമുള്ള ദുരുപയോഗങ്ങളും കടന്നുകയറ്റങ്ങളും കലാലയങ്ങളെ പലപ്പോഴും കലാപഭൂമികളാക്കി മാറ്റി.

ഗുണ്ടകളെ വിലയ്ക്കെടുത്തും വളർത്തിയെടുത്തും വിവിധ രാഷ്ട്രീയ പാർട്ടികൾ പരസ്പരം ആക്രമിക്കുന്നതിന് സമാനമായി കാമ്പസുകളിൽ കത്തിക്കുത്തുകളും കൊലപാതകങ്ങളും നടക്കുന്നത് കൈകെട്ടി കണ്ടുനിൽക്കാൻ അവർക്ക് പ്രോത്സാഹനവും ആയുധങ്ങളും നൽകി, പിന്നിൽ മറഞ്ഞുനിൽക്കുന്ന ജനാധിപത്യബോധം നഷ്ടപ്പെട്ട നേതാക്കന്മാർക്ക് മാത്രമേ കഴിയൂ. സ്വന്തം മക്കളെയും, ബന്ധുക്കളെയും, വേണ്ടപ്പെട്ടവരെയും "വിദ്യ അഭ്യസിക്കാനായി" കലാലയത്തിലേയ്ക്ക് പറഞ്ഞയക്കുന്ന സാധാരണ ജനങ്ങൾക്ക് അതിനാവില്ല. അതുകൊണ്ട് തന്നെയാണ് സാമാന്യ ജനം ന്യായമായും കലാലയ രാഷ്ട്രീയത്തിന് എതിരായതും.

## അക്രമ ചരിതങ്ങൾ

പൂക്കോട് വിദ്യാർത്ഥി മരണപ്പെട്ട സംഭവവും, വിദ്യാർത്ഥി സംഘടനകൾ തമ്മിലുണ്ടായ സംഘർഷത്തിൽ മഹാരാജാസ് കോളേജിലെ ഒരു വിദ്യാർത്ഥിക്ക് കത്തിക്കുത്തേറ്റ സംഭവവും. ഏറെദിവസം കോളേജുകൾ അടച്ചിടേണ്ടതായി വന്ന സാഹചര്യവും ഒറ്റപ്പെട്ട സംഭവമല്ല. കലാലയത്തിലെ രാഷ്ട്രീയകലാപങ്ങളുടെ സമീപകാല ഉദാഹരണം മാത്രമാണ് ഇവ. മഹാരാജാസ് കോളേജിലെ വിദ്യാർത്ഥിയായിരുന്ന അഭിമന്യു ഏതാനും വർഷങ്ങൾക്ക് മുമ്പ് കാമ്പസിൽ കുത്തേറ്റ് പിടഞ്ഞുവീണ് മരിച്ച സംഭവം കേരളം മറന്നിട്ടുണ്ടാവില്ല. സജീവ സംഘടനാ പ്രവർത്തകനായിരുന്ന അഭിമന്യുവിന്റെ മരണം അദ്ദേഹം അംഗമായിരുന്ന സംഘടനയ്ക്ക് നേട്ടമായിരുന്നെങ്കിൽ അവന്റെ കുടുംബത്തിന് അത് തീരാ നഷ്ടമായിരുന്നു. സമീപകാലത്ത് കലാലയ രാഷ്ട്രീയം ജീവനെടുത്ത മറ്റൊരു വിദ്യാർത്ഥിയായിരുന്നു ഇടുക്കി പൈനാവ് ഗവണ്മെന്റ് എഞ്ചിനീയറിംഗ് കോളേജിലെ ധീരജ് രാജേന്ദ്രൻ. അവിടെയും നഷ്ടമുണ്ടായത് കുടുംബത്തിന് മാത്രം. അഭിമന്യുവിന്റെ മരണ ദിനമായ ജൂലൈ രണ്ടും, ധീരജിന്റെ മരണദിനമായ ജനുവരി പതിനൊന്നും എല്ലാ വർഷവും പതിവായി പാർട്ടിയുടെ വിവിധ ഘടകങ്ങൾ "സമുചിതമായി ആഘോഷിച്ചുവരുന്നു". കാമ്പസിലെ കത്തിക്കുത്തുകളുടെയും കൊലപാതകങ്ങളുടെയും ചരിത്രവും മേൽപ്പറഞ്ഞ സംഭവങ്ങളിൽ ഒതുങ്ങുന്നതല്ല. കേരളം നടുങ്ങിയ ഒട്ടേറെ കാഴ്ചകൾ വിവിധ ക്യാംപസുകളിൽനിന്ന് മാധ്യമങ്ങൾ കഴിഞ്ഞ ചില വർഷങ്ങൾക്കിടയിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ചെറുതും വലുതുമായ നിരവധി അക്രമ സംഭവങ്ങൾ വിവിധ കലാലയങ്ങളിൽ അരങ്ങേറുന്നുണ്ട്. ദിവസങ്ങളോളം കോളേജ് അടച്ചിടേണ്ടിവരുന്ന സംഭവങ്ങൾ വിരളമല്ല. തൃശ്ശൂർ കേരളവർമ്മ കോളേജിൽ ഇലക്ഷൻ സംബന്ധിച്ച് ഏതാനും മാസങ്ങൾക്ക് മുമ്പ് രൂപപ്പെട്ട കോലാഹലങ്ങളും, രാഷ്ട്രീയ ഇടപെടലുകളും അനേക ദിവസങ്ങൾ പഠിപ്പ് മുടങ്ങാനിടയായ സാഹചര്യവും സമീപകാല ഉദാഹരണമാണ്. പൗര ബോധത്തിനും പക്വമായ രാഷ്ട്രീയ ചിന്തകൾക്കും അതീതമായി വിപ്ലവ വീര്യവും അക്രമ ചിന്തകളും യുവമനസുകളിൽ കുത്തിവയ്ക്കപ്പെടുന്നതിന്റെ പരിണിതഫലമാണ്,

www.malankaralibrary.com

പഠനമെന്ന യഥാർത്ഥ ലക്ഷ്യത്തെ മറന്നുകൊണ്ട് മാത്സര്യ ബുദ്ധിയിലേയ്ക്കും വിദ്വേഷ മനസ്ഥിതിയിലേയ്ക്കും വിദ്യാർഥികൾ കൂട്ടത്തോടെ തിരിയുന്ന കാഴ്ച്ച. അക്രമരാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളുമായി വിദ്യാർത്ഥി കൂട്ടായ്മകൾക്കുള്ള ബന്ധം വിച്ഛേദിക്കപ്പെടുകയാണ് ഈ പ്രതിസന്ധിക്കുള്ള യഥാർത്ഥ പരിഹാരം.

## കോടതിയുടെ ഇടപെടലുകൾ

കലാലയ രാഷ്ട്രീയം സംബന്ധിച്ച് വളരെ നിർണ്ണായകമായ ഒരു കോടതി ഇടപെടൽ ഉണ്ടായത് 2003 ലാണ്. പാലാ സെന്റ് തോമസ് കോളേജിൽ വിദ്യാർത്ഥിയായിരുന്ന സോജൻ ഫ്രാൻസിസും എംജി യൂണിവേഴ്സിറ്റിയും കക്ഷികളായ ഒരു വ്യവഹാരത്തെ തുടർന്ന്, കലാലയത്തിൽ രാഷ്ട്രീയം അനുവദിക്കണമോ വേണ്ടയോ എന്ന കാര്യത്തിൽ കോളേജ് മാനേജ്മെന്റിന് തീരുമാനമെടുക്കാമെന്ന് ഹൈക്കോടതി ഉത്തരവിട്ടു. തുടർന്ന് 2004 ലും, 2006 ലും, 2007 ലുമായി ഇത്തരമൊരു നിലപാടിനെ ഉറപ്പിക്കുന്ന വിധികളും കോടതിയിൽനിന്നുണ്ടായി. കലാലയങ്ങളിൽ രാഷ്ട്രീയത്തിന് വളക്കൂറുള്ള മണ്ണ് രാഷ്ട്രീയ നേതാക്കൾ കണ്ടെത്തുന്നു എന്ന് 2007 ലെ വിധിയിൽ ഹൈക്കോടതി കുറ്റപ്പെടുത്തുകയുണ്ടായി.

കലാലയത്തിൽ രാഷ്ട്രീയ സംഘടനാ പ്രവർത്തനങ്ങൾ നിരോധിച്ചുകൊണ്ടുള്ള വിധിയായിരുന്നു 2006 ൽ ഉണ്ടായത്. പരാതികൾ ലഭിക്കുന്ന പക്ഷം പോലീസ് ഇടപെടണമെന്ന നിർദ്ദേശവും അന്ന് കോടതി നൽകുകയുണ്ടായിരുന്നു. കോടതി നിർദ്ദേശങ്ങൾ ഇപ്രകാരമായിരിക്കെയാണ് അവയെ കാറ്റിൽ പറത്തിക്കൊണ്ട് കലാലയങ്ങൾ കൊലക്കളങ്ങളും, രാഷ്ട്രീയ ഗുണ്ടകളുടെ വിഹാര കേന്ദ്രങ്ങളുമായി മാറുന്നത്. ഗവണ്മെന്റ് കോളേജുകളാണ് ഇക്കാര്യത്തിൽ "ഉത്തമ മാതൃകകളായി" നിലകൊള്ളുന്നത്. ഏതെങ്കിലും വിധത്തിൽ കലാലയ - കലാപ രാഷ്ട്രീയത്തെ നിയന്ത്രിക്കാനുള്ള നീക്കങ്ങൾ മഹാരാജാസ് പോലെയുള്ള കോളേജുകൾ സ്വീകരിച്ചിട്ടുള്ളതായി കരുതാനാവില്ല. അധ്യാപക - അനധ്യാപക യൂണിയനുകളുടെ പിന്നിലെ രാഷ്ട്രീയവും കലാലയ സംഘടനാ രാഷ്ട്രീയവും കൈകോർത്ത് പ്രവർത്തിക്കുന്ന കോളേജുകളാണ് നിയന്ത്രണാതീതമായ അവസ്ഥകളിലൂടെ കടന്നുപോകുന്നത് എന്നുള്ളതാണ് ഒരു വാസ്തവം. ഇക്കാര്യത്തിൽ സർക്കാർ പുലർത്തിവരുന്ന അനാസ്ഥയും അപലപനീയമാണ്. വിവിധ കോളേജുകളിലെ അക്രമ പ്രവർത്തനങ്ങളെയും അതിന് കാരണമാകുന്ന രാഷ്ട്രീയ ഇടപെടലുകളെയും നിയന്ത്രിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ ഇനിയും സർക്കാർ തയ്യാറായിട്ടില്ല.

കലാലയ രാഷ്ട്രീയത്തെയും സംഘടനകളുടെ പരിധിവിട്ട ഇടപെടലുകളെയും ഏറെക്കുറെ നിയന്ത്രണവിധേയമാക്കാനും കലാലയ രാഷ്ട്രീയത്തിന് വിലക്ക് ഏർപ്പെടുത്താനും ചില സ്വകാര്യ മാനേജ്മെൻറ് സ്ഥാപനങ്ങൾ ശ്രമിച്ചിട്ടുണ്ട്. അത്തരം കോളേജുകളിൽ ഇലക്ഷനുകളുമായി ബന്ധപ്പെട്ട പോലും അനേക വർഷങ്ങളായി വിദ്യാർത്ഥി സമരങ്ങളോ അക്രമ സംഭവങ്ങളോ ഇല്ല എന്നുള്ളത് കർശന നിയന്ത്രണങ്ങളുടെ സദ്ഫലമായി കാണാം. കലാലയ ഇലക്ഷനുകൾക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകാനായി കേന്ദ്ര ഉന്നത വിദ്യാഭ്യാസ വകുപ്പ് ചുമതലപ്പെടുത്തിയ ജെ. എം. ലിങ്ഡോ (J. M. Lyngdoh) കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പ്രകാരം സമാധാനപരമായി കാമ്പസ് ഇലക്ഷൻ നടത്താനുള്ള രീതികൾ മാനേജ്മെന്റിന് സ്വീകരിക്കാവുന്നതാണ്. അപ്രകാരം രാഷ്ട്രീയ അതിപ്രസരവും സംഘടനാ ഇടപെടലുകളും ഒഴിവാക്കി ഇലക്ഷൻ നടത്താൻ നിശ്ചയിച്ചിട്ടുള്ള കലാലയങ്ങളിൽ സമാധാനാന്തരീക്ഷം കാത്തുസൂക്ഷിക്കാൻ സാധിക്കുന്നുണ്ട്.

## ശാശ്വത പരിഹാരമെന്ത്?

അക്രമങ്ങളുടെയും സമരങ്ങളുടെയും സ്ഥിരം വേദിയായി മാറിക്കഴിഞ്ഞിരിക്കുന്ന ഇക്കാലഘട്ടത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ സമാധാനാന്തരീക്ഷത്തിലേയ്ക്ക് തിരികെയെത്തണമെങ്കിൽ കലാലയ രാഷ്ട്രീയത്തിന് കർശന നിയന്ത്രണം ഏർപ്പെടുത്തുക എന്നതല്ലാതെ മറ്റ് മാർഗ്ഗങ്ങൾ നിലവിൽ പ്രായോഗികമല്ല. അത്രമാത്രം അപചയം കലാലയ രാഷ്ട്രീയത്തിന് സംഭവിച്ചുകഴിഞ്ഞിരിക്കുന്നു. ശക്തമായ നിയമനിർമ്മാണവും ഉറച്ച നയരൂപീകരണവുമാണ് കലാലയങ്ങളിലെ അക്രമ രാഷ്ട്രീയത്തെ നിലയ്ക്കുനിർത്താൻ അടിയന്തിരമായി ആവശ്യമായിരിക്കുന്നത്. അക്രമ രാഷ്ട്രീയത്തിന്റെയോ തീവ്ര രാഷ്ട്രീയ പ്രത്യയശാസ്ത്രങ്ങളുടെയോ അടിമകളായി വിദ്യാർത്ഥികൾ മാറാതിരിക്കാനും, പഠനത്തിലുള്ള മികവും സമയവും നഷ്ടപ്പെടാതിരിക്കാനും പ്രത്യേകമായ ശ്രദ്ധ ചെലുത്തേണ്ടതുമുണ്ട്. കലാലയങ്ങളിലേക്കുള്ള ഭരണ പ്രതിപക്ഷ പാർട്ടികളുടെ അവിഹിതമായ കടന്നുകയറ്റങ്ങൾ അടിയന്തിരമായി അവസാനിക്കണം. വിദ്യാഭ്യാസം ഉപേക്ഷിച്ച് വിപ്ലവത്തിനിറങ്ങാൻ തന്നോട് അനുവാദം ചോദിച്ച വിദ്യാർത്ഥികളോട് വിപ്ലവ നേതാവായ ലെനിൻ ഒരിക്കൽ പറഞ്ഞ വാക്കുകൾ രാഷ്ട്രീയ നേതാക്കളും ഭരണകർത്താക്കളും മനസ്സിൽ സൂക്ഷിക്കേണ്ടതാണ്. "വിപ്ലവത്തിൻറെ മേഖലയിൽ നിങ്ങൾ വിദ്യാർത്ഥികളുടെ സേവനം ആവശ്യമില്ല" എന്നായിരുന്നു ലെനിന്റെ വാക്കുകൾ. പ്രശസ്ത അമേരിക്കൻ സൈദ്ധാന്തികനും വിദ്യാഭ്യാസ വിദഗ്ധനുമായ ജോൺ ഡെവെ (John Dewey) യുടെ വാക്കുകളും പ്രസക്തമാണ്: "കലാലയത്തിൽ പോകുന്നത് രാഷ്ട്രീയം പഠിക്കാനല്ല; ജീവിതം പഠിക്കാനാണ്."

ഈ പശ്ചാത്തലങ്ങളിലും, ഇവിടെ ഉയരുന്ന ഒരു ചോദ്യമുണ്ട്. പൂർണ്ണമായ രീതിയിൽ രാഷ്ട്രീയത്തെയും സംഘടനാ പ്രവർത്തന സംവിധാനങ്ങളെയും കലാലയങ്ങളിൽനിന്ന് തുടച്ചുനീക്കുന്നത് എത്രമാത്രം ഗുണകരമായിരിക്കും എന്നതാണ് അത്. യുവതലമുറയിൽ രാഷ്ട്രീയ ബോധവും പൗരബോധവും നേതൃപാടവവും രൂപപ്പെടേണ്ടത് എക്കാലത്തെയും ആവശ്യമാണ്. സംഭവിച്ചിട്ടുള്ള അപചയങ്ങൾ ശാശ്വതമായി പരിഹരിച്ച് പക്വവും ക്രിയാത്മകവുമായ രീതിയിൽ സംഘടനാ പ്രവർത്തനങ്ങൾ പരിശീലിക്കാനുള്ള പശ്ചാത്തലം കലാലയങ്ങളിൽ രൂപപ്പെടുത്താനുള്ള നടപടികൾ സാവകാശമെങ്കിലും സ്വീകരിക്കാൻ ഭരണകൂടങ്ങൾക്ക് കഴിയുമെങ്കിൽ അത് കൂടുതൽ അഭികാമ്യമാണ്. പക്ഷെ, കലാലയങ്ങളിലെ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ ദേശീയ - സംസ്ഥാന രാഷ്ട്രീയത്തിന്റെ അപക്വമായ കൈകടത്തലുകൾ ഉണ്ടാകാൻ പാടില്ല. ഒപ്പം, അത് വിദ്യാർത്ഥിയുടെ പഠനത്തിനും ജീവിതത്തിനും സൗഹൃദങ്ങൾക്കും മുകളിലായിരിക്കുകയുമരുത്.

www.malankaralibrary.com

# വിവാഹ ബന്ധത്തിന് മറ്റൊരർത്ഥമില്ല:

## കത്തോലിക്കാ സഭയുടെ വിശ്വാസ തിരുസംഘത്തിന്റെ ഔദ്യോഗിക പ്രഖ്യാപനം



**ഫാ. ഡോ. മൈക്കിൾ പുളിക്കൽ സിഎംഐ**
സെക്രട്ടറി, കെസിബിസി ജാഗ്രത കമ്മീഷൻ

വത്തിക്കാനിലെ വിശ്വാസ തിരുസംഘം ആശീർവാദങ്ങളുടെ അർത്ഥതലങ്ങൾ സംബന്ധിച്ച് 2023 ഡിസംബറിൽ പ്രസിദ്ധീകരിച്ച പ്രഖ്യാപനം അടിവരയിട്ടുറപ്പിക്കുന്ന വസ്തുത "വിവാഹം" എന്ന പദത്തിനും കാഴ്ച്ചപ്പാടിനും നിലവിൽ ഉള്ളതിൽ നിന്നു മാറ്റം വരുത്തി മറ്റൊരർത്ഥം കൽപ്പിക്കാൻ സഭയ്ക്കാവില്ല എന്ന് തന്നെയാണ്. ഒരു പുരുഷനും ഒരു സ്ത്രീയും തമ്മിൽ മാത്രമുള്ള സുസ്ഥിരവും അവിഭാജ്യവുമായ കൂടിച്ചേരലാണ് വിവാഹം. ദമ്പതികൾ തമ്മിലുള്ള പരസ്പര സ്നേഹവും, സ്നേഹത്തിന്റെ പൂർണ്ണതയായി കുഞ്ഞുങ്ങളുടെ ജനനവും ലക്ഷ്യമാക്കുന്നതാണ് ഇത് (what constitutes marriage—which is the “exclusive, stable, and indissoluble union between a man and a woman, naturally open to the generation of children”) എന്ന് വ്യക്തമാക്കിക്കൊണ്ടാണ് പ്രബോധനരേഖയുടെ ആദ്യഭാഗം ആരംഭിക്കുന്നതുതന്നെ. സഭയുടെ പാരമ്പര്യവും പ്രബോധനങ്ങളും പ്രകാരം, കത്തോലിക്കാ സഭയിൽ ആശീർവദിക്കപ്പെടുന്ന ഒരു വിവാഹം നൈസർഗ്ഗികവും, യഥോചിതവും, പൂർണ്ണമായി മാനുഷിക അർത്ഥം ഉൾക്കൊള്ളുന്നതുമായ ലൈംഗികത ഉറപ്പുവരുത്തുന്ന



www.malankaralibrary.com

വിവാഹമായിരിക്കണം (only in this context that sexual relations find their natural, proper, and fully human meaning). ആ അർത്ഥത്തിൽ സ്വാഭാവിക വിവാഹ ബന്ധങ്ങൾ എന്നവിധത്തിൽ സ്വവർഗ്ഗ വിവാഹം ആശീർവദിക്കാനുള്ള അധികാരം സഭയ്ക്ക് ഇല്ല (Church does not have the power to impart blessings on unions of persons of the same sex) എന്നും വിശ്വാസ തിരുസംഘം വ്യക്തമാക്കുന്നു.

വിശ്വാസ തിരുസംഘം പ്രസിദ്ധീകരിച്ച ഔദ്യോഗിക രേഖയെ ആത്മാർത്ഥമായി സമീപിക്കുന്ന ആർക്കും ആശയക്കുഴപ്പങ്ങൾ ഉണ്ടാകാനിടയില്ല എങ്കിലും, അത് ചില തെറ്റിദ്ധാരണകൾക്ക് വഴിയൊരുക്കിയിട്ടുണ്ട്. മുഖ്യമായും ചില തൽപരകക്ഷികളുടെ മുൻവിധിയോടു കൂടിയ വ്യാജപ്രചാരണങ്ങളാണ് അതിന് അടിസ്ഥാന കാരണമെന്ന് തിരിച്ചറിയാവുന്നതാണ്. കത്തോലിക്കാ സഭയുടെ പരമാധ്യക്ഷനായ ഫ്രാൻസിസ് പാപ്പയുടെ ചില വാക്കുകൾ വളച്ചൊടിച്ച് തെറ്റായ ലക്ഷ്യങ്ങളോടെ അവാസ്തവങ്ങൾ പ്രചരിപ്പിക്കാനും, പാപ്പയെയും കത്തോലിക്കാ സഭയെയും അപകീർത്തിപ്പെടുത്താനും എക്കാലവും മുൻനിരയിൽ നിന്നിട്ടുള്ള ചില ഗ്രൂപ്പുകളുടെയും സെക്ടുകളുടെയും അനിയന്ത്രിത ലൈംഗിക അവകാശവാദികളുടെയും സാന്നിദ്ധ്യം ഈ വിഷയവുമായി ബന്ധപ്പെട്ട വിവാദങ്ങളിലും പ്രകടമാണ്.

## പ്രഖ്യാപനത്തിന്റെ പശ്ചാത്തലം

കേരളത്തിന്റെ സാമൂഹിക പശ്ചാത്തലത്തെക്കാളുപരി, ചില രാജ്യങ്ങളിൽ സ്വവർഗ ലൈംഗിക പങ്കാളിത്തവും ക്രമവിരുദ്ധ വിവാഹ ബന്ധങ്ങളും നിയമവിധേയമാക്കിയിട്ടുള്ള സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ പലപ്പോഴായി ഉയർന്നിട്ടുള്ള ചോദ്യങ്ങളും, രൂപപ്പെട്ടിട്ടുള്ള വിവാദങ്ങളുമാണ് വിശ്വാസതിരുസംഘത്തിന്റെ പ്രഖ്യാപനത്തിന് പിന്നിൽ പ്രധാനമായുമുള്ളത്. "സഭ സ്വവർഗവിവാഹത്തെ ആശീർവദിക്കാൻ തീരുമാനമെടുക്കുന്നു" എന്ന വിധത്തിലുള്ള വ്യാജ പ്രചരണങ്ങൾ പലപ്പോഴായി അനേകരിൽ തെറ്റിദ്ധാരണയുയർത്തിയിട്ടുള്ള പശ്ചാത്തലത്തിൽ ഈ പ്രബോധനരേഖ കൂടുതൽ പ്രാധാന്യമർഹിക്കുന്നു. രാഷ്ട്ര നിയമങ്ങളിൽ മാറ്റങ്ങളുണ്ടായാലും വിവാഹത്തെ സംബന്ധിക്കുന്ന സഭയുടെ പ്രബോധനങ്ങളിലും നിലപാടുകളിലും മാറ്റങ്ങൾ ഉണ്ടായിട്ടില്ല എന്നു തന്നെയാണ് വിശ്വാസ തിരുസംഘം ആവർത്തിച്ച് വ്യക്തമാക്കിയിരിക്കുന്നത്.

ഇവിടെ പ്രത്യേകം ഊന്നൽ നൽകി അവതരിപ്പിക്കുന്ന ആശയം സകല മനുഷ്യർക്കും (ക്രൈസ്തവർക്ക് മാത്രമല്ല) അനുഗ്രഹവും രക്ഷയുമായ ദൈവപുത്രനായ യേശുക്രിസ്തുവിനെക്കുറിച്ചാണ്. "നാം പാപികളായിരിക്കെ, ക്രിസ്തു നമുക്കുവേണ്ടി മരിച്ചു. അങ്ങനെ നമ്മോടുള്ള സ്നേഹം ദൈവം പ്രകടമാക്കിയിരിക്കുന്നു" (റോമാ 5: 8), എന്ന വചനത്തെ മുൻനിർത്തി, പാപാവസ്ഥയെ കരുണയോടെ വീക്ഷിക്കുന്ന ദൈവത്തിന്റെ അടിസ്ഥാന സ്വഭാവത്തെ സാന്ദർഭികമായി നമ്മെ ഓർമ്മപ്പെടുത്തുന്ന ഫ്രാൻസിസ് പാപ്പയുടെ നിലപാടും ഈ ഔദ്യോഗിക രേഖയുടെ പശ്ചാത്തലമായി വിശ്വാസ തിരുസംഘം എടുത്തുപറയുന്നു.

പലപ്പോഴായി വിശ്വാസ തിരുസംഘം നൽകിവരുന്ന പ്രതികരണങ്ങളുടെ തുടർച്ചയായി, സ്വവർഗ്ഗ വിവാഹവുമായി ബന്ധപ്പെട്ട് ഉയർന്നിട്ടുള്ള ഔപചാരികവും അനൗപചാരികവുമായ നിരവധി ചോദ്യങ്ങളെ, മഹത്തരവും സമാശ്വാസം പകരുന്നതുമായ നിത്യസത്യത്തിന്റെ വെളിച്ചത്തിൽ വിശാലമായ വീക്ഷണങ്ങളോടെ ഉൾക്കൊണ്ടുകൊണ്ട് സമീപിക്കുകയാണ് വിശ്വാസ തിരുസംഘം ചെയ്തിട്ടുള്ളത് എന്നുള്ളത് ആമുഖ സന്ദേശത്തിൽ വ്യക്തമാക്കുന്നുണ്ട്. ഒന്നുകൂടി വ്യക്തമാക്കിയാൽ, സഭയുടെ മാറ്റമില്ലാത്ത പ്രബോധനങ്ങളെ ഒരിക്കൽക്കൂടി അടിവരയിട്ട് ഉറപ്പിക്കുന്നതോടൊപ്പം, ഈ കാലഘട്ടത്തിന്റെ സന്ദേഹങ്ങളെയും ആശയക്കുഴപ്പങ്ങളെയും തെറ്റിദ്ധാരണകളെയും തുടച്ചുനീക്കുന്നതിനുള്ള കാൽവയ്പ്പാണ് വിശ്വാസ തിരുസംഘം സ്വീകരിച്ചിരിക്കുന്നത്. പ്രഖ്യാപനത്തിന്റെ ചൈതന്യം ഉൾക്കൊണ്ടു കൊണ്ട് ശരിയായ രീതിയിൽ വിശദീകരിക്കപ്പെടുന്നതിനേക്കാളേറെ, പദങ്ങളെയും ആശയങ്ങളെയും പ്രതിയുള്ള ദുർവ്യാഖ്യാനങ്ങളും വ്യാജപ്രചാരണങ്ങളും സമൂഹത്തിൽ പ്രചരിക്കപ്പെടാനിടയായ സാഹചര്യമാണ് ആശയക്കുഴപ്പങ്ങൾക്ക് കാരണമായത്.

## ആശീർവാദങ്ങളുടെ അർത്ഥതലങ്ങൾ

ആശീർവാദങ്ങളുടെ അജപാലനപരമായ അർത്ഥത്തെക്കുറിച്ച് (On the Pastoral Meaning of Blessings) ആണ് വിശ്വാസതിരുസംഘത്തിന്റെ പ്രഖ്യാപന രേഖ എഴുതപ്പെട്ടിരിക്കുന്നത്. അജപാലകരുടെ കൈവയ്പ്പിനെക്കുറിച്ചും ആശീർവാദങ്ങളെക്കുറിച്ചും സഭയുടെ പ്രബോധനങ്ങൾക്ക് വിരുദ്ധവും തെറ്റിദ്ധാരണാജനകവുമായ വ്യാഖ്യാനങ്ങളും അനുബന്ധ പ്രചാരണങ്ങളും വളരെയധികം വർധിച്ചിരിക്കുന്ന ഈ കാലഘട്ടത്തിന്റെ പ്രത്യേക പശ്ചാത്തലം ഈ പ്രബോധന രേഖയ്ക്കുണ്ട് എന്നുള്ളത് വ്യക്തമാണ്. കൂടുതൽ തെറ്റിദ്ധാരണകൾക്ക് ഇടയുണ്ടാകാത്ത വിധം, "വിവാഹമെന്ന കൂദാശയിലെ ആശീർവാദം" ആദ്യഭാഗത്ത് വളരെ വ്യക്തമായി അവതരിപ്പിച്ചിരിക്കുന്നു. അതനുസരിച്ച്, മുമ്പ് വ്യക്തമാക്കിയതുപോലെ കത്തോലിക്കാ സഭയുടെ മാറ്റമില്ലാത്ത പ്രബോധനങ്ങൾ (Church's perennial teaching) പ്രകാരം വിവാഹ ബന്ധത്തിന് മറ്റൊരു അർത്ഥമില്ല, അത് ഉണ്ടാവുകയുമില്ല.

ആദ്യമേ തന്നെ വിവാഹവുമായി ബന്ധപ്പെട്ട സഭയുടെ പ്രബോധനങ്ങൾ അർത്ഥശങ്കയ്ക്ക് ഇടയില്ലാത്ത വിധത്തിൽ വ്യക്തമാക്കിയതിന് ശേഷമാണ് ഈ പ്രബോധനരേഖയിൽ, "വിവിധ ആശീർവാദങ്ങളുടെ അർത്ഥം" എന്ന സുപ്രധാനവും ദീർഘവുമായ ഭാഗം അവതരിപ്പിക്കുന്നത്. ആശീർവാദങ്ങളുടെ വിശാലമായ വീക്ഷണത്തിലേക്കാണ് സഭ വിശ്വാസികളുടെ ശ്രദ്ധ ക്ഷണിക്കുന്നത്. സകല ജനങ്ങൾക്കും അവകാശമായ ക്രിസ്തു എന്ന ദൈവിക സമ്മാനത്തെക്കുറിച്ചും, വേർതിരിവുകളില്ലാതെ നൽകപ്പെടുന്ന ക്രിസ്തുവിൽ നിന്നുള്ള അനുഗ്രഹത്തെക്കുറിച്ചുമാണ് തുടർന്നുള്ള ഭാഗങ്ങളിൽ പ്രബോധന രേഖ വിശദീകരിക്കുന്നത്.

ആരാധനാക്രമപരമായി ആശീർവാദങ്ങളെ സമീപിക്കുമ്പോൾ അത് നിർബ്ബന്ധമായും ദൈവേച്ഛയ്ക്ക് വിധേയപ്പെട്ടുള്ളതും സഭാപ്രബോധനങ്ങൾക്ക് അനുസൃതവും ആയിരിക്കേണ്ടതുണ്ടെങ്കിലും, ആശീർവാദങ്ങൾക്ക് മറ്റൊരു തലംകൂടിയുണ്ട്. അടിസ്ഥാനപരമായി മനുഷ്യന്റെ സഹനങ്ങൾക്കും, അധ്വാനത്തിനും, നേട്ടങ്ങൾക്കും മേൽ ദൈവകൃപ യാചിക്കുന്നതിനും, അനുഗ്രഹത്തിനായി അപേക്ഷിക്കുന്നതിന്റെ ഭാഗമായും, തിന്മയുടെ ശക്തിയെ നിയന്ത്രിക്കുന്നതിനും വേണ്ടിയാണ് വിശ്വാസികൾ ആശീർവാദം സ്വീകരിക്കുന്നത്. ഒപ്പം ദൈവത്തോടുള്ള നന്ദി പ്രക

www.malankaralibrary.com

**വ്യാപകമാകുന്ന തെറ്റിദ്ധാരണകൾക്കും ആശയക്കുഴപ്പങ്ങൾക്കും മധ്യേ കത്തോലിക്കാ സഭയുടെ ഈ വിഷയത്തിലുള്ള നിലപാട് വ്യക്തമാക്കുകയാണ് വിശ്വാസ തിരുസംഘം. ദൈവത്തിന്റെ കരുണയും അനന്ത സ്നേഹവും, ക്രിസ്തുവിന്റെ അനുഗ്രഹവും സകല മനുഷ്യർക്കും അവകാശപ്പെട്ടതാണെന്നിരിക്കെ മുൻവിധികളോടെ ചിലരെ മാറ്റിനിർത്തേണ്ടതില്ല എന്നതാണ് സഭയുടെ കഴ്ചപ്പാട്.**

ടനം കൂടിയാണത്. ഇക്കാരണങ്ങളാൽ ആശീർവാദം അഭ്യർത്ഥിക്കുന്നവരുടെ സ്വാഭാവിക പ്രകൃതിയെ വിശ്വാസം വഴി ശക്തിപ്പെടുത്താനായി സഭ പ്രോത്സാഹിപ്പിക്കുന്നു എന്ന് പ്രബോധനരേഖ വ്യക്തമാക്കുന്നുണ്ട്. എല്ലായ്പ്പോഴും എവിടെയും പരിശുദ്ധാത്മാവിൽ ക്രിസ്തു വഴി ദൈവത്തെ മഹത്വപ്പെടുത്താനുള്ള അവസരം സംലഭ്യമാകേണ്ടതുണ്ട് എന്നതാണ് സഭയുടെ ഇക്കാര്യത്തിലെ നിലപാട്. എന്നാൽ, വസ്തുക്കളും സ്ഥലങ്ങളും സാഹചര്യങ്ങളും നിയമത്തിനും സുവിശേഷത്തിന്റെ അന്തഃസത്തയ്ക്കും വിരുദ്ധമാകാതിരിക്കാനുള്ള ശ്രദ്ധ (Pastoral Prudence) ആവശ്യമാണെന്നും രേഖ ഓർമ്മിപ്പിക്കുന്നു.

## ക്രമവിരുദ്ധ അവസ്ഥകളിലുള്ള പങ്കാളികളെ ആശീർവദിക്കുന്നതിനെക്കുറിച്ച്

ആശയക്കുഴപ്പങ്ങൾ ഒഴിവാക്കപ്പെടേണ്ടതുള്ളതിനാൽ, ഇത്തരം ജീവിതാവസ്ഥകളിൽ ഉള്ളവർക്ക് ആശീർവാദം നൽകുന്നതിനായി ഒരു പൊതു രൂപരേഖയോ രീതിയോ രൂപപ്പെടുത്താൻ പാടില്ല എന്ന് പ്രബോധന രേഖ വ്യക്തമാക്കുന്നുണ്ട്. വിവാഹം ഉൾപ്പെടെ ഒട്ടേറെ ആശീർവാദങ്ങൾക്കായി നിയതമായ രീതികളും അതിനാവശ്യമായ പ്രാർത്ഥന പുസ്തകങ്ങളും ഉണ്ടായിരിക്കെ, അപ്രകാരമൊന്ന് ഇക്കാര്യത്തിൽ പാടില്ല എന്ന നിർദ്ദേശമാണ് വത്തിക്കാൻ നൽകുന്നത്. മാത്രമല്ല, സാധാരണ ആശീർവാദങ്ങളിൽനിന്ന് വ്യത്യസ്തമായി, ദൈവ കരുണയും ദൈവത്തിന്റെ സഹായവും യാചിക്കുന്നവരെന്ന് സ്വയം വിലയിരുത്തുന്നവരായി തങ്ങൾക്ക് മുന്നിലുള്ളവരെ പരിഗണിച്ചുകൊണ്ടുകൂടി വേണം വൈദികൻ അവരെ ആശീർവദിക്കേണ്ടത് എന്ന് പ്രത്യേകം വ്യക്തമാക്കിയിരിക്കുന്നു. ഇത്തരമൊരു നിർദ്ദേശം കൃത്യമായി നല്കിയിരിക്കുന്നതിനാൽ തന്നെ, പങ്കാളികൾ എന്ന നിലയിലോ, പങ്കാളിത്തത്തെ പരിഗണിച്ചുകൊണ്ടോ ഉള്ള ആശീർവ്വാദമല്ല, വ്യക്തികൾ എന്ന നിലയിൽ അവരുടെ പാപാവസ്ഥയെ ഉൾക്കൊണ്ടുകൊണ്ടുള്ള ആശീർവാദമാണ് നല്കാവുന്നത് എന്ന് സുവ്യക്തമാണ്.

ഏതെങ്കിലും രാജ്യത്തെ നിയമങ്ങൾ പ്രകാരം വിവാഹം ചെയ്യുന്നവരെങ്കിൽ, അത്തരമുള്ള ഏതെങ്കിലും നടപടിക്രമങ്ങളുമായി ബന്ധപ്പെട്ടോ, അതുമായി ബന്ധപ്പെട്ട് എന്ന് തെറ്റിദ്ധരിക്കുന്ന വിധത്തിലോ (വേഷവിധാനങ്ങൾക്കൊണ്ടോ, രൂപ ഭാവങ്ങൾക്കൊണ്ടോ, വാക്കുകൊണ്ടു പോലുമോ) ആശീർവാദങ്ങൾ നൽകാൻ പാടില്ല എന്ന് ക്രമ വിരുദ്ധ അവസ്ഥകളിലും, സ്വർഗ്ഗ പങ്കാളികൾ എന്ന നിലയിലുമുള്ളവർക്ക് ആശീർവാദം നൽകുന്നതുമായി ബന്ധപ്പെട്ട് രേഖ വ്യക്തമാക്കുന്നു. മറിച്ച്, മറ്റു സാഹചര്യങ്ങളിൽ ദൈവാലയങ്ങൾ സന്ദർശിക്കുമ്പോഴോ, വൈദികനെ കണ്ടുമുട്ടുമ്പോഴോ, തീർഥാടന കേന്ദ്രങ്ങളിൽ എത്തുമ്പോഴോ ആവശ്യപ്പെടുന്ന പക്ഷം, തിരുസഭയുടെ മാതൃഹൃദയത്തിന്റെ വെളിപ്പെടുത്തൽ എന്ന വിധത്തിൽ കരുണയോടെ ചേർത്തു നിർത്തുന്നതിന്റെ ഭാഗമായി മാത്രമാണ് അത്തരം വ്യക്തികൾക്ക് ആശീർവാദം നൽകാവുന്നത്.

ചുരുക്കിപ്പറഞ്ഞാൽ, വ്യാപകമാകുന്ന തെറ്റിദ്ധാരണകൾക്കും ആശയക്കുഴപ്പങ്ങൾക്കും മധ്യേ കത്തോലിക്കാ സഭയുടെ ഈ വിഷയത്തിലുള്ള നിലപാട് വ്യക്തമാക്കുകയാണ് വിശ്വാസ തിരുസംഘം. ദൈവത്തിന്റെ കരുണയും അനന്ത സ്നേഹവും, ക്രിസ്തുവിന്റെ അനുഗ്രഹവും സകല മനുഷ്യർക്കും അവകാശപ്പെട്ടതാണെന്നിരിക്കെ മുൻവിധികളോടെ ചിലരെ മാറ്റിനിർത്തേണ്ടതില്ല എന്നതാണ് സഭയുടെ കഴ്ചപ്പാട്. അതിനാൽ, കരുണയും സഹായവും യാചിച്ച് ദൈവതിരുമുമ്പിൽ എത്തുന്നവരെ സുവിശേഷത്തോടുള്ള വിശ്വസ്തതയിലേയ്ക്കും പക്വമായ ബന്ധങ്ങളിലേക്കുള്ള പരിവർത്തനത്തിലേയ്ക്കും നയിക്കാനുള്ള കൃപയ്ക്കായി വൈദികർക്ക് പ്രാർത്ഥിക്കാവുന്നതാണ് എന്ന് പ്രബോധന രേഖ വ്യക്തമാക്കുന്നു. മാറിമറിഞ്ഞുകൊണ്ടിരിക്കുന്ന ലോകസാഹചര്യങ്ങളിലും സഭയുടെ എക്കാലത്തെയും നിലപാടിനെ ഒരിക്കൽക്കൂടി ഉറപ്പിച്ചു പ്രഖ്യാപിക്കുകയാണ് ഇവിടെ വിശ്വാസ തിരുസംഘം ചെയ്തിരിക്കുന്നത്.

ദൈവകരുണയ്ക്കു മുന്നിൽ സ്വയം സമർപ്പിക്കാനും പരിവർത്തന വിധേയരാകാനുമുള്ള അവസരം ആർക്കും നിഷേധിക്കപ്പെടാൻ പാടില്ല എന്ന നിലപാട് സഭ ഈ വിഷയത്തിൽ സ്വീകരിക്കുമ്പോഴും, സ്വവർഗ്ഗ - ക്രമവിരുദ്ധ പങ്കാളിത്തങ്ങൾ സംബന്ധിച്ച് ചില ലോകരാജ്യങ്ങളുടെ സിവിൽ നിയമങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റങ്ങൾക്കിടയിലും, അത്തരമൊരു പങ്കാളിത്തത്തെ വിവാഹം എന്ന അർത്ഥത്തിൽ പരിഗണിക്കാനാവില്ലെന്നും, സഭയുടെ വിവാഹ ആശീർവാദത്തിന്റെ പരിധിയിൽ ഇത്തരം പങ്കാളിത്തങ്ങളെ ഉൾപ്പെടുത്താനുള്ള അധികാരം സഭയ്ക്കില്ലെന്നും വത്തിക്കാനിലെ വിശ്വാസ തിരുസംഘം വ്യക്തമാക്കിയിരിക്കുകയാണ്.

അനിയന്ത്രിതമായും നിർബ്ബന്ധിതമായും LGBTQIA+ സംഘടനകളും കൂട്ടായ്മകളും മുന്നോട്ടുവയ്ക്കുന്ന ലൈംഗിക സങ്കൽപ്പങ്ങളെയും നവ ലൈംഗിക പങ്കാളിത്ത - വിവാഹ കാഴ്ചപ്പാടുകളെയും തള്ളിക്കളയുകയും സഭയുടെ നിലപാടുകളെ ശക്തമായും ആവർത്തിച്ചും വ്യക്തമാക്കുകയുമാണ് ഈ പ്രഖ്യാപനം. കൂടുതൽ ധാർമ്മിക ചർച്ചകൾക്കും ദൈവശാസ്ത്ര സംവാദങ്ങൾക്കും ഈ പ്രഖ്യാപനം വേദിയാകുന്നത് സ്വാഗതാർഹം തന്നെയാണ്. എന്നാൽ, ഫ്രാൻസീസ് മാർപാപ്പയും വിശ്വാസതിരുസംഘവും വിവാഹത്തെക്കുറിച്ചുള്ള സഭയുടെ പരമ്പരാഗതമായ പ്രബോധനങ്ങളെ നിരാകരിച്ച്, സ്വവർഗ്ഗ വിവാഹത്തെ അംഗീകരിച്ചു എന്ന വിധത്തിലുള്ള വാദങ്ങൾ തീർത്തും വാസ്തവ വിരുദ്ധമാണ്. വിശ്വാസികളെ ഭിന്നിപ്പിക്കാനും ധാർമിക - കുടുംബ വിഷയങ്ങളിലുള്ള സഭയുടെ ശക്തമായ നിലപാടുകളെ അവഹേളിക്കാനുമുള്ള ഇത്തരം ശ്രമങ്ങളെ നാം ജാഗ്രതയോടെ തിരിച്ചറിയുക തന്നെ വേണം.

www.malankaralibrary.com

# മയക്കുമരുന്ന് - ആയുധ കടത്ത്: കേരളം വലിയ അപകടത്തിലേയ്ക്കോ?

25, മാർച്ച് 2021: ഭാരതത്തിൻറെ സമുദ്രാതിർത്തിയിൽ ഇന്ത്യൻ കോസ്റ്റ് ഗാർഡും നർക്കോട്ടിക് കൺട്രോൾ ബ്യൂറോയും ചേർന്ന് രവിഹാൻസി എന്ന ചരക്ക് കപ്പൽ പിടികൂടി. നർക്കോട്ടിക്ക് ബ്യൂറോയുടെ ചെന്നൈ സോണൽ യൂണിറ്റ്, കപ്പൽ കസ്റ്റഡിയിലെടുത്ത് വിഴിഞ്ഞം തുറമുഖത്തടുപ്പിച്ച് പരിശോധന നടത്തി. 320.323 കിലോഗ്രാം ഹെറോയ്നും അഞ്ച് എ.കെ 47 തോക്കുകളും 1000 റൗണ്ട് വെടിയുതിർക്കാവുന്ന 9 എംഎം തിരകളും കപ്പലിൽ നിന്ന് കണ്ടെത്തി. കപ്പൽജോലിക്കാരെ ചോദ്യം ചെയ്തതിൽ നിന്ന് ലഭിച്ച വിവരമനുസരിച്ച് കേരളത്തിലും, കർണ്ണാടകയിലും, തമിഴ്നാട്ടിലും റെയ്ഡുകളും അറസ്റ്റുകളുമുണ്ടായി. ഇന്ത്യയിൽ പൊതുവെ വൻവിപത്തായി മാറിക്കഴിഞ്ഞിരിക്കുന്ന നർക്കോട്ടിക്സും



ഫാ. ജസ്റ്റിൻ
കാഞ്ഞൂത്തറ MCBS

ഭീകരവാദവും ചേർന്നുള്ള പുതിയ കൂട്ടുകെട്ടിൽനിന്ന് സ്വാഭാവികമായും രൂപപ്പെടാവുന്ന പുതിയ ഭീഷണിയായ ആയുധക്കടത്ത് കേരളത്തിലും വേരുപിടിക്കാനുള്ള സാധ്യതകളിലേക്കാണ് എൻ ഐ എ റിപ്പോർട്ട് വിരൽ ചൂണ്ടുന്നത്. ദൈവത്തിൻറെ സ്വന്തം നാട് കാത്തിരിക്കുന്ന ഭീകരമായൊരു പതനത്തിലേക്കുള്ള സൂചനകളും മുന്നറിയിപ്പുമാണ് ഈ ലേഖനം.

## കേരളത്തിൽ ആയുധ ഇടപാടുകളിലേക്ക് വിരൽ ചൂണ്ടുന്ന സംഭവങ്ങൾ

രവിഹാൻസി എന്ന കപ്പലും 2021 മാർച്ച് 25 ന് റിപ്പോർട്ട് ചെയ്യപ്പെട്ട സംഭവവും മാത്രമല്ല കേരളവുമായി ബന്ധപ്പെട്ട ആയുധങ്ങളുടെ ഇടപാടുകളിലേക്ക് വിരൽ ചൂണ്ടുന്നത്. മറ്റു ചില സംഭവങ്ങളും കേസുകളും ഇത്തരമൊരു മുന്നറിയിപ്പ് നൽകുന്നുണ്ട്.



www.malankaralibrary.com

- ആംസ് ആക്ട് പ്രകാരം (THE ARMS ACT, 1959) കേരളത്തിൽ 2023ൽ മാത്രം 119 കേസുകൾ ആണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. 2022 ൽ 122 ഉം 2021 ൽ 121 കേസുകളുമാണുള്ളത്.
- 2018 ഡിസംബർ മാസത്തിൽ രവി പൂജാരി എന്ന അധോലോക നേതാവിൻറെ രണ്ട് വാടകക്കൊലയാളികൾ കൊച്ചി പനമ്പിള്ളി നഗറിൽ ലീന മരിയ പോളിന് നേരെ വെടിയുതിർത്തു.
- 2019 മെയ് മാസത്തിൽ മയക്കുമരുന്നും ആയുധങ്ങളുമായി കാറിൽ സഞ്ചരിക്കുകയായിരുന്ന എറണാകുളം സ്വദേശികളെ പോലീസ് അറസ്റ്റ് ചെയ്യുന്നു.
- നവംബർ 2020, ഒക്കൽ സ്വദേശി ആദിൽ ഷായ്ക്ക് നേരെ അഞ്ചംഗ സംഘം പിസ്റ്റളിൽ നിന്ന് വെടിയുതിർക്കുന്നു.
- 2021 ജൂലൈ 30 ന് കോതമംഗലത്ത് ഡെൻറൽ വിദ്യാർത്ഥിനിയെ രാഹിൽ എന്ന യുവാവ് വെടിയുതിർത്ത് കൊല ചെയ്യുന്നു. ആയുധം വന്നത് ബീഹാറിൽ നിന്നായിരിക്കണം എന്ന അനുമാനം.
- ഒക്ടോബർ 2022 രാജൻ പോൾ എന്ന വ്യക്തി മരട് ബാറിൽ വെച്ച് ജീവനക്കാർക്ക് നേരെ വെടിയുതിർക്കുന്നു.
- 2023 നവംബർ മട്ടാഞ്ചേരിയിൽ ഒരു യുവാവിന് വാക്കു തർക്കത്തിനൊടുവിൽ വെടിയേൽക്കുന്നു.
- 2023 ജൂൺ മാസത്തിൽ കേരളത്തിലേക്ക് പിസ്റ്റളുകളും മറ്റ് വെടിക്കോപ്പുകളുമായി വരുമ്പോൾ ടിപി ചന്ദ്രശേഖരൻ കേസിലെ ഒരു പ്രതിയെ ബാംഗ്ലൂർ പോലീസ് അറസ്റ്റ് ചെയ്യുന്നു.
- 2023 ജൂലൈ മാസത്തിൽ എൻ ഐ എ മഞ്ചേരിയിലും മറ്റു പലയിടങ്ങളിലുമുള്ള വ്യാപകമായ റെയ്ഡിൽ പിഎഫ്ഐ ആയുധ പരിശീലന കേന്ദ്രങ്ങളും ട്രെയിനിങ് സെൻററുകളും ആയുധങ്ങളും കണ്ടെത്തുന്നു.

വർഷംതോറും കേരളത്തിലെ ആയുധഇടപാടുകളിൽ ആനുപാതികമായ വളർച്ച ഉണ്ടാകുന്നുണ്ടെന്ന് ഈ കണക്കുകളും സംഭവങ്ങളും വ്യക്തമാക്കുന്നുണ്ട്.

## ആയുധ വ്യാപാര സാധ്യതകൾ

### 1. ഭൂമിശാസ്ത്രപരമായ കാരണങ്ങൾ

590 മീറ്ററോളം നീളുന്ന സമുദ്രാതിർത്തി കേരളത്തിൻറെ പ്രത്യേകതയാണ്. ആഗോളതലത്തിൽ തന്നെ മയക്കുമരുന്നിൻറെ പ്രധാന ഉത്പാദന വിപണന കേന്ദ്രങ്ങളായ ഗോൾഡൻ ക്രസൻറിൽ നിന്നും (അഫ്ഗാനിസ്ഥാൻ, ഇറാൻ, പാകിസ്ഥാൻ) ഗോൾഡൻ ട്രയാങ്കിളിൽ നിന്നും(മ്യാൻമാർ, ലാഓസ്, തായ്ലാൻഡ്) ഉള്ള മയക്കുമരുന്ന് ഉത്പന്നങ്ങളുടെ പ്രധാന ട്രാൻസിറ്റ് പോയിൻറ് അറേബ്യൻ സമുദ്രമാണ്. കേരളത്തിലേക്കുള്ള ദേശീയ പാതകളും മറ്റ് വഴികളും ആയുധക്കടത്തലിന് സഹായകമാകുന്നുണ്ട്.

### 2. വർദ്ധിച്ചു വരുന്ന മയക്കുമരുന്ന് ഉപഭോഗം

2020 നവംബർ മാസത്തിൽ പ്രസിദ്ധീകരിച്ച കെസിബിസി ജാഗ്രത ന്യൂസിലാണ് നർക്കോട്ടിക് ഭീകരത കേരളത്തിൽ പിടിമുറുക്കുന്നതായി മറ്റാരും മുന്നറിയിപ്പ് നൽകുന്നതിന് മുൻപ് സൂചനകൾ പ്രസിദ്ധീകരിച്ചത്. ആ മുന്നറിയിപ്പുകളെ ശരിവെയ്ക്കുന്ന തരത്തിലാണ് കേരളത്തിൽ മയക്കുമരുന്ന് വ്യാപനം അനേകമടങ്ങ് വർദ്ധിച്ചത്. നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം 2022 ൽ ഇന്ത്യയിൽ ഏറ്റവും അധികം മയക്കുമരുന്ന് കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സംസ്ഥാനം കേരളമാണ്. 26619 കേസുകളാണ് NDPS ആക്ട് പ്രകാരം ആ വർഷം കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. തൊട്ടു താഴെയുള്ള മഹാരാഷ്ട്രയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതിന്റെ ഇരട്ടിയോളം വരും അത്.

മയക്കുമരുന്ന് കേസുകളിലെ പതിന്മടങ്ങ് വർദ്ധന കേരളം മയക്കുമരുന്ന് ഭീകരവാദത്തിൻറെ നീരാളിപ്പിടുത്തത്തിൽ അകപ്പെട്ടു കഴിഞ്ഞു എന്നതിൻറെ സൂചനയാണ് നൽകുന്നത്. തുടരെത്തുടരെ മയക്കുമരുന്ന് കടത്തി വിട്ട് സുരക്ഷിതമെന്ന് തെളിയുന്ന പാതകളാണ് മനുഷ്യരെയും ആയുധങ്ങളെയും കടത്താൻ തീവ്രവാദസംഘടനകൾ ഉപയോഗിക്കുന്നതെന്നാണ് യുഎൻ കേന്ദ്രങ്ങൾ മുന്നറിയിപ്പ് നൽകുന്നത്. അത്തരത്തിൽ ചിന്തിച്ചാൽ നമ്മുടെ യുവജനങ്ങളുടെ ഞരമ്പുകൾ മാത്രമല്ല, കേരളത്തിലേക്കുള്ള രക്തധമനികളായ നമ്മുടെ റോഡുകളിലും തീരദേശങ്ങളിലും മയക്കുമരുന്നും ആയുധങ്ങളും നിറയുകയാണെന്ന് വ്യക്തം.

### അതിജാഗ്രതാ സൂചനകൾ

സമീപകാലങ്ങളിൽ ലോകരാഷ്ട്രീയത്തിൽ വന്നിട്ടുള്ള വ്യതിയാനങ്ങളും ആഗോളതലത്തിലുള്ള ചില മാറ്റങ്ങളും കേരളത്തെ ആയുധങ്ങൾ ശേഖരിക്കാനും വിൽപനനടത്താനുമുള്ള സുരക്ഷിത കേന്ദ്രമെന്ന നിലയിൽ ഉപയോഗിക്കാനുള്ള സാധ്യതകൾക്ക് ആക്കം വർദ്ധിപ്പിക്കുന്നുണ്ട്.

#### 1. എൽറ്റിറ്റിഇയുടെ രണ്ടാം വരവ്

രവിഹാൻസി എന്ന കപ്പലിലെ റെയ്ഡിനെ തുടർന്ന് പിടികൂടിയവർക്ക് എൽറ്റിറ്റിഇ ബന്ധം ഉണ്ടായിരുന്നു എന്നത് ശ്രദ്ധേയമാണ്. 1990 കളിൽ കംബോഡിയ ആഗോളതലത്തിൽ ആയുധമാർക്കറ്റിൽ നിർണ്ണായകശക്തിയാകുന്നതിന് പ്രവർത്തിച്ച പ്രധാനഘടകം എൽറ്റിറ്റിഇ ആണ്. എകെ സീരീസ് റൈഫിളുകൾ മുതൽ, സ്റ്റെൺ ഗണ്ണുകളും, മോർട്ടാറുകളും ലാൻഡ്മൈനുകളും സ്ഫോടകവസ്തുക്കളും അടങ്ങിയ കപ്പലുകൾ കമ്പോഡിയയിൽ നിന്ന് ജാഫ്ന തുറമുഖത്തെത്തുകയും അവിടെ നിന്ന് യൂറോപ്യൻ, അമേരിക്കൻ, പശ്ചിമേഷ്യൻ മാർക്കറ്റുകളിലേക്ക് വേർതിരിച്ച് അയയ്ക്കുകയും ചെയ്തിരുന്നു എന്നാണ് ഇൻറലിജൻസ് വൃത്തങ്ങൾ പറയുന്നത്. തെക്കൻ ഏഷ്യയിലെ മയക്കുമരുന്ന് പാതകളെ ആയുധക്കടത്തിൻറെ പാതകളാക്കി ഈ മേഖലയിൽ പുതിയൊരു ചരിത്രം കൂടെയാണ് എൽറ്റിറ്റിഇ അന്ന് സൃഷ്ടിച്ചത്. എൽറ്റിറ്റിഇ യുഗം അവസാനിച്ചെന്ന് ലോകം ഒരിക്കൽ കരുതിയെങ്കിലും, സ്കാൻഡിനേവിയൻ രാജ്യങ്ങൾ, കാനഡ തുടങ്ങിയ ഇടങ്ങളിൽ ഇപ്പോഴും നിലനിൽക്കുന്ന ചില ഗ്രൂപ്പുകൾ എൽറ്റിറ്റിഇയുടെ തിരിച്ചുവരവിനായുള്ള ശ്രമം നടത്തുന്നതായുള്ള ചില സൂചനകൾ അന്തർദേശീയ മാധ്യമങ്ങൾ പലപ്പോഴായി നൽകിയിട്ടുണ്ട്.

2019 ശ്രീലങ്കൻ സ്ഫോടനക്കേസിലെ അണിയറപ്രവർത്തകരിൽ ഒരാളായ റിയാസ് അബൂബക്കർ എന്ന

www.malankaralibrary.com

മലയാളിയെ അറസ്റ്റ് ചെയ്തതും ഇതിനോട് ചേർത്തു വായിക്കേണ്ടതാണ്. 2016 ൽ അഫ്ഗാനിൽ ഐഎസിലേക്ക് ചേരാൻ പോയ 22 പേരുമായി ബന്ധം ഉള്ളതായി സംശയിക്കപ്പെടുന്ന വ്യക്തിയാണ് റിയാസ് അബൂബക്കർ. പാക്കിസ്ഥാൻ ചാരസംഘടനയായ ഐഎസ്ഐ, ഐസിസ്, എൽറ്റിറ്റിഇ എന്നിവർ ചേർന്ന് ശ്രീലങ്ക അടിസ്ഥാനപ്പെടുത്തി രൂപപ്പെടുത്തിയേക്കാവുന്ന ഈ നീക്കത്തിൽ കേരളം ഇവർക്ക് ഇന്ത്യയിലേക്ക് ആയുധങ്ങളുടെയും മയക്കുമരുന്നിൻറെയും പാത വളരെ എളുപ്പത്തിൽ തുറന്നെടുക്കാവുന്ന ഏറ്റവും പ്രധാന മേഖലയാണ്.

## 2. അൽഖ്വയ്ദയുടെ വേഷം മാറൽ

9/11 വേൾഡ് ട്രെയ്ഡ് സെൻറർ ആക്രമണത്തിന് ശേഷം അൽക്വയ്ദ അവരുടെ ഓപ്പറേഷനൽ രീതികളിൽ മാറ്റം വരുത്തുന്നതായാണ് കാണാൻ കഴിയുന്നത്. ആസൂത്രണത്തിലെ പാളിച്ചകളേൽപ്പിച്ച പരാജയങ്ങളും ഇറാഖിലും അഫ്ഗാനിലും ശക്തമായ അമേരിക്കൻ തിരിച്ചടികളിൽ തങ്ങളുടെ നേതൃത്വത്തിലെ ശക്തന്മാരെ നഷ്ടപ്പെട്ടതും, സുരക്ഷിതമായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സാധിക്കാത്തവിധം കൂച്ചുവിലങ്ങിട്ടതും അവരെ മാറ്റിച്ചിന്തിപ്പിച്ചിരുന്നു. അതിനാൽത്തന്നെ ആഗോളഭീകരവാദ ഗ്രൂപ്പുകളുടെ പുറകിലെ അദൃശ്യശക്തിയായി മാറുകയാണ് അൽക്വയ്ദ ചെയ്തത്. സാമ്പത്തിക സഹായങ്ങൾ, ആയുധപരിശീലനം, ആയുധങ്ങൾ, ആശയങ്ങൾ ഇവ നൽകുന്ന ആശയബൗദ്ധിക കേന്ദ്രമായി ഈ സംഘടന മാറി.

പ്രാദേശിക രാഷ്ട്രീയ പ്രശ്നങ്ങളിൽ ഇടപെട്ട് ചെറുസംഘടനകളെയടക്കം ശക്തമാക്കി ഒന്നിപ്പിക്കാനുള്ള നിർദ്ദേശങ്ങളും സാമ്പത്തിക സഹായങ്ങളും നൽകി നല്ലൊരു സപ്പോർട്ട് ബേസ് തയ്യാറാക്കുകയാണവർ ഇപ്പോൾ ചെയ്യുന്നത്. തുടർ ആക്രമണങ്ങൾക്കുള്ള പോരാളികളെ അഫ്ഗാനിലോ മറ്റേതെങ്കിലും രഹസ്യതാവളങ്ങളിലോ പരിശീലനം നൽകി തയ്യാറാക്കിക്കൊണ്ടിരിക്കുന്നതായാണ് ലഭിക്കുന്ന സൂചനകൾ. കേരളത്തിലാരംഭിച്ച് ഭാരതത്തിൽ വ്യാപിച്ച പല സമരനീക്കങ്ങളുടെ

**നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം 2022 ൽ ഇന്ത്യയിൽ ഏറ്റവും അധികം മയക്കുമരുന്ന് കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സംസ്ഥാനം കേരളമാണ്. 26619 കേസുകളാണ് NDPS ആക്ട് പ്രകാരം ആ വർഷം കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. തൊട്ടു താഴെയുള്ള മഹാരാഷ്ട്രയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതിന്റെ ഇരട്ടിയോളം വരും അത്.**

**മയക്കമരുന്ന് കേസുകളിലെ പതിന്മടങ്ങ് വർദ്ധന കേരളം മയക്കമരുന്ന് ഭീകരവാദത്തിന്റെ നീരാളിപ്പിടുത്തത്തിൽ അകപ്പെട്ടു കഴിഞ്ഞു എന്നതിന്റെ സൂചനയാണ് നൽകുന്നത്.**

യും മുദ്രാവാക്യങ്ങളുടെയും പിന്നിൽ ഇത്തരമൊരു രീതി വ്യക്തമായിരുന്നു. മഞ്ചേരിയിലടക്കം പല പിഎഫ്ഐ കേന്ദ്രങ്ങളിലും എൻഐഎ നടത്തിയ റെയ്ഡിൽ സായുധ പരിശീലനകേന്ദ്രങ്ങളും, ആയുധങ്ങളും കണ്ടെത്തുകയും, പരിശീലകരെ പിടികൂടുകയും ചെയ്തിരുന്നു. അൽക്വയ്ദയോ ഇതേ രീതി പിന്തുടരുന്ന മറ്റേതെങ്കിലും ഗ്രൂപ്പുകളോ ഇവിടെ സജീവമായിക്കൊണ്ടിരിക്കുന്നുണ്ടെന്ന് വ്യക്തം.

## 3. റഷ്യ യുക്രൈൻ യുദ്ധവും ഐഎസും

ആയുധ മാർക്കറ്റുകളെ ചൂടുപിടിപ്പിക്കുന്നത് യുദ്ധങ്ങളാണ്. എല്ലാ ആയുധഫാക്ടറികളും ഉത്പാദനത്തിൻറെ തോതിലും ആയുധങ്ങളുടെ മികവിലും മത്സരത്തിലേർപ്പെടുന്നതും യുദ്ധങ്ങൾ ഉണ്ടാകുമ്പോഴാണ്. യുദ്ധത്തിന് മുമ്പേ തന്നെ ആഗോള മാർക്കറ്റിലെ ചെറു തോക്കുകളുടെ നിർമ്മാണത്തിൽ മുന്നിലായിരുന്ന യുക്രൈൻ. യുദ്ധമാരംഭിച്ചതിന് ശേഷവും അവിടേക്ക് ഒഴുകിയത് ചെറുതും വലുതുമുൾപ്പടെ അനേകം ആയുധങ്ങളാണ്. ഇതേ പോലെ തന്നെയാണ് റഷ്യൻ ചേരിയും. എന്നാൽ റഷ്യ-യുക്രൈൻ യുദ്ധത്തിൽഇന്ത്യയ്ക്ക് ജാഗ്രതാ നിർദ്ദേശം അവിടെയുള്ള ഇന്ത്യൻ എംബസിയിൽ നിന്നുണ്ടായിരുന്നു. യുദ്ധമേഖലയിലെത്തുന്നവെന്നു പറയപ്പെടുന്ന ആയുധങ്ങൾ വൻതോതിൽ കാണാതാവുന്നുണ്ടെന്നും അവ ഇന്ത്യയടക്കം പല സൗത്ത് ഏഷ്യൻ രാജ്യങ്ങളിലും കുമിഞ്ഞുകൂടാനിടയുണ്ടെന്നുമായിരുന്നു ആ മുന്നറിയിപ്പ്.

വർധിച്ചുകൊണ്ടിരിക്കുന്ന മയക്കുമരുന്ന് ഉപയോഗവും കേസുകളും, വലിയ വാർത്തകളല്ലാതായി മാറിക്കൊണ്ടിരിക്കുന്ന ആയുധ ഉപയോഗവും ആയുധക്കടത്ത് കേസുകളും മാറിക്കൊണ്ടിരിക്കുന്ന കേരളത്തെക്കുറിച്ചുള്ള സൂചനകളാണ് നൽകുന്നത്. തീവ്രവാദ സംഘടനകൾക്കും മയക്കുമരുന്ന് മാഫിയകൾക്കും ഇഷ്ടപ്പെട്ട മുനമ്പായി കേരളം മാറിക്കൊണ്ടിരിക്കുന്നത് ശുഭസൂചനയല്ല. ഭരണകൂടവും മാധ്യമങ്ങളും വളരെ ഗൗരവമായി ഈ വിഷയം പരിഗണിക്കുകയും കൂടുതൽ ശ്രദ്ധ ചെലുത്തുകയും വേണം.

www.malankaralibrary.com



# പൂഞ്ഞാറും തിരിച്ചറിവുകളും

പൂഞ്ഞാർ സെന്റ് മേരീസ് ദേവാലയ പരിസരത്ത് ഒരു സംഘം ആളുകൾ അതിക്രമിച്ചു കയറുകയും, ആരാധനക്ക് തടസം സൃഷ്ടിക്കുകയും, വൈദികനെ ആക്രമിക്കുകയും ചെയ്ത സംഭവം കേരളത്തിന്റെ സാമൂഹിക ഐക്യത്തിനും മതസൗഹാർദ്ദത്തിനും ഏറ്റ ദൗർഭാഗ്യകരമായ ഒരു പ്രഹരമാണ്. ഈ സംഭവം വെളിപ്പെടുത്തുന്ന ചില വസ്തുതകൾ നാം ഗൗരവമായി പരിഗണിക്കേണ്ടതുണ്ട്.

## ആദരവിന്റെ സംസ്കാരം ഇല്ലാതായികൊണ്ടിരിക്കുന്നു

ഏത് മതത്തിൽ വിശ്വസിച്ചാലും ഇതര മതസ്ഥരെയും അവരുടെ ആരാധനാലയങ്ങളെയും പുരോഹിതരെയും ആദരവോടെ സമീപിക്കുന്ന മഹത്തായ സംസ്കാരമാണ് നമുക്ക് ഉണ്ടായിരുന്നത്. ഇതര മത വിദ്വേഷവും വർഗീയതയും വളർത്തുന്ന ശ്രമങ്ങളെ തിരുത്താനും തള്ളിപ്പറയാനും എന്നും ആത്മീയ ആചാര്യന്മാരും നേതാക്കന്മാരും സവിശേഷ ശ്രദ്ധ ചെലുത്തിയിരുന്നു. എന്നാൽ ആ മഹത്തായ സംസ്കാരം ഈ നാട്ടിൽ നിന്നും അപ്രത്യക്ഷമാകുന്നു എന്ന ദുഃഖകരമായ വസ്തുത പൂഞ്ഞാർ അതിക്രമങ്ങൾ വെളിപ്പെടുത്തുന്നുണ്ട്. ആദരവിന്റെ സംസ്കാരം നമ്മുടെ നാട്ടിൽ നിന്നും ഇല്ലാതായികൊണ്ടിരിക്കുന്നു എന്ന സത്യം പൊതുസമൂഹം തിരിച്ചറിയുകയും ഉത്തരവാദിത്തപൂർവ്വം പ്രതികരിക്കുകയും വേണം.

## തീവ്രവാദികൾ സമുദായങ്ങളിൽ പിടിമുറുക്കുന്നു

ആക്രമിക്കപ്പെട്ടത് ഒരു ക്രൈസ്തവ പുരോഹിതനാണ്. ആക്രമിച്ചതിന്റെ പേരിൽ ഇതുവരെ അറസ്റ്റിലായ പ്രതികളെല്ലാവരും മറ്റൊരു സമുദായത്തിൽപ്പെട്ടവരും. എന്നിട്ടും പ്രതികളുടെ സമുദായ ആചാര്യന്മാരോ നേതാക്കന്മാരോ ഈ സംഭവത്തെ ശക്തമായി അപലപിക്കാനോ, ഇത്തരം തീവ്രവാദപരമായ നീക്കങ്ങളെയും, അതിന് നേതൃത്വം നല്കുന്ന പ്രസ്ഥാനങ്ങളോ വ്യക്തികളോ ഉണ്ടെങ്കിൽ അവരെയും തള്ളിപ്പറയാനോ ഇനിയും ശ്രമിച്ചിട്ടില്ല എന്നത് ഭീതികരമാണ്. മാത്രവുമല്ല, 17, 18 വയസ് പ്രായമുള്ള നാല്പതോളം പേർ ഉൾപ്പെട്ട സംഘത്തിന്റെ ഗൗരവകരമായ കുറ്റ കൃത്യങ്ങളെ നിസാരവത്കരിക്കാനും, രഹസ്യമാക്കി സൂക്ഷിക്കാനും, കുറ്റവാളികളെ ന്യായീകരിക്കാനും ആണ് പരസ്യ പ്രതികരണങ്ങളിൽ പലരും തിരക്കുകൂട്ടിയത്. നിരോധിത ഭീകര സംഘടനകളുടെ പ്രവർത്തനം ഇവിടെ കണ്ടെത്തിയപ്പോഴും, തീവ്രവാദ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പലരും അറസ്റ്റ് ചെയ്യപ്പെട്ടിട്ടും അവർ അംഗമായിരിക്കുന്ന മതത്തിന്റെയും സമുദായ സംഘടനകളുടെയും നിശബ്ദത പൊതു സമൂഹത്തിന് മുമ്പിൽ വാചാലമായി ഒട്ടേറെ കാര്യങ്ങൾ വെളിപ്പെടുത്തുന്നുണ്ട്. 2019 ഈസ്റ്റർ ദിനത്തിൽ ശ്രീലങ്കയിലെ ക്രൈസ്തവ ദേവാലയങ്ങളിൽ 253 പേർ കൊല്ലപ്പെട്ട ഭീകര ആക്രമണങ്ങൾക്ക്

www.malankaralibrary.com





നേതൃത്വം നല്കിയവരുമായി നേരിട്ട് ബന്ധമുണ്ടെന്ന് കണ്ടെത്തിയ, കേരളത്തിൽ ചാവേർ ആക്രമങ്ങള്ക്ക് പദ്ധതിയിട്ട റിയാസ് അബൂബക്കറിന് എൻ ഐ എ കോടതി പത്ത് വർഷത്തെ തടവ് ശിക്ഷ വിധിച്ചത് ഈ ഫെബ്രുവരി മാസത്തിൽ ആയിരുന്നു. സന്ന്യാസ വസ്ത്രം ധരിച്ച് പൊതുഇടങ്ങളിൽ സഞ്ചരിക്കാൻ പോലും സാധിക്കാത്ത അവസ്ഥ ഇന്ത്യയിൽ പല യിടങ്ങളിലും സംജാതമാകുന്നതും ഇത്തരം തീവ്ര വർഗീയ നിലപാടുകൾ ഉള്ളവരുടെ ആസൂത്രിതമായ വ്യാജ പ്രചാരണങ്ങൾ മൂലമാണ്. മിതവാദികൾ നിശബ്ദരാകാൻ നിർബ്ബന്ധിക്കപ്പെടുകയും തീവ്രവാദികൾ പിടിമുറുക്കുകയും ചെയ്യുന്ന സാഹചര്യങ്ങളെ അതീവ ഗൗരവത്തോടെ ഓരോ മതവും സമുദായ സംഘടനകളും പരിഗണിക്കേണ്ടതുണ്ട്, അത്തരം നീക്കങ്ങളെ പ്രതിരോധിക്കേണ്ടതുണ്ട്.

### ഉറക്കെ ശബ്ദിക്കേണ്ടവർ ഉറക്കം നടിക്കുന്നു

സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക മാധ്യമ നായകന്മാരൊക്കെ ഇത്തരം സംഭവങ്ങളിൽ പുലർത്തുന്ന നിശബ്ദത അവരുടെ സെലക്ടീവ് പ്രതികരണങ്ങളുടെ ഉദാഹരണമായിട്ട് മാത്രമേ കരുതാനാകൂ. കേരളത്തിന് പുറത്ത് പ്രത്യേകിച്ച് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നടക്കുന്ന ക്രൈസ്തവ പീഡനങ്ങൾ പുറത്ത് കൊണ്ടുവരികയും വാർത്തയാക്കുകയും ചെയ്യുന്ന മാധ്യമ ധർമ്മമൊന്നും കേരളത്തിൽ നടക്കുന്ന അതിക്രമങ്ങളിൽ കാണിക്കാത്തത്തിന്റെ രാഷ്ട്രീയമൊക്കെ പൊതുജനത്തിന് പെട്ടെന്ന് മനസിലാകും. ഉറക്കെ ശബ്ദിക്കേണ്ടിടത്ത് ഉറക്കം നടിക്കുന്ന പ്രവണത കാപട്യത്തിന്റെതാണ്. സമൂഹത്തോടും രാഷ്ട്രത്തോടും സ്നേഹവും, സാമൂഹിക ഐക്യത്തോടും ബഹുസ്വരതയോടും ആദരവും പുലർത്തുന്നവരാണെങ്കിൽ ഇത്തരം ധ്രുവീകരണ ശ്രമങ്ങളെ കണ്ടില്ല എന്ന് നമുക്ക് നടിക്കാനാവില്ല. ഇത്തരം അക്രമി സംഘങ്ങൾക്ക് പിൻബലം നൽകുന്നത് ആരായാലും - ലഹരി മാഫിയയോ, മതതീവ്രവാദ സംഘടനകളോ, മറ്റേതെങ്കിലും ദേശവിരുദ്ധ ശക്തികളോ ആണെങ്കിലും - രാഷ്ട്രീയ മത വ്യത്യാസം കൂടാതെ ഒറ്റകെട്ടായി ഇത്തരം സാമൂഹിക വിപത്തുകൾക്കെതിരെ പൊതുസമൂഹം ജാഗ്രതയോടെ നിലകൊള്ളേണ്ടിയിരിക്കുന്നു.

> **കേരളത്തിന് പുറത്ത് പ്രത്യേകിച്ച് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നടക്കുന്ന ക്രൈസ്തവ പീഡനങ്ങൾ പുറത്ത് കൊണ്ടുവരികയും വാർത്തയാക്കുകയും ചെയ്യുന്ന മാധ്യമ ധർമ്മമൊന്നും കേരളത്തിൽ നടക്കുന്ന അതിക്രമങ്ങളിൽ കാണിക്കാത്തത്തിന്റെ രാഷ്ട്രീയമൊക്കെ പൊതുജനത്തിന് പെട്ടെന്ന് മനസിലാകും. ഉറക്കെ ശബ്ദിക്കേണ്ടിടത്ത് ഉറക്കം നടിക്കുന്ന പ്രവണത കാപട്യത്തിന്റേതാണ്.**

കെസിബിസി മുൻപ് പലപ്പോഴായി സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളത് പോലെ, സത്യസന്ധവും ഗൗരവപൂർണ്ണമായ സമീപനം ഇത്തരം വിഷയങ്ങളിൽ സർക്കാർ സ്വീകരിക്കുകയും ഈ നാട്ടിലെ സാമൂഹിക ഐക്യവും മതസൗഹാർദ്ദവും കാത്ത് സൂക്ഷിക്കാൻ പ്രതിജ്ഞാബദ്ധത പുലർത്തുകയും വേണം. വിഭാഗീയതയും വർഗീയതയും അനൈക്യവും സംഘർഷവും സൃഷ്ടിക്കുകയും വളർത്തുകയും ചെയ്യുന്ന എല്ലാ പ്രത്യയ ശാസ്ത്രങ്ങളെയും വിധ്വംസക പ്രവർത്തനങ്ങളെയും നമ്മുടെ പൊതുസമൂഹം നിതാന്ത ജാഗ്രതയോടെ ചെറുത്ത് തോൽപ്പിക്കണം. അത്തരം നിലപാടുകളിലേക്ക് പൊതുസമൂഹത്തെ നയിക്കാനും പ്രചോദിപ്പിക്കാനുമുള്ള ഉത്തരവാദിത്തത്തെ ആത്മീയ രാഷ്ട്രീയ സാംസ്കാരിക മാധ്യമ നായകർ ആത്മാർഥമായും സത്യസന്ധമായും നിറവേറ്റണം.

www.malankaralibrary.com





# മദർ തെരേസയെ ഭയക്കുന്നതാര്?

ജന്മം ഇന്ത്യയിലായിരുന്നില്ലെങ്കിലും, തെരഞ്ഞെടുത്ത ശുശ്രൂഷാമേഖലകൊണ്ട് ഇന്ത്യക്കാരിയായി മാറിയ മദർ തെരേസയേക്കാൾ അധികമായി ലോകം ആദരിച്ച മറ്റൊരു ഇന്ത്യക്കാരി വേറെയില്ല. ഏതാണ്ടെല്ലാ ലോകരാജ്യങ്ങളും മദറിന് മുന്നിൽ എല്ലായ്പ്പോഴും വാതിൽ തുറന്നിട്ടു. സമാധാനത്തിനുള്ള നോബൽ സമ്മാനവും ഭാരത് രത്നയും ഉൾപ്പെടെ നൂറ്റിയിരുപത്തിൽപ്പരം അംഗീകാരങ്ങൾ മദറിനെ തേടിയെത്തി. ഒരുപക്ഷെ ഇതിനപ്പുറമുള്ള അംഗീകാരങ്ങൾ ഇനിയൊരു മനുഷ്യനും നേടാനില്ല. നോബൽ സമ്മാനം ഏറ്റുവാങ്ങിയ ശേഷമുള്ള പ്രഭാഷണത്തിൽ, ഒന്നിനും കൊള്ളാത്ത ഒരാളാണ് താൻ എന്ന് ലോകത്തോട് വിളിച്ചുപറഞ്ഞ വ്യക്തിയാണ് മദർ. നേട്ടങ്ങളൊന്നും തന്റേതല്ല എന്ന് മദർ ഉറച്ചു വിശ്വസിച്ചിരുന്നു. ഒന്നിലും ഒരിക്കലും അഹങ്കരിക്കുകയോ, സ്വാർത്ഥ നേട്ടങ്ങൾക്കും അംഗീകാരങ്ങൾക്കും പിന്നാലെ പോവുകയോ ചെയ്തില്ല. എങ്കിലും, ലോകം പതിറ്റാണ്ടുകളോളം മദറിന് പിന്നാലെ നടന്നു. നിരവധി രാഷ്ട്രത്തലവന്മാർ മദറിനെ തേടി കൽക്കത്തയിലെത്തി. അതിലേറെപ്പേർ മദറിനെ സ്വന്തം രാജ്യത്തേയ്ക്ക് ക്ഷണിച്ചു. ഒരു രാഷ്ട്രത്തലവന് ലഭിക്കുന്നതിന് തുല്യമായ ആദരവും പരിഗണനയുമായിരുന്നു മദറിന് മരണം വരെയും ഒട്ടേറെ രാജ്യങ്ങളിൽ ലഭിച്ചിരുന്നത്.

സ്നേഹം മാത്രമായിരുന്നു മദറിന്റെ മൂലധനം. സ്നേഹംകൊണ്ട് പണിതുയർത്തിയതായിരുന്നു മദറിന്റെ സാമ്രാജ്യം. ആ സ്നേഹം മാത്രമായിരുന്നു മദറിന്റെ ആയുധവും. ആ ആയുധംകൊണ്ട് തനിക്ക് മുന്നിലെത്തിയ ശത്രുക്കളെയെല്ലാം മദർ തോൽപ്പിച്ചു. മുഖത്ത് തുപ്പിയവരും, ആക്രമിക്കാൻ പദ്ധതികൾ മെനഞ്ഞവരും, കൊല്ലാനെത്തിയവരും മരണം വരെയും മദറിന് മുന്നിൽ കീഴടങ്ങിയിട്ടേയുള്ളൂ. ആ സ്നേഹത്തിന്റെ സന്ദേശവുമായി ലോകം മുഴുവൻ മദർ സഞ്ചരിച്ചു, അനേക ലക്ഷങ്ങൾക്ക് പ്രചോദനവും മാർഗ്ഗദീപവുമായി തീർന്നു. ലോകത്തിന് മുന്നിൽ ഇന്ത്യയ്ക്ക് അഭിമാനമായി മാറി. എന്നാൽ, അക്കാലം മുതലേ മദറിനെ ഭയപ്പെട്ടവരുണ്ടായിരുന്നു. ആർക്കും കീഴടക്കാൻ കഴിയാത്ത മദറിന്റെ സ്നേഹ സാമ്രാജ്യത്തെയും അതിന്റെ

www.malankaralibrary.com

ശക്തിയെയും സ്വാധീനത്തെയും അവർ ഭയന്നു. അവർ കള്ളക്കഥകൾ മെനഞ്ഞ് മദറിനെ മോശക്കാരിയാക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. മദറിന്റെ പ്രവർത്തനമേഖലകളെയും ഉദ്ദേശ്യശുദ്ധിയേയും എക്കാലവും അവരിൽ ചിലർ ചോദ്യം ചെയ്തുകൊണ്ടിരുന്നു. ഇന്നും അത് തുടരുന്നു.

സ്വന്തമായുള്ളതെല്ലാം ഉപേക്ഷിച്ച് യാതൊരു പ്രതിഫലവും പ്രതീക്ഷിക്കാതെ ഒരു അന്യരാജ്യത്തുവന്ന്, അന്യ ജാതിക്കാരായ ജനങ്ങൾക്കുവേണ്ടി ജീവിക്കാൻ ഒരു വ്യക്തിക്ക് കഴിയുമെന്നോ, അത്തരമൊരു പാത പിന്തുടർന്ന് ലോകമെമ്പാടുമുള്ള ആയിരങ്ങൾ മുന്നോട്ടുവരുമെന്നോ സങ്കൽപ്പിക്കാൻ അത്തരമൊരു മാതൃക കൺമുന്നിൽ ഇല്ലാത്തവർക്ക് സാധിക്കണമെന്നില്ല. കയ്യൂക്കിന്റെയും അധികാരത്തിന്റെയും ശക്തിയും, ആക്രമണങ്ങളുടെയും അടിച്ചമർത്തലിന്റെയും മാർഗ്ഗവും ശീലിച്ചവർക്ക് സ്നേഹത്തിന്റെ അർത്ഥവും ശക്തിയും തിരിച്ചറിയുക എളുപ്പമല്ല. നിസ്വാർത്ഥ സ്നേഹം എന്നൊന്നുണ്ടെന്നത് ഉൾക്കൊള്ളാൻ ആത്മാവിൽ അന്ധകാരം നിറഞ്ഞവർക്ക് എളുപ്പമാവില്ല. അംഗീകാരങ്ങളും ശാശ്വതവിജയവും നേടാൻ സ്നേഹത്തിന്റെ മാർഗ്ഗം മാത്രം സ്വീകരിച്ചാൽ മതിയെന്ന് അംഗീകരിക്കാൻ അവർക്ക് ഒരിക്കലും കഴിഞ്ഞുകൊള്ളണമെന്നില്ല. എന്താണ് യഥാർത്ഥ സ്നേഹം എന്ന് തിരിച്ചറിയാൻ കഴിയാത്തവർ ആ സ്നേഹത്തെ തള്ളിപ്പറയുകയും തിരസ്കരിക്കുകയും ഒറ്റിക്കൊടുക്കുകയും ചെയ്ത ചരിത്രം ഒറ്റപ്പെട്ടതല്ല.

മദറിലൂടെ ലോകം ക്രിസ്തുവിനെ ദർശിക്കുന്നു എന്ന തിരിച്ചറിവ് ചില പ്രതിയോഗികളിൽ നടുക്കം ഉളവാക്കിയിട്ടുണ്ടാകാം. ശത്രുക്കളെ സ്നേഹിക്കാനും, ആരുമില്ലാത്തവർക്കുവേണ്ടി ജീവിതം സമർപ്പിക്കാനും, തിരിച്ചു കിട്ടുമെന്ന് പ്രതീക്ഷിക്കാതെ നന്മ ചെയ്യാനും മദറിനെ പഠിപ്പിച്ച ഗുരുവിനെയും ഗുരുവിന്റെ പാഠങ്ങളെയും അവർ ഭയപ്പെടുന്നുണ്ടാകാം. അതിനാലാവണം, മദർ ലോകത്തെ മുഴുവൻ കബളിപ്പിക്കുകയായിരുന്നെന്നും മതപരിവർത്തനമായിരുന്നു മദറിന്റെ ലക്ഷ്യമെന്നും അക്കാലം മുതൽ ഇന്നുവരെയും ചിലർ ആവർത്തിച്ചുകൊണ്ടിരിക്കുന്നത്. ലോകത്തിന് മുന്നിൽ തുറന്ന

**സ്നേഹം മാത്രമായിരുന്നു മദറിന്റെ മൂലധനം. സ്നേഹംകൊണ്ട് പണിതുയർത്തിയതായിരുന്നു മദറിന്റെ സാമ്രാജ്യം. ആ സ്നേഹം മാത്രമായിരുന്നു മദറിന്റെ ആയുധവും. ആ ആയുധം കൊണ്ട് തനിക്ക് മുന്നിലെത്തിയ ശത്രുക്കളെയെല്ലാം മദർ തോൽപിച്ചു. മുഖത്ത് തുപ്പിയവരും, ആക്രമിക്കാൻ പദ്ധതികൾ മെനഞ്ഞവരും, കൊല്ലാനെത്തിയവരും മരണം വരെയും മദറിന് മുന്നിൽ കീഴടങ്ങിയിട്ടേയുള്ളൂ.**

പുസ്തകമായിരുന്ന, തൂവെള്ള തിരശീലയോളം കളങ്കരഹിതമായിരുന്ന മദറിനെ മരണശേഷം പതിറ്റാണ്ടുകൾക്കിപ്പുറവും ദുരാരോപണങ്ങൾക്കൊണ്ട് മൂടുവാൻ ചിലർ മടികാണിക്കാത്തതിന് പിന്നിൽ ആ ഭയമായിരിക്കാം. ലോകത്തെ ഏറ്റവുമധികം സ്വാധീനിച്ച പ്രമുഖ വ്യക്തിത്വങ്ങളിൽ മുൻനിരയിലുള്ള മദർ തെരേസ അര നൂറ്റാണ്ട് കാലം പ്രവർത്തന നിരതമായിരുന്ന പശ്ചിമ ബംഗാളിൽ ഇന്നുള്ള ക്രൈസ്തവ ജനസംഖ്യ കേവലം 0.72 ശതമാനം മാത്രമാണെന്ന് വരുമ്പോൾ, മദറും നൂറുകണക്കിന് സഹപ്രവർത്തകരും ആരംഭകാലം മുതൽ മതപരിവർത്തനമാണ് നടത്തിയിരുന്നത് എന്ന വാദം എത്രമാത്രം അപഹാസ്യമാണെന്ന് തിരിച്ചറിയാവുന്നതേയുള്ളൂ.

മദറിലൂടെ ഇന്ത്യയിൽ രൂപംകൊണ്ട മിഷനറീസ് ഓഫ് ചാരിറ്റി എന്ന സന്യാസ സമൂഹത്തിന്റെ പ്രവർത്തനങ്ങൾ ലോകമെങ്ങും വ്യാപിക്കുന്നതാണ്. നൂറിലധികം രാജ്യങ്ങളിലായി അഞ്ഞൂറിൽപ്പരം സ്ഥാപനങ്ങളാണ് ആ സന്യാസിനീ സമൂഹത്തിനുള്ളത്. സ്ഥാപനങ്ങളിൽ ഏറെയും വിവിധ രാഷ്ട്രത്തലവന്മാരുടെ ക്ഷണം സ്വീകരിച്ച് ആരംഭിച്ചിട്ടുള്ളവയാണ്. ക്രൈസ്തവ സാന്നിധ്യം തീരെയില്ലാത്തതും അപകടകരമായ സാഹചര്യങ്ങൾ നിലനിൽക്കുന്നതുമായ രാജ്യങ്ങളിൽപോലും മദർതെരേസ കടന്നുചെല്ലുകയും സ്ഥാപനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2016 ൽ നാല് സന്യാസിനിമാർ ഉൾപ്പെടെ പതിനാറ് പേരെ ഇസ്ലാമിക തീവ്രവാദികൾ കൊലപ്പെടുത്തുകയും ഫാ. ടോം ഉഴുന്നാലിലിനെ തട്ടിക്കൊണ്ടുപോവുകയും ചെയ്ത ഭീകരാക്രമണമുണ്ടായ യെമനിലെ വൃദ്ധസദനം, യമൻ ഭരണാധികാരി മദറിനോട് പ്രത്യേകം അഭ്യർത്ഥിച്ചതിൻപ്രകാരം ആരംഭിച്ചതാണ്. ഇസ്ലാമിക രാജ്യങ്ങൾ പോലും മിഷനറീസ് ഓഫ് ചാരിറ്റി സന്യാസിനിമാരുടെ സേവനത്തെ അത്യന്തം വിലമതിക്കുന്നതിന് കാരണം സമാനതകളില്ലാത്ത അവരുടെ അർപ്പണബോധവും സേവന സന്നദ്ധതയുമാണ്.

ക്രൈസ്തവ മിഷനറിമാരുടെ മാത്രം സവിശേഷതയായ ദൈവികവും നിസ്വാർത്ഥവുമായ സ്നേഹവും അനുകമ്പയും തെറ്റിദ്ധരിക്കപ്പെടുകയും ആക്ഷേപിക്കപ്പെടുകയും കുറ്റപ്പെടുത്തപ്പെടുകയും ചെയ്യുമ്പോഴും, അവരെല്ലാം കൂടുതൽ ആവേശത്തോടെ തങ്ങളുടെ കടമകളിൽ മുഴുകുകയാണ് പതിവ്. മദർതെരേസ മുതൽ ജീവിച്ചുകടന്നുപോയ എല്ലാ മിഷനറിമാരും, ഇപ്പോൾ ജീവിച്ചിരിക്കുന്നവരും അപ്രകാരം തന്നെയാണ്. അനാഥരായ തന്റെ മക്കൾക്കുവേണ്ടി ഭിക്ഷയാചിച്ച മദർ തെരേസയുടെ കരങ്ങളിൽ തുപ്പിയ ധനികനായ കച്ചവടക്കാരനോട് മദർതെരേസ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞ വാക്കുകൾ ഇപ്രകാരമാണ്: „നന്ദി, എനിക്കുള്ളത് നിങ്ങൾ തന്നു. ഇനി എന്റെ മക്കൾക്കുവേണ്ടി എന്തെങ്കിലും തരിക." ഇന്ന് ഈ സോഷ്യൽ മീഡിയയുടെ കാലഘട്ടത്തിൽ മദർ തെരേസ ജീവിച്ചിരുന്നെങ്കിൽ അതേ മനോഭാവം തന്നെയായിരിക്കും തന്നെ അധിക്ഷേപിക്കുന്നവരോട് പുലർത്തുക എന്ന് തീർച്ച.

ആ സ്നേഹത്തെയും സൗമ്യതയെയും നിഷ്കളങ്കതയെയും അർപ്പണ മനോഭാവത്തെയും ഭയക്കുന്നവരുടെ എണ്ണം വർധിച്ചുകൊണ്ടിരിക്കും എന്ന് തീർച്ച. കാരണം, മദറിനും മദറിന്റെ മാതൃക ഹൃദയത്തിൽ ഏറ്റെടുത്തവർക്കും സ്വന്തമായ സത്ഗുണങ്ങളിൽ ഒന്നുപോലും സ്വന്തമാക്കാൻ കഴിയാത്തവർ തങ്ങളുടെ വിജയം ശാശ്വതമല്ല എന്ന തിരിച്ചറിവിൽ ഭയചകിതരാവുകയും പരിഭ്രമിക്കുകയും ചെയ്യും. നന്മയുടെ വിജയം പൂർണ്ണമാകുന്ന കാലത്തോളം അത് തുടരും.

www.malankaralibrary.com



# ഭാരത കത്തോലിക്കാ മെത്രാൻ സമിതി (CBCI) 36-ആമത് ദ്വിവർഷ പൊതുസമ്മേളനം ഉപസംഹാര പ്രസ്താവന (07.02)

ആമുഖം

1. ഭാരത മെത്രാൻ സമിതിയുടെ അംഗങ്ങളായ ഞങ്ങൾ, 170 മെത്രാന്മാർ, 2024 ജനവരി 31 മുതൽ ഫെബ്രുവരി 7-ആം തീയതിവരെ, കർത്താവായ യേശുക്രിസ്തുവിൽ സന്തോഷപൂർവ്വം പ്രത്യാശ അർപ്പിച്ചുകൊണ്ട്, ബംഗളൂരുവിലെ St. John's National Academy of Health Sciences - ൽ ഞങ്ങളുടെ 36-ആമത് പൊതുസമ്മേളനത്തിനായി ഒത്തുചേർന്നു. "നമ്മുടെ രാഷ്ട്രത്തിന്റെ ഇന്നത്തെ സാമൂഹിക-രാഷ്ട്രീയ സാഹചര്യത്തോടുള്ള സഭയുടെ പ്രതികരണം." "നിർമിതബുദ്ധിയുടെ (Artificial Intelligence = AI) പ്രയോജനങ്ങളും വെല്ലുവിളികളും" എന്നിവയായിരുന്നു ഞങ്ങളുടെ മുഖ്യചർച്ചാവിഷയങ്ങൾ. സഭയുടെ സ്വഭാവത്തെ സംക്ഷിപ്തമായി അവതരിപ്പിക്കുന്ന "കൂട്ടായ്മ, പ്രേഷിത ദൗത്യം, പങ്കാളിത്തം" എന്ന ചിന്തയുമായി മുന്നേറുന്ന ഇപ്പോഴത്തെ സിനഡാത്മകതയെ സംബന്ധിച്ച സിനഡിന്റെ (ഒക്ടോബർ 2021 - ഒക്ടോബർ 2024) പശ്ചാത്തലത്തിലാണ് ഇപ്രകാരം ഒരു വിചിന്തനം ഞങ്ങൾ നടത്തിയത്. പരിശുദ്ധാത്മാവിനെയും പരസ്പരവും ശ്രവിക്കാൻ സിനഡാത്മകത നമ്മെ ക്ഷണിക്കുന്നു, എന്തെന്നാൽ "ഒരേ ആത്മാവിൽ ഒരേ ശരീരത്തിലേക്ക് നാം സ്നാനപ്പെട്ടിരിക്കുന്നു" (1 കോറി 2:13). ഇക്കാര്യത്തിൽ, ഫ്രാൻസിസ് പാപ്പായുടെ ക്ഷണത്താലും നാം പ്രചോദിതരാണ്. പാപ്പാ പറയുന്നു: "ഒരൊറ്റ മനുഷ്യ കുടുംബം എന്ന നിലയിൽ, സഹയാത്രികരെപ്പോലെ, നമ്മുടെ പൊതു ഭവനമായ ഒരേ ഭൂമിയുടെ മക്കൾ എന്നപോലെ, നാമോരോരുത്തരും സ്വന്തം വിശ്വാസങ്ങളുടെയും ബോധ്യങ്ങളുടെയും സമ്പന്നത കൊണ്ടുവന്നുകൊണ്ട്, അവരവരുടെ ശബ്ദത്തോടെ, എല്ലാവരും സഹോദരിമാരും സഹോദരന്മാരും എന്ന നിലയിൽ നമുക്ക് സ്വപ്നം കാണാം" (എല്ലാവരും സഹോദരർ [Fratelli Tutti], 8 ).

## I. ഇന്നത്തെ രാഷ്ട്രീയ-സാമൂഹ്യ സാഹചര്യവും നമ്മുടെ പ്രത്യുത്തരവും

2. നാനാത്വത്തിൽ ഏകത്വം എന്ന ധന്യമായ സാംസ്കാരിക പാരമ്പര്യമുള്ള ഒരു പുരാതന നാഗരികതയാണ് നമ്മുടേത്. ഭരണഘടനയിൽ പ്രതിഷ്ഠിതമായിരിക്കുന്ന മതസൗഹാർദം, അഹിംസ, സമാധാനം എന്നീ മൂല്യങ്ങൾ വിലമതിക്കുന്നവരാണ് ഭാരതീയർ. കാലത്തിന്റെ സൂചനകളോടു പ്രതികരിച്ചുകൊണ്ട് CBCI യോഗത്തിൽ ആദ്യം തന്നെ ഇന്ന് നമ്മുടെ രാഷ്ട്രത്തിൽ നിലനിൽക്കുന്ന സാഹചര്യമാണ് വിചിന്തന വിഷയമാക്കിയത്. ശാസ്ത്രം, സാങ്കേതികവിദ്യ, സമ്പദ്‌വ്യവസ്ഥ തുടങ്ങി മറ്റ് അനേകം മേഖലകളിൽ ഇന്ത്യ അഭൂതപൂർവമായ മുന്നേറ്റങ്ങൾ നടത്തിയിട്ടുണ്ട്; ലോകത്തിലെതന്നെ ഒരു സാമ്പത്തിക ശക്തിയായി വളർന്നുകൊണ്ടിരിക്കുന്ന രാഷ്ട്രമായി ഇന്ത്യ അംഗീകരിക്കപ്പെട്ടുവരുന്നു. ക്രിസ്തീയ സമൂഹം നമ്മുടെ രാഷ്ട്രത്തിന്റെ പുരോഗതിയിൽ അഭിമാനം കൊള്ളുന്നു. അതേസമയം നമ്മെ ഉത്കണ്ഠാകുലരാക്കുന്ന മറ്റു പല കാര്യങ്ങളും ഉണ്ട്.

2.1 സാമ്പത്തിക ഉന്നമനം നമ്മുടെ രാഷ്ട്രത്തിലെ വളരെ കുറച്ചു ശതമാനം ആളുകൾക്കു മാത്രമേ പ്രാപ്യമായിട്ടുള്ളൂ. തൊഴിലില്ലായ്മയുടെ തോത് വളരെയേറെ വർദ്ധിച്ചിട്ടുണ്ട്. വലിയ തോതിലുള്ള ദേശാന്തരഗമനം അനേകായിരങ്ങൾക്ക് ദുരിതത്തിന് കാരണമായിട്ടുണ്ട്. അതുപോലെതന്നെ, ശാസ്ത്രീയ, സങ്കേതിക രംഗത്തെ പുരോഗതി നമ്മുടെ ഏറിയ ശതമാനം ആളുകളുടെയുംപക്കൽ എത്തിച്ചേർന്നിട്ടില്ല, ഏറെ പ്രത്യേകിച്ച് ഗ്രാമീണ ജനത അതിൽനിന്നുള്ള പ്രയോജനങ്ങൾ അനുഭവിക്കുന്നില്ല; ഡിജിറ്റൽ ആയുള്ള ഒരു വിഭജനമാണ് (digital divide) ഇതിന്റെ അനന്തരഫലം.

2.2 വികസനം മിക്കപ്പോഴും പരിസ്ഥിതിക്ക് ഹാനികരമായിട്ടുണ്ട്; അത് നമ്മുടെ ഗോത്രവർഗ സഹോദരീസഹോദരന്മാരുടെ ജീവിതത്തെ പ്രതികൂലമായി ബാധിക്കുകയും അവരുടെ ആവാസഭൂമി നഷ്ടപ്പെടുത്താൻ ഇടവരുത്തുകയും ചെയ്തിട്ടുണ്ട്. മത്സ്യമേഖലയിൽ തൊഴിലെടുക്കുന്ന തീരദേശങ്ങളിലുള്ള നമ്മുടെ സഹോദരരുടെ സഹനം നേരിട്ടു നാം കണ്ടിട്ടുണ്ട്; അതുപോലെതന്നെ കർഷകരുടെ അസ്വസ്ഥജനകമായ ദീർഘമായ പോരാട്ടവും.

2.3 വിഭജന ലക്ഷ്യങ്ങളുള്ള മനോഭാവങ്ങളും വിദ്വേഷ പ്രസംഗങ്ങളും തീവ്രവാദപ്രസ്ഥാനങ്ങളും നമ്മുടെ രാഷ്ട്രത്തെയും ഭരണഘടനയെയും കരുപ്പിടിപ്പിച്ച ബഹുസ്വരതയും മതേതരചിന്തയും ഇല്ലാതാക്കാൻ പോരുന്നതായി ഭവിക്കുന്നു. ഭരണഘടന ഉറപ്പുതരുന്ന മൗലിക അവകാശങ്ങൾക്കും ന്യൂനപക്ഷ അവകാശങ്ങൾക്കും കോട്ടം തട്ടാൻ പാടുള്ളതല്ല.

2.4 നമ്മുടെ രാഷ്ട്രത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവർക്കെതിരെയുള്ള ആക്രമണങ്ങൾ തുടർന്നു

www.malankaralibrary.com



കൊണ്ടേയിരിക്കുന്നു. ഭവനങ്ങളും ദേവാലയങ്ങളും നശിപ്പിക്കുന്നതും ഹോസ്റ്റലുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ആതുരശുശ്രൂഷരംഗങ്ങളിലും സേവനം ചെയ്യുന്നവരെ പലവിധത്തിൽ ശല്യപ്പെടുത്തുന്നത് പതിവായിത്തീർന്നിരിക്കുന്നു. ഭീമമായവിധത്തിൽ ജീവനും ജീവിതമാർഗങ്ങളും തുടച്ചുനീക്കുന്ന ഇനിയും അവസാനിക്കാത്ത മണിപ്പൂർ കലാപം ഞങ്ങളെ സംഭ്രമിപ്പിക്കുകയും അതീവ ദുഃഖിതരാക്കുകയും ചെയ്യുന്നു.

2.5 നമ്മുടെ രാജ്യത്തെ ജനാധിപത്യസ്ഥാപനങ്ങൾ ദുർബലമാക്കപ്പെടുന്നെന്നും ഫെഡറൽ ഘടന പരിമിതപ്പെടുത്തുന്നെന്നും ജനാധിപത്യത്തിന്റെ നാലാമത്തെ നെടുംതൂണായ മാധ്യമങ്ങൾ തങ്ങളുടെ ചുമതല നിറവേറ്റുന്നില്ലെന്നുമുള്ള വ്യാപകമായ ആക്ഷേപമുണ്ട്.

2.6 മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്തവിധം മതപരമായ ധ്രുവീകരണം സംഭവിക്കുകയും അത് നമ്മുടെ രാഷ്ട്രത്തിലെ സാമൂഹ്യ മൈത്രിക്കു ഭംഗം വരുത്തുകയും ജനാധിപത്യത്തെതന്നെ അപകടപ്പെടുത്തുകയും ചെയ്യുന്നു.

3. അഹിംസയുടെയും മുറിവുണക്കലിന്റെയും നീതിയുടെയും അനുരഞ്ജനത്തിന്റെയും പാത അവലംബിക്കുന്നവിധമാണ് ഞങ്ങളുടെ പ്രതികരണം: തൽസംബന്ധമായി താഴെപ്പറയുന്ന കാര്യങ്ങൾ ഞങ്ങൾ നിർദേശിക്കുന്നു:

3.1 ക്രൈസ്തവരെന്ന നിലയിൽ ഞങ്ങളുടെ ആദ്യ പ്രതികരണം പ്രാർഥനയുടേതാണ്: 'കാരണം ദൈവത്തിന് എല്ലാം സാധ്യമാണ്' ( മത്താ 19:26). അതിനാൽ, നമ്മുടെ രാജ്യത്ത് സമാധാനവും ഐക്യവും പുലരാൻ ഓരോ രൂപതയും 2024 മാർച്ച് 22-ആം തീയതി, വെള്ളിയാഴ്ച, പ്രാർഥനയുടെയും ഉപവാസത്തിന്റെയും ദിനമായി ആചരിക്കണം എന്ന് CBCI നിർദേശിക്കുന്നു.

3.2 ജാതിയോ മതമോ ലിംഗമോ കണക്കിലെടുക്കാതെ സമൂഹത്തിലെ ദുർബല വിഭാഗങ്ങളെ പ്രതിജ്ഞാബദ്ധതയോടെ ശുശ്രൂഷിക്കുക എന്ന കാര്യം ഞങ്ങൾ പുനരുറപ്പിക്കുന്നു; അതുവഴിയായി ഏറ്റവും എളിയവരും അവസാനം നിൽക്കുന്നവരുമായവർക്കും പുരോഗതിയുടെ ഫലങ്ങൾ അനുഭവവേദ്യമാക്കണം.

3.3 നമ്മുടെ കുടുംബങ്ങളും സമൂഹങ്ങളും സ്ഥാപനങ്ങളും നമ്മുടെ ഭരണഘടനയുടെ ചൈതന്യം ഉൾക്കൊള്ളുകയും അതിന്റെ മൂല്യങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.

3.4 ഭരണഘടനയുടെ അടിസ്ഥാനഘടന നിലനിർത്താനുള്ള എല്ലാ സമീപനങ്ങളും സ്വീകരിക്കണമെന്ന് ഞങ്ങൾ രാഷ്ട്രീയ നേതാക്കളോട് അഭ്യർത്ഥിക്കുന്നു; ഏറെ പ്രത്യേകിച്ച് ഭരണഘടനയുടെ ആമുഖം (Preamble) നിലനിർത്തണം: ഇന്ത്യ സ്വതന്ത്രവും സാമൂഹ്യനീതിയിൽ അധിഷ്ഠിതവും ജനാധിപത്യപരവും ആയ റിപ്പബ്ലിക് ആണെന്നും നീതിയും സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവും ഉറപ്പാക്കുന്നു എന്നും അത് പ്രഖ്യാപിക്കുന്നു.

3.5 എല്ലാ പൗരരും സമ്മതിദായക പട്ടികയിൽ പേർ ചേർക്കുകയും യുക്തിപൂർവം തങ്ങളുടെ സമ്മതിദായക അവകാശം നിറവേറ്റുകയും ചെയ്യണമെന്ന് ഞങ്ങൾ ആഹ്വാനം ചെയ്യുന്നു; അങ്ങനെ അവർ ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കുകയും ദരിദ്രരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുകയും ചെയ്യുന്ന നേതാക്കളെ തിരഞ്ഞെടുക്കാൻ ഇടവരട്ടെ.

3.6 ദളിത് ക്രൈസ്തവർക്കും വിവേചിതരായ സന്യൂനപക്ഷങ്ങൾക്കും പട്ടികജാതികൾ എന്ന ആനുകൂല്യം നൽകണമെന്ന് ഞങ്ങൾ ആവർത്തിച്ച് ക്രേന്ദസർക്കാരിനോട് ആവശ്യപ്പെടുന്നു. അതുപോലെതന്നെ, ഗോത്രവർഗക്കാരായ ക്രൈസ്തവരെ പട്ടികവർഗ നിലയിൽനിന്ന് നീക്കം ചെയ്യാനുള്ള ശ്രമങ്ങളും പട്ടികവർഗ ജനതകളെ അപ്രകാരമുള്ള ലിസ്റ്റിൽ നിന്ന് ഒഴിവാക്കാനുള്ള ശ്രമങ്ങളും സർക്കാർ നടത്തരുതെന്ന് ഞങ്ങൾ ശക്തമായി ആവശ്യപ്പെടുന്നു.

3.7 ഭരണഘടന ഉറപ്പുനൽകുന്ന മൗലികാവകാശങ്ങളും ന്യൂനപക്ഷ അവകാശങ്ങളും സംരക്ഷിക്കപ്പെടണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നതോടൊപ്പംതന്നെ, ഞങ്ങൾ നമ്മുടെ മാതൃരാജ്യത്തിന്റെ നിയമങ്ങൾ പാലിക്കുന്നവരും ഉത്തരവാദിത്വപൂർവം പെരുമാറുന്നവരുമായി തുടരും.

3.8 പരിസ്ഥിതിക്കുവേണ്ടിയുള്ള ഇടവക, രൂപതാ കമ്മീഷനുകളോടു ഞങ്ങൾ ഇപ്രകാരം ആഹ്വാനം ചെയ്യുന്നു: നമ്മുടെ ഇന്നത്തെ ജീവിതരീതിയിലുള്ള പുനരുപയോഗം സാധ്യമല്ലാത്ത ഭ്രസ്രോതസ്സുകളുടെ അമിത ഉപയോഗവും ജലത്തിന്റെയും വായുവിന്റെയും മലിനീകരണവും ഭക്ഷണത്തിന്റെ പാഴാക്കലും വരുത്തിവെക്കുന്ന പാരിസ്ഥിതിക ഹാനിയെക്കുറിച്ച് അവർ ജനത്തെ ബോധവൽകരിക്കണം. എല്ലാവരിലും 'നമ്മുടെ പൊതുഭവനമായ ഭൂമി'യെക്കുറിച്ചുള്ള പ്രത്യേകമായ കരുതൽ വളർത്തിയെടുക്കേണ്ടിയിരിക്കുന്നു.

3.9 പരസ്പരം സന്തോഷങ്ങളും ദുഃഖങ്ങളും പങ്കുവെച്ചുകൊണ്ട് സന്മനസ്സുള്ള എല്ലാ മനുഷ്യരോടും ചേർന്ന് നാം നമ്മുടെ യാത്ര തുടരും. മതാന്തരസംവാദവും അയൽസമൂഹങ്ങളുമായുള്ള സൗഹൃദവും വഴി ഇതര വിശ്വാസങ്ങളിൽ ജീവിക്കുന്ന സഹോദരീസഹോദരന്മാരുമായി പാലങ്ങൾ പണിത് ജീവിക്കാൻ നാം സഭാംഗങ്ങളെ ബോധവൽകരിക്കും.

## II. നിർമ്മിതബുദ്ധിയുടെ (AI) പ്രയോജനങ്ങളും വെല്ലുവിളികളും സംബന്ധിച്ച സഭയുടെ പ്രതികരണം

www.malankaralibrary.com



4. ഈ പൊതുസമ്മേളനത്തിൽ, നമ്മുടെ പ്രേഷിത ദൗത്യത്തിന്റെ പശ്ചാത്തലത്തിൽ, നിർമിത ബുദ്ധിയുടെ പ്രയോജനങ്ങളെയും വെല്ലുവിളികളെയും സംബന്ധിച്ച ചർച്ച നടന്നു. നിർമിതബുദ്ധി ഉൾപ്പെടുന്ന ഡിജിറ്റൽ (digital) സാങ്കേതിക വിദ്യകൾ ദൈവിക ദാനങ്ങൾ ആണെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. ഫ്രാൻസിസ് പാപ്പാ ഉദ്ബോധിപ്പിക്കുന്നു, 'ധൈര്യപൂർവം നമുക്ക് ഡിജിറ്റൽ ലോകത്തിലെ പൗരരാകാം' (ലോക സാമൂഹ്യസമ്പർക്കദിന സന്ദേശം, 2024)

5. ആരോഗ്യപരിപാലനം, കൃഷി, വിദ്യാഭ്യാസവും ഗവേഷണവും, എൻജിനീയറിങ്, ഉല്ലാസ -വിശ്രമം, വ്യവസായവും സമ്പത്തും എന്നീ രംഗങ്ങളിൽ വളരെ വലിയ പ്രയോജനങ്ങളാണ് നിർമിതബുദ്ധി (AI) വാഗ്ദാനം ചെയ്യുന്നത്. അതേസമയം, നിർമിതബുദ്ധിയുടെ സിസ്റ്റങ്ങൾ ദുരുപയോഗിക്കപ്പെടാം: തെറ്റായ കരങ്ങളിൽ ഇതേ സാങ്കേതികവിദ്യകൾ തന്നെ വെറുപ്പ്, അക്രമം, കൗശലപൂർവമുള്ള സാമൂഹ്യ ആശ്രയഭ്രാന്ത് സൃഷ്ടിക്കൽ എന്നിവയ്ക്കുള്ള ഉപകരണങ്ങളായി ഉപയോഗപ്പെടുത്താവുന്നതാണ്. ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ ശേഖരിക്കപ്പെടുന്ന മാനുഷിക വിവരങ്ങളും (human data) നിർമിതബുദ്ധിയും വ്യക്തികളുടെയും കുടുംബങ്ങളുടെയും സ്വകാര്യത അട്ടിമറിക്കാനായി ഉപയോഗപ്പെടുത്താം. എല്ലാ തൽപരകക്ഷികളെയും ബന്ധപ്പെട്ടുകൊണ്ട് നിർമിതബുദ്ധിയുടെ വികാസത്തെയും ഉപയോഗത്തെയും നിയന്ത്രിക്കാൻ സർക്കാരിനോട് CBCI ആവശ്യപ്പെടുന്നു; അങ്ങനെ ഏറ്റവും നല്ല സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടുകയും ദുർവിനിയോഗസാധ്യതകൾ തടസ്സപ്പെടുത്തപ്പെടുകയും ചെയ്യട്ടെ.

6. സാമൂഹ്യവും സാംസ്കാരികവും ആയ വൈവിധ്യങ്ങളുടെ ലക്ഷണങ്ങളുള്ള മനുഷ്യരെ കേവലം ഒരുകൂട്ടം വിവരങ്ങളുടേയോ (mere data) കണക്കുകൂട്ടലുകളുടെയോ (algorithms) അടിസ്ഥാനത്തിൽ നിർവചിക്കാനാവില്ല. അതിനാൽ, ഞങ്ങൾ ഇപ്രകാരം ശുപാർശ ചെയ്യുന്നു:

6.1 ഓരോ രൂപതയിലെയും സമ്പർക്കമാധ്യമ ഓഫീസ് കൃത്യമായ പദ്ധതികൾ സഭാസമൂഹത്തിനു മുഴുവനുമായി ആസൂത്രണം ചെയ്യട്ടെ. കുട്ടികൾക്കും യുവാക്കൾക്കും കുടുംബങ്ങൾക്കും സമർപ്പിതർക്കും വൈദികർക്കും ഉത്തരവാദിത്വപൂർവമായ ഡിജിറ്റലിന്റെയും നിർമിതബുദ്ധിയുടെയും ആയ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള അവബോധം നൽകട്ടെ; അങ്ങനെ അവർ കൗശലങ്ങളിൽനിന്നും ദുർവിനിയോഗ സാധ്യതകളിൽനിന്നും രക്ഷിക്കപ്പെടട്ടെ. ഡിജിറ്റൽ ലോകത്തിലെ ഉത്തരവാദിത്തപ്പെട്ട പൗരരാകാൻ ധാർമികബോധത്തോടെയുള്ള നിർമിതബുദ്ധിയുടെ ഉപയോഗം ഞങ്ങൾ പ്രോത്സാഹിപ്പിക്കുന്നു.

6.2 നമ്മുടെ രൂപതാ, പ്രാദേശിക തലങ്ങളിലെ സാമൂഹ്യസമ്പർക്കത്തിനുള്ള കമ്മീഷനുകളും യുവജന സംഘടനകളും ഇപ്പോൾ ലഭ്യമായിട്ടുള്ള നിർമിതബുദ്ധിയുടെ ഉപകരണങ്ങൾ ഫലപ്രദമായ വിശ്വാസ രൂപവൽകരണത്തിനും സദ്വാർത്തയുടെ ക്രിയാത്മകമായ പങ്കുവയ്ക്കലിനും ഉപയുക്തമാംവിധം പ്രയോജനപ്പെടുത്തണം. നിർമിതബുദ്ധിയിൽ പ്രാവീണ്യമുള്ള യുവജനങ്ങൾ ഇക്കാര്യത്തിൽ സഹായിക്കണമെന്ന് ഞങ്ങൾ അഭ്യർഥിക്കുന്നു.

6.3 രൂപതകളും സന്യാസസമൂഹങ്ങളും അൽമായ സംഘടനകളും നിർമിതബുദ്ധിയുടെ വിപ്ലവം വഴിയായി ലഭിക്കുന്ന അവസരങ്ങളെ ഉപയോഗപ്പെടുത്താൻ നമ്മുടെ യുവതീയുവാക്കളെ പ്രാപ്തരാക്കട്ടെ.

7. സമഗ്രമാനവവികാസത്തിന്റെ പാത നീതിയും സമത്വവും സത്യവും സ്വാതന്ത്ര്യവും പൊതുനന്മയ്ക്കായി പ്രോത്സാഹിപ്പിക്കുന്ന സാമൂഹ്യമായ ഇടപെടലുകളും ഉൾക്കൊണ്ടതാണെന്ന് ഇന്ത്യയിലെ കത്തോലിക്കാ സഭ ശക്തമായി ആവർത്തിക്കുന്നു. ഇക്കാര്യത്തിൽ, നിർമിതബുദ്ധിക്ക് ഒരു പ്രയോജനപ്രദമായ ഉപകരണം ആയിത്തീരാൻ സാധിക്കും; പക്ഷേ, അതോടൊപ്പം അതു മാനുഷിക വ്യക്തിയുടെ സങ്കീർണ്ണതകളെയും ഔന്നത്യത്തെയും പവിത്രതയെയും മാനിക്കുകയും സംരക്ഷിക്കുകയും ചെയ്യണം.

## ഉപസംഹാരം

8. ഇന്ത്യയിലെ സഭ സിനഡാത്മക ചൈതന്യത്തിൽ പ്രത്യാശയുടെ തീർഥാടകരായി 2025-ലെ ജൂബിലിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. കഴിഞ്ഞ കാലഘട്ടങ്ങളിലെല്ലാം ക്രൈസ്തവർ എല്ലാ തലങ്ങളിലും - രാജ്യസംരക്ഷണസേനാതലം, വിദ്യാഭ്യാസവും സാക്ഷരതയും, ആരോഗ്യപരിപാലനം, സാമൂഹ്യസേവനം എന്നിവയിൽ - രാജ്യത്തെ പ്രതിജ്ഞാബദ്ധതയോടെ സേവിച്ചിട്ടുണ്ട്. രാഷ്ട്രത്തോടുള്ള നമ്മുടെ ശുശ്രൂഷ ധാരാളം സഹപൗരർ അംഗീകരിച്ചിട്ടുണ്ട്. രാജ്യസ്നേഹികളായ പൗരർ എന്ന നിലയ്ക്ക് എല്ലാവിലകൊടുത്തും നമ്മൾ തുടർന്നും നമ്മുടെ രാജ്യത്തെ ശുശ്രൂഷിക്കും. അതു നമ്മുടെ ഗുരുവായ യേശുവിന്റെ പാത പിന്തുടരുന്നതിന്റെ ഭാഗമായിരിക്കും. അവിടന്നു പറഞ്ഞു: 'കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. എന്തെന്നാൽ, ദരിദ്രരെ സദ്വാർത്ത അറിയിക്കാൻ അവൻ എന്നെ അഭിഷേചിച്ചിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും പ്രഘോഷിക്കാനും അടിച്ചമർത്തപ്പെട്ടവരെ മോചനത്തിലേക്കു നയിക്കാനും കർത്താവിന്റെ പ്രസാദവത്സരം പ്രഘോഷിക്കാനും അവൻ എന്നെ അയച്ചിരിക്കുന്നു" (ലൂക്കാ 4:18-19). നമ്മുടെ രാജ്യത്തിന്റെ ക്ഷേമത്തിനും ഐശ്വര്യത്തിനുമായി ഞങ്ങൾ പ്രാർഥിക്കുന്നു; നമ്മുടെ മാതാവും പ്രത്യാശയുടെ താരവുമായ പരിശുദ്ധ കന്യകമറിയത്തിന്റെ കരങ്ങളിൽ ഞങ്ങൾ ഈ രാജ്യത്തെ ഭരമേൽപ്പിക്കുന്നു.

• **ആർച്ച്ബിഷപ് ആൻഡ്രൂസ് താഴത്ത്,**
CBCI പ്രസിഡന്റ്

• **ആർച്ച്ബിഷപ് അനിൽ കൂട്ടോ,**
സെക്രട്ടറി ജനറൽ

www.malankaralibrary.com



# കാട്ടുമൃഗങ്ങളുടെ ആക്രമണത്തെപ്പറ്റി വയനാട്ടിലെ കത്തോലിക്കാ രൂപതാദ്ധ്യക്ഷന്മാർ പുറപ്പെടുവിക്കുന്ന സംയുക്ത പ്രസ്താവന (11.02)

പ്രിയപ്പെട്ടവരെ,

റിസർവ് വനങ്ങളും വന്യജീവിസങ്കേതങ്ങളുമായി അതിർത്തി പങ്കിടുന്ന വയനാട് പോലെയുള്ള പ്രദേശങ്ങളിലെ ജനങ്ങളുടെ ജീവനും സ്വത്തിനും നിരന്തരം ഭീഷണി ഉയർത്തിക്കൊണ്ട് ആന, കടുവ, കരടി തുടങ്ങിയ കാട്ടുമൃഗങ്ങളുടെ ആക്രമണം മൂലം കൊല്ലപ്പെടുന്ന മനുഷ്യരും നശിപ്പിക്കപ്പെടുന്ന കൃഷികളും എല്ലാം ഒരു തുടർക്കഥയാകുകയാണ്. കടുവയുടെ ആക്രമണത്താൽ കൊല്ലപ്പെട്ട പുതുശ്ശേരി നിവാസിയായ തോമസിൻ്റെയും വാകേരി നിവാസിയായ പ്രജീഷിൻ്റെയും ബന്ധുമിത്രാദികളുടെ കണ്ണീർ ഇനിയും ഉണങ്ങിയിട്ടില്ല. അതിന് മുമ്പ് തന്നെ പടമലയിൽ താമസക്കാരനായ അജി എന്ന യുവകർഷകൻ കാട്ടാനയുടെ കുത്തേറ്റ് അതിദാരുണമായി കൊല്ലപ്പെട്ടിരിക്കുന്നു. അജിയുടെ ആത്മാവിന് നിത്യശാന്തി നേരുന്നു. അദ്ദേഹത്തിൻ്റെ പ്രിയ ഭാര്യക്കും പറക്കമുറ്റാത്ത രണ്ട് കുഞ്ഞുങ്ങൾക്കും രോഗിണിയായ മാതാവിനും ഒന്നും ചെയ്യാനാകാതെ വിറങ്ങലിച്ച് നില്ക്കുന്ന പിതാവിനും ഞങ്ങൾ, കോഴിക്കോട്, ബത്തേരി, മാനന്തവാടി രൂപതകളുടെ അദ്ധ്യക്ഷന്മാർ ഈ രൂപതകളുടെ അംഗങ്ങളായ എല്ലാവരുടെയും പേരിൽ അനുശോചനം രേഖപ്പെടുത്തുകയും അജിയുടെ കുടുംബാംഗങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. നമ്മുടെ കർത്താവിൻ്റെ കരസ്പർശം അവരുടെ മനസ്സുകൾക്ക് സാന്ത്വനം നൽകട്ടെ.

ഈ സാഹചര്യത്തിൽ കേരള സർക്കാരിനോടും വയനാട് ജില്ലാ ഭരണാധികാരികളോടും വനം വകുപ്പിലെ ഉദ്യോഗസ്ഥരോടും എല്ലാം ഞങ്ങൾക്കഭ്യർത്ഥിക്കാനുള്ളത് ഒന്നു മാത്രം: നിങ്ങളുടെ സത്വരശ്രദ്ധ വയനാട്ടിലെയും അതുപോലെയുള്ള മറ്റിടങ്ങളിലെയും ജനങ്ങൾക്ക് സുരക്ഷിതത്വബോധം ഉണ്ടാക്കിക്കൊടുക്കുന്ന കാര്യത്തിൽ പതിയണം; നിങ്ങളുടെ കൃത്യനിർവഹണം ആ രീതിയിൽ നിങ്ങൾ നിർവഹിക്കണം. ഇനിയും ഈ നാട്ടിൽ ഒരു മനുഷ്യജീവനും വളർത്തുമൃഗവും വന്യമൃഗങ്ങൾക്ക് ഇരയാകരുത്. ആരുടെയും കൃഷി നശിപ്പിക്കപ്പെടരുത്.

ഒരു ചാൺ വയർ നിറയ്ക്കാനും തങ്ങളുടെ കുഞ്ഞുങ്ങളുടെ ഭാവി സുരക്ഷിതമാക്കാനും പകലന്തിയോളം പറമ്പിൽ പണിയെടുക്കുന്ന പാവപ്പെട്ടവൻ്റെ കൃഷിയും കൃഷിസ്ഥലവും കാട്ടുമൃഗങ്ങളുടെ വിഹാരരംഗമാക്കരുതേ എന്നാണ് ഞങ്ങളുടെ വിനീതമായ അഭ്യർത്ഥന. കാടും നാടും വേർതിരിക്കപ്പെടണം. കാട്ടുമൃഗങ്ങൾക്ക് നാട്ടിലിറങ്ങി വിഹരിക്കാൻ പറ്റാത്ത രീതിയിൽ അതിർത്തി സംവിധാനങ്ങൾ ഒരുക്കണം. അവക്ക് കാട്ടിൽത്തന്നെ ജീവിക്കാനാവശ്യമായ ആവാസവ്യവസ്ഥ സൃഷ്ടിക്കണം. ആ ആവാസവ്യവസ്ഥയിൽ ജീവിക്കാൻ പറ്റാത്ത വിധം അവയുടെ എണ്ണം പെരുകിയിട്ടുണ്ടെങ്കിൽ അവയെ മറ്റ് സ്ഥലങ്ങളിലേക്ക് മാറ്റണം. അല്ലെങ്കിൽ വികസിതരാജ്യങ്ങളിൽ ചെയ്യുന്നതു പോലെ അവയുടെ എണ്ണം നിയന്ത്രിക്കപ്പെടണം. ജീവനും സ്വത്തും നഷ്ടപ്പെടുന്നവർക്ക് നീതിപൂർവകമായ നഷ്ടപരിഹാരം കാലതാമസവും നിയമത്തിൻ്റെ നൂലാമാലകൾ ഇല്ലാതെയും ഉടനടി ലഭ്യമാക്കണം. ഇപ്പോൾ അധികൃതർ വാഗ്ദാനം ചെയ്തിട്ടുള്ള പത്തുലക്ഷം രൂപ ഉടനടി അജിയുടെ കുടുംബത്തിന് ലഭ്യമാക്കുകയും ബാക്കിയുള്ളത് കൂടി എത്രയും വേഗം ലഭ്യമാക്കാൻ ബന്ധപ്പെട്ട അധികാരികൾ താത്പര്യമെടുക്കുകയും ചെയ്യണം. ആന ജനവാസകേന്ദ്രത്തിൽ ഇറങ്ങാനും അതിൻ്റെ സാന്നിദ്ധ്യവും അത് പോകുന്ന വഴികളും തിരിച്ചറിയാൻ സിഗ്നൽ പുറപ്പെടുവിക്കുന്ന റേഡിയോ കോളർ അതിൻ്റെ കഴുത്തിൽ ഉണ്ടായിരുന്നിട്ടും അതിൻ്റെ സാന്നിദ്ധ്യം അറിയാൻ കഴിയാതെ പോയത് ആരുടെ ഭാഗത്തുള്ള പിഴവു കൊണ്ടാണോ അവരെ നിയമത്തിൻ്റെ മുമ്പിൽ കൊണ്ടുവരണം. ഇവിടെ വേണ്ടത് ശാശ്വതമായ പരിഹാരമാണ്, താൽക്കാലികമായ നീക്കുപോക്കുകളല്ല. ഞങ്ങളുടേത് കേവലം വനരോദനമായി അവസാനിക്കാതിരിക്കട്ടെ.

- **ബിഷപ്പ് വർഗ്ഗീസ് ചക്കാലക്കൽ**
(കോഴിക്കോട് രൂപതാദ്ധ്യക്ഷൻ)
- **ബിഷപ്പ് ജോസഫ് മാർ തോമസ്**
(ബത്തേരി രൂപതാദ്ധ്യക്ഷൻ)
- **ബിഷപ്പ് ജോസ് പൊരുന്നേടം**
(മാനന്തവാടി രൂപതാദ്ധ്യക്ഷൻ)

www.malankaralibrary.com



# വർധിച്ചുവരുന്ന വന്യജീവി ആക്രമണങ്ങൾ സംബന്ധിച്ച ജനങ്ങളുടെ ആശങ്കകളെ നിസാരവൽക്കരിക്കരുത്: കെസിബിസി (18.02)

കൊച്ചി: വനം വകുപ്പിന്റെ കണക്കനുസരിച്ച് കഴിഞ്ഞ എട്ട് വർഷങ്ങൾക്കുള്ളിൽ മാത്രം 55839 വന്യജീവി ആക്രമണങ്ങളാണ് കേരളത്തിലുണ്ടായത്. അതേ രേഖകൾ പ്രകാരം ഇക്കാലയളവിൽ നഷ്ടപ്പെട്ട മനുഷ്യജീവനുകൾ 910 ആണ്. വർഷങ്ങൾ പിന്നിടും തോറും വന്യജീവി ആക്രമണങ്ങളുടെ എണ്ണവും രൂക്ഷതയും വർധിച്ചുകൊണ്ടിരിക്കുന്ന പ്രതിഭാസമാണ് കേരളത്തിലേത്. കഴിഞ്ഞ ഒരു വർഷമായി വയനാട്ടിലും പരിസര ജില്ലകളിലും സംഭവിക്കുന്ന വന്യജീവി ആക്രമണങ്ങളുടെ എണ്ണം കുത്തനെ ഉയർന്നിട്ടുണ്ട്. കഴിഞ്ഞ ഏതാനും ആഴ്ചകളായി സമാനതകളില്ലാത്ത വന്യജീവി ആക്രമണങ്ങളാണ് അവിടങ്ങളിൽ നടന്നുവരുന്നത്. കഴിഞ്ഞ രണ്ടാഴ്ചയ്ക്കിടയിൽ മാത്രം മൂന്നുപേരുടെ ജീവൻ വയനാട്ടിൽ നഷ്ടപ്പെട്ടിരിക്കുന്നു.

കടുവ, ആന, കരടി, കാട്ടുപന്നി എന്നിങ്ങനെ മനുഷ്യർക്ക് ഉപദ്രവകാരികളായ ഏതാണ്ട് എല്ലാത്തരം വന്യമൃഗങ്ങളും ജനവാസമേഖലകളിൽ നിരന്തരം ഇറങ്ങുകയും മനുഷ്യജീവനും സ്വത്തിനും കടുത്ത ഭീഷണി സൃഷ്ടിക്കുകയും ചെയ്യുന്നു. നിരവധി വന്യജീവി ആക്രമണങ്ങൾ ഓരോ ദിവസവും റിപ്പോർട്ട് ചെയ്യപ്പെടുന്നു. മുൻകാലങ്ങളെ അപേക്ഷിച്ച് വനത്തോട് ചേർന്നുകിടക്കുന്ന ജനവാസമേഖലകളിൽ ഉള്ളവർ മാത്രമല്ല, കിലോമീറ്ററുകൾ ദൂരെ ഇതുവരെയും വന്യമൃഗ ശല്യം ഇല്ലാതിരുന്ന ഭാഗങ്ങളിൽ ജീവിക്കുന്നവരും കടുത്ത ഭീതിയിലാണ്. കേവലം ഒരു വർഷത്തിനിടയിലാണ് അത്തരം പല പ്രദേശങ്ങളിലും കടുവ ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ പ്രത്യക്ഷപ്പെട്ടു തുടങ്ങിയത് എന്നുള്ളതാണ് ശ്രദ്ധേയം. ദിനംപ്രതി വന്യജീവി അക്രമങ്ങൾ വർധിച്ചുവരുകയും സുരക്ഷിതത്വബോധം പൂർണ്ണമായും നഷ്ടപ്പെടുകയും ചെയ്തിരിക്കുന്ന പ്രദേശവാസികളുടെ ഇപ്പോഴത്തെ അവസ്ഥ ദയനീയമാണ്.

ഈ ഘട്ടത്തിൽ തികഞ്ഞ ഗൗരവത്തോടെ പ്രായോഗികവും സത്വരവുമായ ഇടപെടലുകൾ നടത്താൻ സംസ്ഥാന - കേന്ദ്ര സർക്കാർ സംവിധാനങ്ങൾ തയ്യാറാകണം. ജനങ്ങളുടെ ആശങ്കകളെയും പ്രാണഭയത്തെയും അടിച്ചമർത്തി എളുപ്പവഴിയിൽ പ്രശ്നപരിഹാരം കണ്ടെത്താനുള്ള ശ്രമങ്ങളിൽനിന്ന് വനം വന്യജീവി വകുപ്പും ഉദ്യോഗസ്ഥരും പിന്മാറണം. ജനവാസ മേഖലകളിൽ വിഹരിക്കുന്ന ഉപദ്രവകാരികളായ വന്യമൃഗങ്ങളെ ഉടനടി പിടികൂടാൻ കഴിയുന്നില്ലെങ്കിൽ മനുഷ്യജീവന് ഉയർന്ന പരിഗണന നൽകി അവയെ വെടിവച്ചുകൊല്ലാനുള്ള നയ രൂപീകരണം ഉടനടി നടത്തണം. വനത്തിന്റെ സ്വാഭാവികമായ സന്തുലിതാവസ്ഥ നഷ്ടപ്പെടുന്ന വിധത്തിൽ വർധിച്ചുകൊണ്ടിരിക്കുന്ന ആന, കടുവ, കാട്ടുപന്നി തുടങ്ങിയ വന്യമൃഗങ്ങളുടെ എണ്ണം ക്രമീകരിക്കാനുള്ള നടപടികൾ താമസംവിനാ നടപ്പാക്കണം. വന്യജീവി ആക്രമണങ്ങൾ മൂലം ജീവനും സ്വത്തിനും നാശം സംഭവിക്കുകയും പരിക്കുകൾ ഏൽക്കുകയും വരുമാന നഷ്ടം സംഭവിക്കുകയും ചെയ്തിട്ടുള്ളവർക്ക് ഉചിതമായ നഷ്ടപരിഹാരം സമയബന്ധിതമായി നൽകുന്നതിൽ വീഴ്ച വരുത്തരുത്. കൂടുതൽ മൃഗങ്ങൾ വനം വിട്ട് ജനവാസ മേഖലകളിലേക്ക് ഇറങ്ങാതിരിക്കാനുള്ള നടപടികൾ ഉടനടി സ്വീകരിക്കണം. ജനങ്ങളുടെയും വളർത്തു മൃഗങ്ങളുടെയും ജീവനും സാധാരണ ജനങ്ങളുടെ സ്വത്തിനും ഭീഷണിയാകുന്ന വിധത്തിൽ തുടർന്നും വന്യജീവി ആക്രമണങ്ങൾ ഉണ്ടാകാതിരിക്കാനുള്ള എല്ലാ മുൻകരുതലുകളും സ്വീകരിക്കുകയും, ആവശ്യത്തിനുള്ള സേനകളെ അത്തരം മേഖലകളിൽ വിന്യസിക്കുകയും വേണം. ശാശ്വതമായ പ്രശ്നപരിഹാരത്തിനായി സമഗ്രമായ നിയമനിർമ്മാണം നടത്തണം.

വന്യജീവി ആക്രമണങ്ങളിൽ ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ട് വേദനയിൽ കഴിയുന്ന എല്ലാ കുടുംബങ്ങളോടും കേരള കത്തോലിക്കാ സഭയുടെ അനുശോചനം അറിയിക്കുന്നതോടൊപ്പം അതിജീവനത്തിനായി പൊരുതുന്ന ജനതയോട് പരിപൂർണ്ണ ഐക്യദാർഢ്യവും പ്രഖ്യാപിക്കുന്നു.

- **കർദ്ദിനാൾ ബസേലിയോസ് ക്ളീമിസ് കാതോലിക്കാ ബാവ**
  പ്രസിഡന്റ്, കെസിബിസി
- **മാർ പോളി കണ്ണൂക്കാടൻ**
  വൈസ് പ്രസിഡന്റ്, കെസിബിസി
- **ബിഷപ്പ് ഡോ. അലക്സ് വടക്കുംതല**
  സെക്രട്ടറി, കെസിബിസി

www.malankaralibrary.com



# പൂഞ്ഞാർ പള്ളി അങ്കണത്തിൽ നടന്ന അക്രമം കേരളത്തിന് അപമാനം. കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ (24.02)

കഴിഞ്ഞ ദിവസം പാലാ രൂപതയിലെ പൂഞ്ഞാർ സെന്റ്.മേരീസ് ഫൊറോന പള്ളി അങ്കണത്തിൽ നടന്ന അനിഷ്ട സംഭവം കേരള സമൂഹത്തെ ആകെ ഞെട്ടിക്കുന്നതും കേരളത്തിന്റെ അന്തരീക്ഷത്തെ തകർക്കുന്നതുമാണെന്ന് കേരള കത്തോലിക്ക മെത്രാൻ സമിതിയുടെ അധ്യക്ഷൻ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ പ്രസ്താവിച്ചു. ദൈവാലയത്തിൽ നടന്നുകൊണ്ടിരുന്ന ആരാധനയ്ക്ക് തടസ്സം വരുത്തുന്ന തരത്തിൽ ദൈവാലയ പരിസരത്തും പള്ളി അങ്കണത്തിലും അനധികൃതമായി പ്രവേശിച്ച് ആരാധന അലങ്കോലപ്പെടുത്തുന്നതിനുള്ള ഹീനമായ ശ്രമങ്ങളാണ് അവിടെ നടന്നത്. ഓരോ മതവിഭാഗത്തിന്റെയും ആരാധനാലയങ്ങളോടും അവിടെ നടക്കുന്ന ആരാധനകളോടും നമ്മുടെ പൊതുസമൂഹം എപ്പോഴും പുലർത്തുന്ന അന്തസ്സുറ്റ നിലപാടുകളെ പരിപൂർണ്ണമായി അവഹേളിച്ചുകൊണ്ടുള്ള പ്രവൃത്തിയാണ് അവിടെ നടന്നത്. ഇത് അപലപിക്കപ്പെടേണ്ടതും കുറ്റക്കാർ ശിക്ഷിയ്ക്കപ്പെടേണ്ടതുമായ പ്രവൃത്തിയാണ്. ആരാധനയെ തടസപ്പെടുത്തുവാൻ പാടില്ലായെന്ന് സൗമ്യമായി പറഞ്ഞ വൈദികനെ വാഹനമിടിച്ച് അപായപ്പെടുത്താൻ നടത്തിയ ശ്രമം ഏറ്റം കുറ്റകരമായ ഭീകരപ്രവർത്തനമായിത്തന്നെ നാം കാണേണ്ടതുണ്ട്. കേരളത്തിന്റെ മത സന്തുലിതാവസ്ഥയെ പരിപൂർണ്ണമായി നശിപ്പിക്കുന്ന ഇത്തരത്തിലുള്ള കുത്സിത ശ്രമങ്ങളെ പൊതുസമൂഹം ഒന്നാകെയാണ് നേരിടേണ്ടതും ചെറുക്കേണ്ടതും. സമാധാനപരമായി ജീവിക്കുന്നവരെ പ്രകോപിപ്പിക്കുകയും കായിക ബലത്തിലൂടെ എല്ലാം കീഴടക്കാം എന്ന് കരുതുകയും ചെയ്യുന്ന നിലപാട് നമ്മുടെ പൊതുസമൂഹത്തെ തകർക്കുകയും സമുദായങ്ങൾ തമ്മിൽ സ്പർധയും വിദ്വേഷവും വർദ്ധിപ്പിക്കുകയും ചെയ്യും എന്നത് ഏവരും ഓർത്തിരിക്കേണ്ടതാണ്. സമാധാനമാണ് ദൈവമാർഗ്ഗം.

കുറ്റക്കാരായവരെ എത്രയും വേഗം നിയമത്തിന്റെ മുന്നിൽ കൊണ്ടുവരേണ്ടതും മാതൃകാപരമായി ശിക്ഷിക്കേണ്ടതും സർക്കാരിന്റെ ഉത്തരവാദിത്വമാണ്. ദൈവത്തിന്റെ സ്വന്തം നാട് പിന്തുടരുന്ന സമുദായിക ബന്ധങ്ങൾ, സമുദായ അംഗങ്ങൾക്കിടയിലുള്ള അർത്ഥവത്തായ ബന്ധങ്ങൾ ഇവ തകർക്കുന്ന തരത്തിലുള്ള പ്രവർത്തികളെ നാം ഒരുമിച്ച് അപലപിക്കേണ്ടതും ഒറ്റപ്പെടുത്തേണ്ടതുമാണ്. സംഭവം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അതർഹിക്കുന്ന ഗൗരവത്തിൽ നടപടികളെടുത്ത കേരളാ സർക്കാരിന് നന്ദി പറയുന്നു. ദൈവാലയമുറ്റത്ത് കയറി നടത്തിയ ഈ ആക്രമണത്തിലും സമുദായ സൗഹാർദം തകർക്കാനുള്ള ഗൂഢമായ ശ്രമങ്ങളിലും കേരള കത്തോലിക്കാ സഭക്കുള്ള അതീവമായ ഉത്കണ്ഠയും പ്രതിഷേധവും ബന്ധപ്പെട്ടവരെ അറിയിക്കുന്നു. ഗവൺമെന്റ് ഏറ്റം സത്വരമായി ഇക്കാര്യത്തിൽ ഇടപെട്ട് കുറ്റക്കാർക്ക് അർഹമായ ശിക്ഷ ഉറപ്പുവരുത്തണമെന്ന് ആവശ്യപ്പെടുന്നു.

പൂഞ്ഞാർ ഇടവകയും പാലാ രൂപതയും ഈ വിഷയത്തിൽ പ്രകടിപ്പിച്ച വലിയ സംയമനത്തിന്റെയും പരസ്പര ബന്ധത്തിന്റെയും മാതൃകാപരമായ ഇടപെടലുകൾ അഭിനന്ദനാർഹമാണെന്ന് ബാവാ കൂട്ടിച്ചേർത്തു.പൂഞ്ഞാർ പള്ളി അങ്കണത്തിൽ നടന്ന അക്രമം കേരളത്തിന് അപമാനം.

**• കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ**

www.malankaralibrary.com

Statements

# ജെ.ബി. കോശി കമ്മീഷൻ ശിപാർശകൾ പരിശോധിക്കാൻ കമ്മിറ്റിയെ നിയോഗിച്ച സർക്കാർ ഉത്തരവ് സ്വാഗതാർഹം, തുടർ നടപടികൾക്ക് കാലതാമസം പാടില്ല: കെസിബിസി ജാഗ്രത കമ്മീഷൻ (4.3)

ക്രൈസ്തവ പിന്നാക്കാവസ്ഥയെക്കുറിച്ച് പഠിച്ച് തയ്യാറാക്കപ്പെട്ടിരിക്കുന്ന ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷന്റെ റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിക്കാൻ ചീഫ് സെക്രട്ടറി അധ്യക്ഷനായ കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിരിക്കുന്നത് സ്വാഗതാർഹമാണ്. ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ വിശദമായ പഠനങ്ങൾക്ക് ശേഷം മുഖ്യമന്ത്രിക്ക് റിപ്പോർട്ട് സമർപ്പിച്ച് പത്തു മാസത്തോളമാകുന്നു. എന്നാൽ, ഇതുവരെയും നിയമസഭ യും മന്ത്രിസഭയും ഈ വിഷയം ചർച്ച ചെയ്യാത്തതിലും, വിവിധ സർക്കാർ വകുപ്പുകൾക്ക് കമ്മീഷൻ റിപ്പോർട്ട് നൽകി അഭിപ്രായം ആരാഞ്ഞിട്ടും തുടർ നടപടികൾ ഉണ്ടാകാതിരുന്നതിലും, കമ്മീഷൻ റിപ്പോർട്ട് ഇതുവരെ യും പൂർണ്ണമായി പുറത്തുവിടാത്തതിലും ക്രൈസ്തവ സമൂഹത്തിന് ശക്തമായ പ്രതിഷേധമുണ്ട്.

ചീഫ് സെക്രട്ടറിക്ക് പുറമെ പൊതുഭരണ - ന്യൂനപക്ഷ ക്ഷേമ വകുപ്പ് സെക്രട്ടറിമാരും അംഗങ്ങളായ പുതിയ സമിതി അർഹിക്കുന്ന ഗൗരവത്തോടെ കമ്മീഷൻ റിപ്പോർട്ട് പരിഗണിക്കുകയും സത്വരമായ തുടർ നടപടികൾ അടിയന്തര പ്രാധാന്യത്തോടെ സ്വീകരിക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് പൂർണ്ണമായി പ്രസിദ്ധീകരിക്കാൻ സർക്കാർ തയ്യാറാകണമെന്നും, തുടർ ചർച്ചകളിൽ ക്രൈസ്തവ സമൂഹങ്ങളുടെ ഔദ്യോഗിക പ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തണമെന്നും ആവശ്യപ്പെടുന്നു.

ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന നടപടികൾ ലോക്സഭാ ഇലക്ഷൻ മുന്നിൽ കണ്ടുകൊണ്ടുള്ള ഒരു താത്ക്കാലിക നീക്കമല്ല എന്ന് സർക്കാർ തെളിയിക്കേണ്ടതുണ്ട്. കേരളത്തിലെ ക്രൈസ്തവ സമൂഹം നേരിടുന്ന തുടർച്ചയായ അവഗണനകൾക്കും വിവിധ മേഖലകളിലെ പിന്നാക്കാവസ്ഥകൾക്കും പരിഹാരം കണ്ടെത്താനുള്ള ആത്മാർത്ഥമായ നീക്കം ഇനിയെങ്കിലും സർക്കാരിൽനിന്ന് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

കെസിബിസി ഐക്യ ജാഗ്രത കമ്മീഷന് വേണ്ടി,
സെക്രട്ടറി,

**ഫാ. ഡോ. മൈക്കിൾ പുളിക്കൽ CMI**

www.malankaralibrary.com

PRESS RELEASE

16.03.2024

## വൈദിക പരിശീലനത്തെക്കുറിച്ചുള്ള പഠനശിബിരം

കൊച്ചി: കേരള കത്തോലിക്ക മെത്രാൻ സമിതിയും തൃശ്ശൂർ പറോക് ഗവേഷണ കേന്ദ്രവും സംയുക്തമായി കേരളത്തിലെ മേജർ സെമിനാരികളിലെ വൈദിക പരിശീലനത്തെ കുറിച്ച് നടത്തുന്ന ത്രിദിന പഠനശിബിരം തിങ്കളാഴ്ച ആരംഭിക്കുന്നു. തൃശ്ശൂർ മേരി മാത മേജർ സെമിനാരിയിലാണ് മാർച്ച് 18 മുതൽ 20 വരെ ഈ പഠനശിബിരം സംഘടിപ്പിച്ചിരിക്കുന്നത് . കെസിബിസി അദ്ധ്യക്ഷൻ അഭിവന്ദ്യ മോറാൻ മാർ ബസേലിയോസ് കർദ്ദിനാൾ ക്ലിമിസ് ഉദ്ഘാടനം ചെയ്യുന്ന സമ്മേളനത്തിൽ നിരവധി മെത്രാന്മാരും കേരളത്തിലെ 32 രൂപതകളിൽ നിന്നുള്ള പ്രതിനിധികളും, വിവിധ മേഖലകളിലെ വിദഗ്ധരും 6 മേജർ സെമിനാരികളുടെ പ്രതിനിധികളും പങ്കെടുക്കുന്നു. സിബിസിഐ പ്രസിഡണ്ട്അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത ഉദ്ഘാടന സമ്മേളനത്തിലും സിറോ മലബാർ സഭയുടെ മേജർ ബിഷപ്പ് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ മെത്രാപ്പോലീത്ത സമാപന സമ്മേ ളനത്തിലും അദ്ധ്യക്ഷം വഹിക്കും. കെസിബിസി സെക്രട്ടറി ജനറൽ അഭിവന്ദ്യ റൈറ്റ് റവ. ഡോ. അലക്സ് വടക്കുംതല അനുഗ്രഹ പ്രഭാഷണം നടത്തും.

ഒന്നര വർഷമായി കേരള കത്തോലിക്കാ സഭയിലെ വൈദിക പരിശീലനത്തെ കുറിച്ച് പറോക് ഗവേഷണ കേന്ദ്രം, കേരള മെത്രാൻ സമിതിയുടെ നിർദേശപ്രകാരം നടത്തിയ ഗവേഷണ പഠനങ്ങളുടെ ഫലങ്ങൾ ഈ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതാണ്. കേരളത്തിലെ സെമിനാരികളിലെ വൈദികാർത്ഥികളുടെയും പരിശീലകരുടെയും വിവിധ രൂപതകളിലെ വൈദികരുടെയും പാസ്റ്ററൽ കൺസിൽ അംഗങ്ങളുടെയും ഇടയിൽ വിപുലമായ സർവ്വേകളും നിരവധി ചർച്ചകളും ഇന്റർവ്യൂ കളും മറ്റ് പഠനങ്ങളും നടത്തിയതിന് ശേഷമാണ് ഈ പഠന റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. വൈദിക പരിശീലനത്തെ കുറിച്ച് വത്തിക്കാൻ സമീപകാലത്ത് പുറത്തിറക്കിയ പ്രബോധന രേഖകളാണ് പഠനത്തിന്റെ അടിസ്ഥാനം. അവതരിപ്പിക്കുന്ന പഠനങ്ങളോട് പഠന ശിബിരത്തിൽ പങ്കെടുക്കുന്ന പ്രതിനിധികൾ സംവദിക്കുകയും വൈദിക പരിശീലനം കൂടുതൽ മികച്ചതാക്കാനുള്ള നിർദ്ദേശങ്ങൾ മെത്രാൻ സമിതിക്ക് സമർപ്പിക്കുകയും ചെയ്യുന്നതാണ്.

കെസിബിസി വൈസ് പ്രസിഡണ്ട് അഭിവന്ദ്യ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ നേതൃത്വത്തിൽ മെത്രാന്മാരുടെ ഒരു സമിതി ഈ പഠനത്തിനും ഈ വർഷോപ്പിന്റെ സംഘാടനത്തിനും നേതൃത്വം നൽകിവരുന്നു. നവീകരണ വർഷമാചരിക്കുന്ന കേരള സഭക്ക് ഈ പഠനം ഏറെ ഉപകാരപ്രദമാ ണെന്ന് കഴിഞ്ഞ ശീതകാല സമ്മേളനത്തിൽ കേരള മെത്രാൻ സമിതി വിലയിരുത്തി. പഠന ശിബിര ത്തിന്റെ ഒരുക്കങ്ങളെല്ലാം പൂർത്തിയായതായി കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി, ഫാ. ജേക്കബ് ജി. പാലക്കപ്പിള്ളി, പറോക് ഗവേഷണ കേന്ദ്രം എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സൈജോ തൈക്കാട്ടിൽ എന്നിവർ അറിയിച്ചു.

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി. ബി.സി./ഡയറക്ടർ, പി.ഒ.സി.

09.03.2024

## ജൈവ കാർഷികോൽപന്ന ന്യായവില വിപണി 2024 പിഒസിയിൽ ഉദ്ഘാടനം ചെയ്തു

കൊച്ചി : പാലാരിവട്ടം പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ (പിഒസി)-ൽ, പിഒസിയും ജൈവ കാർഷിക കൂട്ടായ്മയും സംയുക്തമായി സംഘടിപ്പിച്ച കാർഷിക ഉൽപ്പന്ന പ്രദർശനവും ന്യായവില വിപണയും,'അത്ഭുത പോഷക ചെറുധാന്യ'ങ്ങളെ കുറിച്ചുള്ള പരിഷ്ക്കരിച്ച രണ്ടാം പതിപ്പിന്റെ പുസ്തക പ്രകാശനവും ബഹു വ്യവസായ നിയമ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് നിർവഹിച്ചു. എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ മനോജ് മൂത്തേടൻ നാളികേര ഉൽപ്പന്ന വിപണമേള ഉദ്ഘാടനം ചെയ്തു. പിഒസി ഡയറക്ടർ ഫാദർ ജേക്കബ് ജി. പാലക്കാപ്പിള്ളി അധ്യക്ഷത വഹിച്ചു. ചെറു ധാന്യങ്ങളെക്കുറിച്ച് എഴുതിയ പുസ്തകം ഏറ്റുവാങ്ങിയത് കൊച്ചി എഫ് എം റേഡിയോ പ്രോഗ്രാം മേധാവി ശ്രീ ബാലനാരായണനായിരുന്നു.

ചെറു ധാന്യ ഭക്ഷ്യ മേള ഉദ്ഘാടനം ശ്രീ പി ആർ റെനീഷ് നിർവഹിച്ചു. (കൊച്ചി കോർപ്പറേഷൻ വികസന സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ). ശ്രീ എം എം അബ്ബാസ് സ്വാഗതം ആശംസിച്ചു. ശ്രീ പി കെ ചന്ദ്രശേഖരൻ നായർ (പ്രസിഡന്റ് വാരപ്പെട്ടി ഗ്രാമ പഞ്ചായത്ത്) ഫാദർ ഡോക്ടർ ജോസഫ് എം കെ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്) ശ്രീ ജോഷി വർഗീസ് (കോഡിനേറ്റർ കാന്തല്ലൂർ മില്ലറ്റ് പ്രോജക്ട്) ശ്രീമതി ലക്ഷ്മി പൂജാരാ (സെന്റ് തെരേസാസ് കോളേജ്) ശ്രീ.എം എസ് നാസർ (നാട്ടറിവ് പഠന കേന്ദ്രം) കാർഷിക മേഖലയിലെ സുസ്ഥിര വികസന മാതൃകകളെകുറിച്ച് സംസാരിച്ചു. ശ്രീ പി എം സണ്ണി നന്ദി പ്രകാശിപ്പിച്ചു. ഫാദർ ജേക്കബ് ജി. പാലക്കാപ്പിള്ളി, എം എം അബ്ബാസ്, ശ്രീ പി കെ ചന്ദ്രശേഖരൻ നായർ, ഫാദർ ഡോക്ടർ ജോസഫ് എം കെ, ശ്രീമതി ഷമീല ഹാഷിം എന്നിവരെആദരിച്ചു.

**ഫാ. ജേക്കബ് ജി പാലയ്ക്കാപ്പിള്ളി**
(ഡയറക്ടർ, പി.ഒ.സി)

**എം. എം. അബ്ബാസ്**
(ഓർഗാനിക് കേരള ചാരിറ്റബിൾ ട്രസ്റ്റ്)

www.malankaralibrary.com

21.02.2024

## പിഒസിയിൽ മില്ലറ്റ് ന്യായവില വിപണി മാർച്ച് 9, 10 തിയതികളിൽ

കൊച്ചി : അന്തരാഷ്ട്ര മില്ലറ്റ് വർഷാചരണത്തിലൂടെ ചെറുധാന്യങ്ങൾ ജനങ്ങളുടെ തീന്മേശയുടെ ഭാഗമായി മാറിയതിനാൽ ചെറുധാന്യങ്ങളുടെ വിപണിവില വർദ്ധിക്കാൻ ഇടയായത് സാധാരണക്കാരായവർക്ക് അത് അപ്രാപ്യമാക്കി തീർത്തിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കം നല്കുന്നവർക്കുകൂടി ചെറുധാന്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനു വേണ്ടി കേരളത്തിലെ ജൈവ കാർഷിക കൂട്ടായ്മയും പിഒസിയും സഹകരിച്ച് വരുന്ന മാർച്ച് 9, 10 തിയതികളിൽ പിഒസിയിൽവച്ച് ,ജൈവ ഉല്പന്നങ്ങളുടെയും പോഷക ചെറുധാന്യങ്ങളുടെയും ന്യായവില വിപണി - 2024' സംഘടിപ്പിക്കുകയാണ്. രാവിലെ 10 മണിമുതൽ വൈകിട്ട് 6 മണിവരെയായിരിക്കും വിപണനം നടക്കുന്നത്. സാമ്പത്തികമായി പിന്നോക്കം നില്കുന്നവരിൽ ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന നൂറുപേർക്ക് 50% വിലക്കിഴിവിൽ ചെറുധാന്യങ്ങൾ നൽകുന്നതായിരിക്കും. പേരുകൾ രജിസ്റ്റർ ചെയ്യുന്നതിന് താഴെപ്പറയുന്ന നമ്പറിൽ വിളിക്കേണ്ടതാണ്. മൊബയിൽ നമ്പർ - 9746545646. എല്ലാവരെയും ഈ ന്യായവില വിപണിയലേക്ക് സ്വാഗതം ചെയ്യുന്നു.

**എം. എം. അംബാസ്**
**ഡോ. നിജിത് ഒ ഗോവിന്ദൻ**
**ഫാ. ജേക്കബ് ജി പാലയ്ക്കാപ്പിള്ളി**
(ഡയറക്ടർ, പി.ഒ.സി)

18.02.2024

## വർധിച്ചുവരുന്ന വന്യജീവി ആക്രമണങ്ങൾ സംബന്ധിച്ച ജനങ്ങളുടെ ആശങ്കകളെ നിസാരവൽക്കരിക്കരുത്: കെസിബിസി

കൊച്ചി: വനം വകുപ്പിന്റെ കണക്കനുസരിച്ച് കഴിഞ്ഞ എട്ട് വർഷങ്ങൾക്കുള്ളിൽ മാത്രം 55839 വന്യജീവി ആക്രമണങ്ങളാണ് കേരളത്തിലുണ്ടായത്. അതേ രേഖകൾ പ്രകാരം ഇക്കാലയളവിൽ നഷ്ടപ്പെട്ട മനുഷ്യജീവനുകൾ 910 ആണ്. വർഷങ്ങൾ പിന്നിടുംതോറും വന്യജീവി ആക്രമണങ്ങളുടെ എണ്ണവും രൂക്ഷതയും വർധിച്ചുകൊണ്ടിരിക്കുന്ന പ്രതിഭാസമാണ് കേരളത്തിലേത്. കഴിഞ്ഞ ഒരു വർഷമായി വയനാട്ടിലും പരിസര ജില്ലകളിലും സംഭവിക്കുന്ന വന്യജീവി ആക്രമണങ്ങളുടെ എണ്ണം കുത്തനെ ഉയർന്നിട്ടുണ്ട്. കഴിഞ്ഞ ഏതാനും ആഴ്ചകളായി സമാനതകളില്ലാത്ത വന്യജീവി ആക്രമണങ്ങളാണ് അവിടങ്ങളിൽ നടന്നുവരുന്നത്. കഴിഞ്ഞ രണ്ടാഴ്ചയ്ക്കിടയിൽ മാത്രം മൂന്നുപേരുടെ ജീവൻ വയനാട്ടിൽ നഷ്ടപ്പെട്ടിരിക്കുന്നു.

കടുവ, ആന, കരടി, കാട്ടുപന്നി എന്നിങ്ങനെ മനുഷ്യർക്ക് ഉപദ്രവകാരികളായ ഏതാണ്ട് എല്ലാത്തരം വന്യമൃഗങ്ങളും ജനവാസമേഖലകളിൽ നിരന്തരം ഇറങ്ങുകയും മനുഷ്യജീവനും സ്വത്തിനും കടുത്ത ഭീഷണി സൃഷ്ടിക്കുകയും ചെയ്യുന്നു. നിരവധി വന്യജീവി ആക്രമണങ്ങൾ ഓരോ ദിവസവും റിപ്പോർട്ട് ചെയ്യപ്പെടുന്നു. മുൻകാലങ്ങളെ അപേക്ഷിച്ച് വനത്തോട് ചേർന്നുകിടക്കുന്ന ജനവാസമേഖലകളിൽ ഉള്ളവർ മാത്രമല്ല, കിലോമീറ്ററുകൾ ദൂരെ ഇതുവരെയും വന്യമൃഗ ശല്യം ഇല്ലാതിരുന്ന ഭാഗങ്ങളിൽ ജീവിക്കുന്നവരും കടുത്ത ഭീതിയിലാണ്. കേവലം ഒരു വർഷത്തിനിടയിലാണ് അത്തരം പല പ്രദേശങ്ങളിലും കടുവ ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ പ്രത്യക്ഷപ്പെട്ടു തുടങ്ങിയത് എന്നുള്ളതാണ് ശ്രദ്ധേയം. ദിനംപ്രതി വന്യജീവി അക്രമങ്ങൾ വർധിച്ചുവരുകയും സുരക്ഷിതത്വബോധം പൂർണ്ണമായും നഷ്ടപ്പെടുകയും ചെയ്തിരിക്കുന്ന പ്രദേശവാസികളുടെ ഇപ്പോഴത്തെ അവസ്ഥ ദയനീയമാണ്.

ഈ ഘട്ടത്തിൽ തികഞ്ഞ ഗൗരവത്തോടെ പ്രായോഗികവും സത്വരവുമായ ഇടപെടലുകൾ നടത്താൻ സംസ്ഥാന - കേന്ദ്ര സർക്കാർ സംവിധാനങ്ങൾ തയ്യാറാകണം. ജനങ്ങളുടെ ആശങ്കകളെയും പ്രാണഭയത്തെയും അടിച്ചമർത്തി എളുപ്പവഴിയിൽ പ്രശ്നപരിഹാരം കണ്ടെത്താനുള്ള ശ്രമങ്ങളിൽനിന്ന് വനം വന്യജീവി വകുപ്പും ഉദ്യോഗസ്ഥരും പിന്മാറണം. ജനവാസ മേഖലകളിൽ വിഹരിക്കുന്ന ഉപദ്രവകാരികളായ വന്യമൃഗങ്ങളെ ഉടനടി പിടികൂടാൻ കഴിയുന്നില്ലെങ്കിൽ മനുഷ്യജീവന് ഉയർന്ന പരിഗണന നൽകി അവയെ വെടിവച്ചുകൊല്ലാനുള്ള നയ രൂപീകരണം ഉടനടി നടത്തണം. വനത്തിന്റെ സ്വാഭാവികമായ സന്തുലിതാവസ്ഥ നഷ്ടപ്പെടുന്ന വിധത്തിൽ വർധിച്ചുകൊണ്ടിരിക്കുന്ന ആന, കടുവ, കാട്ടുപന്നി തുടങ്ങിയ വന്യമൃഗങ്ങളുടെ എണ്ണം ക്രമീകരിക്കാനുള്ള നടപടികൾ താമസംവിനാ നടപ്പാക്കണം. വന്യജീവി ആക്രമണങ്ങൾ മൂലം ജീവനും സ്വത്തിനും നാശം സംഭവിക്കുകയും പരിക്കുകൾ ഏൽക്കുകയും വരുമാന നഷ്ടം സംഭവിക്കുകയും ചെയ്തിട്ടുള്ളവർക്ക് ഉചിതമായ നഷ്ടപരിഹാരം സമയബന്ധിതമായി  നൽകുന്നതിൽ വീഴ്ച വരുത്തരുത്. കൂടുതൽ മൃഗങ്ങൾ വനം വിട്ട് ജനവാസ മേഖലകളിലേക്ക് ഇറങ്ങാതിരിക്കാനുള്ള നടപടികൾ ഉടനടി സ്വീകരിക്കണം. ജനങ്ങളുടെയും വളർത്തു മൃഗങ്ങളുടെയും ജീവനും സാധാരണ ജനങ്ങളുടെ സ്വത്തിനും ഭീഷണിയാകുന്ന വിധത്തിൽ തുടർന്നും വന്യജീവി ആക്രമണങ്ങൾ ഉണ്ടാകാതിരിക്കാനുള്ള എല്ലാ മുൻകരുതലുകളും സ്വീകരിക്കുകയും, ആവശ്യത്തിനുള്ള സേനകളെ അത്തരം മേഖലകളിൽ വിന്യസിക്കുകയും വേണം. ശാശ്വതമായ പ്രശ്നപരിഹാരത്തിനായി സമഗ്രമായ നിയമനിർമ്മാണം നടത്തണം.

വന്യജീവി ആക്രമണങ്ങളിൽ ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ട് വേദനയിൽ കഴിയുന്ന എല്ലാ കുടുംബങ്ങളോടും കേരള കത്തോലിക്കാ സഭയുടെ അനുശോചനം അറിയിക്കുന്നതോടൊപ്പം അതിജീവനത്തിനായി പൊരുതുന്ന ജനതയോട് പരിപൂർണ്ണ ഐക്യദാർഢ്യവും പ്രഖ്യാപിക്കുന്നു.

**കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ**
പ്രസിഡന്റ്, കെസിബിസി
**മാർ പോളി കണ്ണൂക്കാടൻ**
വൈസ് പ്രസിഡന്റ്, കെസിബിസി
**ബിഷപ്പ് ഡോ. അലക്സ് വടക്കുംതല**
സെക്രട്ടറി, കെസിബിസി

www.malankaralibrary.com

ജനുവരി 31 – ഫെബ്രുവരി 07, 2024

# ഭാരത കത്തോലിക്കാ മെത്രാൻ സമിതി (CBCI) 36–ാമത് ദ്വിവർഷ പൊതുസമ്മേളനം

**(XXXVI Bennial General Body Meeting) ഉപസംഹാര പ്രസ്താവന (Final Statement). St. John's National Academy of Health Sciences, Bengaluru, India**

## ആമുഖം

1) ഭാരത മെത്രാൻ സമിതിയുടെ അംഗങ്ങളായ ഞങ്ങൾ, 170 മെത്രാന്മാർ, 2024 ജനുവരി 31 മുതൽ ഫെബ്രുവരി 7–ാം തീയതിവരെ, കർത്താവായ യേശുക്രിസ്തുവിൽ സന്തോഷപൂർവ്വം പ്രത്യാശ അർപ്പിച്ചുകൊ്, ബംഗളൂരുവിലെ St. John's National Academy of Health Sciences–ൽ ഞങ്ങളുടെ 36–ാമത് പൊതുസമ്മേളനത്തിനായി ഒത്തുചേർന്നു. 'നമ്മുടെ രാഷ്ട്രത്തിന്റെ ഇന്നത്തെ സാമൂഹിക–രാഷ്ട്രീയ സാഹചര്യത്തോടുള്ള സഭയുടെ പ്രതികരണം,' 'നിർമ്മിതബുദ്ധിയുടെ പ്രയോജനങ്ങളും വെല്ലുവിളികളും' എന്നിവയായിരുന്നു ഞങ്ങളുടെ മുഖ്യചർച്ചാവിഷയങ്ങൾ. സഭയുടെ സ്വഭാവത്തെ സംക്ഷിപ്തമായി അവതരിപ്പിക്കുന്ന 'കൂട്ടായ്മ, പ്രേഷിതദൗത്യം, പങ്കാളിത്തം' എന്ന ചിന്തയുമായി മുന്നേറുന്ന ഇപ്പോഴത്തെ സിനഡാത്മകതയെ സംബന്ധിച്ച സിനഡിന്റെ (ഒക്ടോബർ 2021 – ഒക്ടോബർ 2024) പശ്ചാത്തലത്തിലാണ് ഇപ്രകാരം ഒരു വിചിന്തനം ഞങ്ങൾ നടത്തിയത്. പരിശുദ്ധാത്മാവിനെയും പരസ്പരവും ശ്രവിക്കാൻ സിഡാത്മകത നമ്മെ ക്ഷണിക്കുന്നു, എന്തെന്നാൽ 'ഒരേ ആത്മാവിൽ ഒരേ ശരീരത്തിലേക്ക് നാം സ്നാനപ്പെട്ടിരിക്കുന്നു' (1 കോറി 12:13). ഇക്കാര്യത്തിൽ, ഫ്രാൻസിസ് പാപ്പായുടെ ക്ഷണത്താലും നാം പ്രചോദിതരാണ്. പാപ്പാ പറയുന്നു: 'ഒരൊറ്റ മനുഷ്യ കുടുംബം എന്ന നിലയിൽ, സഹയാത്രികരെപ്പോലെ, നമ്മുടെ പൊതു ഭവനമായ ഒരേ ഭൂമിയുടെ മക്കൾ എന്നപോലെ, നാമോരോരുത്തരും സ്വന്തം വിശ്വാസങ്ങളുടെയും ബോധ്യങ്ങളുടെയും സമ്പന്നത കൊുവന്നുകൊ്, അവരവരുടെ ശബ്ദത്തോടെ, എല്ലാവരും സഹോദരിമാരും സഹോദരന്മാരും എന്ന നിലയിൽ നമുക്ക് സ്വപ്നം കാണാം' (എല്ലാവരും സഹോദരർ [Fratelli Tutti], 8).

## I. ഇന്നത്തെ രാഷ്ട്രീയ–സാമൂഹ്യ സാഹചര്യവും നമ്മുടെ പ്രത്യുത്തരവും

2) നാനാത്വത്തിൽ ഏകത്വം എന്ന ധന്യമായ സാംസ്കാരിക പാരമ്പര്യമുള്ള ഒരു പുരാതന നാഗരികതയാണ് നമ്മുടേത്. ഭരണഘടനയിൽ പ്രതിഷ്ഠിതമായിരിക്കുന്ന മതസൗഹാർദം, അഹിംസ, സമാധാനം എന്നീ മൂല്യങ്ങൾ വിലമതിക്കുന്നവരാണ് ഭാരതീയർ. കാലത്തിന്റെ സൂചനകളോടു പ്രതികരിച്ചുകൊ് CBCI യോഗത്തിൽ ആദ്യംതന്നെ ഇന്ന് നമ്മുടെ രാഷ്ട്രത്തിൽ നിലനിൽക്കുന്ന സാഹചര്യമാണ് വിചിന്തന വിഷയമാക്കിയത്. ശാസ്ത്രം, സാങ്കേതികവിദ്യ, സമ്പദ്വ്യവസ്ഥ തുടങ്ങി മറ്റ് അനേകം മേഖലകളിൽ ഇന്ത്യ അത്ഭുതപൂർവമായ മുന്നേറ്റങ്ങൾ നടത്തിയിട്ടു്; ലോകത്തിലെതന്നെ ഒരു സാമ്പത്തിക ശക്തിയായി വളർന്നുകൊിരിക്കുന്ന രാഷ്ട്രമായി ഇന്ത്യ അംഗീകരിക്കപ്പെട്ടുവരുന്നു. ക്രിസ്തീയ സമൂഹം നമ്മുടെ രാഷ്ട്രത്തിന്റെ പുരോഗതിയിൽ അഭിമാനം കൊള്ളുന്നു. അതേസമയം നമ്മെ ഉത്കണ്ഠാകുലരാക്കുന്ന മറ്റു പല കാര്യങ്ങളും ു:

2.1 സാമ്പത്തിക ഉന്നമനം നമ്മുടെ രാഷ്ട്രത്തിലെ വളരെ കുറച്ച് ശതമാനം ആളുകൾക്കു മാത്രമേ പ്രാപ്യമായിട്ടുള്ളൂ. തൊഴിലില്ലായ്മയുടെ തോത് വളരെയേറെ വർദ്ധിച്ചിട്ടു്. വലിയ തോതിലുള്ള ദേശാന്തരഗമനം അനേകായിരങ്ങൾക്ക് ദുരിതത്തിന് കാരണമായിട്ടു്. അതുപോലെതന്നെ, ശാസ്ത്ര, സങ്കേതിക രംഗത്തെ പുരോഗതി നമ്മുടെ ഏറിയ ശതമാനം ആളുകളുടെയുംപക്കൽ എത്തിച്ചേർന്നിട്ടില്ല, ഏറെ പ്രത്യേകിച്ച് ഗ്രാമീണ ജനത അതിൽനിന്നുള്ള പ്രയോജനങ്ങൾ അനുഭവിക്കുന്നില്ല; ഡിജിറ്റൽ ആയുള്ള ഒരു വിഭജനമാണ് (digital divide) ഇതിന്റെ അനന്തരഫലം.

2.2 വികസനം മിക്കപ്പോഴും പരിസ്ഥിതിക്ക് ഹാനികരമായിട്ടു്; അത് നമ്മുടെ ഗോത്രവർഗ സഹോദരീസഹോദരന്മാരുടെ ജീവിതത്തെ പ്രതികൂലമായി ബാധിക്കുകയും അവരുടെ ആവാസഭൂമി നഷ്ടപ്പെടുത്താൻ ഇടവരുത്തുകയും ചെയ്തിട്ടു്. മത്സ്യമേഖലയിൽ തൊഴിലെടുക്കുന്ന തീരദേശങ്ങളിലുള്ള നമ്മുടെ സഹോദരരുടെ സഹനം നേരിട്ടു നാം കിട്ടു്; അതുപോലെതന്നെ കർഷകരുടെ അസ്വസ്ഥജനകമായ ദീർഘമായ പോരാട്ടവും.

2.3 വിഭജന ലക്ഷ്യങ്ങളുള്ള മനോഭാവങ്ങളും വിദ്വേഷ പ്രസംഗങ്ങളും തീവ്രവാദപ്രസ്ഥാനങ്ങളും നമ്മുടെ രാഷ്ട്രത്തെയും ഭരണഘടനയെയും കരുപ്പിടിപ്പിച്ച ബഹുസ്വരതയും മതേതരചിന്തയും ഇല്ലാതാക്കാൻ പോരുന്നതായി ഭവിക്കുന്നു. ഭരണഘടന ഉറപ്പു തരുന്ന മൗലിക അവകാശങ്ങൾക്കും ന്യൂനപക്ഷ അവകാശങ്ങൾക്കും കോട്ടം തട്ടാൻ പാടുള്ളതല്ല.

2.4 നമ്മുടെ രാഷ്ട്രത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവർക്കെതിരെയുള്ള ആക്രമണങ്ങൾ തുടർന്നുകൊയേിരിക്കുന്നു. ഭവനങ്ങളും ദേവാലയങ്ങളും നശിപ്പിക്കുന്നതും ഹോസ്റ്റലുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ആതുരശുശ്രൂഷരംഗങ്ങളിലും സേവനം ചെയ്യുന്നവരെ പലവിധത്തിൽ ശല്യപ്പെടുത്തുന്നത് പതിവായിത്തീർന്നിരിക്കുന്നു. ഭീമമായവിധത്തിൽ ജീവനും ജീവിതമാർഗങ്ങളും തുടച്ചുനീക്കുന്ന ഇനിയും അവസാനിക്കാത്ത മണിപ്പൂർ കലാപം ഞങ്ങളെ സംഭ്രമിപ്പിക്കുകയും അതീവ ദുഃഖിതരാക്കുകയും ചെയ്യുന്നു.

2.5 നമ്മുടെ രാജ്യത്തെ ജനാധിപത്യസ്ഥാപനങ്ങൾ ദുർബലമാക്കപ്പെടുന്നെന്നും ഫെഡറൽ ഘടന പരിമിതപ്പെടുത്തുന്നെന്നും ജനാധിപത്യത്തിന്റെ നാലാമത്തെ നെടുംതൂണായ മാധ്യമങ്ങൾ തങ്ങളുടെ ചുമതല നിറവേറ്റുന്നില്ലെന്നുമുള്ള വ്യാപകമായ ആക്ഷേപമു്.

2.6 മുമ്പൊരിക്കലും ഉായിട്ടില്ലാത്തവിധം മതപരമായ ധ്രുവീകരണം സംഭവിക്കുകയും അത് നമ്മുടെ രാഷ്ട്രത്തിലെ സാമൂഹ്യ മൈത്രിക്കു ഭംഗം വരുത്തുകയും ജനാധിപത്യത്തെതന്നെ അപകടപ്പെടുത്തുകയും ചെയ്യുന്നു.

www.malankaralibrary.com

3. അഹിംസയുടെയും മുറിവുണക്കലിന്റെയും നീതിയുടെയും അനുരഞ്ജനത്തിന്റെയും പാത അവലംബിക്കുന്നവിധമാണ് ഞങ്ങളുടെ പ്രതികരണം: തൽസംബന്ധമായി താഴെപ്പറയുന്ന കാര്യങ്ങൾ ഞങ്ങൾ നിർദേശിക്കുന്നു:

3.1 ക്രൈസ്തവരെന്ന നിലയിൽ ഞങ്ങളുടെ ആദ്യപ്രതികരണം പ്രാർഥനയുടേതാണ്: 'കാരണം ദൈവത്തിന് എല്ലാം സാധ്യമാണ്' ( മത്താ 19:26). അതിനാൽ, നമ്മുടെ രാജ്യത്ത് സമാധാനവും ഐക്യവും പുലരാൻ ഓരോ രൂപതയും 2024 മാർച്ച് 22-ാം തീയതി, വെള്ളിയാഴ്ച, പ്രാർഥനയുടെയും ഉപവാസത്തിന്റെയും ദിനമായി ആചരിക്കണം എന്ന് CBCI നിർദേശിക്കുന്നു.

3.2 ജാതിയോ മതമോ ലിംഗമോ കണക്കിലെടുക്കാതെ സമൂഹത്തിലെ ദുർബല വിഭാഗങ്ങളെ പ്രതിജ്ഞാബദ്ധതയോടെ ശുശ്രൂഷിക്കുക എന്ന കാര്യം ഞങ്ങൾ പുനരുറപ്പിക്കുന്നു; അതുവഴിയായി ഏറ്റവും എളിയവരും അവസാനം നിൽക്കുന്നവരുമായവർക്കും പുരോഗതിയുടെ ഫലങ്ങൾ അനുഭവവേദ്യമാക്കണം.

3.3 നമ്മുടെ കുടുംബങ്ങളും സമൂഹങ്ങളും സ്ഥാപനങ്ങളും നമ്മുടെ ഭരണഘടനയുടെ ചൈതന്യം ഉൾക്കൊള്ളുകയും അതിന്റെ മൂല്യങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.

3.4 ഭരണഘടനയുടെ അടിസ്ഥാനഘടന നിലനിർത്താനുള്ള എല്ലാ സമീപനങ്ങളും സ്വീകരിക്കണമെന്ന് ഞങ്ങൾ രാഷ്ട്രീയ നേതാക്കളോട് അഭ്യർത്ഥിക്കുന്നു; ഏറെ പ്രത്യേകിച്ച് ഭരണഘടനയുടെ ആമുഖം (Preamble) നിലനിർത്തണം: അത് ഇന്ത്യ സ്വതന്ത്രവും സമൂഹനീതിയിൽ അധിഷ്ഠിതവും ജനാധിപത്യപരവും ആയ റിപ്പബ്ലിക് ആണെന്നും നീതിയും സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവും ഉറപ്പാക്കുന്ന എന്നും പ്രഖ്യാപിക്കുന്നു.

3.5 എല്ലാ പൗരരും സമ്മതിദായക പട്ടികയിൽ പേര് ചേർക്കുകയും യുക്തിപൂർവം തങ്ങളുടെ സമ്മതിദായിക അവകാശം നിറവേറ്റുകയും ചെയ്യണമെന്ന് ഞങ്ങൾ ആഹ്വാനം ചെയ്യുന്നു; അങ്ങനെ അവർ ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കുകയും ദരിദ്രരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുകയും ചെയ്യുന്ന നേതാക്കളെ തിരഞ്ഞെടുക്കാൻ ഇടവരട്ടെ.

3.6 ദളിത് ക്രൈസ്തവർക്കും വിവേചിതരായ ന്യൂനപക്ഷങ്ങൾക്കും പട്ടികജാതികൾ എന്ന ആനുകൂല്യം നൽകണമെന്ന് ഞങ്ങൾ ആവർത്തിച്ച് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നു. അതുപോലെതന്നെ, ഗോത്രവർഗക്കാരായ ക്രൈസ്തവരെ പട്ടികവർഗ നിലയിൽനിന്ന് നീക്കം ചെയ്യാനുള്ള ശ്രമങ്ങളും പട്ടികവർഗ ജനതകളെ അപ്രകാരമുള്ള ലിസ്റ്റിൽ നിന്ന് ഒഴിവാക്കാനുള്ള ശ്രമങ്ങളും സർക്കാർ നടത്തരുതെന്ന് ഞങ്ങൾ ശക്തമായി ആവശ്യപ്പെടുന്നു.

3.7 ഭരണഘടന ഉറപ്പുനൽകുന്ന മൗലികാവകാശങ്ങളും ന്യൂനപക്ഷ അവകാശങ്ങളും സംരക്ഷിക്കപ്പെടണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നതോടൊപ്പംതന്നെ, ഞങ്ങൾ നമ്മുടെ മാതൃരാജ്യത്തിന്റെ നിയമങ്ങൾ പാലിക്കുന്നവരും ഉത്തരവാദിത്വപൂർവം പെരുമാറുന്നവരുമായി തുടരും.

3.8 പരിസ്ഥിതിക്കുവേയുള്ള ഇടവക, രൂപതാ കമ്മീഷനുകളോട് ഞങ്ങൾ ഇപ്രകാരം ആഹ്വാനം ചെയ്യുന്നു: നമ്മുടെ ഇന്നത്തെ ജീവിതരീതിയിലുള്ള പുനരുപയോഗം സാധ്യമല്ലാത്ത ഭ്രസ്രോതസ്സുകളുടെ അമിത ഉപയോഗവും ജലത്തിന്റെയും വായുവിന്റെയും മലിനീകരണവും ഭക്ഷണത്തിന്റെ പാഴാക്കലും വരുത്തിവെക്കുന്ന പാരിസ്ഥിതിക ഹാനിയെക്കുറിച്ച് അവർ ജനത്തെ ബോധവൽകരിക്കണം. എല്ലാവരിലും 'നമ്മുടെ പൊതുഭവനമായ ഭൂമി'യെക്കുറിച്ചുള്ള പ്രത്യേകമായ കരുതൽ വളർത്തിയെടുക്കേയിരിക്കുന്നു.

3.9 പരസ്പരം സന്തോഷങ്ങളും ദുഃഖങ്ങളും പങ്കുവെച്ചുകൊ് സന്മനസ്സുള്ള എല്ലാ മനുഷ്യരോടും ചേർന്ന് നാം നമ്മുടെ യാത്ര തുടരും. മതാന്തരസംവാദവും അയൽസമൂഹങ്ങളുമായുള്ള സൗഹൃദവും വഴി ഇതര വിശ്വാസങ്ങളിൽ ജീവിക്കുന്ന സഹോദരീസഹോദരന്മാരുമായി പാലങ്ങൾ പണിത് ജീവിക്കാൻ നാം സഭാംഗങ്ങളെ ബോധവൽകരിക്കും.

## II. നിർമിതബുദ്ധിയുടെ പ്രയോജനങ്ങളും വെല്ലുവിളികളും സംബന്ധിച്ച സഭയുടെ പ്രതികരണം

4) ഈ പൊതുസമ്മേളനത്തിൽ, നമ്മുടെ പ്രേഷിത ദൗത്യത്തിന്റെ പശ്ചാത്തലത്തിൽ, നിർമിത ബുദ്ധിയുടെ പ്രയോജനങ്ങളെയും വെല്ലുവിളികളെയും സംബന്ധിച്ച ചർച്ച നടന്നു. നിർമിതബുദ്ധി ഉൾപ്പെടുന്ന ഡിജിറ്റൽ (digital) സാങ്കേതിക വിദ്യകൾ ദൈവിക ദാനങ്ങൾ ആണെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. ഫ്രാൻസിസ് പാപ്പാ ഉദ്ബോധിപ്പിക്കുന്നു, 'ധൈര്യപൂർവ്വം നമുക്ക് ഡിജിറ്റൽ ലോകത്തിലെ പൗരരാകാം' (ലോക സാമൂഹ്യസമ്പർക്കദിന സന്ദേശം, 2024)

5) ആരോഗ്യപരിപാലനം, കൃഷി, വിദ്യാഭ്യാസവും ഗവേഷണവും, എൻജിനീയറിങ്, ഉല്ലാസ-വിശ്രമം, വ്യവസായവും സമ്പത്തും എന്നീ രംഗങ്ങളിൽ വളരെ വലിയ പ്രയോജനങ്ങാണ് നിർമിതബുദ്ധി (AI) വാഗ്ദാനം ചെയ്യുന്നത്. അതേസമയം, നിർമിതബുദ്ധിയുടെ സിസ്റ്റങ്ങൾ ദുരുപയോഗിക്കപ്പെടാം: തെറ്റായ കരങ്ങളിൽ ഇതേ സാങ്കേതികവിദ്യകൾതന്നെ വെറുപ്പ്, അക്രമം, കൗശലപൂർവമുള്ള സാമൂഹ്യ ആശ്രയഭ്രാന്ത് സൃഷ്ടിക്കൽ എന്നിവയ്ക്കുള്ള ഉപകരണങ്ങളായി ഉപയോഗപ്പെടുത്താവുന്നതാണ്. ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ ശേഖരിക്കപ്പെടുന്ന മാനുഷിക വിവരങ്ങളും (human data) നിർമിതബുദ്ധിയും വ്യക്തികളുടെയും കുടുംബങ്ങളുടെയും സ്വകാര്യത അട്ടിമറിക്കാനായി ഉപയോഗപ്പെടുത്താം. എല്ലാ തൽപരകക്ഷികളെയും ബന്ധപ്പെട്ടുകൊ് നിർമിതബുദ്ധിയുടെ വികാസത്തെയും ഉപയോഗത്തെയും നിയന്ത്രിക്കാൻ സർക്കാരിനോട് CBCI ആവശ്യപ്പെടുന്നു; അങ്ങനെ ഏറ്റവും നല്ല സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടുകയും ദുർവിനിയോഗസാധ്യതകൾ തടസ്സപ്പെടുത്തപ്പെടുകയും ചെയ്യട്ടെ.

6) സാമൂഹ്യവും സാംസ്കാരികവും ആയ വൈവിധ്യങ്ങളുടെ ലക്ഷണങ്ങളുള്ള മനുഷ്യരെ കേവലം ഒരുകൂട്ടം വിവരങ്ങളുടേയോ (mere data) കണക്കുകൂട്ടലുകളുടെ

www.malankaralibrary.com

യോ (algorithms) അടിസ്ഥാനത്തിൽ നിർവചിക്കാനാവില്ല. അതിനാൽ, ഞങ്ങൾ ഇപ്രകാരം ശുപാർശ ചെയ്യുന്നു:

6.1 ഓരോ രൂപതയിലെയും സമ്പർക്കമാധ്യമ ഓഫീസ് കൃത്യമായ പദ്ധതികൾ സഭാസമൂഹത്തിനു മുഴുവനുമായി ആസൂത്രണം ചെയ്യട്ടെ. കുട്ടികൾക്കും യുവാക്കൾക്കും കുടുംബങ്ങൾക്കും സമർപ്പിതർക്കും വൈദികർക്കും ഉത്തരവാദിത്വപൂർവമായ ഡിജിറ്റലിന്റെയും നിർമിതബുദ്ധിയുടെതും ആയ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള അവബോധം നൽകട്ടെ; അങ്ങനെ അവർ കൗശലങ്ങളിൽനിന്നും ദുർവിനിയോഗസാധ്യതകളിൽനിന്നും രക്ഷിക്കപ്പെടട്ടെ. ഡിജിറ്റൽ ലോകത്തിലെ ഉത്തരവാദിത്തപ്പെട്ട പൗരരാകാൻ ധാർമികബോധത്തോടെയുള്ള നിർമതബുദ്ധിയുടെ ഉപയോഗം ഞങ്ങൾ പ്രോത്സാഹിപ്പിക്കുന്നു.

6.2 നമ്മുടെ രൂപതാ, പ്രാദേശിക തലങ്ങളിലെ സാമൂഹ്യസമ്പർക്കത്തിനുള്ള കമ്മീഷനുകളും യുവജന സംഘടനകളും ഇപ്പോൾ ലഭ്യമായിട്ടുള്ള നിർമിതബുദ്ധിയുടെ ഉപകരണങ്ങൾ ഫലപ്രദമായ വിശ്വാസ രൂപവൽകരണത്തിനും സദ്വാർത്തയുടെ ക്രിയാത്മകമായ പങ്കുവയ്ക്കലിനും ഉപയുക്തമാം വിധം പ്രയോജനപ്പെടുത്തണം. നിർമിതബുദ്ധിയിൽ പ്രാവീണ്യമുള്ള യുവജനങ്ങൾ ഇക്കാര്യത്തിൽ സഹായിക്കണമെന്ന് ഞങ്ങൾ അഭ്യർഥിക്കുന്നു.

6.3 രൂപതകളും സന്യാസസമൂഹങ്ങളും അൽമായ സംഘടനകളും നിർമിതബുദ്ധിയുടെ വിപ്ലവം വഴിയായി ലഭിക്കുന്ന അവസരങ്ങളെ ഉപയോഗപ്പെടുത്താൻ നമ്മുടെ യുവതീയുവാക്കളെ പ്രാപ്തരാക്കട്ടെ.

7) സമഗ്രമാനവവികാസത്തിന്റെ പാത നീതിയും സമത്വവും സത്യവും സ്വാതന്ത്ര്യവും പൊതുനന്മയ്ക്കായി പ്രോത്സാഹിപ്പിക്കുന്ന സാമൂഹ്യമായ ഇടപെടലുകളും ഉൾക്കൊതാണെന്ന് ഇന്ത്യയിലെ കത്തോലിക്കാ സഭ ശക്തമായി ആവർത്തിക്കുന്നു. ഇക്കാര്യത്തിൽ, നിർമിതബുദ്ധിക്ക് ഒരു പ്രയോജനപ്രദമായ ഉപകരണം ആയിത്തീരാൻ സാധിക്കും; പക്ഷേ, അതോടൊപ്പം അതു മാനുഷിക വ്യക്തിയുടെ സങ്കീർണ്ണതകളെയും ഔന്നത്യത്തെയും പവിത്രതയെയും മാനിക്കുകയും സംരക്ഷിക്കുകയും ചെയ്യണം.

## ഉപസംഹാരം

8) ഇന്ത്യയിലെ സഭ സിനഡാത്മക ചൈതന്യത്തിൽ പ്രത്യാശയുടെ തീർഥാടകരായി 2025-ലെ ജൂബിലിയിലേക്ക് നീങ്ങിക്കൊരിരിക്കുന്നു. കഴിഞ്ഞ കാലഘട്ടങ്ങളിലെല്ലാം ക്രൈസ്തവർ എല്ലാ തലങ്ങളിലും – രാജ്യസംരക്ഷണസേനാതലം, വിദ്യാഭ്യാസവും സാക്ഷരതയും, ആരോഗ്യപരിപാലനം, സാമൂഹ്യസേവനം എന്നിവയിൽ– രാജ്യത്തെ പ്രതിജ്ഞാബദ്ധതയോടെ സേവിച്ചിട്ടു്. രാഷ്ട്രത്തോടുള്ള നമ്മുടെ ശുശ്രൂഷ ധാരാളം സഹപൗരർ അംഗീകരിച്ചിട്ടു്. രാജ്യസ്നേഹികളായ പൗരർ എന്ന നിലയ്ക്ക് എന്തുവിലകൊടുത്തും നമ്മൾ തുടർന്നും നമ്മുടെ രാജ്യത്തെ ശുശ്രൂഷിക്കും. അതു നമ്മുടെ ഗുരുവായ യേശുവിന്റെ പാത പിന്തുടരുന്നതിന്റെ ഭാഗമായിരിക്കും. അവിടന്നു പറഞ്ഞു: 'കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉ്. എന്തെന്നാൽ, ദരിദ്രരെ സദ്വാർത്ത അറിയിക്കാൻ അവൻ എന്നെ അഭിഷേചിച്ചിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും പ്രഘോഷിക്കാനും അടിച്ചമർത്തപ്പെട്ടവരെ മോചനത്തിലേക്കു നയിക്കാനും കർത്താവിന്റെ പ്രസാദവത്സരം പ്രഘോഷിക്കാനും അവൻ എന്നെ അയച്ചിരിക്കുന്നു' ( ലൂക്കാ 4:18-19). നമ്മുടെ രാജ്യത്തിന്റെ ക്ഷേമത്തിനും ഐശ്വര്യത്തിനുമായി ഞങ്ങൾ പ്രാർഥിക്കുന്നു; ഈ രാജ്യം നമ്മുടെ മാതാവും പ്രത്യാശയുടെ താരവുമായ പരിശുദ്ധ കന്യകമറിയത്തിന്റെ കരങ്ങളിൽ ഞങ്ങൾ ഭരമേൽപ്പിക്കുന്നു.

**ആർച്ച്ബിഷപ് അനിൽ കൂട്ടോ,**
സെക്രട്ടറി ജനറൽ, CBCI
**ആർച്ച്ബിഷപ് ആൻഡ്രൂസ് താഴത്ത്,**
പ്രസിഡന്റ്, CBCI

31.01.2024

## മദ്യപന്റെ ബലഹീനതയെ ചൂഷണം ചെയ്യരുത് – ബിഷപ് യൂഹാനോൻ മാർ തെയോഡോഷ്യസ്

മദ്യപന്റെ മദ്യാസക്തിയെ ഭരണകർത്താക്കളും അബ്കാരികളും ചേർന്ന് ചൂഷണം ചെയ്യുകയാണെന്നും കണ്ണീരിന്റെ പണമാണ് ഇവർ കൈപ്പറ്റുന്നതെന്നും കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ ചെയർമാൻ ബിഷപ് യൂഹാനോൻ മാർ തെയോഡോഷ്യസ്. ഗാന്ധി രക്തസാക്ഷിത്വ ദിനാചരണത്തിന്റെ ഭാഗമായി പാലാരിവട്ടം പി.ഒ.സിയിൽ സംഘടിപ്പിച്ച സംസ്ഥാന ഭാരവാഹികളുടെയും രൂപതാ ഡയറക്ടർമാരുടെയും സംയുക്ത സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു ബിഷപ്.

മദ്യഷാപ്പുകളുടെ എണ്ണം കുറഞ്ഞതാണ് മറ്റ് മാരക ലഹരിവസ്തുക്കളുടെ വ്യാപനത്തിന് കാരണമായതെന്ന് പ്രചരിപ്പിച്ചവർ മദ്യശാലകളുടെ എണ്ണത്തിൽ കുത്തൊഴുക്ക് നടത്തുകയാണ്. സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ ജനതയെ കുടിപ്പിച്ചുകിടത്തരുത്. എം.ഡി.എം.എ. പോലുള്ള മാരക ലഹരികൾക്കെതിരെ കർക്കശ നടപടികൾ സർക്കാർ സ്വീകരിക്കണം. പോലീസ്-എക്സൈസ്-ഫോറസ്റ്റ്-റവന്യൂ സംവിധാനങ്ങൾ സംയുക്തമായ മുന്നേറ്റം നടത്തണം.

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ സംസ്ഥാന രജത ജൂബിലി സമാപന സമ്മേളനം മെയ് 11 ന് കൊച്ചിയിൽ നടക്കും.

സംസ്ഥാന ജനറൽ സെക്രട്ടറി ഫാ. ജോൺ അരീക്കൽ, ഭാരവാഹികളായ ബോണി സി.എക്സ്., ജെസ്സി ഷാജി, ജോസ് കവിയിൽ, ഫാ. മാത്യു കാരിക്കൽ, ഫാ. സ്റ്റാലിൻ ഫെർണാണ്ടസ്, അന്തോണിക്കുട്ടി, ഫാ. ജോൺ പടിപ്പുരയ്ക്കൽ, ഫാ. ആന്റണി അറയ്ക്കൽ, പ്രസാദ് കുരുവിള, ഫാ. ഷൈജു, തങ്കച്ചൻ കൊല്ലക്കൊമ്പിൽ എന്നിവർ പ്രസംഗിച്ചു.

www.malankaralibrary.com

## CBCI Statements

പരിശുദ്ധ പിതാവേ, ഭാരത മെത്രാൻ സമിതി (CBCI) യിൽനിന്ന് പ്രാർത്ഥനാപൂർവമായ അഭിവാദനങ്ങൾ.

എനിക്കും ഭാരത മെത്രാൻ സമതിക്കായി പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്കും അങ്ങയുടെ ആശിർവാദം അപേക്ഷിച്ചുകൊണ്ടാണ് ഞാൻ ഈ കത്ത് എഴുതുന്നത്. ഭാരത മെത്രാൻ സമിതിയുടെ 36-ാമത് സമ്പൂർണ്ണ പൊതുസമ്മേളനം 2024 ജനുവരി 31 മുതൽ ഫെബ്രുവരി 7-ാം തീയതി വരെ ബംഗളൂരുവിലെ St. John's National Academy of Health Sciences-ൽ നടത്തപ്പെടുകയുണ്ടായി. 170 മെത്രാന്മാർ അതിൽ പങ്കെടുത്തു; ഇന്ത്യയിൽ 174 രൂപതകൾ ആണ് ഉള്ളത്. മൂന്നു കാര്യങ്ങൾ ചർച്ചാവിഷയമായി: (i) റോമിൽ നടക്കുന്ന മെത്രാൻമാരുടെ സിനഡ് (2021 2024); (ii) ഇന്ത്യയിലെ ഇപ്പോഴത്തെ സാമൂഹ്യ-രാഷ്ട്രീയ സാഹചര്യത്തോടുള്ള ഞങ്ങളുടെ പ്രതികരണം; (iii) നിർമിതബുദ്ധിയുടെ പ്രയോജനങ്ങളും വെല്ലുവിളികളും. ഭാരതത്തിലെ സഭയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച റിപ്പോർട്ടുകളും തൽസംബന്ധമായ വിലയിരുത്തലുകളും ഉണ്ടായി; സിബിസിഐയുടെ ഓഫീസുകൾ, കൗൺസിലുകൾ, സെക്രട്ടറിയേറ്റുകൾ, 14 റീജനുകളിലും പ്രവർത്തിക്കുന്ന കമ്മീഷനുകൾ, റീജിയണൽ സെക്രട്ടറിയേറ്റുകൾ എന്നിവരാണ് റിപ്പോർട്ടുകൾ സമർപ്പിച്ചത്. സിനഡാത്മക പാത സംബന്ധമായ ക്ലാസുകൾ, റിപ്പോർട്ടുകൾ, ചർച്ചകൾ എന്നിവ ഊർജിതവും ഫലപ്രദവും ആയിരുന്നു. സിബിസിഐയുടെ 36-ാമത് സമ്പൂർണ്ണ പൊതുസമ്മേളനത്തിന്റെ ഉപസംഹാര പ്രസ്താവന (36th AGM) ഇതോടൊപ്പം ചേർക്കുന്നു.

ഇന്ത്യയിലെ അപ്പസ്തോലിക സ്ഥാനപതിയായ ആർച്ച്ബിഷപ്പ് ലിയോപോൾഡോ ജിറെല്ലി സമ്മേളനത്തിലുടനീളം സന്നിഹിതനായിരുന്നു; മെത്രാന്മാരുമായി, വ്യക്തിപരമായും കൂട്ടായും, സംവദിക്കാൻ അദ്ദേഹത്തിന് ഇടവന്നു. പല കാര്യങ്ങളിലും പരിശുദ്ധ സിംഹാസനത്തിന്റെ അഭിപ്രായം അറിയാനും രൂപതാ നടത്തിപ്പിനെ സംബന്ധിച്ച വ്യക്തത ഉണ്ടാക്കാനും സാധിച്ച മികച്ച അവസരമായിരുന്നു അത്.

ഫെബ്രുവരി നാലും അഞ്ചും തീയതികളിൽ സിബിസിഐയുടെ വിവിധ ഓഫീസുകളുടെയും ദേശീയ സ്ഥാപനങ്ങളുടെയും അധ്യക്ഷന്മാരെ തെരഞ്ഞെടുത്തു. ഫെബ്രുവരി ആറാം തീയതി സിബിസിഐയുടെ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടന്നു. ഇപ്പോഴത്തെ പ്രസിഡെന്റും വൈസ് പ്രസിഡെന്റും രണ്ടാമൂഴത്തിനായി വീണ്ടും ഒരിക്കൽ കൂടി തെരഞ്ഞെടുക്കപ്പെട്ടു. ജനറൽ സെക്രട്ടറിയായിരുന്ന ആർച്ച്ബിഷപ്പ് ഫെലിക്സ് മച്ചാഡോ രണ്ടാമൂഴം പൂർത്തിയാക്കിയിരുന്നതിനാൽ, തൽസ്ഥാനത്തേക്ക് പുതിയൊരു ഭാരവാഹിയെ തിരഞ്ഞെടുത്തു. താഴെപ്പറയുന്നവരാണ് പുതിയ ഭാരവാഹികൾ:

1. ആർച്ച്ബിഷപ്പ് ആൻഡ്രൂസ് താഴത്ത് - പ്രസിഡന്റ് (തൃശ്ശൂർ, സീറോ-മലബാർ)
2. ആർച്ച്ബിഷപ്പ് ജോർജ് ആന്റണിസാമി - വൈസ് പ്രസിഡന്റ് I (മദ്രാസ്-മൈലാപ്പൂർ, ലത്തീൻ )
3. ബിഷപ്പ് ജോസഫ് മാർ തോമസ് - വൈസ് പ്രസിഡന്റ് II (ബത്തേരി - സീറോ മലങ്കര)
4. ആർച്ച്ബിഷപ്പ് അനിൽ കൂട്ടോ - ജനറൽ സെക്രട്ടറി (ഡൽഹി, ലത്തീൻ )

പരിശുദ്ധ പിതാവിനോടും പരിശുദ്ധ സിംഹാസനത്തോടും എല്ലാം മെത്രാൻമാരുടെയും ഭാഗത്തു നിന്നുള്ള വിധേയത്വവും ആദരവും ഞാൻ അങ്ങയെ അറിയിക്കുന്നു. ഞങ്ങളെ ഭരമേൽപ്പിച്ചിരിക്കുന്ന ഈ ബുദ്ധിമുട്ടുള്ള ശുശ്രൂഷ വിജയകരമായി നടത്തുന്നതിന് അങ്ങയുടെ പ്രാർഥനയും മാർഗനിർദേശവും ആശിർവാദവും ഞങ്ങൾ അഭ്യർഥിക്കുന്നു. അങ്ങേക്കു ഞങ്ങൾ പ്രാർഥനകൾ വാഗ്ദാനം ചെയ്യുന്നു.

കൃതജ്ഞതാപൂർവം, സ്നേഹാദരങ്ങളോടെ,

**ആർച്ച്ബിഷപ്പ് അനിൽ കൂട്ടോ,**
സെക്രട്ടറി ജനറൽ, CBCI

**ആർച്ച്ബിഷപ്പ് ആൻഡ്രൂസ് താഴത്ത്,**
പ്രസിഡന്റ്, CBCI

13.01.2024

## പാലാരിവട്ടം പിഒസി യിൽ പോഷകചെറുധാന്യങ്ങളുടെ പ്രദർശന വിപണനം പിഒസി ഡയറക്ടർ ഫാ. ജേക്കബ് ജി പാലയ്ക്കാപ്പിള്ളി ഉദ്ഘാടനം ചെയ്തു

കൊച്ചി: ജീവിതശൈലി രോഗനിയന്ത്രണത്തിൽ പോഷക ചെറുധാന്യങ്ങൾക്കുള്ള പ്രാധാന്യം കണക്കിലെടുത്താണ് രണ്ടാം ശനിയാഴ്ചകളിൽ പോഷക ചെറുധാന്യങ്ങൾ ന്യായവിലക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാനുള്ള സ്ഥിരം സംവിധാനം പിഒസി കോമ്പൗണ്ടിൽ ഏർപ്പെടുത്തുന്നത്.

സുസ്ഥിര കൃഷി - ആരോഗ്യസുരക്ഷ എന്നീ രംഗങ്ങളിൽ ദീർഘ കാലമായി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ, വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവ പിഒസി യുടെ സഹായസഹ കരണത്തോടെയാണ് ഈ സ്ഥിരം സംവിധാനം ഒരുക്കുന്നത്. ചെറുകിട നാമമാത്ര കർഷകർക്ക് ചെറുധാന്യ വിത്ത് സൗജന്യമായി ലഭ്യമാക്കുകയും കാർഷിക പ്രവർത്തനങ്ങൾക്ക് ആവശ്യം വേണ്ട വിജ്ഞാന വ്യാപനവും ഈ കൂട്ടായ്മയിലൂടെ ലഭ്യമാക്കുകയും ചെയ്യും. ഭക്ഷ്യസുരക്ഷയും സുരക്ഷിത ഭക്ഷ്യലഭ്യതയും ആരോഗ്യ സുരക്ഷയിലുള്ള പ്രാധാന്യം കണക്കിലെടുത്താണ് പിഒസി ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്.

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./ഡയറക്ടർ, പി.ഒ.സി.

www.malankaralibrary.com

No.: 3999/K-5/KCBC/OL/DS - 20.012023

# 32-ാമത് ലോക രോഗീദിനത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നൽകുന്ന സന്ദേശം

(ഫെബ്രുവരി 11, 2024)

''മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല' സൗഖ്യദായകമായ ബന്ധങ്ങളാൽ രോഗികളെ സുഖപ്പെടുത്തുന്നത്.

'മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല" (ഉത്പ 2,18 കാണുക). സ്നേഹമായിരിക്കുന്ന ദൈവം ആദിയിൽതന്നെ നമ്മെ സഹവാസത്തിനായി സൃഷ്ടിച്ചു; മറ്റുള്ളവരുമായി ബന്ധത്തിൽ ഏർപ്പെടാനുള്ള നൈസർഗികമായ കഴിവോടുകൂടിയാണ് അവിടന്ന് നമ്മെ സൃഷ്ടിച്ചത്. പരിശുദ്ധ ത്രിത്വത്തിന്റെ സാദൃശ്യം പ്രതിഫലിപ്പിക്കുന്ന നമ്മുടെ ജീവിതങ്ങൾ സാക്ഷാത്കരിക്കപ്പെടേണ്ടത് ബന്ധങ്ങളുടെയും സൗഹൃദങ്ങളുടെയും നൽകിയും സ്വീകരിച്ചുമുള്ള സ്നേഹത്തിന്റെയും ശൃംഖലകൾ വഴിയാണ്. ഏകരായിരിക്കാനല്ല, മറിച്ച് ഒരുമിച്ചായിരിക്കാനാണ് നാം സൃഷ്ടിക്കപ്പെട്ടത്. സഹവാസത്തിന്റേതായ ഈ പദ്ധതി വ്യക്തമായി മനുഷ്യഹൃദയത്തിൽ ആഴത്തിൽ വേരൂന്നിയിരിക്കുന്നതിനാൽ, തിരസ്കരണത്തിന്റെയും ഏകാന്തതയുടെയും അനുഭവം ഭയാനകവും ദുഃഖകരവും മനുഷ്യത്വരഹിതവുമായ ഒന്നായി നാം കണക്കാക്കുന്നു. ദൗർബല്യത്തിന്റെയും അനിശ്ചിതത്തിന്റെയും അരക്ഷിതത്വത്തിന്റെയും വേളകളിൽ ഈ അനുഭവം നമ്മിൽ കൂടുതൽ ശക്തമാകുന്നു; ഇത് പലപ്പോഴും സംഭവിക്കുന്നത് മാരകമായ രോഗം നമ്മെ കാർന്നുതിന്നാൻ തുടങ്ങുമ്പോഴാണ്.

ഇത്തരുണത്തിൽ, കോവിഡ്-19 മഹാമാരിയുടെ കാലത്ത് ഭയാനകമായ ഏകാന്തത അനുഭവിച്ച എല്ലാവരെയും ഞാൻ ഓർക്കുകയാണ്: സന്ദർശകരെ സ്വീകരിക്കാൻ കഴിയാതെപോയ രോഗികൾ, അസംഖ്യം നേഴ്സുമാർ, ഡോക്ടർമാർ, ജോലിയുടെ സാഹചര്യവും ഭാരവുംമൂലം ഏകാന്തവാർഡുകളിൽ കഴിയേണ്ടിവന്ന ഇതര സഹായഗണത്തിലെ വ്യക്തികൾ തുടങ്ങിയവർ. തങ്ങളുടെ മരണത്തിന്റെ മണിക്കൂറുകൾ ഏകാകികളായി അഭിമുഖീകരിക്കേണ്ടിവന്ന ആളുകളെ നമുക്കിവിടെ വിസ്മരിക്കാനാകില്ല; ആരോഗ്യപരിപാലകരാൽ അവർ ശുശ്രൂഷിക്കപ്പെട്ടെങ്കിലും അവർ തങ്ങളുടെ കുടുംബങ്ങളിൽനിന്ന് അകലെയായിരുന്നു.

യുദ്ധവും അതിന്റെ ദുരന്തപൂർവകമായ അനന്തരഫലങ്ങളുംമൂലം പിന്തുണയും സഹായവും ലഭ്യമാകാതെയായിത്തീർന്നവരുടെ ദുഃഖത്തിലും സഹനത്തിലും ഒറ്റപ്പെടലിലും ഞാൻ പങ്കുചേരുന്നു. സാമൂഹ്യരോഗങ്ങളിൽ ഏറ്റവും ഭയാനകമായതാണ് യുദ്ധം; അതിന്റെ അതിഭയങ്കരമായ ദുരന്തം അനുഭവിക്കുന്നതോ, ഏറ്റവും ദുർബലരായവരുമാണ്.

അതേസമയം, സമാധാനം അനുഭവിക്കുകയും കൂടുതൽ വിഭവസാധ്യതകൾ ഉണ്ടായിരിക്കുകയും ചെയ്യുന്ന രാഷ്ട്രങ്ങളിൽപോലും, വാർദ്ധക്യവും രോഗവും പേറുന്നവർ പലപ്പോഴും ഏകാന്തത അനുഭവിക്കുന്നവരും ചിലപ്പോഴെങ്കിലും തിരസ്കൃതരാകുന്നവരും ആണെന്നുള്ളതും ഇവിടെ പറയാതിരിക്കാൻ വയ്യ. ഇത് വ്യക്തികേന്ദ്രീകൃത സംസ്കാരത്തിന്റെ (culture of individualism) അനന്തരഫലം ആണെന്ന അസ്വസ്ഥജനകമായ യാഥാർഥ്യം അംഗീകരിക്കേണ്ടിയിരിക്കുന്നു. എന്തുവിലകൊടുത്തും ഉത്പാദനക്ഷമത വർധിപ്പിക്കുക, കാര്യശേഷി എന്ന സങ്കല്പം (myth of efficiency) പുഷ്ടിപ്പെടുത്തുക, തുടങ്ങിയവയാണ് വ്യക്തി കേന്ദ്രീകൃതത്വം താത്പര്യപ്പെടുന്നത്; ഈ പശ്ചാത്തലത്തിൽ വ്യക്തികൾ നിസ്സംഗത പുലർത്തുന്നവരും കഠിനഹൃദയരും അവശ്യംവേണ്ട കാൽവെപ്പുകൾ നടത്താൻ കഴിയാത്തവരും ആയി 'ഭവിക്കുന്നു. അതൊരു വലിച്ചെറിയൽ സംസ്കാരത്തിനു (throw away culture) വഴിതെളിക്കുന്നു. പ്രസ്തുത സംസ്കാരത്തിൽ വ്യക്തികൾ മേലിൽ ശുശ്രൂഷിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യേണ്ട പരമപ്രധാന മൂല്യമുള്ളവരായി കണക്കാക്കപ്പെടുന്നില്ല; പ്രത്യേകിച്ച് അവർ "ഉപയോഗമില്ലാത്തവിധം'"ദരിദ്രരോ ഭിന്നശേഷിക്കാരോ, അല്ലെങ്കിൽ ജനിച്ചിട്ടില്ലാത്തവരോ, '"ഇനി ആവശ്യമില്ലാത്തവിധം'" വൃദ്ധരോ എന്നിവരെപ്പോലെ ആയാൽ' (എല്ലാവരും സഹോദരർ, [Fratelli Tutti] 18). ദുഃഖകരമെന്നു പറയട്ടെ, ഈ തരത്തിലുള്ള കാഴ്ചപ്പാടുകളാണ് പല രാഷ്ട്രീയ തീരുമാനങ്ങളെയും നയിക്കുന്നത്. അത്തരത്തിലുള്ള തീരുമാനങ്ങൾ മനുഷ്യവ്യക്തിയുടെ മാഹാത്മ്യത്തെയോ അവന്റെയോ അവളുടെയോ ആവശ്യങ്ങളെയോ മാനിക്കുന്നില്ല. ഓരോ വ്യക്തിക്കും ആരോഗ്യം സംരക്ഷിക്കുക എന്നതും ആരോഗ്യസംരക്ഷണത്തിന് ആവശ്യമായുള്ള സംവിധാനങ്ങൾ പ്രാപ്യമാകുവാനുള്ള മൗലിക അവകാശം ഉണ്ടെന്നുള്ളതും ഉറപ്പുവരുത്തുന്ന രീതിയിൽ നയങ്ങളും വിഭവങ്ങളും രൂപപ്പെടുത്തുന്നതിനു പ്രസ്തുത തീരുമാനങ്ങൾ സഹായകമാകുന്നില്ല.

ആരോഗ്യപരിരക്ഷണം ശുശ്രൂഷകളുടെ പട്ടികയിൽ കേവലം ഒന്നായി മാത്രം കണക്കാക്കപ്പെടുന്നത് ദുർബലരായവരുടെ തിരസ്കരണത്തിനും അവരെ ഒറ്റപ്പെടുത്തുന്നതിനും സഹായകമായിത്തീരുന്നു; ആരോഗ്യപരിചരണത്തോടൊപ്പം യഥാർഥത്തിൽ ആവശ്യമായുള്ളത് ഡോക്ടർമാരും രോഗികളും അവരുടെ കുടുംബാംഗങ്ങളും തമ്മിലുള്ള ഒരു ചികിത്സാപരമായ ഉടമ്പടി ('therapeutic covenant') ആണ്.

വേദപുസ്തകത്തിന്റെ വാക്കുകൾ നമുക്ക് ഒരിക്കൽ കൂടി കേൾക്കാം: '"മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല!'" സൃഷ്ടിയുടെ ആരംഭത്തിൽ ദൈവം പറഞ്ഞതാണിത്. അങ്ങനെ ദൈവം മനുഷ്യരാശിയെക്കുറിച്ചുള്ള പദ്ധതിയുടെ ആഴത്തിലുള്ള അർഥം നമുക്ക് വെളിപ്പെടുത്തിതരുകയും, അതോടൊപ്പം പാപത്തിന്റെ മാരകമായ മുറിവ് സൃഷ്ടിക്കുന്ന സന്ദേഹങ്ങളും വിള്ളലുകളും വിഭജനങ്ങളും തത്ഫലമായുണ്ടാകുന്ന ഒറ്റപ്പെടുത്തലും ചൂണ്ടികാണിക്കുകയും ചെയ്തു.

പാപം വ്യക്തികളെ ആക്രമിക്കുന്നു, അതോടൊപ്പം അവരുടെ എല്ലാ ബന്ധങ്ങളെയും: ദൈവത്തോടും തങ്ങളോടുതന്നെയും ഇതര മനുഷ്യരോടും സൃഷ്ടവസ്തുക്കളോടുംകൂടെ പോലും. ഇത്തരത്തിലുള്ള ഒറ്റപ്പെടുത്തൽ നമ്മുടെ ജീവിതത്തിന്റെ അർഥം മനസ്സിലാക്കുന്നതിൽനിന്നുപോലും നമ്മെ വ്യതിചലിപ്പിക്കുന്നു; അത് സ്നേഹത്തിന്റെ സന്തോഷം ഇല്ലാതാക്കുന്നു; മാത്രമല്ല, ജീവിതത്തിന്റെ നിർണായകമായ അവസരങ്ങളിൽ നമ്മെ അലോസരപ്പെടുത്തുന്നവിധത്തിൽ നാം ഒറ്റയ്ക്കാണ് എന്ന ഒരനുഭവം നമ്മിലുളവാക്കുകയും ചെയ്യുന്നു.

www.malankaralibrary.com

പ്രിയ സഹോദരീസഹോദരന്മാരേ, ഏതൊരു രോഗത്തിനും ആവശ്യമായുള്ള ശുശ്രൂഷയുടെ ആദ്യരൂപം കരുണാർദ്രവും സ്നേഹപൂർവകവുമായ സാമീപ്യമാണ്. അതിനാൽ, രോഗീപരിചരണം എന്നത് എല്ലാറ്റിനുമുപരി അവരുടെ ബന്ധങ്ങളെ പരിചരിക്കുന്നതാണ്, എല്ലാത്തരത്തിലുമുള്ള ബന്ധങ്ങൾ: ദൈവത്തോടും മറ്റുള്ളവരോടും - കുടുംബാംഗങ്ങൾ, സ്നേഹിതർ, ആരോഗ്യശുശ്രൂഷകർ - സൃഷ്ടവസ്തുക്കളോടും തങ്ങളോടുതന്നെയും. ഇത് ചെയ്യാനാവുമോ? തീർച്ചയായും, ഇത് ചെയ്യാനാകും; ഇത് നടപ്പാക്കുന്ന എന്ന് ഉറപ്പുവരുത്താൻ നാം ഓരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നു. നല്ല സമരിയാക്കാരന്റെ ചിത്രത്തിലേക്ക് നമുക്ക് നോക്കാം (ലൂക്കാ 10,25-37); ഇറങ്ങിച്ചെല്ലാനും, മറ്റൊരു വ്യക്തിയുടെ സമീപത്ത് എത്താനും, വേദന അനുഭവിക്കുന്ന ഒരു സഹോദരന് ആർദ്രമായ സ്നേഹാംപകരാനും അവന്റെ മുറിവുകൾ വച്ചുകെട്ടാനും അയാൾ കാണിക്കുന്ന താത്പര്യം നമുക്ക് ശ്രദ്ധിക്കാം.

നമ്മുടെ ജീവിതത്തിന്റെ ഈ കേന്ദ്രസത്യം നമുക്ക് അനുസ്മരിക്കാം: നമ്മൾ ഈ ലോകത്തിലേക്കു വന്നത് ആരോ നമ്മളെ സ്വാഗതം ചെയ്തതുകൊണ്ടാണ്; സ്നേഹത്തിനായാണ് നാം സൃഷ്ടിക്കപ്പെട്ടത്: സംസർഗത്തിനും സാഹോദര്യത്തിനുമാണ് നാം ക്ഷണിക്കപ്പെട്ടിരിക്കുന്നത്. നമ്മുടെ ജീവിതത്തിന്റെ ഈ അംശമാണ് നമ്മെ നിലനിർത്തുന്നത്, ഏറെ പ്രത്യേകിച്ച് രോഗത്തിന്റെയും ദൗർബല്യത്തിന്റെയും വേളകളിൽ. ഇതുതന്നെയാണ് നാം ജീവിക്കുന്ന സമൂഹത്തിന്റെ രോഗങ്ങൾ സുഖപ്പെടുത്താൻ നാം ഉപയോഗിക്കേണ്ട ആദ്യ ചികിത്സാരീതി (first therapy).

താത്ക്കാലികമായോ നിരന്തരമായോ രോഗങ്ങളാൽ ക്ലേശിക്കുന്ന സഹോദരരോട് ഞാൻ ഇപ്രകാരം പറയും: സാമിപ്യത്തിനും ആർദ്രതയ്ക്കും ആയുള്ള നിങ്ങളുടെ ആഗ്രഹത്തെക്കുറിച്ച് ലജ്ജിക്കേണ്ടതില്ല; ആ ആഗ്രഹം മറച്ചുപിടിക്കേണ്ടതില്ല; നിങ്ങൾ മറ്റുള്ളവരുടെമേൽ ഒരു 'ഭാരം ആണെന്നു കരുതേണ്ടതുമില്ല. രോഗിയായുള്ള ആളിന്റെ അവസ്ഥ, നമ്മെത്തന്നെ വീണ്ടും കണ്ടെത്താനുള്ള സാഹചര്യമുണ്ടാക്കാനായി, നമ്മുടെ ജീവിതത്തിന്റെ അമിതവേഗത്തിലുള്ള പാച്ചിൽ അല്പം കുറയ്ക്കാനുള്ള അവസരമാണ്.

ഐതിഹാസികമായ പരിവർത്തനങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്ത് യേശുക്രിസ്തുവിന്റെ ആർദ്രഭാവം സ്വന്തമാക്കാനായി ക്രിസ്ത്യാനികളായ നാമെല്ലാവരും സവിശേഷമായി ക്ഷണിക്കപ്പെട്ടിരിക്കുകയാണ്. സഹിക്കുകയും ഏകാന്തത അനുഭവിക്കുകയും, ചിലപ്പോഴെങ്കിലും പാർശ്വവൽകരിക്കപ്പെടുകയും പുറന്തള്ളപ്പെടുകയും ചെയ്യപ്പെടുന്ന സഹോദരരെ നമുക്ക് ശുശ്രൂഷിക്കാം.

പ്രാർഥനവഴി, പ്രത്യേകിച്ച് ദിവ്യപൂജവഴി, കർത്താവായ ക്രിസ്തു നമ്മുടെമേൽ ചൊരിയുന്ന പരസ്പര സ്നേഹചൈതന്യംകൊണ്ട് നമുക്ക് ഏകാന്തതയുടെയും ഒറ്റപ്പെടുത്തലിന്റെയും മുറിവുകൾ ഉണക്കാം. ഈ രീതിയിൽ, സ്വാർഥത്തിന്റെയും നിസ്സംഗതയുടെയും പ്രയോജനരഹിതമെന്ന കാഴ്ചപ്പാടിന്റെയും സംസ്കാരത്തെ പ്രതിരോധിക്കുന്നതിൽ നമുക്ക് പങ്കുകാരാകാം, അങ്ങനെ നമുക്ക് ആർദ്രതയുടെയും അനുകമ്പയുടെയും ഒരു സംസ്കൃതിക്കു കാരണമാകാം.

രോഗികളും ദുർബലരും ദരിദ്രരും സഭയുടെ ഹൃദയത്തിൽ പ്രതിഷ്ഠിക്കപ്പെട്ടവരാണ്; അവർ നമ്മുടെ മാനുഷിക പരിഗണനയുടെയും അജപാലനപരമായ ശ്രദ്ധയുടെയും ഹൃദയഭാഗം അലങ്കരിക്കുന്നവരാകണം. ഇക്കാര്യം നാം വിസ്മരിക്കാതിരിക്കട്ടെ! രോഗികളുടെ ആരോഗ്യമായ പരിശുദ്ധ മറിയത്തിന് നമുക്ക് നമ്മെതന്നെ ഭരമേൽപ്പിക്കാം; അങ്ങനെ അവൾ നമുക്കുവേണ്ടി പ്രാർഥിക്കട്ടെ; സാമിപ്യത്തിന്റെയും സഹോദര്യതുല്യമായ ബന്ധങ്ങളുടെയും ശില്പികളായിത്തീരാൻ അവൾ നമ്മെ സഹായിക്കട്ടെ!

റോമിലെ ജോൺ ലാറ്ററൻ മഹാദേവാലയത്തിൽവച്ച് 2024 ജനുവരി 10-ാം തീയതി നൽകപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പാ**

കേരള കത്തോലിക്കാ സഭയുടെ
ആസ്ഥാന കാര്യാലയം, പി.ഒ.സി., കൊച്ചി - 682 023

No.: 3998/K-5/KCBC/OL/DS - 20.012023

## മദ്യവിരുദ്ധ ഞായർ

2024 ഫെബ്രുവരി 25, മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയരേ,

കേരള കത്തോലിക്കാ സഭ ഫെബ്രുവരി 25 - മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണ്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വിപണനം, സംഭരണം, വില്പന എന്നിവ നാൾക്കുനാൾ വർദ്ധിച്ചു വരുന്ന ഇക്കാലയളവിൽ നാം ആചരിക്കുന്ന മദ്യവിരുദ്ധ ഞായറിന് വളരെ പ്രസക്തിയുണ്ട്. മയക്കുമരുന്നിന്റെ ഉപയോഗം അതീവഗൗരവത്തോടെ നാം വിലയിരുത്തണം. കേരളം മദ്യ-മയക്കു മരുന്നുപയോഗിക്കുന്നവരുടെയും വില്പനക്കാരുടെയും സുരക്ഷിത താവളമായി കേരളം മാറിയെന്നത് ദൗർഭാഗ്യകരമാണ്. നമ്മുടെ നാടും കുടുംബങ്ങളും മയക്കുമരുന്നു കൈകാര്യം ചെയ്യുന്ന ക്രിമിനലുകൾ പിടിച്ചടക്കിയിരിക്കുകയാണ്. ഇവരെ നിലയ്ക്കു നിർത്താനും അമർച്ച ചെയ്യാനും നമ്മുടെ ഭരണാധികാരികൾ തീർത്തും പരാജയപ്പെട്ടിരിക്കുന്നു. ഇത്തരുണത്തിൽ സമൂഹവും സഭയും ഉണരേണ്ടതും അനിവാര്യമാണ്.

മദ്യവിരുദ്ധ സഭയും സമൂഹവും'എന്ന ആപ്തവാക്യം സ്വീകരിച്ചുകൊണ്ട് കെ.സി.ബി.സിയുടെ നേതൃത്വത്തിൽ മദ്യവിരുദ്ധ പ്രസ്ഥാനം ആരംഭിച്ചിട്ട് 25 വർഷം പിന്നിടുകയാണ്. ജനദ്രോഹപരമായി ഭരണ നേതൃത്വം കാലാകാലങ്ങളിലായി പ്രഖ്യാപിച്ച് നടപ്പിലാക്കുന്ന മദ്യനയം കേരളത്തെ മദ്യത്തിൽ മുക്കിക്കൊന്നുകൊണ്ടിരിക്കുന്നു. പലപ്പോഴും ഏതു കുറ്റകൃത്യത്തിന്റെയും വാഹനാപകടത്തിന്റെയും മുൻപിൽ വില്ലനാകുന്നത് മദ്യ-ലഹരി ഉപയോഗമാണ്. ആന്റിനർകോട്ടിക്സ് ടാസ്ക്ഫോഴ്സിന്റെ സംസ്ഥാന വ്യാപകമായ

www.malankaralibrary.com

ലഹരിവേട്ടയിൽ രാജ്യാന്തര വിപണിയിൽ ലക്ഷങ്ങൾ വിലമതിക്കുന്ന ലഹരി മരുന്നുകളാണ് പിടിച്ചെടുക്കുന്നത്. ലഹരിവേട്ടയിലെ ആത്മാർത്ഥതപോലും സംശായസ്പദമായിരിക്കുന്ന സാഹചര്യത്തിലാണ് നാം ജീവിക്കുന്നത്.

മദ്യ-രാസലഹരിയുടെ നീരാളി കൈകളിൽ നിന്ന് നമ്മുടെ സ്കൂൾ-കോളേജ് തലത്തിൽ പഠിക്കുന്ന കുട്ടികളെയും യുവതി യുവാക്കളെയും രക്ഷിക്കേണ്ടത് പൊതുസമൂഹത്തിന്റെ ആവശ്യമാണ്; സർക്കാരിന്റെ കടമയാണ്. തിന്മക്കെതിരെ പോരാടുവാനുള്ള ധൈര്യവും ആർജ്ജവവും സഭയ്ക്കുണ്ടാകണം. മദ്യപാനികളെയും മദ്യവ്യാപാരികളെയും സഭയുടെ എല്ലാ ഉത്തരവാദിത്വപ്പെട്ട സ്ഥാനങ്ങളിൽ നിന്നും മാറ്റി നിർത്താൻ ആർജ്ജവത്വം കാണിക്കുമെങ്കിൽ അതു സഭയുടെ പ്രതിഛായയെ സമൂഹത്തിൽ തിളക്കമുള്ളതാക്കിത്തീർക്കും. നാനാതരത്തിലുള്ള തിന്മകളുടെ അടിസ്ഥാന കാരണമായ മദ്യ-ലഹരി ഉപയോഗത്തെ ശക്തമായി പ്രതിരോധിക്കാൻ സഭ കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കണം. ചെറിയ ആലസ്യങ്ങൾപോലും വലിയ ആഘാതങ്ങളെ ക്ഷണിച്ചു വരുത്തും.

ആത്മാർത്ഥതയും അർപ്പണ മനോഭാവമുള്ള മദ്യവരുദ്ധ പ്രവർത്തകരെയാണ് ഇന്ന് സഭയ്ക്കാവശ്യം. കേരളത്തിലെ 32 രൂപതകളെ 6 മേഖലകളായി തിരിച്ച് ഓരോ മേഖല ഡയറക്ടറച്ചന്മാരുടെ സഹായത്തോടെ ഫൊറോനാ, ഇടവകതലങ്ങളിലായി മദ്യവിരുദ്ധ സമിതികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുവരുന്നു. മദ്യത്തിനെതിരായ ബോധവൽക്കരണം എല്ലാ രീതിയിലും ഫലപ്രദമായി നടത്താൻ പറ്റുന്ന സംവിധാനമാണ് ഇന്ന് സഭയ്ക്കുള്ളത്. സംവിധാനം ഫലപ്രദമാക്കാൻ അതിന്റെ പ്രവർത്തകർ തയ്യാറാകണം. ബോധവൽക്കരണത്തിന്റെ ഭാഗമായി മദ്യ-രാസലഹരിക്കെതിരെയുള്ള പ്ലക്കാർഡുകൾ വഹിച്ചുള്ള റാലികളും വാഹന ജാഥകളും ഭവനസന്ദർശനവും കലാപരിപാടികളും മത്സരങ്ങളും സംഘടിപ്പിക്കണം. മതബോധനത്തിനൊപ്പം മദ്യ-രാസലഹരി ഉപയോഗം സംബന്ധിച്ചുള്ള ക്ലാസ്സുകൾ നൽകണം. ശക്തമായ ഒരു ജനമുന്നേറ്റത്തിലൂടെ മാത്രമെ ഈ വിപത്തിനെ ചെറുത്തു തോല്പിക്കാനാവൂ. ആരോഗ്യത്തിനു ഹാനികരമെന്ന് ലേബൽ എഴുതി ഒട്ടിച്ചശേഷം മദ്യം സർക്കാരിന്റെ ഒത്താശയോടെ വില്ക്കുന്നു. വിഷം വിറ്റു കാശാക്കുന്നു. മദ്യത്തിന്റെ മുഖ്യ ചേരുവ സ്പിരിറ്റാണ്. കരിമ്പിൻ ചണ്ടിയിൽ നിന്ന് രാസപദാർത്ഥങ്ങൾ ചേർത്ത് നിർമ്മിക്കുന്ന എതനോലിൽ (ഋവേമീഹ) മദ്യത്തിന്റെ അളവ് 96 ശതമാനം വരും. ഇതിൽ നിറവും കൃത്രിമ രുചികളും നിശ്ചിത അളവിൽ വെള്ളവും ചേർത്ത് കുപ്പികളിലാക്കുമ്പോൾ അത് ആരോഗ്യത്തിനു ഹാനികരമായ മുന്തിയ ഇനം വിഷമാകുന്നു. ഇത് ശരീരത്തിന്റെ വിവിധ അവയവങ്ങളെ പ്രധാനമായും തലച്ചോറിനെ ദോഷകരമായി ബാധിക്കും. ഉപഭോക്താവിന്റെ ചിന്താശക്തിയെ അത് നശിപ്പിക്കുന്നു. മദ്യ-രാസലഹരിയുടെ ഉപയോഗംമൂലം ശരീരത്തിന്റെ പ്രതിരോധശക്തി കുറയുന്നു. അതുമൂലം പകർച്ച വ്യാധികൾ പിടിപെടുന്നു. സ്വയം നശിക്കുക മാത്രമല്ല കുടുംബാംഗങ്ങളുടെ സ്വസ്ഥതയും സമാധാനവും സമ്പത്തും അത് നഷ്ടപ്പെടുത്തുന്നു. ലഹരിവസ്തുക്കളുടെ ഉപയോഗം ആത്മഹത്യയ്ക്കു വഴിയൊരുക്കുന്നു. സമൂഹത്തിലെ കുറ്റകൃത്യങ്ങളിൽ ഏറ്റവും വലിയ വില്ലൻ മദ്യ- രാസലഹരിയുടെ ഉപയോഗം തന്നെ.

മദ്യവർജനമാണ് തങ്ങളുടെ നയമെന്ന് പ്രഖ്യാപിച്ച് നയരേഖയുണ്ടാക്കി തെരഞ്ഞെടുപ്പിൽ മത്സരിച്ച ജനപ്രതിനിധികൾ മദ്യവർജനത്തിനുവേണ്ടി ഒരു ചെറുവിരൽപോലും അനക്കുന്നില്ല എന്നതാണ് പരമാർത്ഥം. ഏഴു വർഷം മുമ്പ് 29 ബാറുണ്ടായിരുന്ന ഈ സംസ്ഥാനത്ത് 751 ബാറുകളാണിന്നുള്ളത്. യഥേഷ്ടം ബിവിറേജ് ഔട്ട്ലറ്റുകളും കം മേഖലകളിൽ പബ്ബുകൾ ആരംഭിച്ചതും പഴച്ചാറിൽ നിന്ന് മദ്യം ഉൽപാദിപ്പിച്ചതും അവസാനമായി നിത്യോപയോഗ സാധനങ്ങൾ ലഭിച്ചിരുന്ന സിവിൽസപ്ലൈ കടകൾവരെ വിപണന കാര്യങ്ങൾ എത്തിച്ചതും ഉത്തരവാദിത്തപ്പെട്ടവർ തന്നെ. 2023 മെയ്മാസം കൊച്ചി പുറംകടലിൽ നിന്ന് 15,000 കോടിയുടെ രാസലഹരി എൻ.സി.ബി.യും നാവികസേനയും സംയുക്തമായി പിടിച്ചെടുത്തു. ഇതുപോലെ ദിനംപ്രതി കടൽ, കര, വ്യോമ മാർഗ്ഗങ്ങളിലൂടെ കോടിക്കണക്കിന് രാസലഹരി നിർബാധം ഒഴുകുന്നു. ഇതിനെ നിയന്ത്രിച്ചില്ലെങ്കിൽ നമ്മുടെ നാട് ഭ്രാന്താലയമാകും.

മദ്യ-ലഹരി വിരുദ്ധ സമിതിയുടെ രജതജൂബിലി വർഷത്തിൽ വിവിധ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സമിതി തീരുമാനിച്ചിട്ടുണ്ട്. കെ.സി.ബി.സി.യുടെ വിവിധ കമ്മീഷനുകൾവഴി നടപ്പിലാക്കാൻ ആഗ്രഹിക്കുന്ന മദ്യവിരുദ്ധ പ്രവർത്തനങ്ങൾ അതാതു കമ്മീഷനുകൾ ബന്ധപ്പെട്ടവരെ അറിയിക്കുന്നതാണ്. നമ്മുടെ കുടുംബങ്ങൾ, ഇടവക, സ്കൂൾ, കോളേജുകൾ കേന്ദ്രീകരിച്ച് ബോധവൽക്കരണം നടത്തുക, ലഹരി വിരുദ്ധ ക്ലബുകൾ രൂപീകരിക്കുക, മദ്യ-ലഹരിവിരുദ്ധ സന്ദേശയാത്ര, മദ്യവിരുദ്ധ പ്രാർത്ഥനാ സമ്മേളനങ്ങൾ ഇവയൊക്കെ അതിനു ഏതാനും നിദാനങ്ങൾ മാത്രം. കേരളത്തിൽ മദ്യ-ലഹരി വിമുക്ത സമൂഹം രൂപപ്പെടുത്തുവാൻ ശക്തമായി പ്രവർത്തിക്കാൻ കഴിയുന്നത് കേരള കത്തോലിക്കാ സഭയ്ക്കാണ്. വിദ്യാഭ്യാസം, ആതുര ശുശ്രൂഷ, സാമൂഹ്യസേവനം തുടങ്ങിയ മേഖലകളിൽ നാം ഫലപ്രദമായും ക്രീയാത്മകമായും പ്രവർത്തിക്കുന്നതുപോലെ നമ്മുടെ സമൂഹത്തിൽ നാശംവിതയ്ക്കുന്ന മദ്യവും രാസലഹരിയും നിർത്തലാക്കാൻ നമുക്ക് പരിശ്രമിക്കാം. ഈ ലക്ഷ്യം നേടിയെടുക്കാൻ നമുക്ക് കൂട്ടായി പ്രവർത്തിക്കാം, പ്രാർത്ഥിക്കാം. ഫെബ്രുവരി 25-ാം തീയതി ഞായറാഴ്ചയിലെ സ്തോത്രകാഴ്ച മദ്യ-ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി രൂപതാ കേന്ദ്രത്തിൽ നല്കണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം

**ബിഷപ്പ് യൂഹാനോൻ മാർ തെയഡോഷ്യസ്**
(ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി).

**ബിഷപ്പ് ആർ. ക്രിസ്തുദാസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി).

**ബിഷപ്പ് സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി).

കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം,
പി.ഒ.സി., കൊച്ചി - 682 023.

NB: ഈ സർക്കുലർ 2024 ഫെബ്രുവരി 25-ാം തീയതി ഞായറാഴ്ച കേരളത്തിലെ സീറോമലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കണം.

www.malankaralibrary.com

No.: 3997/K-5/KCBC/OL/DS - 20.012023

# 2024 ഫെബ്രുവരി 11 തിരുബാലസഖ്യ ദിനം

കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ പ്രിയ മാതാപിതാക്കളെ, സഹോദരീസഹോദരന്മാരെ, വത്സലമക്കളെ,

ഈ വർഷം സാർവ്വത്രികസഭ തിരുബാലസഖ്യ ദിനം ആചരിക്കുന്നത് ഫെബ്രുവരി 11-ാം തീയതി ഞായറാഴ്ചയാണ്. സഭയ്ക്കും സമൂഹത്തിനും ഉപകാരികളാക്കി കുട്ടികളുടെ സമഗ്ര വളർച്ചയെ ലക്ഷ്യം വെച്ച് ആഗോള കത്തോലിക്കാസഭ മുഴുവൻ പ്രവർത്തിക്കുന്ന സംഘടനയാണ് തിരുബാലസഖ്യം. തിരുബാലസഖ്യത്തിലെ അംഗങ്ങളായ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ഈ വർഷത്തെ തിരുബാലസഖ്യ ദിനത്തിന്റെ എല്ലാവിധ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

മക്കൾ ദൈവത്തിന്റെ സ്വന്തമാണ്. മക്കളെ വിശ്വാസത്തിലും വിശുദ്ധിയിലും വളർത്തുകയെന്നത് കുട്ടികൾ ദൈവം തന്ന ദാനമാണെന്ന തിരിച്ചറിവിൽ നിന്നും വരുന്ന ഉത്തരവാദിത്വമാണ്. ഫ്രാൻസിസ് പാപ്പ 'സ്നേഹത്തിന്റെ ആനന്ദം' എന്ന സിനഡാനന്തര അപ്പസ്തോലിക ആഹ്വാനത്തിൽ പറയുന്നതുപോലെ, ജ്ഞാനസ്നാനത്തിൽ സ്വീകരിക്കുന്ന ദൈവദാനമായ വിശ്വാസം വളർത്തുന്നതിനും വികസിക്കുന്നതിനും ദൈവം ഉപയോഗിക്കുന്ന മാർഗമാണ് മാതാപിതാക്കൾ (287). തങ്ങളുടെ കുഞ്ഞുങ്ങളുടെ ധാർമിക വികാസത്തെ മാതാപിതാക്കൾ എപ്പോഴും സ്വാധീനിക്കുന്നു. ബാലനായ യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നത് നസ്രത്തിലെ തിരുക്കുടുംബത്തിലായിരുന്നു (ലൂക്ക 2: 51-52). ഉണ്ണിയേശുവിനെ കരുതലോടെ വളർത്തിയ തിരുകുടുംബത്തിലെ മാതാപിതാക്കളായ പരിശുദ്ധ മറിയവും വിശുദ്ധ യൗസേപ്പിതാവും ആയിരിക്കണം തങ്ങളുടെ മക്കളെ ദൈവം ആഗ്രഹിക്കുന്ന രീതിയിൽ വളർത്തിക്കൊണ്ടു വരുവാനുള്ള മാതാപിതാക്കളുടെ ദൗത്യനിർവ്വഹണത്തിൽ അവരുടെ മാതൃക.

കുഞ്ഞുങ്ങൾ എതെല്ലാം കാര്യങ്ങളിൽ ഏർപ്പെടണമെന്ന് മാതാപിതാക്കൾ ചിന്തിക്കണം. ആരാണ് അവർക്ക് വിനോദം നൽകുന്നത്, ടെലിവിഷനിലൂടെയും ഇലക്ട്രോണിക് ഉപകരണങ്ങളിലൂടെയും ആരാണ് അവരുടെ മുറികളിൽ എത്തുന്നത്, തങ്ങളുടെ ഒഴിവുസമയം ആരുമൊത്താണ് അവർ ചെലവിടുന്നത് എന്നിവടങ്ങളിലെല്ലാം മാതാപിതാക്കൾ സഹായമേകണം. (സ്നേഹത്തിന്റെ സന്തോഷം 260)

ദൈവമക്കൾക്കടുത്ത വിദ്യാഭ്യാസം മാതാപിതാക്കൻമാർ മക്കൾക്ക് നൽകണം. മതബോധന ക്ലാസിൽ മക്കൾ ചോദിക്കുന്നതിന് എത്രയോ മുൻപേ അപ്പനും അമ്മയും വാക്കും പ്രവർത്തിയും വഴി വിശ്വാസം അവരോട് പ്രഖ്യാപിക്കുന്നുണ്ട്. കുട്ടിയുടെ വിശ്വാസത്തിന്റെ നിർണായക വ്യക്തികൾ ആണ് മാതാപിതാക്കന്മാർ. മാതാപിതാക്കന്മാർ കുട്ടിയുടെ നെറ്റിയിൽ കുരിശു വരച്ച് ഉറക്കാൻ കിടത്തുമ്പോഴും കുട്ടിയുടെ പിഞ്ചു കൈകൾ കൂട്ടിപ്പിടിച്ച് ആദ്യപ്രാർത്ഥനകൾ പറഞ്ഞു കൊടുക്കുമ്പോഴും കുഞ്ഞിന്റെ ആത്മാവിന്റെ യഥാർത്ഥ ഇടയന്മാരായി പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. അമ്മ നൽകുന്ന സുരക്ഷിതത്വവും പിതാവുമായുള്ള നല്ല ബന്ധവും കുട്ടിക്ക് ദൈവത്തെക്കുറിച്ചുള്ള ഭാവാത്മകചിത്രം ഉണ്ടാകുന്നതിന് അനുപേക്ഷണീയമാണ്. കുട്ടിയിൽ മനസ്സാക്ഷി ബീജാവസ്ഥയിലാണ്. സജീവ മാതൃകയായി അത് സാവധാനം രൂപപ്പെടും. 'സ്നേഹത്തിന്റെ ആനന്ദ'ത്തിൽ ഫ്രാൻസിസ് പാപ്പ സൂചിപ്പിക്കുന്നത് പോലെ 'യേശുവിനോ കന്യകാ മാതാവിനോ ഒരു ഉമ്മ കൊടുക്കുവാൻ അമ്മമാർ തങ്ങളുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കുന്നത് മനോഹരമാണ്. അതിൽ എത്രമാത്രം സ്നേഹമാണുള്ളത്. ആ നിമിഷം കുഞ്ഞിന്റെ ഹൃദയം ഒരു പ്രാർത്ഥനാലയം ആകുന്നു' (287). ഇന്നത്തെ മാതാപിതാക്കന്മാർ കുട്ടികളെക്കുറിച്ചുള്ള ദൈവ പദ്ധതിയിൽ പങ്കുചേരുമ്പോൾ ഓരോ കുടുംബത്തിലും ദിവ്യത്വം തുളുമ്പുന്ന ബാല്യങ്ങൾ രൂപപ്പെടുമെന്നത് തീർച്ചയാണ്.

ഇന്നത്തെ സാമൂഹ്യ സാംസ്കാരിക സാഹചര്യങ്ങൾ നന്മയിലും വിശുദ്ധിയിലും വളരേണ്ട ബാല്യത്തിന് ഭീഷണി ഉയർത്തുന്നതാണ്. ഫേസ്ബുക്ക്, വാട്സ്ആപ്പ്, ഇൻസ്റ്റഗ്രാം തുടങ്ങി ഇന്നിന്റെ സാമൂഹിക സമ്പർക്ക മാധ്യമങ്ങളിൽ സെൽഫികളും പ്രകടനങ്ങളും ഒക്കെയുണ്ട്. സ്വയം വെളിപ്പെടുത്തുക, സ്വന്തം വിചാരങ്ങൾ പോലും കാറ്റത്ത് വിതറുന്ന പഞ്ഞി പോലെ 'നെറ്റിൽ' ഇടുക എന്നതുമൊക്കെ ഇന്നിന്റെ രീതികളാണ്. കിട്ടുന്ന 'ലൈക്ക്'കളുടെ എണ്ണം നോക്കി സ്വന്തം മൂല്യമളക്കുകയെന്ന പ്രവർത്തനരീതികൾ വികലമായ ഭാവിയാണ് നിർമ്മിക്കുന്നത്. കുഞ്ഞുമക്കൾ സ്വയം പ്രദർശിപ്പിച്ച് ജന ശ്രദ്ധയാകർഷിക്കുമ്പോൾ അക്കൂട്ടത്തിൽ കുട്ടികളെയും കുടുംബത്തെതന്നെയും കൊത്തി വിഴുങ്ങുവാൻ കഴിവുള്ള കഴുകന്മാർ നമുക്ക് ചുറ്റും ഉണ്ടെന്ന് തിരിച്ചറിയുന്നത് നല്ലതാണ്.

കുട്ടികളുടെ സുരക്ഷിതത്വ കാര്യത്തിൽ ഇന്ന് മുതിർന്നവർ കൂടുതൽ ജാഗ്രത പുലർത്തണം. കുട്ടികളുടെ ഇടയിൽ പോലും മദ്യവും മയക്കമരുന്നും ഉപയോഗിക്കുന്നവരുടെയും അത് വിൽക്കുന്നവരുടെയും എണ്ണം ഭയാനകമായി കൂടുന്നുണ്ട്. ലൈംഗീക വൈകൃതങ്ങളിലേക്കും പരിശുദ്ധമല്ലാത്ത ബന്ധങ്ങളിലേക്കും കുട്ടികൾ കടന്നുചെല്ലാതിരിക്കാനും മാതാപിതാക്കൾ നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്. അതോടൊപ്പം അസഹിഷ്ണുതയും, സാമുദായിക സ്പർദ്ധയും, വർഗീയവാദവും, തീവ്രവാദവും ഒക്കെ നമ്മുടെ നാട്ടിലും കൂടുതൽ ശക്തി പ്രാപിക്കുകയാണ്. പ്രണയം നടിച്ച് പ്രലോഭിപ്പിക്കുകയും മതം മാറ്റുകയും തീവ്രവാദസംഘങ്ങളിലേക്കും മറ്റ് അപകടമേഖലയിലേക്കും കുട്ടികളെയും യുവതി യുവാക്കളെയും കടത്തിക്കൊണ്ടു പോകുകയും ചെയ്യുന്ന സാഹചര്യങ്ങൾ കൂടുന്നു. കത്തോലിക്കാ വിശ്വാസവും കുടുംബഭദ്രതയും മുറുകെ പിടിക്കുവാനും ക്രിസ്തു ചൈതന്യത്തിൽ വളരുവാനും നാം കുട്ടികളെ പഠിപ്പിക്കേണ്ടതുണ്ട്.

ഓരോ കുട്ടിക്കും അനുയോജ്യമായ ജീവിതാന്തസ്സ് തെരഞ്ഞെടുക്കുവാൻ മാതാപിതാക്കന്മാരും അവരോട് ചേർന്ന് അധ്യാപകരും അവരെ പരിശീലിപ്പിക്കേണ്ടതുണ്ട്. സമാധാനപൂർണവും സർഗാത്മകവുമായ ഭാവിക്ക് ശരിയായ തെരഞ്ഞെടുപ്പുകൾ ആവശ്യമാണ്. ഇതിനു സഹായിക്കുവാൻ വൈദികരും, സന്യസ്തരും മറ്റ് ആധ്യാത്മിക ഗുരുക്കന്മാരും മുന്നോട്ടു വരണം. നമ്മുടെ കുട്ടികൾ സഭാ വിരോധികളും നിരീശ്വരവാദികളുമായി തീരാൻ ഇടയാക്കുന്ന സാഹചര്യങ്ങളും സ്വാധീനങ്ങളും നിസ്സാരമായി തള്ളിക്കളയാനാവില്ല. തിരുസഭയെയും കൂദാശകളെയും സഭാധികാരികളെയും സന്യാസ പൗരോഹിത്യങ്ങളെയും അവഹേളന പാത്രങ്ങളായി ചിത്രീകരിച്ച് സഭയുടെ ശക്തി കുറയ്ക്കാനുള്ള ആസൂത്രിത ശ്രമങ്ങളും നാം തിരിച്ചറിയണം. ഈ പശ്ചാത്തലത്തിൽ നമ്മുടെ കുട്ടികൾക്ക് ശരിയായ മൂല്യബോധവും

www.malankaralibrary.com

വിശ്വാസ പരിശീലനവും നൽകാൻ സഹായിക്കുന്ന തിരുബാലസഖ്യത്തിന്റെ പ്രസക്തി വളരെയേറെയാണ്. കുട്ടികളെ ദൈവത്തിലേക്ക് അടുക്കാനും സഭയോടൊത്ത് ചിന്തിക്കാനും പ്രവർത്തിക്കാനും സഹായിക്കുന്നതിൽ തിരുബാലസഖ്യം വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

'കുട്ടികൾ കുട്ടികളെ സഹായിക്കട്ടെ, കുട്ടികൾ കുട്ടികൾക്ക് വേണ്ടി പ്രാർത്ഥിക്കട്ടെ' എന്ന ആപ്തവാക്യവുമായി ഉണ്ണിയേശുവിന്റെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകാമറിയം മധ്യസ്ഥയും വിശുദ്ധ യൗസേപ്പിതാവും കാവൽ മാലാഖമാരും ഉപമധ്യസ്ഥരുമാണ് . ഇവരുടെ ആധ്യാത്മിക സംരക്ഷണയിൽ കുട്ടികളെ ദൈവമക്കളായി വളർത്തുവാൻ തിരുബാലസഖ്യത്തിനു സാധിക്കുന്നു. ബാലനായ യേശുവിന്റെ ജീവിതശൈലി ഓരോ കുട്ടിയും സ്വന്തമാക്കണമെന്ന് ഈ ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു. അനുദിനം അകന്നുപോകുന്ന ശൈശവങ്ങളെ വിശ്വാസത്തിന്റെ വെളിച്ചത്തിലേക്കും സന്മാർഗികതയുടെ നന്മയിലേക്കും കൈപിടിച്ച് നടത്തേണ്ടതുണ്ട്. വർഗീയതയും നിരീശ്വരത്വവും വളരുന്ന ഈ കാലഘട്ടത്തിൽ വിശ്വാസസത്യങ്ങൾ മുറുകെപ്പിടിക്കാനും സഹവർത്തിത്വത്തിന്റെ പാതയിലൂടെ വളരാനും വളർത്താനും നമ്മൾ ശ്രദ്ധിക്കേണ്ട ുണ്ട്.

പ്രിയപ്പെട്ട കുട്ടികളെ, ലിസ്യുവിലെ വിശുദ്ധ കൊച്ചുത്രേസ്യ, മിഷൻ പ്രവർത്തനത്തിനായി തന്റെ ആശ്രമത്തിന് പുറത്തേക്ക് പോയിട്ടില്ല. സ്നേഹംകൊണ്ട് അവൾ മിഷനറിയായി. ആ വലിയ 'കുഞ്ഞു മിഷനറി'യുടെ ഓർമ്മയിൽ സ്നേഹമാണ് ആദ്യ പ്രേഷിതമാർഗ്ഗമെന്ന തിരിച്ചറിവിൽ നമുക്ക് വളരാം. 'സ്നേഹത്തിന്റെ ആനന്ദം' എന്ന പ്രബോധനത്തിൽ ഫ്രാൻസിസ് പാപ്പ ഊന്നി പറയുന്നതുപോലെ നല്ല ശീലങ്ങൾ വളർത്തിയെടുക്കാനും മനസ്സാക്ഷിയുടെ ശരിയായ രൂപീകരണത്തിനും നല്ല ഒരു വളർച്ചയുടെ സംസ്കാരം നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലും ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. ഇതിനായി ഓരോ കുടുംബവും ഓരോ ഇടവകയും ശ്രദ്ധിക്കണം. അതിനാൽ പ്രിയ സഹോദരങ്ങളെ നമ്മുടെ കുഞ്ഞുങ്ങളുടെ സമഗ്ര നന്മയ്ക്കായി ശക്തമായ ഒരു നിലപാട് സ്വീകരിക്കാൻ ഈ തിരുബാലസഖ്യദിനത്തിൽ നമുക്ക് പ്രതിജ്ഞ ചെയ്യാം . പീഠത്തിന് മുകളിലെ പ്രകാശ ഗോപുരങ്ങളായി നമ്മുടെ കുട്ടികൾ വളരട്ടെ...

ഏറെ വാത്സല്യത്തോടും സ്നേഹത്തോടും കൂടെ

**ബിഷപ്പ് മാർ തോമസ് തറയിൽ**

ചെയർമാൻ കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് മാത്യൂസ് മാർ പോളികർപ്പോസ്**

വൈസ് ചെയർമാൻ കെ. സി. ബി. സി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് പീറ്റർ അബിർ ആന്റണി സ്വാമി**

വൈസ് ചെയർമാൻ കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ

കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം, പി.ഒ.സി., കൊച്ചി - 682 025

NB: 2024 ഫെബ്രുവരി 11-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിച്ച് വിശദീകരിച്ചുകൊടുക്കേണ്ടതാണ്.

No. 3999/K-5/KCBC/OL/DS - 30.12.2023

57-ാമത് ലോകസമാധാനദിനത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ നൽകുന്ന സന്ദേശം (ജനുവരി 1, 2024)

# നിർമ്മിത ബുദ്ധിയും സമാധാനവും

കർത്താവ് നമുക്ക് ഓരോരുത്തർക്കും നൽകുന്ന കൃപയുടെ അവസരമായ പുതുവർഷത്തിന്റെ ആരംഭത്തിൽ, സമാധാനത്തിനായുള്ള എന്റെ ഊഷ്മളമായ ആശംസകൾ നിങ്ങൾക്ക് ഓരോരുത്തർക്കും നൽകാൻ ഞാൻ ആഗ്രഹിക്കുന്നു: ദൈവജനത്തിനും എല്ലാ രാഷ്ട്രങ്ങൾക്കും രാഷ്ട്രഭരണകർത്താക്കൾക്കും മത-സാമൂഹ്യ നേതാക്കൾക്കും നമ്മുടെ ഈ കാലഘട്ടത്തിലെ എല്ലാ സ്ത്രീപുരുഷന്മാർക്കും.

## 1. ശാസ്ത്ര-സാങ്കേതിക പുരോഗതി: സമാധാനത്തിനുള്ള മാർഗം

'സാമർഥ്യവും ബുദ്ധിശക്തിയും വിജ്ഞാനവും എല്ലാത്തരം ശില്പ വേലകളിലുമുള്ള വൈദഗ്ധ്യവും നൽകി'(പുറ 35:31) ദൈവം തന്റെ ആത്മാവിനെ മനുഷ്യരുടമേൽ വർഷിച്ചു എന്ന് വിശുദ്ധ ലിഖിതം സാക്ഷ്യപ്പെടുത്തുന്നു. തന്റെ ഛായയിലും സാദൃശ്യത്തിലും നമ്മെ സൃഷ്ടിക്കുകയും (ഉത്പ 1:26 കാണുക) തന്റെ സ്നേഹത്തോടു ബോധപൂർവവും സ്വതന്ത്രവും ആയ വിധം പ്രത്യുത്തരിക്കാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്ത സ്രഷ്ടാവ് നമ്മുടെമേൽ ചൊരിഞ്ഞ മാഹാത്മ്യത്തിന്റെ അടയാളമാണ് മനുഷ്യബുദ്ധി. മനുഷ്യബുദ്ധിയുടെ അടിസ്ഥാനപരമായുള്ള ബന്ധുത്വ സ്വഭാവത്തെ വളരെ പ്രത്യേകമാംവിധം പ്രകാശിതം ആക്കുന്ന ഒന്നാണ് ശാസ്ത്രവും സാങ്കേതിക വിദ്യയും; മനുഷ്യബുദ്ധിയുടെ സർഗാത്മക സാധ്യതയുടെ ഉജ്ജ്വല നേട്ടങ്ങളാണ് അവ.

'സഭ ആധുനിക ലോകത്തിൽ' എന്ന അജപാലന കോൺസ്റ്റിറ്റിയൂഷനിലൂടെ രണ്ടാം വത്തിക്കാൻ കൗൺസിൽ ഈ സത്യം ഊന്നിപ്പറഞ്ഞു: 'മനുഷ്യൻ സ്വപ്രയത്നങ്ങളും ജന്മസിദ്ധമായ കഴിവുകളുംവഴി ജീവിതത്തെ മെച്ചപ്പെടുത്താൻ നിരന്തരം പരിശ്രമിച്ചിട്ടുണ്ട്'.(1) 'സാങ്കേതികവിദ്യയുടെ സഹായത്തോടെ' 'ഭൂമി ഫലദായ കവും മനുഷ്യ കുടുംബത്തിനു മുഴുവനും വാസയോഗ്യവുമാക്കാൻ' (2) മനുഷ്യർ ശ്രമിക്കുമ്പോൾ അവർ ദൈവത്തിന്റെ പദ്ധതിയാണ് നടപ്പാക്കുന്നത്; അതോടൊപ്പം സൃഷ്ടിയെ പൂർണമാക്കാനും എല്ലാ ജനതകളു ടെയും ഇടയിൽ സമാധാനം സ്ഥാപിക്കാനും ഉള്ള അവിടത്തെ ഹിതത്തോട് അവർ സഹകരിക്കുകയുമാണ്. മനുഷ്യസമൂഹത്തിൽ കൂടുതൽ ക്രമവും വർധിതമായ സാഹോദര്യപൂർവ ഐക്യവും സ്വാതന്ത്ര്യവും നിലനിർത്താനായി ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും പുരോഗതി ഉപകരിക്കുന്നിടത്തോളം അത് മനുഷ്യരാശിയുടെ മേന്മയിലേക്കും ലോകത്തിന്റെ പരിവർത്തനത്തിലേക്കും നയിക്കുന്ന ഒന്നായിരിക്കും.

www.malankaralibrary.com

ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും ആകർഷണീയമായ നേട്ടങ്ങളുടെ മേൽ നാം സന്തോഷിക്കുകയും കൃതാർഥരായിരിക്കുകയും ചെയ്യുന്നു. മുമ്പൊക്കെ മനുഷ്യ ജീവിതത്തെ അലട്ടിക്കൊണ്ടിരുന്ന അസംഖ്യം രോഗങ്ങളെയും അവ വഴി ഉണ്ടായ വലിയ സഹനത്തെയും നിർമാർജനം ചെയ്യാൻ പ്രസ്തുത നേട്ടങ്ങൾ കാരണമായിട്ടുണ്ട്. അതേസമയം, ശാസ്ത്ര-സാങ്കേതിക വിദ്യയിലെ മുന്നേറ്റങ്ങൾ, മുമ്പൊന്നും സാധ്യമാകാതിരുന്നവിധത്തിൽ യാഥാർഥ്യത്തെ നിയന്ത്രിക്കാൻ പ്രാപ്തമായിരിക്കുന്ന എന്നതിനാൽ, അവ മനുഷ്യകരങ്ങളിൽ വളരെ വലിയ സാധ്യതകളുടെ ഒരു നിര ഒരുക്കി നിർത്തുന്നു; അവയിൽ ചിലതിനു നമ്മുടെതന്നെ അസ്തിത്വത്തെ അപായത്തിലാക്കാനും നമ്മുടെ പൊതു ഭവനത്തെ അപകടപ്പെടുത്താനും സാധിക്കും (3).

പുതിയ വിവരസാങ്കേതിക വിദ്യകളിലുണ്ടായിട്ടുള്ള ശ്രദ്ധേയമായ പുരോഗതികൾ, ഏറെ പ്രത്യേകിച്ച് ഡിജിറ്റൽ മേഖലയിൽ, ആവേശം ഉണർത്തുന്ന അവസരങ്ങൾ നൽകുമ്പോൾതന്നെ അവയോടൊപ്പം ഗുരുതരമായ അപകട സാധ്യതകളും കൊണ്ടുവരുന്നു; ജനതകളുടെ ഇടയിൽ ഉണ്ടായിരിക്കേണ്ട നീതിക്കും ഒത്തൊരുമയ്ക്കും അവ വലിയ വെല്ലുവിളികൾ ഉയർത്തുന്നു. അടിയന്തരമായ നിരവധി ചോദ്യങ്ങൾ ഇവിടെ ഉന്നയിക്കപ്പെടണം. ഈ പുതിയ ഡിജിറ്റൽ സാങ്കേതിക വിദ്യകൾവഴിയായി സമീപ-വിദൂര ഭാവിയിൽ ഉണ്ടാകാവുന്ന അനന്തരഫലങ്ങൾ ഏവ? അന്താരാഷ്ട്ര സ്ഥിരതയെയും സമാധാനത്തെയും സംബന്ധിച്ച് വ്യക്തിജീവിതങ്ങ ളിലും സമൂഹങ്ങളിലും അതുണ്ടാക്കുന്ന ആഘാതം എത്രമാത്രമായിരിക്കും?

## 2. നിർമ്മിത ബുദ്ധിയുടെ ഭാവി: വാഗ്ദാനത്തിനും അപകടത്തിനും ഇടയിൽ

ഇക്കഴിഞ്ഞ ദശകങ്ങളിലെ വിവരസാങ്കേതിക വിദ്യയിലെ പുരോഗതിയും ഡിജിറ്റൽ സാങ്കേതികവിദ്യയുടെ വികാസവും ആഗോള സമൂഹത്തിലും അതിന്റെ വ്യത്യസ്ത തലങ്ങളിലും ആഴത്തിലുള്ള രൂപപരിണാമങ്ങൾ ഇപ്പോൾതന്നെ ഉണ്ടാക്കികഴിഞ്ഞിരിക്കുന്നു. നവ ഡിജിറ്റൽ ഉപകരണങ്ങൾ ഇപ്പോൾതന്നെ സമ്പർക്ക മാധ്യമ ങ്ങളുടെയും പൊതുഭരണത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും ഉപഭോഗത്തിന്റെയും വ്യക്തികൾ തമ്മിലുള്ള പരസ്പര വ്യവഹാരത്തിന്റെയും, എന്നല്ല നമ്മുടെ ദൈനംദിന ജീവിതത്തിന്റെ അസംഖ്യം കാര്യങ്ങളെ, മാറ്റിമറിച്ചുകൊണ്ടിരിക്കുന്നു.

മാത്രമല്ല, ഇന്റർനെറ്റിൽ പതിഞ്ഞിട്ടുള്ള ഡിജിറ്റൽ കാൽപ്പാടുകളിൽ നിന്ന് വ്യത്യസ്തങ്ങളായ കണക്കുകൂട്ടലുകൾ (മഹഴീൃശവോ)െ ഉപയോഗിച്ചുകൊണ്ട് സാങ്കേതികവിദ്യകൾക്ക് വിവരങ്ങൾ കവർന്നെടുത്തു കൊണ്ട് വാണിജ്യപരവും രാഷ്ട്രീയപരവുമായ ലക്ഷ്യങ്ങളോടെ നമ്മുടെ മാനസികവും ബന്ധങ്ങൾ സംബന്ധിച്ചുള്ള തുമായ ശീലങ്ങളെ നിയന്ത്രിക്കാൻപോലും സാധിക്കും; അത് പലപ്പോഴും നമ്മുടെ അറിവുകൂടാതെയും ആയിരിക്കും; അതുവഴി തെരഞ്ഞെടുക്കാനുള്ള നമ്മുടെ ബോധപൂർവമുള്ള സ്വാതന്ത്ര്യം പരിമിതപ്പെടുത്താനും സാധിക്കും. വിവരത്തിന്റെ പ്രളയത്താൽ നിറഞ്ഞിരിക്കുന്ന വെബ്ബിന്റെ (ംലയ) അന്തരീക്ഷത്തിൽ ഡേറ്റായുടെ ഒഴുക്കിന്റെ ഘടന ചില തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അവർക്ക് നിർണയിക്കാനാകും; അക്കാര്യം ഉപയോക്താവുതന്നെ എപ്പോഴും മനസ്സിലാക്കിയെന്നുവരില്ല.

ശാസ്ത്രീയ ഗവേഷണവും സാങ്കേതികവിദ്യയിലുള്ള കണ്ടുപിടിത്തങ്ങളും അശരീരികളോ 'നപുംസകങ്ങളോ'(4) അല്ലെന്നുള്ള കാര്യം നാം ഓർക്കേണ്ടതുണ്ട്; അവ സാംസ്കാരിക സ്വാധീനങ്ങൾക്ക് വിധേയമാണ്. പൂർണമായും മാനുഷിക പ്രവർത്തനങ്ങൾ എന്ന നിലയിൽ അവ അവലംബിക്കുന്ന ദിശകൾ അതത് കാലഘട്ടത്തിൽ നിലവിലുള്ള വ്യക്തിപരവും സാംസ്കാരികവും ആയ തിരഞ്ഞെടുപ്പുകളാൽ സ്വാധീനിക്ക പ്പെട്ടിട്ടുണ്ട് എന്ന കാര്യം വ്യക്തമാക്കുന്നു.

അവയിൽനിന്ന് പുറത്തുവരുന്ന അനന്തരഫലങ്ങൾക്കും അതേ സ്വഭാവം ഉണ്ടെന്ന് പറയേണ്ടിയിരിക്കുന്നു: നമുക്ക് ചുറ്റുമുള്ള ലോകത്തെ നാം കൃത്യമായി മാനുഷികമാംവിധം സമീപിക്കുന്നതിന്റെ ഫലം എന്ന നിലയിൽ നിശ്ചയമായും ഇക്കാര്യത്തിന് ഒരു ധാർമികമായ വശമുണ്ട്; ഈ ധാർമിക വശം പ്രസ്തുത പരീക്ഷണങ്ങൾ ക്കായി പദ്ധതിയിടുകയും ചില പ്രത്യേക ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് അവയെ നിയന്ത്രിക്കുകയും ചെയ്യുന്ന വ്യക്തികളുമായി വളരെ അടുത്ത് ബന്ധപ്പെട്ടിരിക്കുന്ന ഒന്നായിരിക്കും.

നിർമ്മിത ബുദ്ധിയുടെ രൂപങ്ങളുടെയും കാര്യം ഇതുതന്നെ. ശാസ്ത്ര-സാങ്കേതിക ലോകം ഇന്നുവരെ നിർമ്മിത ബുദ്ധിയുടെ ഒരു ശരിയായ നിർവചനം നൽകിയിട്ടില്ല. ദൈനംദിന വ്യവഹാര ലോകത്തിലേക്ക് പ്രവേശിച്ചിട്ടുള്ള ഈ പദപ്രയോഗം വ്യത്യസ്ത ശാസ്ത്രങ്ങളെയും തിയറികളെയും സാങ്കേതിക വിദ്യകളെയും ആശ്ലേഷിക്കുന്നു; മനുഷ്യരുടെ ധാരണാശക്തി സംബന്ധമായ കഴിവുകളുടെ പ്രവർത്തനം പുനരാവിഷ്ക രിക്കുകയോ അല്ലെങ്കിൽ അനുകരിക്കുകയോ ചെയ്യാൻ സാധിക്കുന്ന യന്ത്രങ്ങളെ ഉണ്ടാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. 'ബുദ്ധിയുടെ രൂപങ്ങൾ' എന്ന് ബഹുവചനത്തിൽ ഉപയോഗിക്കുക വഴിയായി അവ എത്രമാത്രം ആശ്ചര്യകരവും ശക്തവും ആയ തരത്തിലുള്ള സംവിധാനങ്ങൾ (ട്യെേലാ)െ ആയിരിക്കേ, അവയും മനുഷ്യവ്യക്തിയും തമ്മിലുള്ള പരസ്പരം ബന്ധിപ്പിക്കാൻ കഴിയാത്ത അകലത്തിന് ഊന്നൽ നൽകാനാകും; ആത്യന്തികമായി അവ കേവലം 'പൂർത്തിയാകാത്ത ഭാഗങ്ങളാണ്'; കാരണം, അവയ്ക്ക് മാനുഷിക ബുദ്ധിയുടെ ചില പ്രവർത്തനങ്ങൾ അനുകരിക്കാനോ അല്ലെങ്കിൽ പുനരാവിഷ്കരിക്കാനോ മാത്രമേ സാധിക്കൂ.

ബഹുവചനം ഉപയോഗിക്കാൻ മറ്റൊരു കാരണം ഈ ഉപകരണങ്ങൾ ഓരോന്നുംതന്നെ തമ്മിൽതമ്മിൽ വളരെയേറെ വ്യത്യസ്തതകൾ ഉള്ളവ ആണെന്ന് ഉള്ളതുകൊണ്ടത്രേ; അവയെ എപ്പോഴും 'സാമൂഹ്യ-സാങ്കേതിക സംവിധാനങ്ങൾ' (ീരശീലേരവിശ രമഹ ട്യെേലാ)െ ആയി മാത്രമേ കണക്കാക്കാൻ പാടുള്ളൂ. എന്തെന്നാൽ, ഓരോ നിർമ്മിത ബുദ്ധി ഉപകരണത്തിന്റെയും – അത് ഏതുതരത്തിലുള്ള സാങ്കേതികവിദ്യ ഉപയോഗിച്ചാലും – അനന്തരഫലം അതിന്റെ സാങ്കേതിക രൂപകൽപ്പനയെ മാത്രം ആശ്രയിച്ചിരി

www.malankaralibrary.com

ക്കില്ല, മറിച്ച് അതിന്റെ സ്വത്തവ കാശവും രൂപക ല്പനാ അവകാശവും ഉള്ള ആളുകളുടെ ലക്ഷ്യങ്ങളും താല്പര്യങ്ങളും അടിസ്ഥാനപ്പെട്ട ത്തിയായിരിക്കും; എന്നു മാത്രമല്ല, അത് ഉപയോഗിക്കപ്പെടുന്ന സാഹച ര്യങ്ങളും കണക്കിലെടുക്കേണ്ടതായി വരും.

ആകയാൽ, നിർമ്മിത ബുദ്ധി വ്യത്യസ്തങ്ങളായ നക്ഷത്രമാലകളുടെ ഒരു യാഥാർത്ഥ്യമായിട്ടുവേണം കണക്കാക്കപ്പെടാൻ. അതിന്റെ വികാസം മനുഷ്യരാ ശിയുടെ ഭാവിക്കും ജനതകളുടെ ഇടയിൽ സമാധാനം സംജാതമാക്കുന്നതിനും അത് ഉപകാരപ്രദമായിതീ രും എന്നു നമുക്ക് മുൻകൂട്ടി പറയാനാവില്ല. ഇത്തര ത്തിലുള്ള ക്രിയാത്മകമായ അനന്തരഫലം സാക്ഷാ ത്കരിക്കപ്പെടുന്നത്, നമുക്ക് ഉത്തരവാദിത്വപൂർവം പെരുമാറാൻ സാധിക്കുമെന്ന് നാംതന്നെ കാണി ച്ചുകൊടുക്കുമ്പോഴാണ്; അതായത്, 'എല്ലാവരെയും ഉൾക്കൊള്ളുക, സുതാര്യത, സുരക്ഷിതത്വം, തുല്യത, സ്വീകാര്യത, വിശ്വസനീയത എന്നീ അടിസ്ഥാന മാനുഷിക മൂല്യങ്ങളെ നമുക്ക് ബഹുമാനിക്കാൻ ആകു മ്പോൾ' (5).

കണക്കുകൂട്ടലുകളും (മഹഴീൃശവോ)െ ഡിജിറ്റൽ സാങ്കേതിക വിദ്യകളും രൂപപ്പെടുത്തുന്നവർ ധാർമിക പരവും ഉത്തരവാദിത്തപരവുമായ രീതിയിൽ പെരുമാ റാൻ താത്പര്യപ്പെട്ടുകൊള്ളും എന്ന് വളരെ എളുപ്പം വിശ്വസിക്കുന്നതും പോരാതെവരും. ഈ രംഗത്ത് ഉയർന്നുവരുന്ന ധാർമിക പ്രശ്നങ്ങളെ പരിശോധി ക്കാനായി, ആവശ്യമെങ്കിൽ സ്ഥാപിക്കപ്പെടേണ്ട അല്ലെങ്കിൽ ബലപ്പെടുത്തപ്പെടേണ്ട, സംഘങ്ങൾ ഉണ്ടായിരിക്കുക എന്നത് ഒരു ആവശ്യമാണ്. അത് നിർമ്മിത ബുദ്ധിയുടെ രൂപങ്ങൾ ഉപയോഗപ്പെടുത്തു ന്നവരുടെയും അതിന്റെ അനന്തരഫലങ്ങൾ അനുഭവി ക്കുന്നവരുടെയും അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്ന തിനു വേണ്ടിയാണ്.

അങ്ങനെ സാങ്കേതികവിദ്യയുടെ അതിവിശാലമായ വ്യാപനം ഉപയോഗപ്പെടുത്തുന്നതോടൊപ്പം അതിന്റെ ഭാവിയിലുള്ള വികാസത്തിനു ചേർന്നവിധമുള്ള ഉത്തരവാദിത്വത്തിലുള്ള രൂപവൽകരണവും അനിവാ ര്യമാണ്. സ്വാർഥത, സ്വന്തം താൽപര്യം, ലാഭേച്ഛ, അധികാരഭ്രമം എന്നിവയ്ക്ക് മനുഷ്യർ വശംവദരാകു മ്പോൾ, സ്വാതന്ത്ര്യം സമാധാനപരമായ സഹവർത്തി ത്വം എന്നിവ ഹനിക്കപ്പെടുന്നു. ആകയാൽ, നമ്മുടെ കാഴ്ചപ്പാട് വിശാലമാക്കാനും സാങ്കേതിക-ശാസ്ത്ര ഗവേഷണം സമാധാനാന്വേഷണത്തിനും പൊതുനന്മ യ്ക്കും ഉപകരി ക്കത്തക്കവിധത്തിലും വ്യക്തികളുടെയും സമൂഹങ്ങളുടെയും സമഗ്രമായ വികാസത്തിനും വഴി യൊരുക്കുന്ന വിധത്തിലും നിയന്ത്രിക്കാനുള്ള കടമ നമുക്കുണ്ട്.(7)

ഓരോ മനുഷ്യനിലും അന്തർലീനമായിരിക്കുന്ന വ്യ ക്തിമഹാത്മ്യവും ഒരേയൊരു മനുഷ്യകുടുംബത്തിന്റെ അംഗങ്ങൾ എന്ന നിലയിൽ നമ്മെ ബന്ധിപ്പിക്കുന്ന സാഹോദര്യവും പുതിയ സാങ്കേതിക വിദ്യകളുടെ വികാസത്തിന് പിൻബലമായി നിൽക്കേണ്ടതുണ്ട്. പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തു ന്നതിനു മുമ്പായി അവയെ വിലയിരുത്താനുള്ള നിസ്തർക്ക മാനദണ്ഡങ്ങളായി ഈ യാഥാർഥ്യങ്ങളെ ഉപയോഗപ്പെടു ത്തേണ്ടതുണ്ട്. അങ്ങനെ ഡിജിറ്റൽ പുരോഗതി നീതിക്കും സമാധാനത്തിനും വഴിതെ ളിക്കുന്നതായി ഭവിക്കും. മനുഷ്യരാശിയുടെ മുഴുവൻ ജീവിതത്തിന്റെ ഗുണമേന്മ•വർധിപ്പിക്കാതിരിക്കുകയും മറിച്ച് അസമത്വങ്ങൾ വർധിപ്പിക്കുകയും സംഘട്ടന ങ്ങൾക്ക് വഴിതെളിക്കുകയും ചെയ്യുന്ന സാങ്കേതിക പുരോഗതിയെ ശരിയായ പുരോഗതി ആയി കണക്കാ ക്കാൻ ആവില്ല.(8)

നിർമ്മിത ബുദ്ധി കൂടുതൽ പ്രാധാന്യം നേടും. അവ നമ്മുടെ മുമ്പിൽ നിരത്തുന്ന വെല്ലുവിളികൾ സാങ്കേ തിക മാണ്; എന്നാൽ അവ നരവംശശാസ്ത്രപരവും വിദ്യാഭ്യാസപരവും സാമൂഹ്യവും രാഷ്ട്രീയപരവും കൂടിയാണ്. ഉദാഹരണത്തിന്, കഠിനവും വിരസവുമാ യി ജോലിയിൽ നിന്നു മോചനം, കൂടുതൽ കാര്യക്ഷമ മായ ഉൽപാദനം, എളുപ്പമുള്ള കടത്തലും (transport) കമ്പോളവും (market), വിവരശേഖരം (റമമേ) ഒരുമിച്ച കൂട്ടുന്നതിലും ക്രമപ്പെടുത്തുന്നതിലും ഉറപ്പാക്കുന്നതിലും ഉള്ള പ്രക്രിയയിലെ വിപ്ലവകരമായ മാറ്റം എന്നിവ ഇത് വാഗ്ദാനം ചെയ്യുന്നു. ഇപ്പോൾ ധ്രുതഗതിയിൽ നട ന്നുകൊണ്ടിരിക്കുന്ന രൂപപരിണാമങ്ങളെക്കുറിച്ച് നാം ബോധ വാന്മാരായിരിക്കണം; അടിസ്ഥാന മനുഷ്യാവ കാശങ്ങളെ സംരക്ഷിക്കുന്ന വിധത്തിലും സമഗ്രമായ മാനുഷിക വികാസത്തിനു ചേർന്നവിധം സ്ഥാപനങ്ങ ളെയും നിയമങ്ങളെയും മാനിക്കത്തക്കവിധത്തിലും അവയെ വഴിതിരിച്ചുവിടാനും നാം ശ്രദ്ധാലുക്കൾ ആയിരിക്കണം. നിർമ്മിത ബുദ്ധി നമ്മുടെ ഏറ്റവും നല്ല മാനുഷിക സാധ്യതകളെയും നമ്മുടെ പരമോ ന്നത ലക്ഷ്യങ്ങളെയും സഹായിക്കുന്നതാണ്; അത് അവയുമായി വെല്ലു വിളിക്കുന്ന രീതി ഉണ്ടാവരുത്.

## 3. ഭാവിയിലെ സാങ്കേതികവിദ്യ: സ്വയം 'പഠിക്കുന്ന' യന്ത്രങ്ങൾ

യന്ത്രപഠന സാങ്കേതികവിദ്യയുടെ (ാമരവശില ഹലമൃിശിഴ ലേരവിീഹീഴ്യ)െ അടിസ്ഥാനത്തിലുള്ള നിർമ്മിത ബുദ്ധി, അതിന്റെ വിവിധങ്ങളായ രൂപങ്ങ ളിൽ, അതിന്റെ ആരംഭദിശകളിൽ ആണെങ്കിൽപ്പോ ലും, ഇപ്പോൾതന്നെ സമൂഹങ്ങളുടെ ഘടനകളിൽ നിർണായകമായ വ്യതിയാനങ്ങൾ വരുത്തിക്കൊ ണ്ടിരിക്കുന്നു; അത് സംസ്കാരങ്ങളിലും സാമൂഹ്യ പെരുമാറ്റചട്ടങ്ങളിലും സമാധാന സ്ഥാപനത്തിലും ആഴത്തിലുള്ള സ്വാധീനം ചെലുത്തിക്കൊണ്ടിരി ക്കുന്നു.

യന്ത്രപഠനം (machine learning) അഥവാ ആഴമാർന്ന പഠനം (റലലു ഹലമൃിശിഴ) എന്നിവ സാങ്കേതിക വിദ്യയുടെയും എൻജിനീയറിങ്ങിന്റെയും തലങ്ങൾക്ക് അപ്പുറത്ത് നിൽക്കുന്ന ചോദ്യങ്ങൾ ഉന്നയിക്കുന്നു; അവ മനുഷ്യ ജീവിതത്തിന്റെ ആഴമായ അർഥം അന്വേഷിക്കുന്നതും ജ്ഞാനം രൂപപ്പെടുത്തുന്നതും സത്യത്തെ പ്രാപിക്കാ നുള്ള മനസ്സിന്റെ കഴിവിനെ സംബന്ധിച്ചുള്ളവയുമാണ്.

ഉദാഹരണത്തിന്, വ്യാകരണതലത്തിലും അർഥതല ത്തിലും യുക്തിഭദ്രമായ ടെക്സ്റ്റുകൾ നിർമ്മിക്കാനുള്ള ചില ഉപകരണങ്ങളുടെ കഴിവ്, അവയുടെ വിശ്വാ സ്യതയുടെ (reliability) ഉറപ്പല്ല. അവ 'വ്യാമോഹ വിധേയം"ആകുകയാണ് ചെയ്യുന്നത്; അതായത്,

www.malankaralibrary.com

ആദ്യനോട്ടത്തിൽ ന്യായമെന്ന് കരുതാവുന്ന വിധത്തിലുള്ള പ്രസ്താവനകൾ നൽകുന്നതായി തോന്നിയേക്കാം; എന്നാൽ അവ അടിസ്ഥാന രഹിതങ്ങളാണ്; അല്ലെങ്കിൽ അവ മുൻവിധികളോട് കൂടിയവയാണ്. തെറ്റായ വാർത്തകൾ പ്രചരിപ്പിക്കുകയും വാർത്താ സമ്പർക്ക മാധ്യമ ങ്ങളിൽ സന്ദേഹം ജനിപ്പിക്കാൻ പോരുന്ന വിധത്തിൽ തെറ്റായ സന്ദേശം നൽകുന്ന തലങ്ങളിലേക്ക് നീങ്ങുന്ന ഇടങ്ങളിൽ നിർമ്മിത ബുദ്ധി ഉപയോഗപ്പെടുത്തുന്നത് ഗൗരവമുള്ള പ്രശ്നങ്ങൾ ഉണ്ടാക്കുന്നതിലേക്ക് വഴിതെളിക്കുന്നു. സ്വകാര്യത (്യൂശ്ശര്യ), വിവര ഉടമസ്ഥത (റമമേ ീംിലൃവെശു), ബൗദ്ധിക അവകാശ (intellectual ുൃീുലൃ്യേ) മേഖലകളിൽ ഈ സാങ്കേതികവിദ്യകൾ വളരെ ഗൗരവമേറിയ അപകടങ്ങളാണ് ജനിപ്പിക്കുന്നത്. ഇവയോട് ഈ സാങ്കേതികവിദ്യകളുടെ ഇതര നിഷേധാത്മക അനന്തരഫലങ്ങളും കൂട്ടിച്ചേർക്കാവുന്നതാണ്. ഉദാഹരണത്തിന്, വിവേചനം, തെരഞ്ഞെടുപ്പുകളിൽ ഉള്ള ഇടപെടലുകൾ, സദാ നിരീക്ഷണസ്വഭാവമുള്ള ഒരു സമൂഹത്തിന്റെ ഉയർന്നുവരൽ (the rise of a surveillance society), ഡിജിറ്റൽ ആയിട്ടുള്ള ഒഴിവാക്കൽ (റശഴശമേഹ ലഃരഹൗശെീി), സമൂഹത്തിൽ നിന്നു വർധിതമാംവിധം വേറിട്ടുനിൽക്കുന്ന ഒരു വ്യക്തിത്വഭാവം രൂപവൽകരിക്കുന്നത് തുടങ്ങിയവ. ഈ ഘടകങ്ങൾ എല്ലാം സംഘട്ടനങ്ങൾക്കുള്ള സാധ്യത വർധിപ്പിക്കുകയും സമാധാനത്തിനു വിലങ്ങുതടിയായി നിൽക്കുകയും ചെയ്യുന്നു.

## 4. സാങ്കേതികശക്തിയുടെ മാതൃകയിലെ പരിമിതിയുടെ സ്പർശം

നമ്മുടെ ലോകം വളരെ വിശാലവും വൈവിധ്യം നിറഞ്ഞതും സങ്കീർണവും ആണ്; അതിനെ പൂർണമായി അറിയാനോ ഇനംതിരിക്കാനോ സാധിക്കുകയില്ല. സൂക്ഷ്മമായ കണക്കുകൂട്ടലുകളുടെ (മഹഴീൃശവോ)ൈ സഹായ ത്തോടുപോലും മനുഷ്യമനസിന്റെ സമ്പന്നത അളന്നു തിട്ടപ്പെടുത്താനാവില്ല. അതുപോലെയുള്ള കണക്കു കൂട്ടലുകൾ (മഹഴീൃശവോ)ൈ ഭാവിയെ സംബന്ധിച്ച് ഉറപ്പുള്ള പ്രവചനങ്ങൾ നൽകാൻ കഴിയുന്നവയല്ല; അവയ്ക്ക് സ്ഥിതിവിവരശാസ്ത്രപരമായ (statistical) ഏകദേശകണക്കുകൂട്ടലുകൾ (മുുൃീഃശാമശേീ)ൈ മാത്രമേ നൽകാനാവൂ. എല്ലാം പ്രവചിക്കപ്പെടാൻ ആവില്ല, എല്ലാം കണക്കുകൂട്ടപ്പെടാനും ആവില്ല; സത്യത്തിൽ 'ആശയങ്ങൾക്കും ഉപരിയാണ് യാഥാർഥ്യങ്ങൾ'(9) നമ്മുടെ കണക്കുകൂട്ടൽശക്തി എത്രമാത്രം വലുതായിരുന്നാൽപോലും നമുക്ക് അപ്രാപ്യമായ ഒരു ശിഷ്ടഭാഗം എപ്പോഴും ഉണ്ടായിരിക്കും; അത് എല്ലാ തരത്തിലുമുള്ള നിർണയങ്ങളെയും അതിലംഘിക്കുന്നതായിരിക്കും.

മാത്രമല്ല, നിർമ്മിത ബുദ്ധി അപഗ്രഥിക്കുന്ന വളരെ വിശാലമായ വിവരശേഖരം (റമമേ) അതിൽത്തന്നെ നിഷ്പക്ഷത ഉറപ്പുവരുത്തുന്ന ഒന്നല്ല. കണക്കുകൂട്ടൽരൂപങ്ങൾ (മഹഴീൃശവോ)ൈ വിവരശേഖരത്തെ പുറത്തുനിന്ന് അപഗ്രഥിക്കുമ്പോൾ വക്രീകരിക്കൽ എന്ന അപകടസാധ്യത എപ്പോഴും നിലനിൽക്കുന്നു; അതായത,് അവ എവിടെ ഉദ്ഭവിക്കുന്നുവോ ആ സാഹചര്യങ്ങളുടെ അനീതികളും മുൻവിധികളും അവ പ്രതിഫലിപ്പിക്കും. എത്രമാത്രം വേഗത്തിലും സങ്കീർണ ഭാവത്തിലും അവ ആയിരിക്കുന്നുവോ, അത്രമാത്രം ബുദ്ധിമുട്ടുള്ള തായിരിക്കും എന്തുകൊണ്ട് അവ ഒരു പ്രത്യേകതരം ഫലത്തിനു കാരണമായിത്തീർന്നു എന്ന ചോദ്യത്തിന്റെ ഉത്തരം.

'ബുദ്ധിയുള്ള' യന്ത്രങ്ങൾ വളരെയേറെ കാര്യക്ഷമതയോടെ അവയെ ഏൽപ്പിച്ചിട്ടുള്ള ദൗത്യങ്ങൾ നിർവഹിക്കും. എന്നാൽ അവയുടെ നിർമാതാക്കളായ മനുഷ്യരുടെ മൂല്യങ്ങളാൽ നിർണയിക്കപ്പെടുന്നതും ബലപ്പെടുത്തപ്പെടുന്നതുമായ രീതിയിലായിരിക്കും പ്രസ്തുത യന്ത്രങ്ങളുടെ പ്രവർത്തനങ്ങളുടെ ലക്ഷ്യവും അർഥവും നിർണയിക്കപ്പെടുന്നത്; തുടർന്നും അപ്രകാരം തന്നെയായിരിക്കും. ചില തീരുമാനങ്ങളുടെ പിന്നിലുള്ള മാനദണ്ഡങ്ങൾ അവ്യക്തങ്ങളായി തീരാനുള്ള അപകടവും നിലനിൽക്കുന്നു; പ്രസ്തുത തീരുമാനങ്ങളുടെ പിന്നിലുള്ള ഉത്തരവാദിത്വം ഗോപ്യമാക്കപ്പെട്ടിരിക്കുന്നു; സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കണം എന്ന ഉത്തരവാദിത്വത്തിൽ നിന്ന് ചില നിർമാതാക്കൾ ഒഴിഞ്ഞുമാറുകയും ചെയ്തിട്ടുണ്ട്. ഒരർത്ഥത്തിൽ സാങ്കേതികവിദ്യാശക്തിയുടെ സംവിധാനം (ലേരവിീൃമശര ൈേലാ) തന്നെ ഇതിന് അനുകൂലമായി നിൽക്കുന്നു. കാരണം, അത് സമ്പദ്‌വ്യവസ്ഥയെ സാങ്കേതികവിദ്യയുമായി ചേർത്താണ് കാണുന്നത്; കാര്യക്ഷമതയാണ് ഏറ്റവും വലിയ മാനദണ്ഡമായി അത് കണക്കാക്കുന്നത്; ഉടനടിയുള്ള ഫലം തരാത്ത എല്ലാറ്റിനെയും അത് അവഗണിക്കുന്നു.(10)

ഇന്നത്തെ നമ്മുടെ സാങ്കേതികശക്തിയും കാര്യക്ഷമതാതാത്പര്യവും ഉന്നംവച്ചുള്ള മനസ്ഥിതിയുടെ പശ്ചാത്തലത്തിൽ, പലപ്പോഴും അവഗണിക്കപ്പെടുന്ന ചിലതിനെക്കുറിച്ച് പരിചിന്തനം ചെയ്യാൻ ഇക്കാര്യം നമ്മെ പ്രേരിപ്പിക്കുന്നു; അത് നമ്മുടെ വ്യക്തിപരവും സാമൂഹ്യവുമായ വികാസത്തിനു നിർണായകമാണ്: 'പരിമിതിയുടെ സ്പർശം'.'നിർവചനപ്രകാരം, മനുഷ്യജീവികൾ മർത്യരാണ്; എല്ലാറ്റിനെയും കീഴടക്കുക എന്ന അനിയന്ത്രിതമായ ആഗ്രഹത്തിന്റെ അടിസ്ഥാനത്തിൽ, സാങ്കേതികവിദ്യവഴി എല്ലാ പരിമിതികളെയും അതിലംഘിക്കാം എന്ന ത്വരമൂലം നാം നമ്മുടെമേൽത്തന്നുള്ള നിയന്ത്രണം നഷ്ടപ്പെടുന്ന അപകടത്തിൽ പെടുന്നവരാകാം; കേവല സ്വാതന്ത്ര്യത്തിന്റെ അന്വേഷണം നമ്മെ 'സാങ്കേതികവിദ്യയുടെ സ്വേച്ഛാധിപത്യ ത്തത്തിന്റെ' ചുഴിയിൽ വീണുപോകുന്ന അപകടം വിളിച്ചു വരുത്താം. സമ്പൂർണ സാക്ഷാത്കാരത്തിൽ എത്തിച്ചേരുക അല്ലെങ്കിൽ അതിനെ സ്വാഗതം ചെയ്യുക എന്നത് ഒരു ദാനമായി നാം സ്വീകരിക്കണമെങ്കിൽ അതിനുള്ള അനിവാര്യമായ വ്യവസ്ഥ സൃഷ്ടികൾ എന്ന നിലയിൽ നാം നമ്മുടെ പരിമിതികൾ അംഗീകരിച്ചു സ്വീകരിക്കുക എന്നതാണ്. പ്രോമത്തേവൂസിന്റെ സ്വയംപര്യാപ്തത എന്ന ധാരണയാൽ പ്രചോദിതമായ പ്രത്യയശാസ്ത്രപരമായ സാങ്കേതികവിദ്യാശക്തിയുടെ മാതൃകയുടെ പശ്ചാത്തലത്തിൽ അസമത്വങ്ങൾ ക്രമാതീതമായി വർധിക്കാൻ ഇടയുണ്ട്; അപ്പോൾ അറിവും ധനവും കുറച്ചുപേരുടെ കൈകളിൽമാത്രം ഒതുങ്ങുന്നതാകും; അത് ജനാധിപത്യ സമൂഹങ്ങൾക്കും സമാധാനപരമായ സഹവർത്തിത്വത്തിനും ഗൗരവമേറിയ അപകടസാധ്യത വരുത്തിവയ്ക്കും.(11)

www.malankaralibrary.com

## 5. നീറുന്ന ധാർമിക പ്രശ്നങ്ങൾ

ഭാവിയിൽ, ജാമ്യം നിൽക്കാനുള്ള ഒരാളുടെ വിശ്വാസ്യത, ഒരു ജോലിക്ക് ഒരു വ്യക്തിയുടെ അനുയോജ്യത, ശിക്ഷിക്കപ്പെട്ട ഒരാളുടെ കുറ്റകൃത്യങ്ങൾ ചെയ്യാനുള്ള സഹജവാസന, രാഷ്ട്രീയ അഭയമോ അല്ലെങ്കിൽ സാമൂഹ്യ സഹായമോ നേടാനുള്ള ഒരാളുടെ അവകാശം എന്നിവ നിർണയിക്കുന്നത് നിർമ്മിത ബുദ്ധി സംവിധാനങ്ങൾ ആകാം. എന്നാൽ ഈ സംവിധാനങ്ങൾ (ൈ്യലാ)െ ഉപയോഗിക്കുന്നുവഴിയായി പല തല ങ്ങളിലുള്ള ഇടപെടലുകളുടെ (ാലറശമഴേീ) കുറവ് പല തരത്തിലുള്ള മുൻവിധികൾക്കും വിവേചനത്തിനും കാരണമാകാം. സംവിധാനത്തിലുള്ള പിഴവുകൾ (systemic errors) വളരെ എളുപ്പം വർധിക്കാൻ ഇടയുണ്ട്; വ്യക്തികൾക്ക് തങ്ങളുടെ പ്രശ്നപരിഹാരത്തിൽ അനീതി നേരിടേണ്ടി വരുന്നതിലുപരി, കീഴ്പ്പെടുത്തുന്ന സ്വാധീനം (റീാശി ലളളലര)േ വഴിയായി യഥാർഥ സാമൂഹ്യ അസമത്വത്തിന്റെ രൂപങ്ങളിലേക്ക് അതു വഴി തെളിക്കാം.

ചില സമയങ്ങളിൽ, വ്യക്തികളുടെ തീരുമാനങ്ങൾപോലും നിർമ്മിത ബുദ്ധിയുടെ രൂപങ്ങളാൽ സ്വാധീനിക്ക പ്പെടാൻ ഇടയുണ്ട്; അത് ഉത്തേജനങ്ങളാലും അധൈര്യപ്പെടുത്തലുകളാലും മുൻകൂട്ടി നിർണയിച്ചിരിക്കുന്ന സാധ്യതകൾ വഴിയായിരിക്കും പ്രവർത്തിക്കുന്നത്; അല്ലെങ്കിൽ നൽകപ്പെടുന്ന വിവരങ്ങളുടെ അടിസ്ഥാന ത്തിൽ ജനങ്ങളുടെ തെരഞ്ഞെടുപ്പുകളെ നിയന്ത്രിക്കുന്ന തലത്തിലും ആകാം. ഈ കൃത്രിമപണിയുടെ രൂപങ്ങളും സാമൂഹ്യനിയന്ത്രണവും വളരെയേറെ ശ്രദ്ധയും മേൽനോട്ടവും ആവശ്യപ്പെടുന്നു; അത് അവയുടെ ഉത്പാദകരുടെയും വിന്യസിപ്പിക്കുന്നവരുടെയും സർക്കാർ അധികാരികളുടെയും ഭാഗത്തുനിന്ന വ്യക്തമായ നൈയമിക ഉത്തരവാദിത്വം ആവശ്യപ്പെടുന്നു.

അതുപോലെതന്നെ, സ്വയംപ്രവർത്തിക്കുന്ന പ്രക്രിയകളെ (മൗീമശേര ു്യീരല)ൈ ആശ്രയിച്ചുകൊണ്ട് വ്യക്തികളെ തരംതിരിക്കുന്നത് - ഉദാഹരണത്തിന്, സർവവ്യാപിയായ നരീക്ഷണംവഴിയോ (യ്യു ുല്യ്മശെ്ല ൌ്യ്ലശഹഹമിരല) അല്ലെങ്കിൽ സാമൂഹ്യ മതിപ്പിന്റെ അടിസ്ഥാനത്തിലോ - സാമൂഹ്യഘടനയിൽ പൗരരുടെ ഇടയിൽ ഒരുതരം ശ്രേണികൾ സൃഷ്ടിക്കത്തക്കവിധമുള്ള ആഴത്തിലുള്ള പ്രത്യാഘാതങ്ങൾ ഉണ്ടാക്കാൻ സാധ്യതയുണ്ട്. തരംതിരിക്കലിന്റെ ഈ കൃത്രിമമായ പ്രക്രിയകൾ അധികാര സംഘർഷങ്ങളിലേക്കും വഴിതെളിക്കാം; കാരണം, അത് സങ്കൽപ്പിക ഉപയോക്താക്കളെ മാത്രം സംബന്ധിക്കുന്നത് അല്ലല്ലോ, യഥാർത്ഥ വ്യക്തികളെ ആണല്ലോ! വ്യക്തിയുടെ വ്യതിരിക്തത ഒരുകൂട്ടം അറിവ് ശേഖരവുമായി (മ ലെ േീള റമമേ) തുല്യപ്പെടുത്താൻ പാടില്ലെന്ന് മനുഷ്യമഹത്ത്വത്തോടുള്ള അടിസ്ഥാനപരമായ ആദരം നമ്മോട് ആവശ്യപ്പെടുന്നു. നമ്മൾ മനുഷ്യാവ കാശങ്ങളെ എങ്ങനെയാണ് മനസ്സിലാക്കുന്നതെന്ന് നിർണയിക്കാൻ കണക്കുകൂട്ടലുകളെ (algorithms) അനു വദിക്കാൻ പാടുള്ളതല്ല. കാരണം, അപ്രകാരം ചെയ്യുന്നത് ആവശ്യംവേണ്ട അനുകമ്പയുടെയും കരുണ യുടെയും ക്ഷമയുടെയും മൂല്യങ്ങളെ മാറ്റി നിർത്തുന്നു; മാത്രമല്ല ഓരോ വ്യക്തിക്കും, തന്റെ പഴയ മാർഗ്ഗങ്ങൾ ഉപേക്ഷിച്ച് പരിവർത്തനപ്പെടാം എന്നുള്ള സാധ്യതയും അത് ഒഴിവാക്കുന്നു.

പുതിയ സാങ്കേതിക വിദ്യകൾ ജോലിസ്ഥലത്ത് സൃഷ്ടിക്കുന്ന ആഘാതത്തെക്കുറിച്ച് ഈ സന്ദർഭത്തിൽ നമുക്ക് പ്രതിപാദിക്കാതിരിക്കാൻ വയ്യ. ഒരിക്കൽ മനുഷ്യപ്രയത്നത്തിന്റെ മാത്രം മേഖലയായിരുന്ന ജോലികൾ നിർമ്മിത ബുദ്ധിയുടെ വ്യാവസായികമായ പ്രയോഗംവഴിയായി വളരെ എളുപ്പം കൈമാറ്റം ചെയ്യപ്പെട്ടു കൊണ്ടിരിക്കുകയാണ്.

ഇവിടെയും അനുപാതം ഇല്ലാത്തവിധം കുറച്ചുപേർക്ക് മാത്രം ലാഭം ഉണ്ടാക്കുന്ന അതേസമയം വളരെയേറെ പേരെ നിർധനാവസ്ഥയിലാക്കുന്ന അപകടം നിലനിൽക്കുന്നു. നമ്മുടെ ജോലി സ്ഥലങ്ങളിൽ വളരെ ശക്തമായ വിധം സാന്നിധ്യം അറിയിച്ചുകൊണ്ടിരിക്കുന്ന ഈ സാങ്കേതികവിദ്യകളുടെ സാഹചര്യത്തിൽ, തൊഴിലാ ളികളുടെ വ്യക്തി മഹാത്മ്യത്തെ മാനിക്കേണ്ടതും വ്യക്തികളുടെയും കുടുംബങ്ങളുടെയും സമൂഹങ്ങളുടെയും സാമ്പത്തിക ക്ഷേമത്തിന് ജോലി ഉണ്ടായിരിക്കേണ്ടതും തൊഴിൽ സുരക്ഷിതത്വവും ന്യായമായ വേതനവും ഉണ്ടായിരിക്കേണ്ടതും അനിവാര്യമാണെന്നു ബോധ്യപ്പെട്ട് ആ വസ്തുത അന്താരാഷ്ട്ര സമൂഹത്തിന്റെ ഏറ്റവും ഉയർന്ന പരിഗണനയിൽ നിൽക്കുന്ന വിഷയമാകണം.

## 6. നമ്മുടെ വാളുകൾ കൊഴുവാക്കി മാറ്റിക്കൂടെ?

ഈ ദിവസങ്ങളിൽ നാം നമ്മുടെ ലോകത്തിൽ ചുറ്റും നോക്കിയാൽ യുദ്ധോപകരണങ്ങളുടെ മേഖലയിൽ ഗൗരവമായ ധാർമിക പ്രശ്നങ്ങൾ ഉയർന്നുവരുന്നു എന്ന് പറയാതിരിക്കാൻ ആവില്ല. യുദ്ധനടപടികൾ വിദൂരത്തുനിന്ന് നിയന്ത്രിച്ച് നടത്താം എന്നുള്ള കഴിവ് യുദ്ധസാമഗ്രികളുടെ ഉപയോഗംവഴിയായി ഉണ്ടാകുന്ന നാശത്തെക്കുറിച്ചുള്ള അവബോധവും അവയുടെ ഉപയോഗത്തിലുള്ള ഉത്തരവാദിത്വവും കുറയ്ക്കാൻ ഇടയായിട്ടുണ്ട്; തത്ഫലമായി യുദ്ധം എന്ന വലിയ ദുരന്തത്തിനോടുള്ള സമീപനം കൂടുതൽ മരവിച്ചതും അപക്ഷപാതപരവും ആയിത്തീരുന്നു.

സ്വയം പ്രവർത്തനശേഷിയുള്ള മാരകമായ യുദ്ധസംവിധാനങ്ങൾ (ഘലവേമഹ അൗീിീാ ൌണലമുീ ിട്യ്യലാ)െ മെനഞ്ഞെടുക്കത്തക്കവിധത്തിൽ രൂപം പ്രാപിച്ചുകൊണ്ടിരിക്കുന്ന സാങ്കേതികവിദ്യകളെക്കുറിച്ചുള്ള ഗവേഷണം, എന്നല്ല നിർമ്മിത ബുദ്ധിയെത്തന്നെ യുദ്ധസജ്ജമാക്കുന്നതിനെക്കുറിച്ചുള്ള ഗവേഷണം, വളരെ ഗൗരവമുള്ള ധാർമിക പ്രശ്നങ്ങൾ ഉയർത്തുന്നു. സ്വയം പ്രവർത്തനശേഷിയുള്ള യുദ്ധോപകരണ സംവിധാനങ്ങളെ ധാർമിക ഉത്തരവാദിത്വം പേറുന്ന കർത്താവായി (ൌയഷലര)േ കണക്കാക്കാൻ സാധിക്കില്ല. ധാർമികമായ വിധി നിർണയിക്കാനും സന്മാർഗപരമായ തീരുമാനം കൈക്കൊള്ളാനുമുള്ള അനുപമമായ മാനുഷിക കഴിവ് സങ്കീർ ണമായ കണക്കുകൂട്ടലുകളുടെ ശേഖരത്തിനും (complex collection of algorithms) ഉപരിയാണ്. പ്രസ്തുത മാനുഷിക കഴിവ് ഒരു യന്ത്രത്തിന്റെ കർമ്മ പരിപാടി രൂപവൽകരിക്കുന്നതിലേക്ക് കുറയ്ക്കാൻ

www.malankaralibrary.com

പാടുള്ളതല്ല; അതൊരു ബുദ്ധിയുള്ള യന്ത്രമായിരിക്കും, എന്നിരുന്നാലും അത് 'യന്ത്രമായി'ത്തന്നെ നിലനിൽക്കും. അക്കാരണത്താൽ, മതിയായതും അർഥവത്തും സുസ്ഥിരവും ആയ മാനുഷിക മേൽനോട്ടം യുദ്ധോപകരണ സംവിധാനങ്ങ ളുടെമേൽ ഉറപ്പാക്കണം എന്നത് അനിവാര്യമാണ്.

അതീവ സങ്കീർണമായ യുദ്ധോപകരണങ്ങൾ തെറ്റായ കരങ്ങളിൽ എത്തിച്ചേരാനുള്ള സാധ്യതയും നമുക്ക് ഒഴിവാക്കാനാവില്ല. ഉദാഹരണത്തിന്, നിയമപരമായി സ്ഥാപിതമായ സർക്കാർ സംവിധാനങ്ങളെ അസ്ഥിര മാക്കാനുള്ള ലക്ഷ്യങ്ങളോടെ പ്രവർത്തിക്കുന്ന തീവ്രവാദ ആക്രമണങ്ങൾക്കും ഇടപെടലുകൾക്കും സാധ്യത ഒരുക്കുന്ന രീതിയിൽ അവ ഉപയോഗപ്പെടുത്താവുന്ന കരങ്ങളിൽ എത്തിച്ചേരാനാവും. ചുരുക്കത്തിൽ, അനീതിപരമായ രീതിയിൽ വാണിജ്യത്തിന്റെ വികസനവും യുദ്ധോപകരണങ്ങളുടെ ക്രയവിക്രയവും പ്രോത്സാഹിപ്പിക്കാൻ സഹായിക്കുന്ന പുതിയ സാങ്കേതികവിദ്യകൾ ലോകത്തിന് ആവശ്യമില്ല; കാരണം, അത് ആത്യന്തികമായി യുദ്ധത്തിന്റെ വിവേക ശൂന്യത പ്രോത്സാഹിപ്പിക്കുന്ന ഒന്നായിരിക്കും. അപ്രകാരം ചെയ്യുകവഴിയായി, ബുദ്ധി മാത്രമല്ല മനുഷ്യഹൃദയം തന്നെയും കൂടുതൽ 'നിർമ്മിതമായി' തീരാനുള്ള അപകട സാധ്യത നിലവിൽ വരും. അതീവ പുരോഗതി പ്രാപിച്ച സാങ്കേതികവിദ്യാപരമായ പ്രയോഗങ്ങൾ സംഘട്ടന ങ്ങൾ ഒഴിവാക്കാനായുള്ള അക്രമപരമായ പരിഹാരത്തിനായി ഉപയോഗിക്കുവാൻ പാടില്ല, പ്രത്യുത അവ സമാധാനത്തിനുള്ള വഴിയൊരുക്കുന്നവയായിരിക്കണം.

ഭാവാത്മകമായി ചിന്തിച്ചാൽ, നിർമ്മിത ബുദ്ധി സമഗ്രമായ മാനുഷിക വികസനത്തിന് ഉപയോഗിച്ചിരുന്നെങ്കിൽ, അതിന് കാർഷിക മേഖലയിലും വിദ്യാഭ്യാസരംഗത്തും സാംസ്കാരിക രംഗത്തും പ്രധാനപ്പെട്ട കണ്ടുപിടിത്ത ങ്ങൾ കൊണ്ടുവരാൻ സാധിക്കുമായിരുന്നു; എന്നല്ല, രാഷ്ട്രങ്ങൾക്കും ജനതകൾക്കുമുഴുവനും ഒരു ഉയർന്ന ജീവിത നിലവാരവും മാനുഷിക സാഹോദര്യത്തിലെയും സാമൂഹ്യ സൗഹൃദത്തിലെയും വളർച്ചയും സമ്മാനി ക്കാൻ സാധിക്കുമായിരുന്നു. അവസാനമായി, അതിനെ നാം എത്രമാത്രം നമ്മുടെ ഏറ്റവും എളിയവരായ സഹോദരീസഹോദരന്മാരെയും വ്രണിതരായവരെയും ഏറ്റവും ആവശ്യത്തിൽ ഇരിക്കുന്നവരെയും ഉൾക്കൊ ള്ളുന്നതിൽ ഉപയോഗപ്പെടുത്തുന്നുവോ അത്രമാത്രം ശരിയായിരിക്കും നമ്മുടെ മാനുഷികതയുടെ അളവ്.

സത്യമായും മാനുഷികമായ ഒരു കാഴ്ചപ്പാടും നമ്മുടെ ലോകത്തിനു കൂടുതൽ നല്ല ഒരു ഭാവിയും നാം ആഗ്രഹിക്കുന്നുവെങ്കിൽ വിജ്ഞാനശാഖകൾ തമ്മിലുള്ള ഒരു സംവാദം നിലവിൽവരേണ്ടതുണ്ട്; അതായത്, കണക്കുകൂട്ടലുകളുടെ ധാർമികപരമായ ഒരു വികസനം (ലവേശരമഹ റല്ലഹീുാലി േീള മഹഴീൃശവോ)ൈ – ഒരു കണക്കുകൂട്ടൽ ധാർമികത – (മി മഹഴീൃലവേശ ര)ൈ – ആവശ്യമാണ്; അപ്പോൾ പുതിയ സാങ്കേതികവിദ്യകൾ ഏത് മാർഗങ്ങൾ സ്വീക രിക്കണമെന്നു മൂല്യങ്ങൾ തീരുമാനിക്കും.(12) ഗവേഷണങ്ങളുടെ ആരംഭത്തിലും, പരീക്ഷണങ്ങളുടെയും, രൂപപ്പെടുത്തലിന്റെയും, നിർമ്മാണത്തിന്റെയും വിതരണത്തിന്റെയും വിപണനത്തിന്റെയും ആയ വിവിധ ഘട്ടങ്ങളിലും ധാർമിക പരിഗണനകൾ കണക്കിലെടുക്കേണ്ടിയിരിക്കുന്നു. രൂപപ്പെടലിൽത്തന്നെയുള്ള ധാർമികമായ സമീപനമാണിത്; ഇതിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും തീരുമാനം കൈക്കൊള്ളുന്നവർക്കും വളരെ നിർണ്ണായകമായ ഒരു പങ്കുവഹിക്കാനുണ്ട്.

## 7. വിദ്യാഭ്യാസത്തിനുള്ള വെല്ലുവിളികൾ

മാനുഷിക മഹാത്മ്യത്തെ മാനിക്കുകയും അതിന് ഉപകരിക്കുകയും ചെയ്യുന്ന രീതിയിലുള്ള സാങ്കേതിക വിദ്യയുടെ വികസനം നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സാംസ്കാരിക ലോകത്തിനും വ്യക്തമായ അനന്തരഫലങ്ങൾ പേറുന്നതാണ്. സമ്പർക്ക മാധ്യമങ്ങളുടെ മാർഗങ്ങൾ വർധിപ്പിക്കുകവഴിയായി ഡിജിറ്റൽ സാങ്കേതികവിദ്യകൾ പരസ്പരം കണ്ടുമുട്ടാനുള്ള പുതിയവഴികൾ നമുക്ക് വെട്ടിത്തെളിച്ചു തന്നിട്ടുണ്ട്. എന്നിരുന്നാലും അവ ഏതു ദിശയിലേക്ക് നമ്മുടെ ബന്ധങ്ങളെ നയിക്കുന്നു എന്നതിനെക്കുറിച്ച് സുസ്ഥിരമായ ഒരു വിചിന്തനം ഇനിയും ഒരാവശ്യമായി നിലനിൽക്കുന്നു. സാങ്കേതികവിദ്യയാൽ പരിപൂരിതമായ ഒരു സാംസ്കാരിക സാഹചര്യത്തിലാണ് നമ്മുടെ യുവതീയുവാക്കൾ വളർന്നുവരുന്നത്; ഇക്കാര്യം നമ്മുടെ അധ്യാപനരീതിയെയും വിദ്യാഭ്യാസത്തെയും ശിക്ഷണരീതിയെയും വെല്ലുവിളിക്കാതിരിക്കുന്നില്ല.

വിദ്യാഭ്യാസത്തിൽ നിർമ്മിത ബുദ്ധിയുടെ രൂപങ്ങളുടെ ഉപയോഗം പ്രധാനമായും നിരൂപണാത്മക ചിന്തയെ പ്രോത്സാഹിപ്പിക്കുന്നതാകണം. വെബ്ബിൽ നിന്ന് ശേഖരിച്ച വിവരശേഖരണവും (data) ഉള്ളടക്കവും (content) അല്ലെങ്കിൽ നിർമ്മിത ബുദ്ധിയുടെ സംവിധാനങ്ങളുടെ ഫലങ്ങളും ഉപയോഗപ്പെടുത്തുന്നതിൽ എല്ലാ പ്രായ ത്തിലുമുള്ളവർ, പ്രത്യേകിച്ച് യുവതീയുവാക്കൾ, വിവേചനബുദ്ധ്യാ ഉള്ള ഒരു സമീപനം അവലംബിക്കേ ണ്ടതുണ്ട്. സ്കൂളുകളും സർവ്വകലാശാലകളും ശാസ്ത്രീയ സമൂഹങ്ങളും ഇക്കാര്യത്തിൽ വിദ്യാർഥികളെയും തൽസംബന്ധ ഉദ്യോഗസ്ഥരെയും സഹായിക്കാൻ വെല്ലുവിളിക്കപ്പെടുന്നു; സാങ്കേതികവിദ്യയുടെ വികസന ത്തിലും ഉപയോഗത്തിലും ഉണ്ടായിരിക്കേണ്ട സാമൂഹ്യവും സന്മാർഗികവും ആയ വശങ്ങളെ മനസ്സിലാക്കാൻ അവർ സഹായിക്കപ്പെടണം.

പുതിയ സാമൂഹ്യസമ്പർക്കമാധ്യമങ്ങളിൽ പരിശീലനം നേടുന്നവർ 'തെറ്റായ വാർത്ത' (ളമസല ിലം)ൈ തെറ്റായ സന്ദേശം നൽകുന്നു എന്ന വസ്തുത മാത്രം കണക്കിലെടുത്താൽ പോരാ; പുതിയ സാങ്കേതികവിദ്യകളിൽ ഒളിഞ്ഞിരിക്കാൻ സാധിക്കുകയും അതുവഴി പ്രചരിക്കുകയും ചെയ്യുന്ന അസ്വസ്ഥത ജനിപ്പിക്കുന്ന 'പൂർവികരിൽ നിന്ന് ലഭിച്ച ചില ഭയങ്ങളുടെ' ('രല്ലമേശി മിരല്വേമഹ ഉലമൃ')ൈ പുനരാരംഭത്തെയും അവർ കണക്കി ലെടുക്കേണ്ടതുണ്ട്.(13) ദുഃഖകരം എന്നു പറയട്ടെ, 'മറ്റു സംസ്കാരങ്ങളുമായും മറ്റു ജനതകളുമായും കണ്ടു മുട്ടലുകൾ ഒഴിവാക്കുന്നതിനായി... മതിലുകൾ നിർമിക്കുകയും, മതിലുകൾ ഉയർത്തുകയും ചെയ്യാനുള്ള പ്രലോഭനത്തെ'(14) പ്രതിരോധിക്കാനുള്ള മാർഗങ്ങൾ ഒരിക്കൽക്കൂടി നാം കണ്ടെത്തേണ്ടിയിരിക്കുന്നു; അങ്ങനെ ശാന്തവും സഹോദരപൂർണവുമായ ഒരു സഹവർത്തിത്വത്തിനു വേണ്ടിയുള്ള മാർഗ്ഗങ്ങൾ വികസിപ്പി ച്ചെടുക്കേണ്ടിയിരിക്കുന്നു.

www.malankaralibrary.com

## 8. അന്താരാഷ്ട്ര നിയമം വികസിപ്പിച്ചെടുക്കൽവേണ്ടിയുള്ള വെല്ലുവിളി

ആഗോളതലത്തിലുള്ള ഇപ്പോഴത്തെ നിർമ്മിത ബുദ്ധിയുടെ ഉപയോഗം ഒരു കാര്യം വ്യക്തമാക്കുന്നു: ഓരോ രാഷ്ട്രത്തിനും അതതിന്റെ പരിധിക്കുള്ളിൽ ഇതിനെ നിയന്ത്രിക്കാനുള്ള ഉത്തരവാദിത്വത്തോടൊപ്പം, അന്താരാഷ്ട്ര സംഘടനകൾക്ക് ഇകാര്യത്തിൽ നിർണ്ണായകമായ ഒരു പങ്കുവഹിക്കാവുന്നതാണ്; അതായത്, വിവിധ വശങ്ങളിലും തലങ്ങളിലും ഉള്ള സമ്മതപത്രങ്ങളിൽ (മഴൃലലാലേി) ഏർപ്പെട്ടുകയും അവയുടെ ഉപയോ ഗത്തിലും നടപ്പാക്കലിലും മേൽനോട്ടം വഹിക്കുകയും ചെയ്യുക എന്നത്.(15) നിർമ്മിത ബുദ്ധി അതിന്റെ വിവിധ രൂപങ്ങളിൽ വികസിപ്പിച്ചെടുക്കുന്നതിലും ഉപയോഗിക്കുന്നതിലും അതിനെ നിയന്ത്രിക്കാൻ അന്താ രാഷ്ട്രതലത്തിൽ എല്ലാവരെയും നിർബന്ധിക്കുന്ന ഒരു ഉടമ്പടി (്യേലമ്യ്യ) ആഗോളരാഷ്ട്ര സമൂഹങ്ങൾ ഒരുമിച്ച് ചേർന്നിരുന്ന രൂപപ്പെടുത്തണമെന്ന ഞാൻ അഭ്യർത്ഥിക്കുന്നു. നിയന്ത്രണത്തിന്റെ ലക്ഷ്യം, സ്വാഭാവികമായി, തെറ്റായ പ്രവർത്തനശൈലികളെ തടസ്സപ്പെടുത്തുക എന്ന മാത്രമല്ല, മറിച്ച് നല്ല പ്രവർത്തനശൈലികളെ പ്രോത്സാഹിപ്പിക്കുക എന്നുകൂടിയാണ്; പുതിയതും ക്രിയാത്മകവുമായ സമീപനങ്ങളെ പ്രചോദിപ്പിക്കുകയും വ്യക്തിപരവും സംഘാത്മകവുമായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതായിരിക്കും അത് (16).

ഡിജിറ്റൽ സാങ്കേതികവിദ്യകൾ വികസിപ്പിച്ചെടുക്കുന്നവർക്ക് ധാർമികമായ മാർഗനിർദേശം നൽകാൻ തക്ക നിലവാരം പുലർത്തുന്ന മാതൃകകൾ അന്വേഷിക്കുമ്പോൾ അവയിൽ മാനുഷിക മൂല്യങ്ങൾ ഉണ്ടെന്നുള്ളത് ഉറപ്പുവരുത്തേണ്ട ഒരു കാര്യമാണ്. അവയാണ് അവശ്യംവേണ്ട നിയന്ത്രണ ചട്ടക്കൂടുകൾ രൂപപ്പെടുത്തുകയും സ്വീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുമ്പോൾ സമൂഹങ്ങളുടെ പ്രയത്നങ്ങളുടെ പിന്നിൽ ഉണ്ടായിരി ക്കേണ്ടത്. നിർമ്മിത ബുദ്ധിയുടെ രൂപങ്ങൾ ഉദ്പാദിപ്പിക്കുമ്പോൾ ഉണ്ടായിരിക്കേണ്ട ധാർമിക മാർഗനിർ ദേശങ്ങൾ രൂപപ്പെടുത്തുന്ന പ്രവർത്തനത്തിൽ വളരെ പ്രധാനപ്പെട്ട മാനുഷിക പ്രശ്നങ്ങൾ വിട്ടുകളയാൻ പാടില്ല, അതായത് മനുഷ്യാസ്ഥിത്വത്തിന്റെ അർഥം, അടിസ്ഥാന മനുഷ്യാവകാശങ്ങളുടെ സംരക്ഷണം, നീതിയും സമാധാനവും അന്വേഷിക്കുക എന്നിവ. ധാർമികവും നിയമപരവുമായ ഈ വിവേചിച്ചറിയൽ പ്രക്രിയ ഒരു അമൂല്യ അവസരമായി ഭവിക്കാം; അതായത്, സാങ്കേതികവിദ്യ നമ്മുടെ വ്യക്തിപരവും സാമൂ ഹ്യവും ആയ ജീവിതത്തിൽ വഹിക്കുന്ന പങ്കം അതിന്റെ ഉപയോഗം എപ്രകാരം കൂടുതൽ സമത്വസുന്ദരവും മാനുഷികവുമായ ഒരു ലോകം കെട്ടിപ്പടുക്കുന്നതിൽ സഹായകമായി തീരാം എന്നതിനെ സംബന്ധിച്ച കൂടിയാലോചന. ആക്കാരണത്താൽ നിർമ്മിത ബുദ്ധിയുടെ നിയന്ത്രണത്തെ സംബന്ധിച്ച ചർച്ചകളിൽ എല്ലാ തല്പരകക്ഷികളെയും കണക്കിലെടുക്കേണ്ടതുണ്ട്; അതിൽ ദരിദ്രരും ശക്തിരഹിതരും ആഗോള തീരുമാനം കൈക്കൊള്ളുന്ന പ്രക്രിയകളിൽ ഒരിക്കലും കേൾക്കപ്പെടാതെ പോകുന്നവരും ഉണ്ടായിരിക്കണം.

നിർമ്മിത ബുദ്ധിയുടെ രൂപങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന്റെ പുരോഗതിയിൽ അത് ആത്യന്തികമായി മാനുഷിക സാഹോദര്യവും സമാധാനവും ഉറപ്പുവരുത്തുന്ന രീതിയിൽ പ്രവർത്തിക്കാനുള്ള പ്രചോദനം നൽകാൻ മേൽപ്പറഞ്ഞ വിചിന്തനം സഹായകമാകും എന്ന് ഞാൻ പ്രത്യാശിക്കുന്നു. ഇത് കുറച്ചുപേരുടെ മാത്രം ഉത്തരവാദിത്വമല്ല, പ്രത്യുത മുഴുവൻ മാനവകുടുംബത്തിന്റേതാണ്. മറ്റുള്ളവരെ അവരുടെ ഒഴിച്ചുകൂടാൻ പാടില്ലാത്ത വ്യക്തിമഹാത്മ്യത്തിൽ അംഗീകരിക്കുകയും അവരെ സ്വാഗതം ചെയ്യുകയും ചെയ്യുന്ന ബന്ധങ്ങളുടെ ഫലമാണ് സമാധാനം; മാത്രമല്ല, സമാധാനം സഹകരണത്തിന്റെയും എല്ലാ വ്യക്തികളുടെയും ജനതകളുടെയും സമഗ്രമായ വികസനം അന്വേഷിക്കുന്നതിന്റെയും ഫലമാണ്.

നിർമ്മിത ബുദ്ധിയുടെ രൂപങ്ങളുടെ ധ്രുതഗതിയിലുള്ള വികസിപ്പിച്ചെടുക്കൽ നമ്മുടെ ഇന്നത്തെ ലോകത്തിലുള്ള അസമത്വത്തിന്റെയും അനീതിയുടെയും അവസ്ഥ വർധിക്കാൻ ഇടവരുത്തരുതേ എന്നതാണ് പുതു വർഷാരംഭത്തിൽ എന്റെ പ്രാർഥന; മറിച്ച് യുദ്ധങ്ങൾക്കും സംഘട്ടനങ്ങൾക്കും അറുതി വരുത്താനും നമ്മുടെ മാനവ കുടുംബത്തെ ബാധിച്ചിരിക്കുന്ന പല രൂപത്തിലുള്ള സഹനം കുറയ്ക്കാനും അത് ഇടവരുത്തട്ടെ. ക്രൈസ്തവ വിശ്വാസികളും ഇതര മതാനുയായികളും സന്മനസ്സുള്ള എല്ലാ സ്ത്രീപുരുഷന്മാരും പൊരുത്തത്തോടെ ഒരുമിച്ച പ്രവർത്തിച്ച് അവസരങ്ങൾ ആശ്ലേഷിക്കാനും ഡിജിറ്റൽ വിപ്ലവം ഉയർത്തുന്ന വെല്ലുവിളികൾ നേരിടാനും അങ്ങനെ ഭാവി തലമുറകൾക്ക് കൂടുതൽ ഐകമത്യത്തിന്റെയും നീതിയുടെയും സത്യത്തിന്റെയും ഒരു ലോകം കൈമാറാൻ നമുക്ക് ഇടവരട്ടെ.

വത്തിക്കാനിൽ നിന്ന് 2023 ഡിസംബർ 8-ാം തീയതി നൽകപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പാ**

Footnotes :

[1] No. 33.
[2] Ibid., 57.
[3] Cf. Encyclical LetterLaudato Si'(24 May 2015), 104.
[4] Cf.ibid., 114.
[5] Address to Participants in the 'Minerva Dialogues'(27 March 2023).
[6] Cf.ibid.
[7] Cf.Message to the Executive Chairman of the 'World Economic Forum' meeting in Davos(12 January 2018).
[8] Cf. Encyclical LetterLaudato Si'(24 May 2015), 194;Address to Participants in the Seminar 'The Common Good in the Digital Age'(27 September 2019).
[9] Apostolic ExhortationEvangelii Gaudium(24 November 2013), 233.
[10] Cf. Encyclical LetterLaudato Si'(24 May 2015), 54.
[11] Cf.Meeting with Participants in the Plenary Assembly of thePontifical Academy for Life(28 February 2020).
[12] Cf.ibid.
[13] Encyclical LetterFratelli Tutti(3 October 2020), 27.
[14] Ibid.
[15] Cf.ibid, 170-175.
[16] Cf. Encyclical LetterLaudato Si'(24 May 2015), 177.

www.malankaralibrary.com

No. 3997/K-5/KCBC/OL/DS - 23.12.2023

# 2024 യുവജനവർഷം

കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

ക്രിസ്തുവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

യേശുവിന്റെ തിരുപ്പിറവിയുടെയും പുതുവർഷത്തിന്റെയും ആശംസകൾ ഏവർക്കും സ്നേഹപൂർവ്വം നേരുന്നു.

പരിശുദ്ധ ഫ്രാൻസിസ് പാപ്പാ 2022-ൽ പ്രഖ്യാപിച്ച സിനഡാത്മക സഭയുടെ നവീകരണയത്നത്തിന്റെ പശ്ചാത്തലത്തിൽ 2022 ജൂൺ 5-ന് കേരള കത്തോലിക്കാസഭയിൽ 'സഭ ക്രിസ്തുവിൽ പണിയപ്പെട്ടുകൊണ്ടിരിക്കുന്ന ഭവനം' എന്ന ആപ്തവാക്യവുമായി നവീകരണ കാലഘട്ടം ആരംഭിച്ചുവെന്നത് ഏവർക്കും അറിവുള്ളതാണല്ലോ. അതിന്റെ ഭാഗമായി 2023 ദിവ്യകാരുണ്യ വർഷമായി ആചരിച്ചു. യുവജനശുശ്രൂഷയിൽ പുതിയ ഉണർവ് നല്കുന്നതിന് കേരള കത്തോലിക്കാമെത്രാൻ സമിതി (KCBC) 2024-നെ കേരള കത്തോലിക്കാസഭയിൽ യുവജനവർഷമായി പ്രഖ്യാപിക്കുന്നു. ഈ യുവജനവർഷാചരണം കേരള കത്തോലിക്കാ സഭയ്ക്ക് വലിയ പ്രചോദനവും ആവേശവും ലഭ്യമാക്കട്ടെയെന്ന് പ്രത്യാശിക്കുന്നു.

## കെസിബിസി യുവജനകമ്മീഷൻ

കേരളത്തിലെ വ്യക്തിഗതസഭകളായ സീറോ-മലബാർ, ലത്തീൻ, സീറോ-മലങ്കര സഭകളുടെ സംയുക്ത വേദിയായ കെസിബിസിയുടെ യുവജനകമ്മീഷനാണ് 2024 ലെ യുവജനവർഷാചരണത്തിനുള്ള കർമ്മപദ്ധതികൾക്ക് നേതൃത്വം നല്കുന്നത്. കെസിബിസി യുവജനകമ്മീഷന് സാരഥ്യം വഹിക്കുന്നത് അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് ചെയർമാനായും വന്ദ്യരായ മാത്യൂസ് മാർ പോളികാർപ്പസ് പിതാവും മാർ ജോസഫ് പണ്ടാരശ്ശേരി പിതാവും വൈസ് ചെയർമാന്മാരും ബഹു. ഫാദർ സ്റ്റീഫൻ തോമസ് ചാലക്കര സെക്രട്ടറിയും ആയിട്ടുള്ള ടീമാണ്. കമ്മീഷന്റെ പ്രവർത്തനമേഖലയിൽ വരുന്ന എല്ലാ യുവജന പ്രസ്ഥാനങ്ങളെയും ചേർത്തുനിർത്തിയുള്ള യുവജന വർഷാചരണത്തിന് ഇവർ നേതൃത്വം നല്കുന്നതാണ്. കേരളത്തിലെ മൂന്ന് റീത്തുകളിലെയും യുവജനപ്രസ്ഥാനങ്ങൾ, കേരളത്തിൽ പ്രവർത്തിച്ചുവരുന്ന വിവിധ കത്തോലിക്കാ യുവജനസംഘടനകൾ എന്നിവർ ഒരുമിച്ച് സഹകരിച്ച് യുവജനവർഷം ഉചിതമായി ആചരിക്കണമെന്ന് താല്പര്യപ്പെടുന്നു.

## യുവജന വർഷത്തിന്റെ ആപ്തവാക്യം

'കണ്ണിൽ കനിവും കരളിൽ കനലും കാലിൽ ചിറകുമുള്ള ക്രൈസ്തവ യുവത്വം' (Christian Youth with Compassionate Eyes, Passionate Heart and Fire winged Feets). പിതാവായ ദൈവത്തിന്റെ കരുണയുള്ള കണ്ണുകളും പുത്രനായ ദൈവത്തിന്റെ തീക്ഷ്ണ ഹൃദയവും പരിശുദ്ധാത്മാവായ ദൈവത്തിന്റെ അഗ്നി ചിറകുള്ള കാലുകളും ക്രൈസ്തവ യുവതയുടെ ലക്ഷണങ്ങളായി മാറണമെന്ന ആഹ്വാനം പേറുന്നതാണ് ഈ ആപ്തവാക്യം. 'ക്രിസ്തുവിൽ വേരൂന്നിയതും വിശ്വാസത്തിൽ ഉറച്ചതുമായ യുവജനം'എന്ന യുവജന കമ്മീഷന്റെ മുഖ്യ പ്രമേയത്തിൽ നിന്ന് ഉരുത്തിരിഞ്ഞതാണ് യുവജന വർഷത്തിന്റെ ഈ ആപ്തവാക്യം.

## യുവജനവർഷ പ്രഖ്യാപനത്തിന്റെ ലക്ഷ്യങ്ങൾ

മനുഷ്യജീവിതത്തിന്റെ സുവർണ്ണ കാലഘട്ടമാണ് യുവത്വം. സജീവവും സർഗ്ഗാത്മകവുമായ ഇടപെടലുകളിലൂടെ കുടുംബത്തിലും സഭയിലും സമൂഹത്തിലും മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന കാലം. യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവപ്രീതിയിലും വളർന്നതുപോലെ (ലൂക്ക 5.52) യുവജനങ്ങൾ പക്വതയിലേക്ക് വളരുവാൻ സജ്ജരാക്കുകയെന്ന സഭയുടെ ലക്ഷ്യം തീക്ഷണമായി ഓർമ്മിപ്പിക്കുന്നതിന് ഉതകുന്നതാകണം യുവജനവർഷം. സഭ അവരെ ചേർത്തു പിടിക്കുന്നു എന്ന ബോധ്യവും അവർ സഭയോട് ചേർന്നു നടക്കുന്നു എന്ന തിരിച്ചറിവും നല്കാൻ തക്കവിധം പ്രചോദനാത്മകമാകണം ആചരണം.

## യുവജന വർഷാചരണത്തിന്റെ പൊതു മാർഗ്ഗനിർദേശങ്ങൾ

സഭയിൽ യുവജനങ്ങൾക്കായ് നടത്തുന്ന അനേകം പരിപാടികളിൽ ഒന്നായ് യുവജനവർഷാചരണം മാറാതിരിക്കാൻ എല്ലാ പദ്ധതികൾക്കും ബാധകമാവുന്ന ചില പൊതു നിർദ്ദേശങ്ങൾ ചേർക്കുന്നു.

1. സഭയേയും സമൂഹത്തേയും സംബന്ധിച്ച് യുവജനങ്ങൾക്ക് പങ്കുവയ്ക്കുവാനുള്ള ആശയങ്ങളും അഭിപ്രായങ്ങളും തുറന്ന മനസ്സോടെ കേൾക്കാൻ തക്ക വേദികൾ സൃഷ്ടിക്കപ്പെടണം.
2. കത്തോലിക്കാ സ്വത്വബോധം നൽകുന്ന കൂടിവരവുകൾ, തീർത്ഥയാത്രകൾ ഇവയ്ക്ക് പ്രാധാന്യം.
3. യുവജനങ്ങൾക്ക് മിഷൻ ചൈതന്യം നൽകുന്ന പരിശീലന പദ്ധതികൾ.
4. കേരള കത്തോലിക്കാസഭയിലെ 3 റീത്തുകളിലെയും യുവജന സംഘടനകളുടെ സഹവർത്തിത്വവും, സഹകരണവും ഉറപ്പാക്കുന്ന സംഗമങ്ങളും, പഠന ശിബിരങ്ങളും.
5. ആഴമാർന്ന ക്രൈസ്തവ വിശ്വാസവും മൂല്യങ്ങളും പ്രഘോഷിക്കുന്ന രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക നേതൃത്വത്തെ രൂപപ്പെടുത്തുന്ന പദ്ധതികൾ.

യുവജനവർഷത്തിന് ആരംഭം കുറിക്കുന്നതിന്റെ ഭാഗമായി 2024 ജനുവരി 7-ാം തിയതി ഞായറാഴ്ച എല്ലാ ഇടവകകളിലും യുവജന പതാക ഉയർത്തുകയും ഇതോടൊപ്പം തന്നിട്ടുള്ള പ്രത്യേക പ്രാർഥന ചൊല്ലുകയും വേണം. എല്ലാ യുവജനസംഗമങ്ങളിലും ഈ പ്രാർഥന ഉപയോഗിക്കാവുന്നതാണ്.

## യുവജനസഭയും വെല്ലുവിളികളും

പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ 'ക്രിസ്തുസ് വിവിത്' എന്ന അപ്പസ്തോലികാഹ്വാനത്തിൽ ഇപ്രകാരം പറയുന്നു, 'യുവജനങ്ങൾ സഭയുടെ ഇന്നാണ്'(അദ്ധ്യായം 3). ക്രൈസ്തവ യുവത്വം വെല്ലുവിളികളുടെ കാലഘട്ടത്തിലൂടെയാണ് ഇന്ന് കടന്നുപോകുന്നത്. എല്ലാകാലത്തും അത് അങ്ങനെ തന്നെയാണ് താനും. കത്തോലിക്കാ സ്വത്വബോധത്തിൽ നിന്നും അകലുന്ന യുവത്വം, ലഹരിയുടെയും ആസക്തികളുടെയും വലയിൽപ്പെടുന്നവർ, പ്രവാസ ജീവിതത്തിനായ് കുടിയേററം നടത്തുന്ന യുവാക്കളുടെ വർദ്ധനവ്, അക്രമത്തെയും ഹിംസയെയും പ്രോത്സാഹി

www.malankaralibrary.com

പ്പിക്കുന്ന പ്രത്യയശാസ്ത്രങ്ങളുടെ വളർച്ച, മാറിവരുന്ന മാധ്യമ സംസ്കാരം, ന്യൂനപക്ഷ ആനുകൂല്യങ്ങളുടെ അനീതിപരമായ വിതരണം, കാർഷിക രംഗത്തിന്റെ തകർച്ച, വന നിയമങ്ങളുടെയും തീരപരിപാലന നിയമങ്ങളുടെയും ഇടയിൽ തകരുന്ന മനുഷ്യ ജീവിതങ്ങൾ, വന്യമൃഗങ്ങളുടെ ആക്രമണങ്ങൾ, ധ്രുവീകരണ പരിശ്രമങ്ങൾ, നിരീശ്വരവാദ പ്രത്യയ ശാസ്ത്രങ്ങൾ, കുടുംബങ്ങളെ അലോസരപ്പെടുത്തുന്ന അരാജകത്വവാദവും അയഞ്ഞ ലൈംഗിക ധാർമ്മികതകളും, ദളിത് ക്രൈസ്തവരോടുള്ള വിവേചനങ്ങൾ, അഴിമഴിയുടെയും സ്വജന പക്ഷപാതത്തിന്റെയും മൂല്യരാഹിത്യത്തിന്റെയും രാഷ്ട്രീയം, മയക്കുമരുന്ന്, തീവ്രവാദം, കള്ളപ്പണം ഇവയുടെ അവിശുദ്ധ കൂട്ടുകെട്ട് തുടങ്ങിയവ വെല്ലുവിളികളാണ്. ഇവയെ സമചിത്തതയോടെ കൈകാര്യം ചെയ്യാൻ പ്രാപ്തിയും പക്വതയും ആത്മീയതയും ഉള്ള യുവജനങ്ങളിലാണ് സഭയുടെ പ്രതീക്ഷ.

പ്രാർത്ഥനയോടെ കാലത്തിന്റെ ചുവരെഴുത്തുകൾ മനസ്സിലാക്കുവാൻ സജ്ജരായ യുവജന ങ്ങളാണ് സഭയുടെ കരുത്ത്. ഈ യുവജനങ്ങളെ സഹഗമിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന മുതിർന്നവരുടെ സാന്നിധ്യം യുവജന ശുശ്രൂഷയെ സമ്പന്നമാക്കുന്നു. അവരെ ധീരരായ മിഷനറിമാരും ക്രിസ്തുവുമായി സൗഹൃദമുള്ള സമർപ്പിതരുമാക്കി തീർക്കുന്നു. നായിനിലെ വിധവയുടെ മകനോട് 'യുവാവേ, എഴുന്നേൽക്കുക' (ലൂക്ക 7.14) എന്നും ജായ്റോസിന്റെ മകളോട് 'ബാലികേ എഴുന്നേൽക്കുക' (മർക്കോ 5.41) എന്നും പറഞ്ഞ യേശുക്രിസ്തു ഈ യുവജനവർഷത്തിൽ കേരളസഭയിലെ മുഴുവൻ യുവജനങ്ങളെയും അതുവഴി കേരള സഭയെയും വിശുദ്ധീകരിക്കുകയും വഴിനടത്തുകയും ചെയ്യട്ടെ.

സെഹിയോൻ ശാലയിൽ യേശുവിന്റെ ശിഷ്യരോടൊത്ത് പ്രാർത്ഥിച്ച പരിശുദ്ധ മറിയം തന്റെ മധ്യസ്ഥം കേരളസഭയിലെ യുവജനങ്ങൾക്കും അവരെ നയിക്കുന്നവർക്കും നൽകട്ടെ. ഈ യുവജന വർഷം ത്രീയേക ദൈവത്തിന്റെ കൃപയാൽ കേരള കത്തോലിക്കാസഭയിൽ സദ്ഫലങ്ങൾ പുറപ്പെടുവിക്കട്ടെയെന്ന് ആഗ്രഹിച്ചുകൊണ്ടും പ്രാർത്ഥിച്ചുകൊണ്ടും ഏവർക്കും പൈതൃക ആശീർവാദം നേരുന്നു. ദൈവം ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ**
കെസിബിസി പ്രസിഡന്റ്

**ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ**
കെസിബിസി വൈസ് പ്രസിഡന്റ്

**ബിഷപ്പ് ഡോ. അലക്സ് വടക്കുംതല**
കെസിബിസി സെക്രട്ടറി ജനറൽ

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി - 682 025

NB: 2023 ഡിസംബർ 31-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# യുവജനവർഷ പ്രാർത്ഥന

കാരുണ്യവാനായ ദൈവമേ, കേരള സഭാ നവീകരണത്തിന്റെ ഭാഗമായി 2024 യുവജനവർഷമായി ആചരിക്കുവാൻ തന്ന കൃപയെ ഓർത്ത് അങ്ങേക്ക് നന്ദി പറയുന്നു. യുവാവായ ക്രിസ്തു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്നതു പോലെ കേരളസഭയിലെ യുവജനങ്ങളെല്ലാം വിശുദ്ധിയിലും വിശ്വാസത്തിലും പ്രത്യാശയിലും പരസ്പര സ്നേഹത്തിലും വളരുവാൻ അങ്ങ് കൃപചെയ്യണമേ. 'കണ്ണിൽ കനിവും കരളിൽ കനലും കാലിൽ ചിറകുമുള്ള ക്രൈസ്തവ യുവത്വം' എന്ന യുവജനവർഷ ആപ്തവാക്യം അനുദിന കർമങ്ങളുടെ ഭാഗമാക്കി മാറ്റാൻ പ്രാപ്തരാക്കണമെ. ദൈവവചനത്തിൽ ആഴപ്പെട്ടവരും പരിശുദ്ധ ദിവ്യകാരുണ്യത്തിൽ ബലപ്പെട്ടവരും പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടവരുമായ യുവജനങ്ങളാൽ തിരുസഭയെ സമ്പന്നമാക്കണമേ. പരിശുദ്ധ മാർപാപ്പായെയും മെത്രാന്മാരെയും വൈദീകരെയും സന്യസ്തരെയും അല്മായ പ്രേഷിതരെയും കാത്തുപരിപാലിക്കണമെ. എല്ലാ യുവജന സംഘടനകളെയും അവരുടെ നേതാക്കളെയും അവരെ നയിക്കുന്നവരെയും വിശ്വാസത്തിൽ നവീകരിക്കണമെ. ദൈവവിളികൾ വർദ്ധിപ്പിക്കണമെ. പഠന മേഖലകളെയും തൊഴിലിടങ്ങളെയും ആശീർവദിക്കണമെ. കത്തോലിക്കാ വിശ്വാസത്തിനു ചേർന്ന ജീവിതാന്തസ്സ് തിരഞ്ഞെടു ക്കുവാനുള്ള വിവേകവും ജ്ഞാനവും നൽകി പരിപോഷിപ്പിക്കണമെ. പ്രവാസികളായ യുവജനങ്ങളെ കാത്തുകൊള്ളണമേ. കാലത്തിന്റെ അടയാളങ്ങളെ വായിക്കുവാനും പ്രലോഭനങ്ങളെ അതിജീവിക്കുവാനുമുള്ള വിവേകം അങ്ങ് നൽകേണമേ. പരിശുദ്ധ അമ്മേ, വിശുദ്ധ യൗസേപ്പിതാവേ, തിരുസഭയിലെ സകല വിശുദ്ധന്മാരേ യുവജനങ്ങൾക്കായി പ്രാർത്ഥിക്കണമേ ആമ്മേൻ.

1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.

www.malankaralibrary.com

No.: 4010/K-5/KCBC/OL/DS - 22.03.2024

# തൊഴിലിനെയും തൊഴിലിന്റെ അന്തസ്സിനെയും നിഷേധിക്കുക എന്നതിനേക്കാൾ മോശമായ ഒരു ദാരിദ്ര്യാവസ്ഥയില്ല

**(ഫ്രാൻസിസ് പാപ്പ, ഫ്രത്തേലി തൂത്തി 162)**

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന മെയ്ദിന സന്ദേശം 2024

ക്രിസ്തുവിൽ പ്രിയമുള്ള സഹോദരീ സഹോദരന്മാരേ,

അന്താരാഷ്ട്ര തൊഴിലാളിദിനത്തിന്റെ സർവ്വവിധ മംഗളങ്ങളും എല്ലാ തൊഴിലാളി സഹോദരങ്ങൾക്കും ആശംസിക്കുന്നു. തൊഴിലാളി സമൂഹത്തോടുള്ള തിരുസ്സഭയുടെ പ്രത്യേക കരുതലിന്റെ പ്രതീകമെന്ന നിലയിൽ മെയ് ഒന്നിനു തന്നെയാണ് ആഗോള കത്തോലിക്കാസഭ തൊഴിലാളിയായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ആചരിച്ചുവരുന്നത്. നമ്മുടെ നാഥനും രക്ഷകനുമായിരുന്ന യേശുവും തൊഴിലാളിയായിരുന്നുവെന്നു (മാർക്ക് 6:3) നമുക്ക് ഓർക്കാം.

"ദൈവം നടത്തുന്ന സൃഷ്ടികർമ്മത്തിൽ മാത്രമല്ല, രക്ഷാകർമ്മത്തിലും തൊഴിലിലൂടെ മനുഷ്യർ പങ്കുചേരുന്നുവെന്നാണ്" തിരുസ്സഭ പഠിപ്പിക്കുന്നത് (263, തിരുസ്സഭയുടെ സാമൂഹിക പ്രബോധനം- സംക്ഷേപം). തൊഴിലിനും തൊഴിലിന്റെ കർത്താവായ തൊഴിലാളിക്കും ഏറ്റവും ഉന്നതമായ സ്ഥാനമാണ് തിരുസ്സഭ കല്പിച്ചനുവദിച്ചിട്ടുള്ളത്.

പരിശുദ്ധ ഫ്രാൻസിസ് പാപ്പയുടെ നേതൃത്വത്തിൽ തിരുസ്സഭയെ സിനഡൽ സഭയായി രൂപപ്പെടുത്താനുള്ള ശ്രമത്തിലാണ്. എല്ലാ വിശ്വാസികളുടെയും ഒത്തൊരുമയിലും പങ്കാളിത്തത്തിലും പ്രേഷിതത്വത്തിലും സജീവതയോടെ നിറഞ്ഞു നിൽക്കുന്നതാണ് സിനഡൽ സഭ. സിനഡൽ സഭയുടെ ആവിർഭാവ ത്തിനായി പരിശുദ്ധ പിതാവിന്റെ ഈ പ്രവർത്തനത്തിൽ എല്ലാ തൊഴിലാളികളും സജീവമായി പങ്കുചേരണമെന്നു ആഹ്വാനം ചെയ്യുന്നു.

സിനഡൽ സഭ രൂപപ്പെടുത്താനുള്ള അല്മായരുടെ സവിശേഷ പ്രവർത്തനമേഖലകളെയും രീതികളെയും സംബന്ധിച്ച് സിനഡ് സമ്മേളനത്തിന്റെ അവസാനം പുറത്തിറക്കിയ സിനർജി രേഖയിൽ ഇങ്ങനെ വിവരിക്കുന്നു. "പൊതുനന്മയ്ക്കുവേണ്ടിയും, മനുഷ്യജീവിതത്തിന്റെ അന്തസ്സുയർത്തുന്നതിനു വേണ്ടിയുമുള്ള പ്രവർത്തനങ്ങളിൽ പ്രതിബദ്ധതയോടെ ഏർപ്പെടുക എന്നത് എല്ലാ ക്രൈസ്തവരുടെയും ചുമതലയാണ്. അതിനായി സഭയുടെ സാമൂഹിക സിദ്ധാന്തങ്ങളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടുകൊണ്ട്, ഒത്തൊരുമിച്ച് സമൂഹത്തിലെ സാമൂഹിക സന്നദ്ധ സംഘടനകൾ, ട്രേഡ് യൂണിയനുകൾ, ജനകീയ മുന്നേറ്റങ്ങൾ, ഗ്രാസ്റൂട്ട് സംഘടനകൾ, രാഷ്ട്രീയമണ്ഡലം എന്നിങ്ങനെയുള്ള മേഖലകളിൽ അൽമായർ പ്രവർത്തനസജ്ജരാകണം" (1, 4, ഴ, സിനർജി ഡോക്കുമെന്റ് 28-10-2023)

"എല്ലാവർക്കും സാമൂഹിക നീതിയും അന്തസ്സുള്ള തൊഴിലും" എന്നതാണ് ഈ വർഷത്തെ മെയ്ദിന ചിന്താവിഷയം. നീതിനിഷ്ഠമായ സമൂഹം രൂപപ്പെടണമെങ്കിൽ 'അന്തസ്സുള്ള തൊഴിൽ' എല്ലാവർക്കും ലഭ്യമാകണം. അന്താരാഷ്ട്രതൊഴിൽസംഘടന (ILO) അന്തസ്സുള്ള തൊഴിലിനായുള്ള അജണ്ട പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഏത് തൊഴിലിൽ ഏർപ്പെടുന്നവർക്കും ആവശ്യത്തിന് തൊഴിലും, തൊഴിൽ അവകാശങ്ങളും, സാമൂഹിക സുരക്ഷയും ലഭ്യമാക്കുക എന്നതാണ് അന്തസ്സുള്ള തൊഴിൽ എന്ന പദം കൊണ്ട് ഐ. എൽ. ഒ. ലക്ഷ്യം വയ്ക്കുന്നത്. അൻപത്തഞ്ച് കോടിയോളം തൊഴിലാളികൾ ഇന്ത്യയിൽ ഉണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇവരിൽ 94 ശതമാനം പേരും അസംഘടിത തൊഴിലാളികളാണ്. സംഘടനയില്ലാത്തവർ മാത്രമല്ല, അസംഘടിതതൊഴിലാളികൾ. പ്രത്യുത, തൊഴിൽ സംരക്ഷണം, നിയമപരിരക്ഷ, സാമൂഹികസുരക്ഷ എന്നിവ ലഭ്യമല്ലാത്തവരാണ് ഇവർ. മറ്റൊരു രീതിയിൽ പറഞ്ഞാൽ ഇന്ത്യയിലെ തൊഴിലെടുക്കുന്നവരിലെ ബഹുഭൂരിപക്ഷവും 'അന്തസ്സില്ലാത്ത തൊഴിൽ' ചെയ്യുന്നവരാണെന്നതാണ്. രാജ്യത്ത് നിതാന്തമായി തുടരുന്ന ദാരിദ്ര്യത്തിന്റെ പ്രധാന കാരണം ബഹുജനങ്ങളുടെ തൊഴിലിന്റെ അസംഘടിതാവസ്ഥയാണ്.

ചെറുകിടകർഷകരും, കർഷകത്തൊഴിലാളികളും ഉൾപ്പെട്ടവരാണ് ഏറ്റവും വലിയ തൊഴിൽ വിഭാഗം. നിർമ്മാണത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, ഗാർഹികതൊഴിലാളികൾ, സ്വയം തൊഴിലധിഷ്ഠിതർ തുടങ്ങി നൂറ്റിയിരുപത്തഞ്ചിൽ പരം തൊഴിൽ വിഭാഗങ്ങളെ സർക്കാർ ലിസ്റ്റ് ചെയ്തിട്ടുണ്ട്. സംഘടിത മേഖലയിലെ അസംഘടിത തൊഴിലാളികളുടെ എണ്ണം വർദ്ധിച്ച് വരുന്നുവെന്നത് സമകാലിക പ്രതിഭാസമാണ്. ജിഗ് വർക്കേഴ്സ്, പ്ലാറ്റ്ഫോം വർക്കേഴ്സ് തുടങ്ങിയവർ പുതിയ തൊഴിൽ വിഭാഗങ്ങളാണ്. 94 ശതമാനം വരുന്ന അസംഘടിത തൊഴിലാളികളിൽ 11 ശതമാനം പേരും സംഘടിത മേഖലയിലാണെന്നാണ് പുതിയ കണ്ടെത്തലുകൾ വെളിപ്പെടുത്തുന്നത്. അസംഘടിതതൊഴിലാളികളിൽ വലിയ വിഭാഗം കുടിയേറ്റതൊഴിലാളികളുമാണ്.

എല്ലാ അസംഘടിത തൊഴിലാളികൾക്കും അന്തസ്സുള്ള തൊഴിൽ ലഭ്യമാക്കേണ്ടത് രാഷ്ട്രത്തിന്റെ ചുമതലയാണ്. എന്നാൽ ഈ വിഭാഗം എണ്ണത്തിൽ വലുതാണെങ്കിലും സുസംഘടിതരല്ലാത്തതിനാൽ വിലപേശൽശക്തി തീരെ കുറഞ്ഞവരാണ്. ആയതിനാൽ ഭരണാധികാരികളുടെയും, രാഷ്ട്രീയ നേതൃത്വത്തിന്റെയും ട്രേഡ് യൂണിയനുകളുടെയും ശ്രദ്ധപിടിച്ചുപറ്റി

www.malankaralibrary.com

സമ്മർദ്ദശക്തി ആകാൻ സാധിക്കാതെ വന്നിരിക്കുകയാണ്. ഇതുമൂലം ഈ വിഭാഗം കൂടുതൽ അവഗണിക്കപ്പെടുകയും ദാരിദ്ര്യത്തിലേക്കും അരക്ഷിതാവസ്ഥയിലേക്കും നിപതിക്കുകയും ചെയ്യുന്നു. അജ്ഞതയും ആവശ്യമായ മാർഗ നിർദ്ദേശസംവിധാനങ്ങളുടെ അപര്യാപ്തതയും മൂലം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്ക്കരിച്ചിട്ടുള്ള ചുരുക്കം ചില സാമൂഹിക സുരക്ഷാപദ്ധതികളിൽ പോലും അംഗങ്ങളാകാൻ ഇവർ വിമുഖരാണ്. ഇതുമൂലം പ്രശ്നങ്ങൾ കൂടുതൽ രൂക്ഷമാകാൻ ഇടയാകുന്നു. രാജ്യത്തെ ഏറ്റവും പിന്നാക്കം നിൽക്കുന്ന ദരിദ്രജനവിഭാഗമായി അസംഘടിത തൊഴിലാളികൾ പരിണമിച്ചിരിക്കുന്നു. വിലക്കയറ്റം, പ്രകൃതിദുരന്തങ്ങൾ, കലാപങ്ങൾ എന്നിവയുടെ ആദ്യത്തെ ഇരകളായി ഈ വിഭാഗം മാറുന്നു.

'മനുഷ്യാന്തസും, സാമൂഹിക നീതിയുമാണ്' തിരുസ്സഭയുടെ സാമൂഹിക പ്രബോധനങ്ങളുടെ പ്രധാന അന്തസ്സത്ത. "ഇക്കാലത്തെ മനുഷ്യരുടെ, വിശിഷ്യ ദരിദ്രരുടെയും പീഡിതരുടെയും സന്തോഷങ്ങളും പ്രതീക്ഷകളും, വ്യസനങ്ങളും ഉൽക്കണ്ഠകളും ക്രൈസ്തവരുടേതു കൂടിയായതു" (സഭ ആധുനിക ലോകത്തിൽ 1) കൊണ്ടാണ് തിരുസ്സഭ തൊഴിലാളികളുടെ പ്രശ്നങ്ങളിൽ തത്പരരായിരിക്കുന്നത്. ബേത്സെഥാ കുളക്കരയിൽ ആരും സഹായിക്കാനില്ലാത്തതുമൂലം (യോഹ 5:7) നീണ്ട മുപ്പത്തെട്ടു വർഷക്കാലം ശയ്യാവലംബിയായ ഒരു രോഗിയെക്കുറിച്ച് സുവിശേഷത്തിൽ പറയുന്നുണ്ട്. ആ രോഗിയെ യേശു സുഖപ്പെടുത്തി മനുഷ്യാന്തസ്സിലേക്ക് ഉയർത്തുന്നുണ്ട്. ആരെങ്കിലും സഹായിക്കാനെത്തും എന്ന പ്രതീക്ഷയിൽ വർഷങ്ങളായി സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും അകറ്റി നിറുത്തപ്പെട്ടിരിക്കുന്ന അസംഘടിത തൊഴിലാളികളെ സഹായിക്കേണ്ടത് എല്ലാ ക്രൈസ്തവരുടെയും കർത്തവ്യമാണെന്ന കാര്യം വിസ്മരിക്കരുത്.

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യകമ്മീഷന്റെ ഔദ്യോഗിക സംഘടനയായ കേരള ലേബർ മൂവ്മെന്റ് അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ക്ഷേമത്തിനുമായി പ്രവർത്തിച്ചുവരുന്നു. ഒരു സർക്കാരിതര സംഘടനയായ കെ എൽ എം ന്റെ ആഭിമുഖ്യത്തിൽ എട്ട് തൊഴിലാളി ഫോറങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. സംസ്ഥാന-കേന്ദ്ര സർക്കാരുകളുടെ വിവിധ തൊഴിലാളി ക്ഷേമനിധികളിൽ തൊഴിലാളികളെ അംഗങ്ങളാക്കിക്കൊണ്ട് അവരുടെ സാമൂഹിക സുരക്ഷ ഉറപ്പാക്കാൻ ശ്രമിക്കുന്നു. സ്വയം സഹായ സംഘങ്ങൾ പോലെയുള്ള പ്രവർത്തനങ്ങൾ വഴി തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും ശ്രമിക്കുന്നു. സഭയുടെ നേതൃത്വത്തിലുള്ള വിദ്യാഭ്യാസ-സാമൂഹിക- അഗതീപരിപാലനം തുടങ്ങിയ എല്ലാ ശുശ്രൂഷകളും പോലെ സഭയുടെ തൊഴിലാളി ശുശ്രൂഷയും എല്ലാവർക്കും വേണ്ടിയുള്ളതാണ്. അഖിലേന്ത്യാ തലത്തിലുള്ള വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ കേരള ഘടകമാണ് കെ എൽ എം.

സഭാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ രൂപപ്പെടുത്താനുള്ള നടപടികൾക്ക് വേണ്ട ഒത്താശ നൽകാനായി കെ സി ബി സി ചുമതലപ്പെടുത്തിയിരിക്കുന്നത് കെ എൽ എം നെയാണ്. ഇക്കാര്യങ്ങൾക്ക് ആവശ്യമായ മാർഗനിർദ്ദേശങ്ങൾ രൂപതകൾക്കും സന്യസ്ത സമൂഹങ്ങൾക്കും കെ എൽ എം ലഭ്യമാക്കുന്നതാണ്.

1974 ലാണ് കേരള ലേബർ മൂവ്മെന്റ് പ്രവർത്തനം തുടങ്ങിയത്. ഈ വർഷം സുവർണ്ണ ജൂബിലി വർഷമാണ്. ലേബർ കോൺക്ലേവ്-സെമിനാറുകൾ, വിവിധ ഇനം മത്സരങ്ങൾ തുടങ്ങിയ വ്യത്യസ്ത പരിപാടികൾ ജൂബിലിയോടനുബന്ധിച്ച് നടത്തുവാൻ ആസൂത്രണം ചെയ്തിട്ടുണ്ട്. ജൂബിലി ആഘോഷങ്ങളുടെ സമാപനം ദിവസം എറണാകുളത്ത് നടക്കുന്ന റാലിയിലും പൊതുസമ്മേളനത്തിലും ഓരോ രൂപതാ ഘടകത്തിൽ നിന്നും പരമാവധി പ്രവർത്തകരെ പങ്കെടുപ്പിക്കേണ്ടതാണ്.

എല്ലാ ഇടവകകളിലും കെ എൽ എം ന്റെയും തൊഴിലാളി ഫോറങ്ങളുടെയും യൂണിറ്റുകൾ ആരംഭിക്കാൻ മുൻകൈ എടുക്കുവാൻ അഭ്യർത്ഥിക്കുന്നു. ഇടവകയിലെ എല്ലാ തൊഴിലാളികളെയും സാമൂഹിക സുരക്ഷാസംരക്ഷണത്തിൻ കീഴിൽ കൊണ്ടുവരുന്നതിനുള്ള പ്രത്യേക പദ്ധതി ജൂബിലി വർഷം പ്രമാണിച്ച് നടപ്പിലാക്കുന്നത് നല്ലതാണ്. മെയ്ദിനത്തോടനുബന്ധിച്ച് തൊഴിലാളികൾക്കായുള്ള ദിവ്യബലി, സാമൂഹിക സുരക്ഷാ കാമ്പൈൻ, സെമിനാറുകൾ തുടങ്ങിയ വിവിധ പരിപാടികളോടെ മെയ്ദിനം എല്ലാ ഇടവകകളിലും സമുചിതമായി ആചരിക്കുവാൻ അഭ്യർത്ഥിക്കുന്നു.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും തൊഴിലാളി മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ സ്വർഗീയ മാദ്ധ്യസ്ഥ്യവും എല്ലാ തൊഴിലാളി സഹോദരങ്ങളുടെ മേൽ ഉണ്ടാകട്ടെയെന്ന പ്രാർത്ഥിച്ചുകൊണ്ട്, എല്ലാവർക്കും ഒരിക്കൽ കൂടി മെയ്ദിനാശംസകൾ നേരുന്നു.

**ബിഷപ്പ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ**
(ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് മാർ ജോർജ് മഠത്തികണ്ടത്തിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

പി. ഒ. സി., കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം, കൊച്ചി 682 025

NB: 2024 ഏപ്രിൽ 28 ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്ക സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ഇതു വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിവരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

www.malankaralibrary.com

## പ്രധാനമന്ത്രി സംഘടിപ്പിച്ച ക്രിസ്തുമസ് വിരുന്നിൽ പങ്കെടുത്ത ക്രൈസ്തവ മേലധ്യക്ഷന്മാരെ അധിക്ഷേപിച്ച ഗതാഗത മന്ത്രി മന്ത്രി ചെറിയാൻ, കെസിബിസിയുടെ ഉൾപ്പെടെയുള്ള പ്രതിഷേധങ്ങളെയും വിമർശനത്തെയും തുടർന്ന് തന്റെ വിവാദ പരാമർശങ്ങൾ പിൻവലിച്ചു.

"പ്രധാനമന്ത്രിയെ കാണാൻ പോയ ബിഷപ്പുമാർ മുന്തിരിവാറ്റിയതും കേക്കും കഴിച്ചപ്പോൾ, മണിപ്പൂർ വിഷയം മറന്നെ"ന്നായിരുന്നു പുതുവത്സരത്തലേന്ന് നടത്തിയ പ്രസംഗത്തിൽ സജി ചെറിയാൻ പറഞ്ഞത്. പിന്നാലെ മന്ത്രിയുടെ പ്രസ്താവനയെ സിപിഎം തള്ളിപ്പറഞ്ഞിരുന്നു. സജി ചെറിയാൻ നടത്തിയ പ്രസ്താവന നിരുത്തരവാദിത്തപരമാണെന്നും ഈ പ്രസ്താവന ഏവരെയും വേദനിപ്പിച്ചു എന്നും കെസിബിസി പ്രസിഡന്റ് കർദ്ദിനാൾ മാർ ക്ലീമിസ് കത്തോലിക്കാ ബാവ മാധ്യമങ്ങളോട് പ്രതികരിച്ചു. തുടർന്ന്, ജനുവരി രണ്ടിന് എറണാകുളത്ത് നടത്തിയ പത്രസമ്മേളനത്തിലാണ് വിശദീകരണവുമായി മന്ത്രി നേരിട്ടെത്തിയത്. മണിപ്പൂർ വിഷയവുമായി ബന്ധപ്പെട്ട തന്റെ രാഷ്ട്രീയ നിലപാടിൽ മാറ്റമില്ലെന്ന് മന്ത്രി വ്യക്തമാക്കി. ജനുവരി 2 2024

## ജസ്ന തിരോധാന കേസിൽ സിബിഐ കേസന്വേഷണം അവസാനിപ്പിച്ചു.

2018 മാർച്ച് 22 ന് കാണാതായ ജെസ്ന എന്ന പെൺകുട്ടിയുടെ തിരോധാനം സംബന്ധിച്ച് സഹോദരനും, കെഎസ്‌യു നേതാവും നൽകിയ ഹർജ്ജികൾ പരിഗണിച്ചായിരുന്നു അന്വേഷണം സിബിഐക്ക് വിട്ടത്. എന്നാൽ, അന്വേഷണം മുന്നോട്ടുകൊണ്ടുപോകാനുള്ള നിർണ്ണായക വിവരങ്ങളൊന്നും ലഭിക്കാത്തതിനാൽ അന്വേഷണം മുന്നോട്ടു കൊണ്ടുപോകാൻ കഴിയില്ലെന്ന് സിബിഐ കോടതിയെ അറിയിക്കുകയായിരുന്നു. ജനുവരി 2 2024

## ബിൽക്കിസ് ബാനു കൂട്ട ബലാൽസംഗ കേസിൽ 11 പ്രതികളെ ജയിൽ മോചിതരാക്കിയ ഗുജറാത്ത് സർക്കാരിന്റെ നടപടി സുപ്രീം കോടതി റദ്ദാക്കി.

ഗുജറാത്ത് സർക്കാർ ഇല്ലാത്ത അധികാരം വിനിയോഗിച്ചെന്ന് കോടതി കുറ്റപ്പെടുത്തി. 2002 ലെ ഗുജറാത്ത് കലാപ സമയത്ത് അഞ്ചുമാസം ഗർഭിണിയായിരുന്ന ബിൽക്കിസ് ബാനുവിനെ അക്രമികൾ കൂട്ടബലാൽസംഗം ചെയ്തതായിരുന്ന കേസ്. കലാപത്തിനിടയിൽ ഇരുപത്തൊന്നുകാരിയായിരുന്ന ബിൽക്കിസ് ബാനുവിന്റെ മൂന്ന വയസുള്ള മകൾ ഉൾപ്പെടെ ഏഴ കുടുംബാംഗങ്ങൾ കൊല്ലപ്പെടുകയും ചെയ്തിരുന്നു. ജനുവരി 8 2024

## ഗർഭധാരണത്തിൽ വാണിജ്യ വൽക്കരണം കൊണ്ടുവരുന്നത് മനുഷ്യജീവന്റെ അന്തസ്സിന് ഭീഷണിയാണെന്ന് ഫ്രാൻസിസ് പാപ്പ.

ജനിക്കാൻ പോകുന്ന കുഞ്ഞിനും സംരക്ഷണം വേണമെന്നും, വാടക ഗർഭപാത്രം എന്ന ആശയം അമ്മയുടെ ഭൗതിക സാഹചര്യങ്ങളെ ചൂഷണം ചെയ്യുന്ന എന്നും പാപ്പ പറഞ്ഞു. സ്ത്രീയുടെയും കുഞ്ഞിന്റെയും അന്തസ്സിന്റെ ഗുരുതരമായ ലംഘനമാണ് വാടക മാതൃത്വം എന്നതിനാൽ ആ സമ്പ്രദായം നിന്ദ്യമെന്ന് പപ്പാ അഭിപ്രായപ്പെട്ടു. ജനുവരി 8 2024

## ദേശീയ ബാലാവകാശ കമ്മീഷന്റെ പരാതിയെ തുടർന്ന് മതപരിവർത്തന നിരോധന നിയമപ്രകാരം മധ്യപ്രദേശിൽ അറസ്റ്റ് ചെയ്യപ്പെട്ട അജയ് ലാൽ എന്ന ക്രിസ്ത്യൻ മിഷനറിക്കെതിരായ ക്രിമിനൽ നടപടികൾ സുപ്രീംകോടതി സ്റ്റേ ചെയ്തു.

പണം വാങ്ങി തന്നെയും ഭർത്താവിനെയും വളർത്തുമക്കളെയും മതംമാറാൻ നിർബ്ബന്ധിച്ച എന്ന ഉള്ളടക്കത്തോടെ ഒരു സ്ത്രീയുടെ വീഡിയോ പ്രചരിച്ചതിനെ അടിസ്ഥാനത്തിലായിരുന്ന കേസ്. മനുഷ്യക്കടത്ത് ഉൾപ്പെടെയുള്ള വകുപ്പുകൾ ചുമത്തിയാണ് അദ്ദേഹത്തെ അറസ്റ്റ് ചെയ്തിരുന്നത്. ചുമത്തിയ വകുപ്പുകളിൽ സംശയം പ്രകടിപ്പിച്ച സുപ്രീംകോടതി, അന്തിമ തീർപ്പ് കൽപ്പിക്കുന്നതുവരെ വിചാരണ കോടതിയിലെ തുടർനടപടികൾ നിർത്തിവയ്ക്കാൻ ഉത്തരവിട്ടു. ജനുവരി 5 2024

## പ്രഫ. ടിജെ ജോസഫിന്റെ കൈ വെട്ടിയ കേസിലെ പ്രധാന പ്രതി പതിമൂന്ന് വർഷങ്ങൾക്ക് ശേഷം പിടിയിൽ.

ഒന്നാം പ്രതി പെരുമ്പാവൂർ അശമന്നൂർ സ്വദേശി സവാദ് ആണ് കണ്ണൂർ മട്ടന്നൂർ ബേരകത്തെ വാടകവീട്ടിൽനിന്ന് എൻഐഎയുടെ പിടിയിലായത്. അവിടെ എട്ടുവർഷമായി ഷാജഹാൻ എന്ന പേരിൽ താമസിച്ചുവരികയായിരുന്നു. 2010 ജൂലൈ നാലിനാണ് പ്രഫസർ ടിജെ ജോസഫിന്റെ കരം പോപ്പുലർ ഫ്രണ്ട് തീവ്രവാദികൾ ഛേദിച്ചത്. തൊടുപുഴ ന്യൂമാൻ കോളേജ് മലയാളം വിഭാഗം അധ്യാപകനായിരുന്ന പ്രൊഫ. ടിജെ ജോസഫ്, രണ്ടാം സെമസ്റ്റർ ബികോം പരീക്ഷയ്ക്ക് തയ്യാറാക്കിയ ചോദ്യപ്പേപ്പറിൽ മതനിന്ദയുണ്ടെന്ന ആരോപണത്തെ തുടർന്നായിരുന്ന ആക്രമണം. ഒന്നാം പ്രതി സവാദിനെ ഒളിവിൽ കഴിയാൻ സഹായിച്ചത് എസ്ഡിപിഐ ആണെന്ന് ആരോപണമുണ്ട്. ജനുവരി 10 2024



www.malankaralibrary.com



### വാടക ഗർഭധാരണത്തിന് അണ്ഡവും ബീജവും പുറത്തുനിന്ന് സ്വീകരിക്കുന്നത് വിലക്കുന്ന കേന്ദ്രസർക്കാർ ചട്ടം സുപ്രീംകോടതി സ്റ്റേ ചെയ്തു.

വാടക ഗർഭധാരണ നിയന്ത്രണ നിയമത്തിൽ 2023 മാർച്ചിൽ കേന്ദ്രസർക്കാർ കൊണ്ടുവന്ന ഭേദഗതി പ്രകാരം വാടക ഗർഭധാരണത്തിന് ശ്രമിക്കുന്ന ദമ്പതികൾക്ക് സ്വന്തം അണ്ഡവും ബീജവും മാത്രമേ ഉപയോഗിക്കാൻ പാടുണ്ടായിരുന്നുള്ളൂ. ഇത് ചോദ്യം ചെയ്ത ഹർജ്ജികൾ അംഗീകരിച്ച സുപ്രീം കോടതി ചട്ടം സ്റ്റേ ചെയ്യുകയും ഏഴ് ദമ്പതികൾക്ക് പുറത്തുനിന്ന് അണ്ഡം സ്വീകരിക്കാൻ അനുമതി നൽകുകയും ചെയ്തു. ജനുവരി 11 2024

### അയോദ്ധ്യ ക്ഷേത്ര പ്രതിഷ്ഠയുടെ മറവിൽ മധ്യപ്രദേശിലെ ജാബുവയിൽ ക്രിസ്ത്യൻ പള്ളികൾക്ക് മുകളിൽ കയറി കുരിശുകളിൽ കാവി കൊടി നാട്ടി.

ജയശ്രീറാം വിളികളോടെ കൂട്ടത്തോടെയെത്തിയ ഹിന്ദുത്വ സംഘടനാപ്രവർത്തകരാണ് പള്ളികളിൽ അതിക്രമിച്ചുകയറി കുരിശിൽ രാമക്ഷേത്രത്തിന്റെ ചിത്രവും ജയ് ശ്രീരാം എന്ന എഴുത്തുമുള്ള കൊടികൾ നാട്ടിയത്. സംഭവത്തിന്റെ വീഡിയോകൾ സമൂഹ മാധ്യമങ്ങളിലൂടെ വ്യാപകമായി പ്രചരിച്ചു. ആരംഭഘട്ടത്തിൽ അതിക്രമത്തിനെതിരെ കേസെടുക്കാൻ പോലീസ് തയ്യാറായിരുന്നില്ല. സംഭവത്തെ തുടർന്ന് ഇന്ത്യയെമ്പാടും വ്യാപക പ്രതിഷേധങ്ങളാണ് ഉയർന്നത്. ജനുവരി 22 2024

### യുവാക്കൾ കൂട്ടത്തോടെ വിദേശത്തേയ്ക്ക് കുടിയേറുന്ന വിഷയത്തിൽ സർക്കാരിനെതിരെ വിമർശനവുമായി ചങ്ങനാശേരി ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം.

സിറോമലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിലിന് തലസ്ഥാനത്ത് ഒരുക്കിയ സ്വീകരണത്തിൽ മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ സംസാരിക്കുകയായിരുന്ന മാർ ജോസഫ് പെരുന്തോട്ടം. യുവാക്കൾ പുറത്തേയ്ക്ക് ഒഴുകുന്ന പ്രവണതയ്ക്ക് മാറ്റം വരുത്താൻ ഭരണാധികാരികൾക്ക് കഴിയണമെന്നും യുവജനങ്ങൾക്ക് അനുയോജ്യമായ സാഹചര്യങ്ങൾ സംസ്ഥാനത്ത് ഒരുക്കപ്പെടേണ്ടതുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. പ്രതിപക്ഷ നേതാവ് വിഡി സതീശൻ ബിഷപ്പിനെ പിന്തുണച്ച് രംഗത്തെത്തി. കാലത്തിന്റെ മാറ്റമാണ് ഈ പ്രതിഭാസമെന്നും, ആശങ്കപ്പെടേണ്ടതില്ലെന്നുമായിരുന്നു മുഖ്യമന്ത്രിയുടെ പ്രതികരണം. ജനുവരി 22 2024

### വന്യജീവികളുടെ എണ്ണം നിയന്ത്രണാതീതമായി ഉയർന്നത് യാഥാർഥ്യമെന്ന് വനം മന്ത്രി എ.കെ. ശശീന്ദ്രൻ.

എണ്ണം നിയന്ത്രിച്ചാൽ മാത്രമേ ശാശ്വത പരിഹാരം കാണാൻ സാധിക്കൂ എന്നും അദ്ദേഹം പറഞ്ഞു. വയനാട്ടിലെ വന്യമൃഗ ശല്യം സംബന്ധിച്ച ഒ.ആർ. കേളുവിന്റെ ശ്രദ്ധ ക്ഷണിക്കൽ പ്രമേയത്തിന് മറുപടി പറയുകയായിരുന്നു മന്ത്രി. ജനുവരി 30 2024

### ക്രിസ്ത്യൻ പള്ളികൾക്കും സ്ഥാപനങ്ങൾക്കും നേരെയുള്ള ആക്രമണങ്ങൾ പരിശോധിക്കാൻ ദേശീയ ന്യൂനപക്ഷ കമ്മീഷൻ.

ക്രൈസ്തവ സ്ഥാപനങ്ങൾക്കും പള്ളികൾക്കും എതിരെയുള്ള അക്രമണങ്ങൾ വ്യാപകമായി വർധിക്കുന്നതും, നടപടികൾ ഉണ്ടാകാതെ പോകുന്നതും സംബന്ധിച്ച വസ്തുതകൾ പരിശോധിക്കാൻ ദേശീയ ന്യൂനപക്ഷ കമ്മീഷൻ തീരുമാനിച്ചു. കമ്മീഷൻ അധ്യക്ഷൻ ഇക്ബാൽ സിംഗ് ലാൽപുരയുടെ അധ്യക്ഷതയിൽ നടന്ന ചർച്ചയിലായിരുന്നു തീരുമാനം. ജനുവരി 30 2024

### മധ്യപ്രദേശിൽ വ്യാജ ആരോപണത്തെ തുടർന്ന് അറസ്റ്റിലായ സിഎംഐ സഭാംഗം ഫാ. അനിൽ മാത്യുവിന് 20 ദിവസങ്ങൾക്ക് ശേഷം ജാമ്യം.

ഭോപ്പാലിലെ ആഞ്ചൽ ഗേൾസ് ഹോസ്റ്റലിന്റെ ഡയറക്ടർ ആയ ഫാ. അനിൽ മാത്യു ജനുവരി ഏഴിനാണ് അറസ്റ്റിലായത്. ജുവനൈൽ ജസ്റ്റിസ് ആക്ടിലെ നിയമങ്ങൾ ലംഘിച്ച്, അനുമതിയില്ലാതെ ബാലഭവനം നടത്തി, മതപരിവർത്തനത്തിന് ശ്രമിച്ചു എന്നിവയായിരുന്നു അദ്ദേഹത്തിനെതിരായ പ്രധാന ആരോപണങ്ങൾ. ദേശീയ ബാലാവകാശ കമ്മീഷൻ നടത്തിയ റെയ്ഡിനെ തുടർന്ന് 26 പെൺകുട്ടികളെ കാണാനില്ലെന്നും ആരോപണം ഉയർന്നിരുന്നു. എന്നാൽ, ആ കുട്ടികൾ പഠനം കഴിഞ്ഞ് വീടുകളിലേക്ക് മടങ്ങിപ്പോയവരാണെന്ന് അന്വേഷണത്തിൽ വ്യക്തമായിരുന്നു. ഫാ. അനിൽ മാത്യുവിനും സ്ഥാപനത്തിനും എതിരായ ആരോപണങ്ങളെല്ലാം വ്യാജമാണെന്ന് അധികൃതർ വ്യക്തമാക്കി. ജനുവരി 30 2024

### പള്ളിക്കെട്ടിടത്തിനുള്ള നികുതിയിളവ് നിഷേധിക്കാനാവില്ലെന്ന് ഹൈക്കോടതി വിധി.

വികാരിയുടെ താമസവും സൺഡേസ്കൂൾ പ്രവർത്തനവും ഉണ്ടെന്ന പേരിൽ പള്ളിവക കെട്ടിടത്തിന് അനുവദിച്ചിട്ടുള്ള നികുതിയിളവ്

www.malankaralibrary.com

നിഷേധിക്കാനാവില്ലെന്ന് ഹൈക്കോടതി വിധിപ്രസ്താവത്തിൽ വ്യക്തമാക്കി. കെട്ടിട നികുതിയിളവ് തേടി നൽകിയ അപേക്ഷ സർക്കാർ തള്ളിയതിനെതിരെ താമരശ്ശേരി രൂപതയ്ക്ക് കീഴിലെ മലപ്പുറം സെന്റ് തോമസ് ഇടവക വികാരി നൽകിയ ഹർജ്ജിയിലാണ് ഉത്തരവുണ്ടായത്. മതപരവും വിദ്യാഭ്യാസപരവുമായ ആവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിന് 1975 ലെ കേരള ബിൽഡിംഗ് ടാക്സ് ആക്ട് പ്രകാരം നികുതി ബാധകമാകില്ലെന്ന് ജസ്റ്റിസ് ദിനേശ് കുമാർ സിംഗ് വ്യക്തമാക്കി. വികാരിയുടെ താമസവും, മതപഠനവും മതവുമായി ബന്ധപ്പെട്ടതാണ് എന്നാണ് കോടതി നിരീക്ഷിച്ചത്. ഫെബ്രുവരി 1 2024

## തമിഴ്നാട് ബിഷപ്സ് കോൺഫറൻസിന്റെ കീഴിലുള്ള തമിഴ്നാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ഫോറിൻ കോൺട്രിബ്യൂഷൻ റെഗുലേഷൻ ആക്ട് (എഫ്സിആർഎ) രജിസ്ട്രേഷൻ ആഭ്യന്തര മന്ത്രാലയം റദ്ദാക്കി.

വിദേശ സംഭാവന നിയന്ത്രണ നിയമം ലംഘിച്ചെന്ന് ആരോപിച്ചാണ് നടപടി. ക്രിസ്ത്യൻ സന്നദ്ധ സംഘടനയായ വേൾഡ് വിഷൻ ഇന്ത്യയുടെ എഫ്സിആർഎ രജിസ്ട്രേഷൻ കഴിഞ്ഞ ജനുവരി 20 ന് കേന്ദ്ര സർക്കാർ അസാധുവാക്കിയിരുന്നു. ഫെബ്രുവരി 3 2024

## ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് രണ്ടാംതവണയും സിബിസിഐ പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടു.

ബാംഗ്ലൂരിൽ നടന്ന ജനറൽബോഡി യോഗത്തിലായിരുന്നു തീരുമാനം. മൈലാപ്പൂർ ആർച്ച് ബിഷപ്പ് ജോർജ്ജ് ആന്റണി സാമി, ബത്തേരി ബിഷപ്പ് ജോസഫ് മാർ തോമസ് എന്നിവർ വൈസ് പ്രസിഡന്റുമാരും, ഡൽഹി ആർച്ച് ബിഷപ്പ് അനിൽ ജോസഫ് തോമസ് കൂട്ടോ സെക്രട്ടറി ജനറൽ ആയും തെരഞ്ഞെടുക്കപ്പെട്ടു. ഫെബ്രുവരി 6 2024

## ഉത്തരാഖണ്ഡ് നിയമസഭ ഏകീകൃത സിവിൽകോഡ് പാസാക്കി.

പ്രതിപക്ഷത്തിന്റെ എതിർപ്പ് തള്ളി ബിൽ പാസാക്കിയതോടെ രാജ്യത്ത് ആദ്യമായി ഏകീകൃത സിവിൽകോഡ് പാസാക്കുന്ന സംസ്ഥാനമായി ഉത്തരാഖണ്ഡ് മാറി. വിവാഹം, വിവാഹമോചനം, സ്വത്തവകാശം, പിന്തുടർച്ചാവകാശം തുടങ്ങിയ കാര്യങ്ങളിൽ എല്ലാ പൗരന്മാർക്കും ഒരേ നിയമമാണ് ഉത്തരാഖണ്ഡിലെ വ്യക്തി നിയമം വ്യവസ്ഥ ചെയ്യുന്നത്. ഉത്തരാഖണ്ഡിന്റെ ചുവടുപിടിച്ച്, ബിജെപി ഭരിക്കുന്ന മറ്റു സംസ്ഥാനങ്ങളും ഏകീകൃത സിവിൽകോഡ് നടപ്പാക്കാനുള്ള നീക്കത്തിലാണെന്ന സൂചനകളുണ്ട്. ഉത്തരാഖണ്ഡിലെ നിയമപ്രകാരം, ലിവിംഗ് ബന്ധത്തിൽ കഴിയുന്നവർക്കും രജിസ്ട്രേഷൻ നിർബ്ബന്ധമാണ്. ഫെബ്രുവരി 7 2024

## വിവാഹം കഴിക്കാതെ മാതാവാകാൻ അനുവദിക്കണം എന്നാവശ്യപ്പെട്ടുള്ള ഹർജ്ജി സുപ്രീംകോടതി തള്ളി.

രാജ്യത്ത് വിവാഹം എന്ന സംവിധാനം നിലനിർത്തേണ്ടതുണ്ടെന്നും, വിവാഹേതര ബന്ധത്തിലൂടെ കുട്ടികൾക്ക് ജന്മം നൽകുന്നത് അനുവദിക്കാൻ കഴിയില്ലെന്നും ജസ്റ്റിസ് നഗരത്ന, ജസ്റ്റിസ് അഗസ്റ്റിൻ ജോർജ്ജ് എന്നിവർ അടങ്ങിയ ബഞ്ച് വ്യക്തമാക്കി. 44 വയസുള്ള അവിവാഹിതയായിരുന്നു ഹർജ്ജിക്കാരി. ഫെബ്രുവരി 6 2024

## ലക്നൗവിൽ കത്തോലിക്കാ വൈദികൻ ഉൾപ്പെടെ പത്തുപേർ അറസ്റ്റിൽ.

കത്തോലിക്കാ പുരോഹിതനായ ഫാ. ഡൊമിനിക് പിന്റോ ഉൾപ്പെടെ പത്തുപേരെ ഉത്തർപ്രദേശിലെ മതപരിവർത്തന നിരോധന നിയമപ്രകാരം അറസ്റ്റ് ചെയ്തു. ലക്നൗ രൂപതയുടെ പാസ്റ്ററൽ സെന്റർ ഡയറക്ടർ ആണ് ഫാ. ഡൊമിനിക് പിന്റോ. മറ്റൊരു ക്രൈസ്തവ വിഭാഗത്തിന് പ്രാർത്ഥനാവശ്യത്തിനായി പാസ്റ്ററൽ സെന്ററിന്റെ ഹാൾ ഉപയോഗിക്കാൻ വിട്ടുനൽകുകയായിരുന്നു. പ്രാർത്ഥനയ്ക്കെത്തിയവർ മതപരിവർത്തനത്തിന് ശ്രമിച്ചു എന്ന വ്യാജ ആരോപണത്തെ തുടർന്നായിരുന്നു അറസ്റ്റ്. ഹാൾ വിട്ടു നൽകുക മാത്രമാണ് ഫാ. ഡൊമിനിക്ക് ചെയ്തതെന്ന് രൂപത പത്രക്കുറിപ്പിൽ വ്യക്തമാക്കി. ഫെബ്രുവരി 8 2024:

## മണിപ്പൂർ കലാപത്തിന് സാഹചര്യം ഒരുക്കിയ വിവാദ ഉത്തരവ് മണിപ്പൂർ ഹൈക്കോടതി പിൻവലിച്ചു.

മെയ്തേയ് വിഭാഗത്തെ പട്ടിക വർഗ്ഗത്തിൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കണമെന്ന ജസ്റ്റിസ് എം വി മുരളീധരന്റെ ഉത്തരവാണ് കോടതി റദ്ദാക്കിയത്. കഴിഞ്ഞ വർഷം മാർച്ച് 27 ന് പുറപ്പെടുവിച്ച ഉത്തരവിലെ പ്രസ്തുത ഖണ്ഡിക നീക്കം ചെയ്യാൻ കോടതി നിർദ്ദേശിച്ചു. ജസ്റ്റിസ് മുരളീധരന്റെ ഉത്തരവ് തെറ്റാണെന്നും, അധികാര പരിധി കടന്നുള്ളതാണെന്നും നിരീക്ഷിച്ച ചീഫ് ജസ്റ്റിസ് അധ്യക്ഷനായുള്ള ഭരണഘടനാ ബഞ്ച് മെയ് 17 ന് വിധി സ്റ്റേ ചെയ്യുകയുണ്ടായിരുന്നു. ഫെബ്രുവരി 22 2024




www.malankaralibrary.com

## പൂഞ്ഞാർ പള്ളിയിൽ വൈദികനെതിരെയുണ്ടായ അതിക്രമത്തിൽ വ്യാപക പ്രതിഷേധം.

പൂഞ്ഞാർ സെൻറ് മേരീസ് ഫൊറോന പള്ളിയിൽ കാറുകളിലും ബൈക്കുകളിലുമെത്തിയ ഒരു സംഘം യുവാക്കൾ അസിസ്റ്റൻറ് വികാരി ഫാ. ജോസഫ് ആറ്റുചാലിലിനെ ആക്രമിച്ചു. ഫെബ്രുവരി 23 ഉച്ചയോടെ പള്ളിയിൽ ആരാധന നടന്നുകൊണ്ടിരിക്കേ കുരിശടിയിലും മൈതാനത്തും പതിനഞ്ചോളം വരുന്ന സംഘം വാഹന അഭ്യാസപ്രകടനം നടത്തിയതിനെ ഫാ. ജോസഫ് ആറ്റുചാലിൽ തടയുകയും അവരോട് പുറത്തുപോകാൻ ആവശ്യപ്പെടുകയും ചെയ്തതിന് പിന്നാലെയാണ് ആക്രമണം. സംഭവവുമായി ബന്ധപ്പെട്ട് ഈരാറ്റുപേട്ട സ്വദേശികളായ 27 പേരെ പോലീസ് അറസ്റ്റുചെയ്തു. ഫെബ്രുവരി 23 2024

## വാടക ഗർഭധാരണ ചട്ടങ്ങളിൽ കേന്ദ്രം നിർണ്ണായക ഭേദഗതികൾ വരുത്തി.

2023 ലെ വാടക ഗർഭധാരണ ചട്ടങ്ങൾ പ്രകാരം ദമ്പതികളുടെ തന്നെ അണ്ഡവും ബീജവും ഉപയോഗിക്കണമെന്നുണ്ടായിരുന്ന വ്യവസ്ഥ നീക്കം ചെയ്തു. സുപ്രീം കോടതി ഇടപെടലിനെ തുടർന്നാണ് ഭേദഗതി. ഇനിമുതൽ വാടക ഗർഭധാരണങ്ങളിൽ ആവശ്യമെങ്കിൽ ദാതാവിന്റെ അണ്ഡമോ ബീജമോ ഉപയോഗിക്കാം. ഫെബ്രുവരി 24 2024

## വിവാഹ മോചന നടപടികൾ ആരംഭിച്ചു എന്ന വാദം അംഗീകരിച്ച് 20 ആഴ്ച പിന്നിട്ട ഗർഭം അലസിപ്പിക്കാൻ 23 കാരിക്ക് ഹൈക്കോടതിയുടെ അനുമതി.

മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രഗ്നൻസി (എംടിപി) നിയമപ്രകാരം, വിവാഹിതയ്ക്ക് 20 ആഴ്ച പിന്നിട്ട ഗർഭം അലസിപ്പിക്കാൻ അനുമതി ലഭിക്കണമെങ്കിൽ മതിയായ കാരണങ്ങൾ ഉണ്ടാകണം എന്നിരിക്കെ, ഇത് ഒരു പ്രത്യേക കേസായി പരിഗണിച്ചാണ് ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ ഗർഭഛിദ്രത്തിന് അനുമതി നൽകിയത്. വിവാഹമോചന നടപടികൾ ആരംഭിച്ചാൽ 20 ആഴ്ച പിന്നിട്ട ഗർഭം അലസിപ്പിക്കാനുള്ള തീരുമാനം സ്ത്രീക്ക് സ്വീകരിക്കാമെന്നും കോടതി വ്യക്തമാക്കി. മാർച്ച് 1 2024

## ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകളെക്കുറിച്ച് പരിശോധിക്കാൻ സർക്കാർ മൂന്നംഗ സമിതിയെ നിയോഗിച്ചു.

ചീഫ് സെക്രട്ടറി അധ്യക്ഷനായ സമിതിയിൽ പൊതുഭരണ, ന്യൂനപക്ഷ ക്ഷേമ വകുപ്പ് സെക്രട്ടറിമാരും അംഗങ്ങളാണ്. ഓരോ വകുപ്പുകളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ അതത് വകുപ്പ് സെക്രട്ടറിമാരെക്കൂടി പങ്കെടുപ്പിച്ച് പരിശോധിക്കണം. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പ്രവർത്തന പദ്ധതികൾ തയ്യാറാക്കുകയാണ് സമിതിയുടെ ലക്ഷ്യം. 2023 മെയ് 17 നാണ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് മുഖ്യമന്ത്രിക്ക് കൈമാറിയത്. മാർച്ച് 3 2024

## ഗർഭച്ഛിദ്രം ഫ്രാൻസിൽ മൗലികാവകാശം.

അമേരിക്ക ഉൾപ്പെടെയുള്ള വിവിധ രാജ്യങ്ങൾ ഗർഭച്ഛിദ്രത്തിനുള്ള അവകാശം എടുത്തുകളയാനുള്ള നീക്കങ്ങൾ നടത്തുന്നതിനിടെയാണ് ഫ്രാൻസിന്റെ ഈ നടപടി. ഗർഭച്ഛിദ്രത്തിനുള്ള അവകാശം ഭരണഘടനയിൽ ഉൾപ്പെടുത്തുന്ന ആദ്യ രാജ്യമാണ് ഫ്രാൻസ്. മാർച്ച് 6 2024

## പൂഞ്ഞാറിൽ വൈദികനോട് വിദ്യാർത്ഥികൾ കാട്ടിയത് തെമ്മാടിത്തരമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

പൂഞ്ഞാറിൽ വൈദികനെ ആക്രമിച്ച സംഭവവുമായി ബന്ധപ്പെട്ട കേരള നദ്‌വത്തുൽ മുജാഹിദീൻ സംസ്ഥാന ഉപാധ്യക്ഷൻ ഡോ. ഹുസൈൻ മടവൂരിനെ കടുത്ത ഭാഷയിൽ വിമർശിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. പൂഞ്ഞാറിൽ വൈദികനെ ആക്രമിച്ച സംഭവവുമായി ബന്ധപ്പെട്ട മുസ്ലിം വിദ്യാർത്ഥികളെ തെരഞ്ഞുപിടിച്ച് കേസെടുത്തെന്ന ഹുസൈൻ മടവൂരിന്റെ ആരോപണത്തിനു മറുപടിയായിട്ടായിരുന്നു മുഖ്യമന്ത്രിയുടെ വിമർശനം. ഈരാറ്റുപേട്ടയിൽ കാട്ടിയത് തെമ്മാടിത്തരമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. അതിൽ മുസ്ലിം വിഭാഗക്കാർ മാത്രമാണുണ്ടായിരുന്നത്. ഹുസൈൻ മടവൂരിനെപ്പോലെ പ്രത്യേക സ്ഥാനത്തിരിക്കുന്നവർ തെറ്റായ ധാരണവെച്ചുപുലർത്തരുത്. പോലീസിന്റെ ഭാഗത്ത് തെറ്റുണ്ടാകാം. അതു ശ്രദ്ധയിൽപ്പെടുത്തിയാൽ നടപടിയും സ്വീകരിക്കും. ഇക്കാര്യത്തിൽ ഒരു തെറ്റും പോലീസിന് സംഭവിച്ചിട്ടില്ല എന്നും മുഖ്യമന്ത്രി പറഞ്ഞു. മാർച്ച് 7 2024

## പൗരത്വ നിയമ ഭേദഗതി നിലവിൽവന്നു.

ബിജെപി 2019 ലെ പ്രകടനപത്രികയിൽ പ്രഖ്യാപിച്ചിരുന്ന പൗരത്വ നിയമ ഭേദഗതി 2024 ഇലക്ഷന് തൊട്ടുമുമ്പ് നടപ്പായി. 2019 ഡിസംബറിൽ പൗരത്വ നിയമഭേദഗതി ചട്ടങ്ങൾ പാർലമെന്റ് പാസാക്കുകയും, 2020 ജനുവരിയിൽ രാഷ്ട്രപതി ഒപ്പുവയ്ക്കുകയും ചെയ്തിരുന്നു. അഫ്ഘാനിസ്ഥാൻ, ബംഗ്ലാദേശ്, പാക്കിസ്ഥാൻ എന്നിവിടങ്ങളിൽനിന്നുള്ളവരും 2014 ഡിസംബർ 31 ന് ഉള്ളിൽ ഇന്ത്യയിൽ താമസമാക്കിയവരുമായ ഹിന്ദു, സിക്ക്, ജൈന, ബുദ്ധ, ക്രിസ്ത്യൻ, പാഴ്സി അഭയാർത്ഥികൾക്ക് ഇന്ത്യൻ പൗരത്വം ലഭിക്കുന്നതിന് നിയമം വഴിയൊരുക്കുന്നു. മുസ്ലീങ്ങൾക്ക് ഇത്തരത്തിൽ പൗരത്വം ലഭിക്കില്ല എന്നുള്ളതിനാൽ നിയമത്തിനെതിരെ രാജ്യവ്യാപകമായ പ്രതിഷേധങ്ങൾ ഉയർന്നുകഴിഞ്ഞു. മാർച്ച് 11 2024

www.malankaralibrary.com

# അഭിവന്ദ്യ പിതാക്കന്മാർക്ക് പ്രാർത്ഥനാശംസകൾ...



Major Arch Bishop **Mar Raphael Thattil**
Syro Malabar Major Archi Episcopal Church



Bishop **Dr Ambrose Puthenveettil**
Bishop of Diocese of Kottappuram



Bishop **Dr Justin Madathiparambil**
Auxiliary Bishop, Diocese of Vijayapuram

www.malankaralibrary.com

